അതുകൊണ്ട് ഈ സ്റ്റേജിൽ ഡിസ്... ന്റെ ആവശ്യമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ...ത്തിൽ ചെയറിന്റെ ഭാഗത്തു നിന്നും റൂളിംഗ് തരുന്നതാണ്. .....(ബഹളം)..... ഈ ബഡ്ജറ്റിനെ സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ വരുത്തിയിട്ടുണ്ടോയെന്നുള്ളതാണ് കാതലായ പ്രശ്നം. ഉണ്ടെങ്കിൽ അത് പരിശോധിക്കേണ്ടതാണ്. .....(ബഹളം)..... എല്ലാകാലയളവിലും ബഡ്ജറ്റിനെ സംബന്ധിച്ച് പൊതുവായി അംഗീകരിച്ചു വരുന്ന അതേ നടപടിക്രമം മാത്രമാണ് ഇതിനകത്തും അംഗീകരിച്ചിട്ടുള്ളത്. പുതിയതായി ഒന്നും ഇല്ല. ഇതിനകത്ത് കേന്ദ്രധനകാര്യ വകുപ്പു മന്ത്രിയുടെ അഭിപ്രായത്തെ സംബന്ധിച്ച് ചെയറിന് യാതൊരു രേഖയും ഇല്ല. ഇവിടെ മുൻ ആണ്ടത്തെ നീക്കിയിരിപ്പും അധികവിഭവസമാഹരണവും സംബന്ധിച്ചുള്ള കാര്യങ്ങളാണ് അദ്ദേഹം കണക്കിലെടുത്തിട്ടില്ലെന്നാണ് പത്രത്തിൽ നിന്ന് മനസ്സിലാകുന്നത്. എന്തായാലും ധനകാര്യവകുപ്പുമന്ത്രി ബഡ്ജറ്റിനെ സംബന്ധിച്ച് അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളിൽ യാതൊരു അപാകതയും ചെയർ കാണുന്നില്ല.

X. ധനകാര്യം

1986–87–സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും.

ധനാഭ്യർത്ഥന നമ്പർ II. സംസ്ഥാന ശ്രേണിയിലുള്ള തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സഭ നിശ്ചയിച്ച സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് അംഗീകരിച്ച അടിസ്ഥാനത്തിൽ സംസ്ഥാനതല ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന രണ്ടാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യപരിപാടിയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയുടെ നേരെ 7–ാം കാളത്തിൽ കാണിച്ചിട്ടുള്ള തുക 1986–87 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.*

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

ഖണ്ഡന ഉപക്ഷേപങ്ങൾ നയ നിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, സംസ്ഥാന ശ്രേണിയിലുള്ള തലവൻമാർ, മന്ത്രിമാർ, ആസ്ഥാനഉദ്യോഗസ്ഥൻമാർ, എന്ന 2–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7, 97, 57,500 ക ഒരു ഉപപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

* അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

(മന്ത്രിമാരുടെ കൂട്ടുത്തരവാദിത്വമില്ലായ്മമൂലം സംസ്ഥാന രേണരംഗത്തുളവായിട്ടുള്ള രേണസ്തംഭനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

സൂചിക വെട്ടിക്കുറയ്ക്കൽ

Shri. Kodiyeri Balakrishnan: Sir, I move that the amount of Rs. 7,97,57,400 under Demand II Heads of States, Ministers and Headquarters Staff be reduced by Rs. 100.

(To discuss generally)

ശ്രീ. വി.കെ. രാജൻ: സർ, സംസ്ഥാനരേണത്തലവൻമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന 2-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,97,57,500 ക.യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖസ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ: സർ, സംസ്ഥാനരേണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാനഉദ്യോഗസ്ഥൻമാർ, എന്ന 2-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 7,97,57,500 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണെന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി റേച്ചൽ സണ്ണി പനവേലിൽ: സർ, സംസ്ഥാന രേണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന 2-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 7,97,57,500 ക. യിൽ നിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണെന്ന ഖണ്ഡോനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

Shri. T. K. Hamsa Sir, I move that the amount of Rs. 7,97,57,500 under Demand II—Heads of States Ministers and Headquarters Staff be reduced by Rs. 100.

(To discuss in general)

Shri. M. Jinadevan Sir, I move that the amount of Rs. 7,97,57,500 under Demand II—Heads of States, Ministers and Headquarters Staff be reduced by Rs. 100.

(To discuss in gereral)

ശ്രീ. എം. ജിനദേവൻ: സർ, സംസ്ഥാന രേണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കായി മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. മന്ത്രിസഭയുടെ തലവനും പൊതുരേണത്തിന്റെ ചുമതലക്കാരനും മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തിന്റെ കാവൽടേനുമായിരിക്കേണ്ട അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ മുഖ്യമന്ത്രി അദ്ദേഹത്തിൽ അർപ്പിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിച്ചിട്ടില്ല. മുഖ്യമന്ത്രി സ്ഥാനവും മന്ത്രിസ്ഥാനവുമൊക്കെ രേണഘടനാനുസൃതമായിട്ടുള്ളതാണ്. ആ സ്ഥാനങ്ങൾ ഉപയോഗിക്കേണ്ടത് രേണഘടനയ്ക്കും ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം. മന്ത്രിസ്ഥാനമേൽക്കുമ്പോൾ ചെയ്യേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സത്യപ്രതിജ്ഞയുടെ അന്തസ്സത്ത മുറുകെപ്പിടിച്ചുകൊണ്ടുവേണം മന്ത്രിമാർ പ്രവർത്തിക്കുവാൻ. എന്നാൽ ഇവിടെ മുഖ്യമന്ത്രിയും മന്ത്രിമാരും അതിനെല്ലാം മറികടന്നുകൊണ്ടാണ് പ്രവർത്തിച്ചിട്ടുള്ളത്.

ഇൻഡ്യാ ഗവൺമെൻറ് അനഭിമതരായി പ്രഖ്യാപിച്ച ഈ ഭാരതമണ്ണിൽ കാലുകുത്താൻ അനുവാദം നിഷേധിച്ച, സാമ്രാജ്യ ത്വപ്രചാരൻമാരായ രണ്ടു കുവൈറ്റികൾക്ക് നിയമാനുസൃതമായ യാത്ര രേഖകളൊന്നും ഇല്ലാതിരുന്നിട്ടും അവരെ സ്വീകരിച്ച്, ആനയിച്ച്, വിരുന്നുനൽകി, ദേശീയപതാകവച്ച സ്റ്റേറേറ്റ് കാറിൽ കൊണ്ടു നടന്ന് സംസ്ഥാനത്തിൻറേയും രാജ്യത്തിൻറേയും രഹസ്യങ്ങൾ അവർക്ക് ചോർത്തിക്കൊടുത്ത രണ്ടുപേർ ഇപ്പോഴും ഈ മന്ത്രിസഭയിലെ അംഗങ്ങളാണ്. കനത്ത പ്രതിഫലം പറ്റിക്കൊണ്ടാണ് അവർ അത് ചെയ്തത്. 30 വെള്ളിക്കാശിനുവേണ്ടി മാതൃഭൂമിയെ വിദേശചാരൻമാർക്ക് ഒറ്റിക്കൊടുത്ത രാജ്യദ്രോഹികൾക്ക് കൂട്ടുനിൽക്കുന്ന മുഖ്യമന്ത്രിയാണ് ശ്രീ. കരുണാകരൻ. മാളക്കാരൻ പാവം പയ്യൻ ആൻറണിയെ നാവികസേനയുടെ ഹെലിക്കോപ്റ്ററിൽ മുഖ്യമന്ത്രി തന്നോടൊപ്പം കൊണ്ടുനടന്നത് തികച്ചും നിയമവിരുദ്ധമായ നടപടിയായിരുന്നു. ദേശവിരുദ്ധ ശക്തികളെ പ്രോത്സാഹിപ്പിക്കുന്ന, കലാപത്തിന് തിരികൊളുത്തുന്ന, പഞ്ചാബ് മോഡൽ പ്രസംഗം നടത്തിയ ശ്രീ. ആർ. ബാലകൃഷ്ണ പിള്ളയെ വീണ്ടും മന്ത്രിസഭയിൽ എടുത്തത് എന്തുവിലകൊടുത്തും അധികാരത്തിൽ തുടരാനുള്ള ആഗ്രഹംകൊണ്ട് മാത്രമാണ്.

ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരെ സ്വന്തം പാർട്ടിക്കാരനെക്കൊണ്ട് ഹൈക്കോടതിയിൽ കേസ് കൊടുപ്പിച്ചു. ശ്രീ. ബാലകൃഷ്ണപിള്ള രാജ്യദ്രോഹിയാണെന്നും സത്യപ്രതിജ്ഞ ലംഘിച്ചുവെന്നും കോൺഗ്രസ്സ് (ഐ) ക്കാരെക്കൊണ്ട് നാടുനീളെ പറയിപ്പിച്ചു. പിള്ളക്കാര്യം അടഞ്ഞ അദ്ധ്യായമാണെന്നും ഏത് പിള്ള, എന്തു പിള്ള എന്നൊക്കെ പറഞ്ഞുനടന്നിരുന്ന മുഖ്യമന്ത്രിക്ക് ശ്രീ. കെ.എം. മാണിയെ ഒതുക്കാനും ധനകാര്യവകുപ്പ് പിടിയെടുക്കാനും ബാലകൃഷ്ണ പിള്ളയുടെ സഹായം വേണ്ടിവന്നപ്പോൾ മുൻപ് പറഞ്ഞതെല്ലാം വിഴുങ്ങാൻ ഒരു മടിയുമുണ്ടായില്ല. യഥാർത്ഥത്തിൽ മുഖ്യമന്ത്രി ബാലകൃഷ്ണപിള്ളയെ വെടക്കാക്കി തനിക്കാക്കിയിരിക്കുകയാണ്. ബാലകൃഷ്ണപിള്ളയുടെ കുപ്രസിദ്ധമായ കൊച്ചി പ്രസംഗത്തിൻറെ പേരിൽ ധാർമ്മികരോഷം കൊണ്ട കാർത്തികേയാദികളുടെ ധാർമ്മികരോഷം ഇപ്പോൾ എവിടേക്ക് ഒലിച്ചുപോയി എന്ന് അറിയാൻ താൽപ്പര്യമുണ്ട്. ചട്ടങ്ങളും നിയമങ്ങളും മറികടന്നുകൊണ്ടാണ് ഇവിടെ ഉദ്യോഗസ്ഥ നിയമനങ്ങൾ നടത്തുന്നതും പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കുന്നതും.

പെൻഷൻ പറ്റിപ്പിരിയുന്ന ഉയർന്ന ഉദ്യോഗസ്ഥൻമാരെ വേറെ പേരുകളിൽ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നു. പെൻഷൻകാർക്ക് കേരളം പറുദീസയാണെന്നാണ് മലയാള മനോരമ പോലും ഇവിടെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ചട്ടങ്ങൾ ലംഘിച്ചുകൊണ്ടാണ് പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകുന്നത്. ഔദ്യോഗികകാലാവധി അവസാനിച്ച ജല മലിനജല അതോറിറ്റിയുടെ ചെയർമാൻ ഭൈരവന് വീണ്ടും കാലാവധി നീട്ടിക്കൊടുത്തു. 60 വയസ്സ് കഴിഞ്ഞ ആളാണ് അദ്ദേഹം. മൃഗസംരക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിൽ ഡയറക്ടറായിരുന്നു ശ്രീ. നമ്പ്യാർ, ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് ആയിരുന്ന ശ്രീ. ഹസ്സൻകുട്ടി ഇങ്ങനെ അനേകം ഭാഗ്യവാൻമാർ പുനർനിയമനം ലഭിച്ചവരുടെ കൂട്ടത്തിലുണ്ട്. അതെല്ലാം പൊതുഭരണച്ചെലവ് വർദ്ധിപ്പിക്കുന്ന, ഖജനാവ് കാലിയാക്കുന്ന നടപടികളാണ്. ഈ നിയമനങ്ങളിലെല്ലാം സ്വജനപക്ഷപാതവും അഴിമതിയുമുണ്ട്. മന്ത്രിമാരുടെ ലക്കും ലഗാനുമില്ലാത്ത യാത്രയും ധൂർത്തും യാതൊരു മാനദണ്ഡവുമില്ലാതെ പേഴ്സണൽ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതുമെല്ലാം. ഭരണച്ചെലവ് വർദ്ധിപ്പിക്കുന്നു.

മുഖ്യമന്ത്രിയുടെ വിമാനയാത്രയും ഹെലിക്കോപ്റ്റർ യാത്രയുമാണ് ചെലവ് വർദ്ധിപ്പിക്കുന്ന മറ്റൊരു ഇനം. മകന്റെ പിറന്നാളാഘോഷിക്കാനും ചെറുമകന്റെ പേരിടാനും ചോറൂണിനും എന്നുവേണ്ട എല്ലാ സ്വകാര്യ ആവശ്യങ്ങൾക്കും പ്രത്യേക വിമാനവും ഹെലിക്കോപ്റ്ററും ഉപയോഗിക്കുന്ന ഈ മുഖ്യമന്ത്രിക്ക് എങ്ങനെ ധൂർത്ത് തടയാൻ കഴിയും. മുഖ്യമന്ത്രി മറ്റുള്ളവർക്ക് മാതൃകയാകേണ്ടതല്ലേ?

കഴിഞ്ഞ കുറേ മാസങ്ങൾക്കിടയിൽ മന്ത്രിസഭയുടെ പ്രതിച്ഛായ നന്നാക്കാൻ ഡൽഹിയാത്രയ്ക്ക് എറെസമയം ചെലവഴിച്ച മുഖ്യമന്ത്രിയാണിത്. വിമാനത്തിലും ഡൽഹിയിലുണ്ടായിരുന്ന മുഖ്യമന്ത്രിക്ക് സംസ്ഥാനഭരണ കാര്യങ്ങളിൽ ശ്രദ്ധിക്കാൻ കഴിഞ്ഞിട്ടില്ല. മുഖ്യമന്ത്രിയുടെ ബിസിനസ്സ് പാർട്ടണർമാരായ തൃശ്ശൂരിലെ എഴുത്തച്ഛൻ ആൻഡ് സൺസിനും, ബോംബെയിലെ ദാമോദർ ആൻഡ് സൺസിനും മാളക്കാരൻ പാവം പയ്യൻ ആനേറായ്ക്കുമെല്ലാം മുഖ്യമന്ത്രി അവിഹിതമായി ചെയ്തുകൊടുത്ത ആനുകൂല്യങ്ങളും സ്വജനപക്ഷപാതത്തിനേറയും കറകളഞ്ഞ അഴിമതിയുടേയും ദൃഷ്ടാന്തങ്ങളാണ്. ആനേറായ്ക്കും മറ്റ് രണ്ടു പേർക്കും മരച്ചീനിയിൽ നിന്ന് ചാരായം ഉണ്ടാക്കാൻ, ഡിസ്റ്റിലറീസ് തുടങ്ങാൻ ലൈസൻസ് കൊടുത്തത് പിന്നെ റദ്ദാക്കിയെങ്കിലും ആ സംഭവത്തിലെ അഴിമതിയും മുഖ്യമന്ത്രിക്ക് ആ സംഭവത്തിലുള്ള പങ്കും ഇല്ലാതാകുന്നില്ല. പൊതുഭരണത്തിലെ ഗവൺമെന്റല്ല. വൈകല്യങ്ങളും കൂട്ടുത്തരവാദിത്വമില്ലായ്മയും ഇവിടെ അഴിമതിക്ക് കൂടുതൽ വളക്കൂറുള്ള മണ്ണ് സൃഷ്ടിച്ചു. ഏതു രംഗത്തും അഴിമതിയും കൈക്കൂലിയും നിർബ്ബാധം നടത്താൻ വാതിൽ തുറന്നുകൊടുത്തുവെന്നല്ലാതെ എന്തുഭരണം ഈ ഗവൺമെന്റിന് അവകാശപ്പെടാനുണ്ട്. തുടക്കം മുതലേ ഈ ഗവൺമെന്റ് കൂട്ടുത്തരവാദിത്വമുള്ള ഈ ഗവൺമെന്റിന്റെ കൂട്ടുത്തരവാദിത്വം നിലനിർത്താൻ ബാദ്ധ്യസ്ഥനായ മുഖ്യമന്ത്രിയാണ് അത് തകർത്തത്. സങ്കുചിത കക്ഷിതാൽപ്പര്യത്തിനുവേണ്ടിയും സ്വകാര്യ താൽപ്പര്യത്തിനുവേണ്ടിയുമാണ് മുഖ്യമന്ത്രി അങ്ങനെ ചെയ്തത്. മുൻവർഷങ്ങളിൽ കേന്ദ്രവിഹിതം വാങ്ങുന്നതിനായി കേരളത്തിന്റെ വിഭവശേഷി കേന്ദ്രത്തെ പൂർണ്ണമായി ബോദ്ധ്യപ്പെടുത്താൻ സാധിച്ചില്ല എന്നും അത് ആരുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ലായെന്നും നമ്മുടെ പുതിയ ധനകാര്യമന്ത്രി കഴിഞ്ഞദിവസം ആലപ്പുഴയിൽ കയർഫെഡ്ഡിന്റെ സ്വീകരണയോഗത്തിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയുണ്ടായി. കേരളത്തിന്റെ വിഭവശേഷി കേന്ദ്രത്തെ ബോദ്ധ്യപ്പെടുത്തി, അർഹമായ കേന്ദ്രവിഹിതം കണക്കുപറഞ്ഞ് വാങ്ങാൻ കഴിയാതെ പോയതിന്റെ കുറ്റം മുഴുവൻ മുൻധനകാര്യമന്ത്രിയിൽ ചുമത്തി രക്ഷപ്പെടാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയാണ് ഇവിടെ ശ്രമിക്കുന്നത്. കൂട്ടുത്തരവാദിത്വമുള്ള ഒരു ഗവൺമെൻറായിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കുമായിരുന്നോ? 9-ാം ധനകാർയ്യക്കമ്മീഷൻ ഇത് ഒരു മിച്ചസംസ്ഥാനമാണെന്ന് തെറ്റായി വിലയിരുത്തിയതും 7-ാം പദ്ധതിക്ക് അർഹമായ വിഹിതം ലഭിക്കാതെ പോയതും എല്ലാം ഈ ഗവൺമെൻറിൻെറ കഴിവുകേടും കാര്യശേഷിയില്ലായ്മയും വിളിച്ചുപറയുന്നുണ്ട്. 7-ാം പദ്ധതിയുടെ ഭാഗമായി പുതിയ സ്കീമുകളില്ലെന്നും സംസ്ഥാനത്തെ 6-ാം പദ്ധതിയുടെ സ്പിൽഓവർ മാത്രമേ നടത്താൻ കഴിയൂ എന്നും ഇപ്പോഴും വ്യക്തമായിരിക്കുകയാണ്. ഇങ്ങനെയൊരു ദുസ്ഥിതിയിൽ ഈ സംസ്ഥാനത്തെ കൊണ്ടെത്തിച്ചതിന് ഈ ഗവൺമെൻറ് ജനങ്ങളോട് സമാധാനം പറയേണ്ടതുണ്ട്. സാമ്പത്തിക അച്ചടക്കത്തിൻെറ പേരിൽ കഴിഞ്ഞ നാലുവർഷക്കാലമായി സംസ്ഥാനത്തെ സകല വികസന പ്രവർത്തനങ്ങളും ഈ ഗവൺമെൻറ് സ്തംഭിപ്പിച്ചു. ക്ഷേമപ്രവർത്തനങ്ങളെല്ലാം ഗവൺമെൻറ് തകർത്തു. സാമ്പത്തിക ഞെരുക്കത്തിൻേറയും പ്രതിസന്ധിയുടേയും ചിത്രമാണ് കഴിഞ്ഞ നാലുകൊല്ലക്കാലമായി ധനകാര്യമന്ത്രിയായിരുന്ന ശ്രീ. മാണി ഇവിടെ വരച്ചുകാണിച്ചിരുന്നത്. എന്നാൽ അഞ്ചാം കൊല്ലത്തിലേക്ക് കടന്നപ്പോഴും അലാവുദ്ദീൻെറ അത്ഭുതവിളക്കുപോലെ ഇവിടെ അത്ഭുതകരമായ വിധത്തിൽ സാമ്പത്തിക ഭദ്രതയും മിച്ചവും കൈവന്നിരിക്കുന്നുവെന്നു പറഞ്ഞു. പ്രതിദിനം 60 ലക്ഷം രൂപ നഷ്ടത്തിൽ നീങ്ങിയ ഗവൺമെൻറ് ഒരു സുപ്രഭാതത്തിൽ 80 ലക്ഷം രൂപയുടെ മിച്ചത്തിലേക്ക് കുതിച്ചുചാടിയത് എങ്ങനെയാണെന്ന് മനസ്സിലാകുന്നില്ല. നാലുവർഷം കൊണ്ട് സംസ്ഥാനത്തിൻെറ സമ്പദ് സ്ഥിതി തകർത്തശേഷം തിരഞ്ഞെടുപ്പുവർഷമായതുകൊണ്ടും ഇനിയും ബഡ്ജറ് അവതരിപ്പിക്കേണ്ട ബാദ്ധ്യതയില്ലാത്തതുകൊണ്ടും മിച്ച ബഡ്ജറാണെന്ന വ്യാജ രേഖ പ്രസിദ്ധപ്പെടുത്തി ഈ നിയമസഭയേയും സംസ്ഥാനത്തെ ജനങ്ങളേയും തെറ്റിദ്ധരിപ്പിക്കുകയും വഞ്ചിക്കുകയുമാണ് ഈ ഗവൺമെൻറ് ചെയ്തിരിക്കുന്നത്. ഭരണഘടനാ വ്യവസ്ഥയേയും നിയമസഭയുടെ അവകാശത്തേയും ലംഘിക്കുകയാണ് 1986-87-ലെ ബഡ്ജറിലൂടെ ഗവൺമെൻറ് ചെയ്തിരിക്കുന്നത്. അതുകൊണ്ടുതന്നെ നിയമപരമായും ധാർമ്മികമായും അധികാരത്തിൽ തുടരാൻ ഈ ഗവൺമെൻറിന് അവകാശമില്ലാത്തതാണ്. മറാർക്കുമില്ലാത്ത ധനകാര്യ മാനേജ്മെൻറ് വൈഭവം തനിക്കുണ്ട് എന്ന് വരുത്തിത്തീർക്കുന്നതിനുവേണ്ടി ശ്രീ. കെ.എം. മാണി നടത്തിയ കണക്കുകൊണ്ടുള്ള കളിക്കളിയാണ് മിച്ച ബഡ്ജറ് എന്ന തട്ടിപ്പ് ശ്രീ. മാണി വച്ച ആപ്പ് ഊരാനുള്ള ഗതികേടാണ് നമ്മുടെ പുതിയ ധനകാര്യമന്ത്രിക്ക് വന്നുചേർന്നിരിക്കുന്നത്. ബഡ്ജറ് മിച്ചമാണെന്ന് ഇപ്പോഴും വാദിക്കുന്ന ശ്രീ. മാണിയും കമ്മിയാണെന്ന് സ്ഥാപിക്കുന്ന വാദമുഖങ്ങൾ നിരത്തിയ ഡോക്ടർ പി.കെ. ഗോപാലകൃഷ്ണനും കേന്ദ്ര ധനകാര്യസഹമന്ത്രി ജനാർദ്ദന പൂജാരിയും അതുപോലെ ബഡ്ജറ് മിച്ചവുമാകാം കമ്മിയുമാകാം എന്ന് നമശ്ശിവായം മജിസ്ട്രേറിനെ പോലെ ഉരുവിടുന്ന മുഖ്യമന്ത്രിയും ഒരുപോലെ ഈ സംസ്ഥാനത്തെ ജനങ്ങളെ വഞ്ചിരിച്ചിക്കുകയാണ്. നാനാരംഗങ്ങളിലുള്ള ഈ സംസ്ഥാനത്തെ അദ്ധ്വാനിച്ചു ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾക്ക് ഒന്നിനും പരിഹാരം കാണാൻ ഈ ഗവൺമെൻറിന് കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിലക്കയറ്റം കൊണ്ടും കടാശ്വാസംകൊണ്ടും ജനജീവിതം ദുസ്സഹമായി. തൊഴിലില്ലായ്മ ഭയാനകമാംവിധം ഈ സംസ്ഥാനത്ത് പെരുകിവരുന്നു. കയർ, കശുവണ്ടി, കൈത്തറി, കളളുചെത്ത്, പരമ്പുനെയ്ത്ത് തുടങ്ങിയ പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികളുടെ സ്ഥിതി അങ്ങേയറ്റം ദുരിത പൂർണ്ണമാണ്. മാവൂർ റയോൺസ് അടക്കമുള്ള നിരവധി ആധുനിക വ്യവസായശാലകൾ അനേകമാസങ്ങളായി ഇവിടെ പൂട്ടിക്കിടക്കുന്നു. ഇപ്പോഴത്തെ പവർക്കട്ടിന്റെ ഫലമായി ആയിരക്കണക്കിന് തൊഴിലാളികളെ ലേ ഓഫ് ചെയ്തിരിക്കുകയാണ്. കടലോരമേഖലകളിൽ മൽസ്യബന്ധനത്തെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന പതിനായിരക്കണക്കിന് കുടുംബങ്ങൾ കഴിഞ്ഞ ഏതാനും ആഴ്ചകളായി കൊടും പട്ടിണിയിലാണ്. ഈ വക കാര്യങ്ങളിലൊന്നും ശ്രദ്ധിക്കാൻ ഈ ഗവൺമെന്റിന് സമയമുണ്ടായിട്ടില്ല. ഇക്കാര്യങ്ങളിലൊന്നും ഈ ഗവൺമെന്റിന് യാതൊരു ഉത്ക്കണ്ഠയുമില്ല. ജനാധിപത്യത്തോടും ജനാധിപത്യ സംവിധാനങ്ങളോടും ഈ ഗവൺമെന്റിന് യാതൊരു ബഹുമാനവുമില്ല. ജനാധിപത്യ സംവിധാനങ്ങളോട് ഇത്രയധികം അറപ്പും വെറുപ്പും പ്രകടിപ്പിക്കുന്ന ഒരു ഗവൺമെന്റ് ഈ സംസ്ഥാനത്ത് ഇതിന് മുൻപ് ഒരിക്കലും ഉണ്ടായിട്ടില്ല. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട രണ്ടു യൂണിവേഴ്സിറ്റി സിൻഡിക്കേറ്റുകളെ സസ്പെൻഡ് ചെയ്തു. അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ നടപടിയാണിത്. പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കാനുള്ള ഗവൺമെന്റിന്റെ ശ്രമം പിടിച്ച നടപടിക്കെതിരായി ഇത്രയധികം ജനരോഷം ഉയർന്നു വന്നിട്ടും ഗവൺമെന്റ് ദുരഭിമാനത്തോടുകൂടിയും സോഷ്യലിസ്റ്റ് ജനാധിപത്യപരമായും ആ തീരുമാനത്തിൽ ഉറച്ചു നിൽക്കുകയാണ്. ഈ ഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധസ്വഭാവമാണ് ഇത് വെളിപ്പെടുത്തുന്നത്. സമരം ചെയ്യുന്ന യൂണിവേഴ്സിറ്റി ജീവനക്കാരേയും കോളേജ് അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും കരിനിയമങ്ങൾ ഉപയോഗിച്ച് അറസ്റ്റ് ചെയ്യുന്നതും മർദ്ദിക്കുന്നതും തലസ്ഥാനനഗരിയിൽ തന്നെ പ്രതിനിധികളെ പോലും ക്രൂരമായി തല്ലിച്ചതച്ചതും ഈ ഗവൺമെന്റിന്റെ തനിനിറം പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ജനാധിപത്യ സംവിധാനത്തിൽ ജനകീയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പ്രക്ഷോപസമരങ്ങൾ നടത്തുന്നതിനുള്ള ജനങ്ങളുടെ അവകാശം അംഗീകരിച്ചിട്ടുള്ളതാണ്. ഏതൊരു സമരത്തേയും ഉരുക്കുമുഷ്ടിയുപയോഗിച്ച് അടിച്ചമർത്തുകയാണ് ഈ ഗവൺമെന്റിന്റെ നയം.

ഇക്കഴിഞ്ഞ 19-ാം തീയതി കൊല്ലത്തുനടന്ന കിരാത സംഭവം നേരത്തെ ഇവിടെ പരാമർശിച്ചതാണ്. അവിടെ ലാത്തിച്ചാർജ് നടത്തിയതിനെപ്പറ്റിയും മർദ്ദിച്ചതിനെപ്പറ്റിയും ഇവിടെ വിവരിച്ചു. ആഭ്യന്തരവകുപ്പുകൂടി ഏറെടുത്തതോടുകൂടി മുഖ്യമന്ത്രിയെ സർ സി.പി.യുടെ പ്രേതം ബാധിച്ചിരിക്കുകയാണ്. പത്തു മാസക്കാലം സംസ്ഥാനഭരണം തന്നെ സ്തംഭിപ്പിച്ചു നടത്തിയ പ്രതിഷേധമായ ചർച്ച, ധനകാര്യവും ആഭ്യന്തരവകുപ്പും കയ്യടക്കാനുള്ള ലക്ഷ്യം വച്ചുകൊണ്ട് ശ്രീമാൻ കരുണാകരൻ നടത്തിയ നീക്കമായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായിരിക്കുന്നു. കടുത്ത അഴിമതി നടത്തിയ തന്റെ പാർശ്വവർത്തികളേയും തന്നെത്തന്നെയും രക്ഷിക്കുന്നതിനും താൻ ആഗ്രഹിക്കുന്ന തരത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

അഴിമതി സുഗമമായി നടത്തുന്നതിനും ഈ രണ്ടുവകുപ്പുകളും തന്നേയോ തന്റെ കാൽക്കീഴിൽ നിൽക്കുന്നവരുടേയോ കയ്യിൽ ഒതുങ്ങണമെന്ന് ശ്രീ. കരുണാകരന് താൽപ്പര്യമുണ്ടായിരുന്നു. കോൺഗ്രസ്സ് (ഐ) യിൽ അടുത്തുനടക്കാനിരിക്കുന്ന സംഘടനാ തിരഞ്ഞെടുപ്പിൽ തന്റെ ഗ്രൂപ്പ് വിജയിക്കണമെങ്കിൽ ആഭ്യന്തര വകുപ്പ് തന്റെ കയ്യിൽ വേണമെന്ന് ശ്രീ. കരുണാകരന് അറിയാം.

മുസ്ലീം ലീഗിനെ തന്റെകൂടെ നിർത്താൻ ആഭ്യന്തരവകുപ്പു ഒരു പ്രധാനകാര്യമാണെന്നു മുഖ്യമന്ത്രി മനസ്സിലാക്കി. പ്രതിപാദ്യമായ ചർച്ചയുടെ പ്രധാനലക്ഷ്യം കോൺഗ്രസ്സ് ഐ-ക്കകത്തും രണ്ടു മുന്നണിക്കകത്തും മുഖ്യമന്ത്രിയുടെ ആധിപത്യം ഉറപ്പിക്കുകയെന്നതായിരുന്നു. ജനങ്ങളുടെ പ്രശ്നങ്ങളിൽനിന്നു ഒളിച്ചോടുന്ന, രാജ്യതാൽപ്പര്യത്തെ ബലികഴിച്ചുകൊണ്ട് സാമ്രാജ്യത്വചാരൻമാരായ വിദേശികൾക്ക് കൂട്ടുനിന്ന ഈ ഗവൺമെൻറിന് അധികാരത്തിൽ തുടരാൻ അവകാശമില്ല. ഈ ഗവൺമെൻറിന്റെ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ.കെ. ശ്രീനിവാസൻ: സർ, മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ഡിമാൻഡിനെ ഞാൻ പിൻതാങ്ങുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് രോഗവിമുക്തനായി, ആരോഗ്യവാനായി ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നത് സന്തോഷപ്രദമായ ഒരു കാര്യമാണ്. പ്രതിപക്ഷനേതാവിന് പുതുവല്ലി വിലക്കപ്പെട്ടിരിക്കുന്നു, അതോടൊപ്പംതന്നെ അദ്ദേഹത്തിന് ചുറ്റുമുണ്ടായിരുന്ന പുകമറയും മാറിയെന്നു കരുതാമോ? ഇന്നത്തെ ചർച്ചയിൽ രാഷ്ട്രീയ പരാമർശങ്ങൾ വേണ്ടുവോളം നടക്കുമെന്നറിയാം. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആഭ്യന്തരകാര്യങ്ങൾ അന്വേഷിക്കേണ്ട കാര്യം ഞങ്ങൾക്കില്ലെങ്കിൽപ്പോലും സുപ്രധാനമായ ചില രാഷ്ട്രീയ സംഭവവികാസങ്ങൾക്ക് വഴിതെളിക്കുന്ന ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിയമസഭാസമ്മേളനം നടക്കുമ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നയപരിപാടികൾ വിശദീകരിക്കുകയും രണകക്ഷിയെ ആക്രമിക്കുന്ന മുഖ്യ വജ്രായുധമായി മാറുകയും ചെയ്യുന്ന ശ്രീ. എം.വി. രാഘവൻ പാർട്ടിയിൽ നിന്നു പുറത്താക്കപ്പെടാൻ പോകുകയാണ്. ഒരേ വ്യക്തിയെ കേന്ദ്രീകരിച്ചുകൊണ്ട് മാരത്തോൺ ചർച്ചകൾ നടത്തിക്കൊണ്ടിരുന്ന മഹത്തായ കമ്മ്യൂണിസ്റ്റ് പാർട്ടി അവസാനം ഒരു തീരുമാനമെടുക്കാൻ നിർബന്ധിതമായ സ്ഥിതിയിലെത്തിയിരിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഗൗരവമായ ആഭ്യന്തരക്കുഴപ്പങ്ങൾ ഗ്രസിച്ചിരിക്കുകയാണ്. ഇവിടെ ജനാധിപത്യത്തെക്കുറിച്ച് സംസാരിച്ച ശ്രീ. ജിനദേവൻ അവരുടെ പാർട്ടിയിൽ ജനാധിപത്യമുണ്ടോയെന്ന് ഒരു ആത്മപരിശോധന നടത്തുന്നതു നന്നായിരിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. പ്രണാബ്കുമാർ മുഖർജിയെ ഒരു വിശദീകരണം പോലും ചോദിക്കാതെ പാർട്ടിയിൽ നിന്നു പുറത്താക്കിയതിനെക്കുറിച്ച് നിങ്ങൾക്ക് എന്താണ് പറയാനുള്ളത്? ശ്രീ. ത്രിപാഠിയെ ഇപ്പോൾ കാശിക്ക് അയച്ചതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.കെ. ശ്രീനിവാസൻ: ശ്രീ. പ്രഞ്ജബ് കുമാർ മുഖർജിയെ ഒരു വിശദീകരണംപോലും ചോദിക്കാതെ പാർട്ടിയിൽനിന്നു പുറത്താക്കിയെന്നുള്ളതാണ് ഇവിടെ കോടിയേരി ഉന്നയിച്ച പ്രശ്നം. പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയുടെ കൈയ്യിൽ നിന്നു ഒരു ചായ വാങ്ങിക്കുടിക്കാൻ വിസമ്മതിച്ചതിന്റെ പേരിൽ മാർക്സിസ്റ്റ് പാർട്ടിയുടെ വലിയ ഒരു നേതാവായ ശ്രീ. രാഘവനെ പുറത്താക്കാൻ തീരുമാനമെടുത്തതിന്റെ പശ്ചാത്തലം എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഐക്യജനാധിപത്യ മുന്നണിയെക്കുറിച്ച് എന്തെല്ലാം വാദഗതികളുന്നയിച്ചാലും പൂർണ്ണമായ കാലയളവ് ഈ സംസ്ഥാനം ഭരിക്കുമെന്നു ജനങ്ങൾക്ക് കൊടുത്ത പ്രതിജ്ഞ നിറവേറ്റുകതന്നെ ചെയ്യും. ഈ സംസ്ഥാനത്ത് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രക്ഷോഭണങ്ങളുടെ വിലയിരുത്തലുകളും നിരവധി തവണ പത്രങ്ങളിൽ വന്നിട്ടുള്ളതാണ്. ശ്രീ. നമ്പൂതിരിപ്പാട് പറയുന്നത് ഈ ഗവൺമെന്റിനെ നിലത്തിറക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നാണ്. പിന്നെ എന്തിനുവേണ്ടിയാണ് ഈ സമരമെന്നു എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സംസ്ഥാനത്തെ അടിസ്ഥാനശക്തി തന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ദുർബ്ബലജനവിഭാഗങ്ങൾ പാറപോലെയായി പാർട്ടിയെ കൈവിട്ടുകൊണ്ടിരിക്കുകയാണ്. ഈ സംസ്ഥാനത്തെ ഹരിജനങ്ങൾക്കു വേണ്ടി എൻ.ആർ.ഇ.പി. യിലും ആർ.എൽ.ഇ.ജി.പി. യിലും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ലക്ഷം വേനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിക്കഴിഞ്ഞു. അവരുടെ നിരവധി സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ഫലപ്രദമായി അവ പ്രാവർത്തികമാക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഹരിജനവിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ള എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും മൽസ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന വിഭാഗത്തിനും നൽകുന്നുണ്ട്. ക്ഷേമപ്രവർത്തനങ്ങളുടെ നാഴികക്കല്ലുകൾ സ്ഥാപിച്ചുകൊണ്ടു മുന്നേറുന്ന ഒരു ഗവൺമെന്റാണ് ഇതെന്നുള്ളതിന് ഒരു തർക്കവുമില്ല. ഇവിടെ രാവിലെ ശ്രീ. ബേബി ജോൺ അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് കൊല്ലത്ത് നടന്ന സംഘർഷങ്ങൾ വിശദീകരിക്കുകയുണ്ടായി. എനിക്ക് പറയാനുള്ളത് അധികാരദാഹത്തിന്റെ പാനപാത്രവുമായിട്ട് പ്രതിപക്ഷം ഇന്ന് സമരമുഖത്ത് എത്തിയിരിക്കുകയാണെന്നാണ്. സമരപരമ്പരകൊണ്ട് വിരസത പിടിച്ച പ്രവർത്തകർക്ക് വീര്യം പകർന്നുകൊടുക്കാൻ ഇടതുപക്ഷ നേതാക്കൻമാർതന്നെ താഴോട്ട് ഇറങ്ങിയിരിക്കുന്നു. അതുമായി ബന്ധപ്പെടുത്തിവേണം കൊല്ലത്തെ സംഘർഷത്തെ വിലയിരുത്താൻ.

ശ്രീ. ബേബി ജോൺ: നിയമസഭാംഗങ്ങളെ തല്ലിയതിൽ പ്രൊവർക്ക് ഒരു ഖേദവുമില്ലേ?

ശ്രീ. കെ.കെ. ശ്രീനിവാസൻ: കൊല്ലത്തെ സംഘർഷം നിർഭാഗ്യകരമായിപ്പോയി. അതിനെസംബന്ധിച്ചുള്ള ഗവൺമെന്റിന്റെ നിലപാട് മുഖ്യമന്ത്രി ഈ സഭയിൽ വിശദീകരിക്കുകയും ചെയ്തു. പക്ഷേ അവിടെ സംഘർഷത്തിനാണ്? ആർ.എസ്.പി. യുടെ നേതാവ് സഖാവ് ബേബി ജോൺ തന്നെ കൊല്ലത്ത് സമരത്തിന്റെ നേതൃത്വം ഏറെടുത്തു. ആർ.എസ്.പി.യ്ക്ക് ഈറ്റപ്പുലിയെന്നു പഴയ ഒരു ഓമനപ്പേരുണ്ട്. അതു അനവർത്ഥമാകത്തക്ക വിധത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തെ സമരം അക്രമാസക്തമായിത്തീരുമെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഏതായാലും ശരി ലാ ആൻഡ് ഓർഡർ മനപ്പൂർവ്വമായി കൈയ്യിലെടുക്കുകയാണെങ്കിൽ അതു സംരക്ഷിക്കേണ്ട ചുമതല പോലീസിനുണ്ട്. പോലീസ് സ്വന്തർത്ഥത്തിനൊത്തുയർന്ന് അതു സംരക്ഷിക്കാനുള്ള ബാദ്ധ്യത ഏറ്റെടുക്കണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ: കെ.പി. പ്രഭാകരൻ: ജുഡീഷ്യലന്വേഷണത്തിലിരിക്കുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഇങ്ങനെ പോലീസിനെ ന്യായീകരിച്ച് സംസാരിക്കുന്നത് ഓർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: ജുഡീഷ്യലന്വേഷണത്തിലിരിക്കുന്ന കാര്യത്തെ സംബന്ധിച്ച് പറയാൻപാടില്ലെന്നു മുഖ്യമന്ത്രി ആദ്യമേ തന്നെ പറഞ്ഞതാണ്. എല്ലാവരും അതു അനുസരിക്കുന്നതാണ് നല്ലത്.

ശ്രീ. കെ.കെ. ശ്രീനിവാസൻ: ജുഡീഷ്യലന്വേഷണത്തിലിരിക്കുന്ന കാര്യത്തെക്കുറിച്ചല്ല ഞാൻ പറഞ്ഞത്. എവിടെയെല്ലാം ലാ ആൻഡ് ഓർഡർ മനപ്പൂർവ്വം കയ്യിലെടുക്കുവാൻ ശ്രമിക്കുന്നുവോ അവിടെയെല്ലാം ലാ ആൻഡ് ഓർഡർ സംരക്ഷിക്കാനുള്ള ചുമതല പോലീസിനുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ജുഡീഷ്യലന്വേഷണത്തിനെപ്പറ്റി പ്രതിപക്ഷം പറഞ്ഞതു് അവർക്ക് അതിൽ വിശ്വാസമില്ലെന്നാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സഭ ബഹിഷ്കരിച്ച അവസരത്തിൽ "പോരക്കൊതിയാ കരുണാകരാ" എന്ന മുദ്രാവാക്യം വിളിച്ചു. ഒരു കാര്യം സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. രാഷ്ട്രീയത്തിൽ കരുണാകരൻ ലൂസേഴ്സ് ടീമിന്റെ ഫോർവേഡല്ല അങ്ങനെ ആരെങ്കിലും കരുതിയിട്ടുണ്ടെങ്കിൽ അവർക്ക് തെറ്റുപറ്റിയിരിക്കുന്നു.

ഇതിടെയിപ്പോൾ പ്രധാനമായിട്ടുള്ള മറ്റൊരു പ്രശ്നം പ്രീഡിഗ്രി ബോർഡ് രൂപീകരണമാണ്. പ്രീഡിഗ്രി ബോർഡ് രൂപീകരണം ദേശിയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമാണ്. കഴിഞ്ഞ ദിവസങ്ങളിൽ നരസിംഹറാവു പ്രഖ്യാപിച്ചത് അത് കർശനമായി നടപ്പിലാക്കുമെന്നാണ്. അതു നടപ്പിലാക്കുന്നതിനുള്ള ബാദ്ധ്യത സംസ്ഥാന ഗവൺമെൻറിനുണ്ട്. അതുമായി ബന്ധപ്പെട്ടു വന്ന അവസാനത്തെ ഏറ്റവും ശ്രദ്ധേയമായ പരമാർശം സഖാവ് അച്ചുതമേനോന്റേതാണ്. സർ, അദ്ദേഹം ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങൾ എന്തെല്ലാമാണ്? പ്രീഡിഗ്രി പരീക്ഷകളിൻമേലുള്ള നിയന്ത്രണം നേരിട്ട് സർക്കാരിനായിരിക്കുമോ അതോ വിദ്യാഭ്യാസ ഡയറക്ടറുടെ മറ്റൊരു ഹയർ സെക്കൻറി സ്കൂൾ ഡയറക്ടറെ നിയമിക്കുമോ? ഈ വക കാര്യങ്ങൾ തീരുമാനിക്കുന്നതിന് മുമ്പ് ധൃതി പിടിച്ച് ബോർഡ് രൂപീകരിക്കുന്നതിൽ നിന്നും ഗവൺമെൻറു പിൻമാറണം. ഇതൊക്കെയാണ് അദ്ദേഹം ഉന്നയിച്ചത്. 1985—ൽ ആരംഭിച്ചതാണ് ഇതു സംബന്ധിച്ചുള്ള പ്രഖ്യാപനങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും. അത് തുടർന്നുകൊണ്ടിരിക്കുന്നു. ഇതിൽനിന്നും പിന്നോട്ടു പോകുവാൻ ഗവൺമെൻറിന് സാധിക്കുകയില്ല. ബഹുമാനപ്പെട്ട അച്ചുതമേനോൻ ഉന്നയിച്ചിരിക്കുന്ന ഈ സംശയങ്ങൾ നിവാരണം ഉണ്ടാക്കുവാനുള്ള ബാദ്ധ്യത ഗവൺമെൻറിനുണ്ട്. ഈ

LIBRARY ARCHIVES Kerala Legislative Assembly

സംശയങ്ങൾക്ക് നിവാരണം ഉണ്ടാക്കിക്കൊണ്ടു മാത്രമേ ബോർഡിന്റെ രൂപീകരണവുമായിട്ട് ഗവണ്മെന്റ് മുന്നോട്ടു പോകുവാൻ പാടുള്ളൂ . എന്നതാണ് ഞങ്ങളുടെ അഭിപ്രായം.

സർ, ഇന്ന് ഈ സമരം രാഷ്ട്രീയപ്രേരിതമായി മാറിക്കൊണ്ടിരിക്കുകയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരുപക്ഷേ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും പ്രശ്നങ്ങളെ കണ്ടു എന്ന് വരാം. അവ പരിഹരിക്കുവാൻ ഗവൺമെന്റു കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

സർ, പൊതുരേണത്തെ സംബന്ധിച്ചുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളും പ്രതിപക്ഷത്തുനിന്നും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. നിയമസഭ പാസ്സാക്കിയ അഴിമതി നിരോധനനിയമം കേരള നിയമസഭയുടെ ചരിത്രത്തിൽ ഒരു മാഗ്നാകാർട്ടയാണ്. സഖാവ് ബേബി ജോൺ എന്തുതന്നെ പറഞ്ഞാലും ശരി, ശ്രദ്ധേയമായ ഒരു നിയമമാണ് അത്. ആ നിയമത്തിന്റെ പോരായ്മകളും അസംബ്ലിയിൽ പറഞ്ഞു. ആ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ചിരിക്കുന്ന സമിതിയുടെ മുമ്പിൽ പോകുവാൻ പ്രതിപക്ഷം തയ്യാറല്ലായെന്ന് പ്രഖ്യാപിച്ചു. അതിനു എന്തെല്ലാം പരിമിതികളും ഉണ്ടെങ്കിൽകൂടിയും ആ കമ്മീഷന്റെ പരാമർശത്തെ കണ്ടുകൊണ്ടാണ് എക്സൈസ് വകുപ്പുമന്ത്രി ശ്രീ. ശ്രീനിവാസൻ രാജിവച്ചത്. ആ പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് ഹൗസിങ്ങ് ബോർഡ് ചെയർമാർ രാജിവച്ചത്. നിയമത്തിന്റെ സാങ്കേതികതയിൽ പിടിച്ചു നിൽക്കാതെ നിയമത്തെ ആദരിച്ചു കൊണ്ടുതന്നെ ഒരു പൊതു പ്രവർത്തകന്റെ ആത്മശുദ്ധിയെ സംരക്ഷിക്കുന്ന നിലപാടാണ് അവർ സ്വീകരിച്ചിട്ടുള്ളത്. അഴിമതി നിരോധനത്തെ സംബന്ധിച്ചുള്ള പ്രതിപക്ഷ നിലപാട് ഭയരഹിതമെന്ന് പറയുവാൻ നിവർത്തിയില്ല. പൊതുരംഗത്തുകാണുന്ന അഴിമതി നിർമ്മാർജനം ചെയ്യുവാൻ നിയമ നിർമ്മാണം കൊണ്ടുമാത്രം സാധിക്കുകയില്ല. അത് ഫലപ്രദമായി നടപ്പിലാക്കേണ്ട ശ്രമം ഗവൺമെന്റു ഭാഗത്തുനിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. ഇന്ന് വികസനപ്രവർത്തനങ്ങളിൽ, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഒക്കെത്തന്നെ അഴിമതി വളരെക്കൂടുതലാണ്. ഇത് നിർമ്മാർജനം ചെയ്യുന്ന കാര്യത്തിൽ ജില്ലാ കളക്ടർമാർക്ക് ഒരു പ്രധാന പങ്കാണ് വഹിക്കാനുള്ളത്. വെള്ളോടി കമ്മീഷന്റെ റിപ്പോർട്ട് 1967–ൽ ഗവൺമെന്റിനു സമർപ്പിച്ചതാണ്. അതിന്റെ സ്ഥിതി എങ്ങനെയിരിക്കുന്നു എന്നത് ഇപ്പോഴും നിശ്ചയമല്ല. അതിന്റെകൂടി അടിസ്ഥാനത്തിൽ ഈ വിപുലമായ ഉത്തരവാദിത്വം നിർവ്വഹിക്കുവാൻ ജില്ലാകലക്ടർ തലത്തിലുള്ള ഉദ്യോഗസ്ഥൻമാർക്ക് സഹായകരമായ സമീപനം സർക്കാർ സ്വീകരിക്കേണ്ടതാണ്. ഇവിടെ സിവിൽ സർവീസിന്റെ നിലവാരം നശിച്ചുകൊണ്ടിരിക്കുകയാണ്. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു. അതിനെക്കുറിച്ച് നമ്മൾ ഗൗരവപൂർവ്വം ചിന്തിക്കേണ്ടതാണ്. പല സർവ്വീസ് ഓർഗനൈസേഷനുകൾക്കും ബാദ്ധ്യതയുണ്ട്. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചതിനെപ്പറ്റി പറഞ്ഞു. അതിന്റെ സ്ഥിതിയെന്താണ്? അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചു അതിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ ഗവൺമെന്റ് എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

റിസർവേഷന്റെ കാര്യത്തിൽ ഈ സംസ്ഥാനത്തിലെ എല്ലാ വിഭാഗം ആളുകൾക്കും വളരെ ആശങ്കയുണ്ട്. ആ ആശങ്ക ദൂരീകരിക്കേണ്ട ബാദ്ധ്യത ഗവൺമെന്റിനുണ്ട്. സ്റ്റാറ്റസ്കോ എന്ന തുരുമ്പു പിടിച്ച സമീപനം ഉപേക്ഷിച്ചുകൊണ്ട് വ്യക്തമായ ഒരു ധാരണയോടുകൂടി ഗവൺമെന്റ് അതിന്റെ നയം പ്രഖ്യാപിക്കണം എന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ സംസ്ഥാനത്ത് വളർന്നു വരുന്ന ഒരു മേഖലയാണ് കോ—ഓപ്പറേറ്റീവ് സെക്ടർ. ഇന്ന് പഞ്ചായത്ത് മുനിസിപ്പാലിറ്റി സ്ഥാപനങ്ങൾക്ക് കോമൺ സർവ്വീസ് ഉണ്ട്, അതുപോലെതന്നെ കോ—ഓപ്പറേറ്റീവ് സെക്ടറിനും കോമൺ സർവ്വീസ് ഉണ്ടാക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കേണ്ടതാണ്. ഭരണ സംവിധാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു സ്ഥാപനമാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ. അവിടെ 12 ലക്ഷത്തോളം അപേക്ഷകൾ കെട്ടിക്കിടക്കുന്നു. അവിടെ കാര്യമായ ഒരു പ്രവർത്തനവും ഇന്ന് നടക്കുന്നില്ല. അതിന് പരിഹാരമായിട്ട് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗസ്ഥൻമാരെ തെരഞ്ഞെടുത്ത് ഈ ജോലിയുടെ ഭാരം ലഘൂകരിക്കാനുള്ള ആഭ്യന്തരസ്വയംഭരണാവകാശം പി.എസ്.സി.ക്ക് നൽകേണ്ടതാണ്. പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി മൂന്നു കൊല്ലമാണ്. ഈ സമയത്തിനുള്ളിൽ പല ഡിപ്പാർട്ടുമെന്റുകളും വേക്കൻസി റിപ്പോർട്ട് ചെയ്യുന്നില്ല. നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നതുവരെ നോക്കി നിൽക്കുന്നു. അതു കഴിയുമ്പോൾ പ്രൊവിഷണൽ ഹാൻഡ്സിനെ ആ സ്ഥാനത്ത് നിയമിക്കുന്നു. ഈ പ്രവണതയ്ക്ക് ഒരു വിരാമം ഇടേണ്ടതായിട്ടുണ്ട്. സമാനസ്വഭാവമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏകീകരിക്കണമെന്ന് നിർദ്ദേശം കേന്ദ്ര ഗവൺമെന്റു സംസ്ഥാന ഗവൺമെന്റിന് നൽകിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ തന്നെ സംസ്ഥാന പ്ലാനിംഗ് ബോർഡ് ഗവൺമെന്റിനോട് ശക്തമായി ആവശ്യപ്പെട്ടു. ഇതിന് പരിഹാരമുണ്ടാക്കണമെന്ന്. അതിന്റെ വെളിച്ചത്തിൽ സംസ്ഥാന ക്യാബിനറ്റ് തീരുമാനമെടുത്തു. എങ്കിലും അത് പ്രാവർത്തികമാക്കിയിട്ടില്ല. സംസ്ഥാന ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങളെ രാഷ്ട്രീയഭിക്ഷാംദേഹികൾക്കുവേണ്ടി മാറ്റിവയ്ക്കാതെ കേന്ദ്ര—സംസ്ഥാന ഗവൺമെന്റുകൾ എടുത്ത തീരുമാനങ്ങൾ പ്രാവർത്തികമാക്കുവാൻ വേണ്ടി കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

സംസ്ഥാനത്തിലെ വികസനപ്രവർത്തനങ്ങൾ വളരെയധികം ഇന്ന് മുമ്പോട്ട് പോയിട്ടുണ്ട്. ഈ കാര്യങ്ങൾ കൂടുതൽ ഫലപ്രദമാക്കിത്തീർക്കുവാനുള്ള നയപരിപാടികൾക്ക് ഗവൺമെന്റു രൂപം നൽകേണ്ടിയിരിക്കുന്നു. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിനെതിരെ ഉന്നയിച്ച ആരോപണങ്ങൾ എല്ലാംതന്നെ പൊളിഞ്ഞു കഴിഞ്ഞിരിക്കുന്നു. ജനങ്ങളോടുള്ള— ഉത്തരവാദിത്വം നിറവേറ്റാൻവേണ്ടി ഒറ്റക്കെട്ടായിട്ട് മുന്നണി സർക്കാർ മുമ്പോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിനെയും മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനേയും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനേയും പരാമർശിച്ചുകൊണ്ട് നടത്തിയ വിമർശനങ്ങൾക്ക് സമാധാനം പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നില്ല. 1982—ലെ തെരഞ്ഞെടുപ്പിൽ ജനങ്ങളോട് ചെയ്ത പ്രതിജ്ഞ നിറ

LIBRARY ARCHIVES Kerala Legislative Assembly

വോറുവാൻ പ്രതിജ്ഞാബദ്ധമായി ഈ ഗവൺമെൻറു ഒറക്കെ ട്ടായി മുന്നോട്ടു നീങ്ങുകയാണ്. ഞാൻ ഒരിക്കൽകൂടി ഈ ഡിമാൻഡിനെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. കെ.വി. സുരേന്ദ്രനാഥ്: സർ, സംസ്ഥാന ഭരണത്തല വൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ തുടങ്ങിയവയ്ക്കു വേണ്ടി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനയെ എതിർക്കാതിരിക്കുവാൻ നിർവ്വാഹമില്ല. ഇവർക്ക് എന്തിനാണ് പണം? ജനങ്ങളുടെ പ്രശ്നം പരിഹരിക്കുവാനല്ല. അവർ ഭരണം നടത്തിയ നാലുകൊല്ലത്തിനിടയ്ക്ക് എന്തെല്ലാം പ്രശ്നങ്ങളാ ഉണ്ടായി. ഇപ്പോഴത്തെന്നെ പ്രശ്നങ്ങളാ നിരവധി ആണ്. വരൾച്ചയാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലയിടിവാണ്, നെൽക്കൃഷി തകരുകയാണ്. വ്യവസായങ്ങളാ മരിച്ചുകൊണ്ടിരിക്കുന്നു. ഗ്വാളിയർ റയോൺസ് പൂട്ടിയിരിക്കുന്നു. പെരുമ്പാവൂർ റയോൺസ് പൂട്ടി റബ്ബർ വർക്സും പൂട്ടിയിരിക്കുന്നു. പരമ്പരാഗത വ്യവസായങ്ങളാ മിക്കവാറും മരിക്കാറായ മട്ടിലാണ്. തൊഴിലില്ലായ്മ 26 ലക്ഷമായി കൂടിയിരിക്കുന്നു. ഇതൊന്നും പരിഹരിക്കുവാൻ ഇവിടെ പണമില്ല. മിച്ച ബഡ്ജറാണെന്നാണ് ശ്രീ. മാണി പറയുന്നത്. അത് കേട്ട് ഞാൻ അന്തിച്ച് ഇരുന്നുപോയി. സബ്ജറാ കമ്മിറ്റി റിപ്പോർട്ടുകളാ വായിച്ചുനോക്കണം. ശ്രീമാൻ മാണി അത് വായിക്കുന്നുണ്ടാവും. ആ റിപ്പോർട്ടിലൊക്കെത്തന്നെ ഒരേ പല്ലവിയാണു ആവർത്തിക്കുന്നത്. മിച്ചം 160 കോടി എന്നാണ് ഇപ്പോഴാ പറഞ്ഞത്. 160 കോടി രൂപ മിച്ചമുള്ള സമ്പൽ സമൃദ്ധിയുടെ ഈ ഘട്ടത്തിൽ എല്ലാ വ്യവസായ സ്ഥാപനങ്ങളാക്കും വേണ്ടതിന്റെ പകുതിപോലും തുക കൊടുക്കാതിരിക്കുകയാണ്. സ്മാംസ്കെയിൽ കൂടുതൽ ആവശ്യപ്പെടുന്നു, മീഡിയം സ്കെയിലിന് കൂടുതൽ കൊടുക്കണം, കെ.എസ്.ഐ.ഡി.സി.ക്ക് കൊടുക്കണം, കയറിനാണെങ്കിൽ ഒരു രൂപപോലും നീക്കിവച്ചിട്ടില്ല. റബ്ബർ വർക്സിന് ഒരു കാശു പോലും നീക്കി വച്ചിട്ടില്ല. അതാ.ാ് സ്ഥിതി.

പി. ഡബ്ലിയു.ഡി. എടുത്തുനോക്കുകയാണെങ്കിൽ എല്ലാം ടോക്കൺ പ്രൊവിഷനാണ്. കോടിക്കണക്കിനുവേണ്ടി വർക്കുകാക്കു 100 രൂപ, 1000 രൂപ. ഇറിഗേഷനും അതാണ്. അങ്ങനെ മനുഷ്യനു ജീവിക്കാൻ ആവശ്യമായ കാര്യത്തിലൊക്കെ ടോക്കൺ പ്രൊവിഷൻ വയ്ക്കുകയും എന്നിട്ട് യേങ്കര മിച്ചമാണെന്ന് പറയുകയും ചെയ്യുന്നുത് ആരെ പറ്റിക്കാനാണ്. ഈ ബഡ്ജറിനു എന്തെങ്കിലും വിലയുണ്ടോ? വിലയില്ലെന്ന് കെ.എൻ. രാജിനെപ്പോലുള്ള പ്രശസ്ത ശാസ്ത്രജ്ഞൻ പറഞ്ഞാൽ രാഷ്ട്രീയപ്രേരിതമെന്നു പറയും. അദ്ദേഹം ഏതു പാർട്ടിക്കുവേണ്ടിയാണ് ഇത് ചെയ്യുന്നതെന്ന് എനിക്കറിയില്ല. അദ്ദേഹം ഒരു സാമ്പത്തിക ശാസ്ത്രജ്ഞനാണ്. കേന്ദ്രഗവൺമെൻറു അത് അംഗീകരിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെൻറിന്റെ സാമ്പത്തിക ഉപദേഷ്ടാക്കളിൽ അഗ്രഗണ്യനാണ്. അത് ഇവർ മനസ്സിലാക്കുന്നില്ല. സർ, ഇവർക്ക് എന്തിനാണ് പണം? ഇവർക്ക് പണം, കുതികാൽ വെട്ടാനും കുഴിവയ്ക്കാനും, ഉപജാപം നടത്താനും, കുരുക്കുണ്ടാക്കാനും ഒക്കെയാണ്. ഇതിനൊക്കെ പണവും പ്രൊവിഷനും നിയമസഭ പാസ്സാക്കി കൊടുക്കണമെങ്കിൽ അത് കൊടുക്കാം. അതാണ് ഇവിടെ നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ പ്രതിപക്ഷനേതാവ് കാര്യം പറഞ്ഞു. കക്ഷിയുമില്ല, പ്രതി വാദിയായി മാറിയതുമില്ല. ഈ നാട്ടിലെ ജനങ്ങളുടെ മുമ്പിൽ ഈ സർക്കാർ പ്രതിയാണ്. കക്ഷി കട്ടും നന്നായില്ലെന്നാണ്. ജനങ്ങളുടെ മുമ്പിൽ പ്രതിയെന്നു പറയുന്നത്—നാലു കൊല്ലം ഭരിച്ചിട്ട് കേന്ദ്രവുമായി ഇണങ്ങിക്കഴിയുന്ന ''ഞങ്ങൾ''. അധികാരത്തിൽ വന്നാൽ ഇവിടെ തേനും പാലും ഒഴുകുമെന്ന് വാഗ്ദാനം ചെയ്തിട്ട്, അധികാരം കയ്യാളിയവരാണ്. ''പോക്കണംകെട്ട''വരായ ഞങ്ങൾ യാതൊരു തടസ്സവും ഉണ്ടാക്കിയില്ല. ഞങ്ങൾ വിമോചന സമരം നടത്തിയില്ല എന്നാണ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ആളുകൾ കുറ്റം പറയുന്നതിന്റെ അർത്ഥം. ഞങ്ങൾ നാട്ടിൽ അലങ്കോലം ഉണ്ടാക്കിയില്ലെന്നാണ്, ''പഞ്ചാബ് മോഡൽ'' നടപ്പാക്കിയില്ലെന്നുള്ളതാണ് പരാതി. അങ്ങനെ യാതൊന്നുമില്ല. ഇങ്ങനെ വളരെ സുഖമായി ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ കിട്ടിയ ഈ ചാൻസ് അല്പമെങ്കിലും ഉപയോഗപ്പെടുത്തി ഈ നാട്ടിൽ ജനങ്ങളോട് കൂറു കാട്ടി, ഈ നാട്ടിലെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഞാൻ പറയുന്നില്ല. പരിഹരിക്കുവാനുള്ള ആത്മാർത്ഥമായ ശ്രമമെങ്കിലും നടത്താതെ അതിനു പകരം തമ്മിൽ ഇരുത്തുക, ഒതുക്കുക, 'എ' ക്കാരെ ഒതുക്കുക, മാണി ഗ്രൂപ്പിനെ ഒതുക്കുക ..... സർ, ഇവിടെ എന്താണ് ചെയ്തത്? ആഭ്യന്തരത്തിൽ നിന്ന് രവിയെ പുറത്താക്കി. മാണിയുടെ കയ്യിൽ നിന്ന് ധനകാര്യവകുപ്പെടുത്ത് മാറ്റി തച്ചടിയെ ഏൽപ്പിച്ചു. ഇത്രയും ചെയ്യാൻ, കഴിഞ്ഞ എട്ടു മാസമായി എന്തു സസ്പെൻഷനാണ് ഇവിടെ ഉണ്ടാക്കിയത്? ഈ നാട്ടിലെ ജനങ്ങൾ മുഴുവനും, ഈ നാട്ടിലെ ഭരണ യന്ത്രം മുഴുവനും, ചെറിയ പ്യൂൺ, ക്ലാർക്കു മുതലുള്ള മുഴുവൻപേരും സൂചിമേൽ തപസ്സു ചെയ്യുന്നതുപോലെ ഇത് എപ്പോൾ വീഴുമെന്നു പറഞ്ഞു നോക്കി നിന്നു. വീണാൽ പിന്നെ എന്തും സംഭവിക്കും. ഫയൽ നോക്കാൻ വയ്യാ, ഓർഡർ എഴുതാൻ വയ്യ. നാളെ എന്താണ് ഗതിയെന്ന് നിശ്ചയമില്ല. വാസ്തവത്തിൽ ഭരണമില്ലാതെയാക്കുകയല്ലേ ചെയ്തത്? ഈ ചെയ്ത കടുത്ത ദ്രോഹത്തിന് എന്താണ് പ്രതിവിധി? അതാണ് എനിക്ക് ചോദിക്കുവാനുള്ളത്. ഈ നാട്ടിൽ പ്രക്ഷോഭണമുണ്ട്, അദ്ധ്യാപകരുടെ പ്രക്ഷോഭണം, വിദ്യാർത്ഥികളുടെ പ്രക്ഷോഭണം, യൂണിവേഴ്സിറ്റി ജീവനക്കാരുടെ പ്രക്ഷോഭണം, കയർ തൊഴിലാളികളുടെ പ്രക്ഷോഭണം, പരമ്പരാഗത തൊഴിലാളികളുടെ പ്രക്ഷോഭണം, ഫാക്ടറി പൂട്ടിയിട്ടതിന്റെ പ്രക്ഷോഭണം—ഇതൊന്നും ഗവൺമെന്റ് അറിഞ്ഞ മട്ടില്ല. അതിനു പകരം ഇതെല്ലാം ഭരണപരമായ നടപടികളിൽക്കൂടി ''എസ്മ'' ഉപയോഗിച്ചു, പോലീസ് ഉപയോഗിച്ചു തല്ലിപൊളിക്കാമെന്നാണ് വിചാരിക്കുന്നത്. സൗന്ദര്യ വർദ്ധക സാധനങ്ങൾ ഉപയോഗിച്ച് മുഖച്ഛായ നന്നാക്കി. എന്നുവച്ചാൽ മാണിയെ മാറ്റി, മുഖച്ഛായ നന്നാക്കിയതിന്റെ ആരംഭം അതാണ്. മാണിയെ മാറ്റി, രവിയെ മാറ്റി. അതിനു പകരം വേറെ രണ്ടുപേരെ കൊണ്ടുവന്നു. മറ്റു ചിലർ പുറത്തു പോയി. അതുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുമോ? ആളെ മാറ്റാത്തതിന്റെകുറ്റമാണോ, കക്ഷിയുടെ കുറ്റമാണോ? ഐക്യജനാധിപത്യ മുന്നണിയെന്ന കൂട്ടുകെട്ട് എന്തിനാണ് ഉണ്ടാക്കിയത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി, ഈ ഈ നാട്ടിലെ തൊഴിലാളികളുടേയും കൃഷിക്കാരുടേയും പേരിൽ സാധാരണജനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന പ്രസ്ഥാനം, അധികാരത്തിൽ വരാതിരിക്കുന്നതിനുള്ള നിഷേധാത്മകമായ ഒരൊറ്റ

LIBRARY ARCHIVES Kerala Legislative Assembly

ബേസിക്ക് പ്രിൻസിപ്പിളേ ഇവർക്ക് ഉള്ളൂ. ബാക്കി വരുന്ന കാര്യങ്ങളൊക്കെ വളരെ അഡ്വെൻറിഷ്യസാണ്. ഈ തത്വമൊക്കെ പറയുന്നത്, വെറും പുറംമേനിക്കാണ്. ഇടതുപക്ഷ മുന്നണി ഈ നാട്ടിൽ അധികാരത്തിൽ ഇരിക്കരുത്. അതിനുവേണ്ടി എല്ലാ പിന്തിരിപ്പൻമാരെയും മതവർഗ്ഗീയ ശക്തികളെയും കൂട്ടുപിടിച്ചിട്ട് ചെയ്യാൻ കഴിയുന്നതെല്ലാം ചെയ്തു, അവർക്കു മുമ്പിൽ കൂസലില്ലാതെ കീഴടങ്ങിക്കൊണ്ട് അവർ പറയുന്നതെല്ലാം ചെയ്തു, കുനിഞ്ഞ് നിലത്തെടാ എന്നു പറഞ്ഞാൽ കുനിഞ്ഞു നിന്നു, നിവർന്നുനിൽക്കെടാ എന്നു പറഞ്ഞാൽ നിവർന്ന് നിന്ന് ഒരക്ഷരം ആരോടും മിണ്ടാതെ—അങ്ങനെ യുള്ള ഒരു ഭരണം ആണ് ഇവിടെ നടക്കുന്നത്. ആ ഭരണം നിലനിൽക്കണമെങ്കിൽ 'എസ്മ' വേണം. കേരളം പോലെയുള്ള ഒരു സംസ്ഥാനത്ത് 'എസ്മ' ആവശ്യമുണ്ടോ? ഇപ്പോഴും ശ്രീ. ബേബിജോണും കൂട്ടരും തെമ്മാടിത്തരം കാണിച്ചു എന്നാണ് പറയുന്നത്. ഒരു മന്ത്രി തന്നെയാണ് അത് പറഞ്ഞത്. പുളിമൂട്ടിൽ ആര് തെമ്മാടിത്തരം കാണിച്ചു? ഇവിടത്തെ പത്രപ്രവർത്തകർ ശ്രീ. കെ.ജി. പരമേശ്വരൻ നായരും അതുപോലെ ''പേട്രിയറി''ന്റെ ശ്രീ. പ്രഭാകരനും 'മാതൃഭൂമി'യുടെ ലേഖകനും, 'മനോരമ' യിലെ രാജേന്ദ്രനും തെമ്മാടിത്തരം കാണിച്ചോ? അവരെ തല്ലി എല്ലൊടിക്കുക മാത്രമല്ല പതിനായിരം രൂപയുടെ ക്യാമറയാണ് തല്ലി പൊട്ടിച്ചുകളഞ്ഞത്. അപ്പോഴും തെമ്മാടിത്തരമെന്നു പറഞ്ഞ് പോലീസിനെക്കൊണ്ട് രാജ്യം ഭരിപ്പിച്ചു കളയാം എന്നാണ് വിചാരിക്കുന്നത്. പോലീസിന് പുതിയ വീര്യം കിട്ടിയിരിക്കുകയാണ്. ശ്രീമാൻ കരുണാകരൻ പോലീസ് വകുപ്പ് ഏറ്റെടുത്തതിനുശേഷം തീർച്ചയായിട്ടും അവരെ കണ്ടാലറിയാമത്. കൊല്ലത്തും തിരുവനന്തപുരത്തും ഇതു കാണിക്കുകയും ചെയ്തു എങ്ങനെയിരിക്കുമെന്നുള്ളത്. ഇത് ഈ രാജ്യത്ത് നടക്കുമോ? കേരളത്തിൽ നടക്കുമോ? ഇത് നടക്കുന്നത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന് നല്ലതാണോ? ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ ഇതു വേണമെന്ന് നിർബന്ധ ബുദ്ധിയുള്ള ആളുകൾ ഒഴികെയുള്ള മറ്റുള്ളവർക്ക് നല്ലതാണോ? അത് ആലോചിക്കണം സർ. ഇന്നു ഈ രാജ്യത്ത് ഇത് നടപ്പാക്കിക്കളയാം. ഇതിനുവേണ്ടി ജനങ്ങളുടെ പ്രശ്നങ്ങൾ ഒക്കെ മാറ്റി വയ്ക്കാം. ഇതാണോ ചെയ്യേണ്ടത്? ഇത് ചെയ്യുന്നതിനാണോ ബഡ്ജറ്റിൽ പൈസ ചോദിക്കുന്നത്? ഈ പൈസ ചോദിക്കുന്നതിന് ഒരു രീതിവേണ്ടേ? സത്യവുമായി അതിന് പറയുന്ന കണക്കുകൾക്ക് എന്തെങ്കിലും ബന്ധം വേണ്ടേ? അത് ഇല്ലല്ലോ? റിസർവ്വ് ബാങ്കിന്റെ മാർച്ച് 31-ാം തീയതിയിലെ ബാലൻസ് കണക്ക് പ്രകാരം യേങ്കരമിച്ചം ഉണ്ടെന്നു പറഞ്ഞു. ശ്രീ. മാണി അവതരിപ്പിച്ച ബഡ്ജറ്റിലെ പ്രൊവിഷൻസ് നോക്കിയാൽ അതിൽ പറയുന്നത് വെളിയിൽ നിന്നുള്ള കേന്ദ്രങ്ങളുടെ ധന സഹായം കിട്ടുമെന്നു പ്രതീക്ഷിക്കുന്ന ചില പദ്ധതികളുടെ കാര്യമാണ്. നെതർലാൻഡിന്റെ സഹായം ലോകബാങ്കുസഹായം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു—ഇങ്ങനെയൊക്കെയാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുക്കുന്നതിനുള്ള യാതൊരു വ്യക്തമായ നിർദ്ദേശങ്ങളും ഇല്ല. ഇല്ലാത്ത ബഡ്ജറ്റ് അത് നടപ്പാക്കാൻ കുറെ ആളുകൾ അതു നടപ്പാക്കാനുള്ള ഭരണതലവൻമാർക്കു വേണ്ടി ഏഴു കോടി തൊണ്ണൂറിയെട്ടു ലക്ഷം രൂപ. ഇതാണ് ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇവരുടെ വർഗ്ഗീയ വിരുദ്ധ വാദത്തിന് വല്ല അർത്ഥവുമുണ്ടോ. ശ്രീ. രാജീവ് ഗാന്ധി നാടുനീളെ നടന്ന് പ്രസംഗിക്കുന്ന വർഗ്ഗീയതയ്ക്കെതിരായ വാദത്തിന് വല്ല അർത്ഥവുമുണ്ടോ? ഇവിടെ കുവൈറ്റുകാരുടെ കാര്യം പറഞ്ഞു. ചിലർ മുദ്രാവാക്യം വിളിക്കുന്നതു കേട്ടു, അറബികളുടെ പണം വേണം നിങ്ങൾക്ക്, പക്ഷെ അറബികൾ ഈ നാട്ടിൽ വരാൻ പാടില്ല നിങ്ങൾക്ക്. അറബികൾ ഇവിടെ വരരുതെന്ന് ആരും പറഞ്ഞില്ല. വന്നവർ അറബികളുമല്ല. വന്ന ആളുകൾ അറബി മണ്ണിൽ ജനിച്ചു എന്നതു യാദൃച്ഛികം മാത്രമാണ്. ഞങ്ങളൊക്കെ അറബികളെ മാനിക്കുന്നുണ്ട്. കേണൽ അബ്ദുൾനാസറെ മാനിക്കുന്നുണ്ട്. അരാഫത്തിനെ അതുപോലെ മറ്റു പലരേയും ഞങ്ങൾ ബഹുമാനിക്കുന്നുണ്ട്. വാസ്തവത്തിൽ അറബിജനങ്ങളുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന അറബി ജനങ്ങളുടെയിടയിൽ ഉള്ള നല്ല വിചാരങ്ങളെ പ്രതിനിധീകരിക്കുന്ന ആളുകളുണ്ട്. സി.ഐ.എ. യുടെ ഏജൻറ് അറബി നാട്ടിൽനിന്ന് വന്നാൽ അവന് പല്ലക്കും കൊടുത്ത് തോളിലേറ്റിക്കൊണ്ടു നടക്കുകയാണ് ചെയ്യുന്നത്. അവർ അവിടെപോയി പ്രസംഗിച്ച കാര്യങ്ങളെക്കുറിച്ച് ഇവിടെ അവരെ കൊണ്ടുനടന്നവർ മറുപടി പറയണം. അവർ ലണ്ടനിൽ പോയി പ്രസംഗിച്ചിരിക്കുന്നു, കേരളത്തിലെ പള്ളികളെല്ലാം ഇടിച്ചു നിരത്തിയിരിക്കുന്നു, മുസ്ലീംങ്ങൾക്ക് ഇവിടെ രക്ഷയില്ല, ചോരപ്പുഴ, ഒഴുകുന്നു——ഇങ്ങനെയൊക്കെ. ഇവിടെ അവരെ കൊണ്ടു നടന്നവരാണോ ഈ വിവരങ്ങളെല്ലാം അവർക്കു കൊടുത്തത് അവർ ഇതിന് മറുപടി പറയണം.

ഇവിടെ അഗസ്ത്യകൂടത്തിൽ ഒരു സന്യാസിയുടെ അനുയായികളായി താവളമടിച്ചിരിക്കുന്ന സായ്പൻമാർക്ക്, തെക്കെ ഇൻഡ്യ മുഴുവൻ നിർബ്ബാധം കാണാൻ കഴിയുന്ന ആറായിരത്തിൽ ചിലവാനം അടി പൊക്കമുള്ള അഗസ്ത്യകൂടം മലയുടെ മുകളിൽ കയറി സ്വതന്ത്രമായി വിഹരിക്കുവാൻ ഈ ഗവൺമെൻറ് സൗകര്യം കൊടുത്തിരിക്കുകയാണ്. എന്നിട്ട് ഇവിടെ ദേശീയ ഭദ്രതയെക്കുറിച്ച് പ്രസംഗിക്കുകയാണ്. ദേശീയ ഭദ്രതയെ സംബന്ധിച്ച് യാതൊരു താല്പര്യവുമില്ലാത്ത ആളുകൾ ആരെങ്കിലും ഉണ്ടെങ്കിൽ അത് ഇവരാണ്. എന്നിട്ട് തത്വാധിഷ്ഠിതം എന്നൊക്കെ പറയും. ഒറ്റ തത്വമേയുള്ളൂ. ഇങ്ങനെ ചടഞ്ഞു കൂടിയിരിക്കുക. ഇരിക്കുന്ന കാലമെല്ലാം കഴിയുന്നിടത്തോളം അമുക്കുക. ചതിരൂർ മലയിൽ 200 ഏക്കർ സ്ഥലം ഭരണകക്ഷിയിലെ ആളുകൾ തന്നെ പതിച്ചെടുത്തു. അഴിമതി ദിവസവും വരുന്ന വാർത്തയാണ്. അത് ദേശാഭിമാനിയിലും ജനയുഗത്തിലും വരുന്ന വാർത്തയല്ല. മാതൃഭൂമിയിലും മനോരമയിലും വരുന്ന വാർത്തയാണ്.

പുതിയ നിയമനങ്ങൾ ദിവസവും നടക്കുന്നുണ്ട്. അരപ്പട്ടിണിക്കാരായ നാളേയോ മറ്റോ പ്രമേയം വരുന്നുണ്ട്. അതുകൊണ്ട് അതിലേക്ക് കടക്കുന്നില്ല. നാല്പതിനായിരം പേരുടെ നിയമനത്തിനായി ലിസ്റ്റ് തയ്യാറാക്കിയ അവർക്കു ജോലി നഷ്ടമായി. അതേ സമയം ആയിരക്കണക്കിന് വേറെ ആളുകളെ ഇഷ്ടം പോലെ എല്ലാ റൂളുകളും അവഗണിച്ചുകൊണ്ട് ജോലിക്ക് എടുക്കുന്നുണ്ട്. ഇതൊക്കെയാണ് ഇന്ന് നടക്കുന്നത്. ഈ കുഴപ്പത്തിൽ നിന്ന് പുറത്തുവരാൻ വേണ്ടി ''പ്രതിഛായ'' എന്നു പറഞ്ഞുകൊണ്ട് എട്ടു മാസം ആറു നോറിരുന്ന് ഇണ്ടാക്കിയതാണ് ഈ മാറ്റങ്ങൾ. പുള്ളിപ്പുലിയുടെ പുള്ളി

LIBRARY ARCHIVES Kerala Legislative Assembly

സോപ്പിട്ട് കഴുകിയാൽ പോകുമോ? പുള്ളിപ്പുലിയുടെ പുള്ളി പുള്ളി യായിത്തന്നെയിരിക്കും. ആളു മാറിയതുകൊണ്ടോ പൗഡറും സ്നോയും ഒക്കെ തേയ്ക്കുന്നതുകൊണ്ടോ പ്രതിച്ഛായ മാറുമോ? പ്രതി പ്രതിയായിത്തന്നെയിരിക്കും. 1959-ൽ ഇന്ദിരാഗാന്ധി നടത്തിയതുപോലെ ഒരു വിമോചന സമരം നടത്താൻ വേണ്ടി എല്ലാ പിന്തിരിപ്പൻമാരേയും എല്ലാ വർഗ്ഗീയ വാദികളെയും കൂട്ടുപിടിക്കു വാൻ ഞങ്ങളാരും തയ്യാറല്ല. ഞങ്ങളതിനു തയ്യാറാകാത്തതിൽ നിങ്ങൾ നിങ്ങൾ ആക്ഷേപിച്ചോളൂ. പക്ഷെ നിങ്ങളെ സംബന്ധിച്ചിടത്തോളം ദി ഡേ ഓഫ് റെക്കണിംഗ് (day of reckoning) എന്നു പറയുന്നത്; കണക്കുപറയലിന്റെ അടുത്തടുത്ത് വരികയാണ്. എത്ര നീണ്ടു പോയാലും കുറച്ചു ദിവസങ്ങളേ ഉള്ളൂ. ആ തീരുമാനത്തെ സംബന്ധിച്ചുള്ള വിധി ജനങ്ങൾ നടത്തും. ശകുനിയെപ്പോലെയുള്ള കഥാപാത്രങ്ങളെ നമുക്കറിയാം. ആ കഥാപാത്രങ്ങൾക്കു പോലും പറ്റാത്ത തരത്തിലുള്ള ഭയങ്കരമായ മറ്റൊരു കഥാപാത്രമാണ് എന്റെ ഓർമ്മയിൽ വരുന്നത്. ''ഡോക്ടർ ഫോസ്റ്റ്'' എന്നു പറയുന്ന ഗിഥേയുടെ വിശ്വോത്തര ഗ്രന്ഥത്തിലാണ്; ഒരു കഥാപാത്രമുള്ളത്. മെഫിസ്റ്റോഫെലിസ് (Mephistophilis) എന്നാണ് ആ കഥാപാത്രത്തിന്റെ പേര്. മെഫിസ്റ്റോഫെലിസിന്റെ പുനർജന്മമാണ് ഈ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നേതൃത്വം. അങ്ങനെ രാജ്യത്ത് ചെയ്യാൻ കഴിയുന്ന പരമദ്രോഹങ്ങളും എല്ലാം ചെയ്യത്തക്കവണ്ണം ഉള്ള പരിപാടിയായി ഏഴു കോടി തൊണ്ണൂറിനായിരം ലക്ഷം രൂപയ്ക്ക് അഭ്യർത്ഥനയുമായി വന്നിരിക്കുന്ന ഈ ''മെഫിസ്റ്റോഫെലിസ്''മാർക്ക് ഒരു പൈസയും കൊടുക്കുവാൻ പാടില്ല. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ: സർ, കേരളത്തിലെ പ്രഗൽഭനായ മുഖ്യമന്ത്രി ശ്രീ. കരുണാകരൻ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ സർവ്വാത്മനാ പിൻതാങ്ങുകയാണ്. കേരളത്തിൽ ക്രമസമാധാനം കിരാത ഭരണം അവസാനിപ്പിച്ചുകൊണ്ട് ജനാധിപത്യ വിശ്വാസികളും ഉറ്റുനോക്കുന്ന ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ അപ്പുറത്തിരിക്കുന്നവർ ഈ രാജ്യത്തിലെ ജനങ്ങളോട് പറഞ്ഞിരുന്നു, ഈ സർക്കാർ തമ്മിൽത്തല്ലി ഘടക കക്ഷികൾ തമ്മിൽ പിരിഞ്ഞുകൊണ്ട് ആറുമാസം പോലും തികയ്ക്കുകയില്ലായെന്ന്.

സർ, പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമെല്ലാം ഉണ്ടെങ്കിലും കേരളത്തിലെ ജനങ്ങൾക്ക് ജനക്ഷേമകരമായ പല പദ്ധതികളും സമസ്ത മേഖലയിൽ നടപ്പാക്കിക്കൊണ്ട് ശ്രീമാൻ കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് അതിന്റെ 5-ാം വയസ്സിലേയ്ക്ക് പ്രവേശിക്കുകയാണ്. ആദർശ തളർവാതവും അതുപോലെതന്നെ ചിന്താദരിദ്രീകരണവും സ്വഭാവമായിട്ടുള്ള പ്രതിപക്ഷം ഇന്ന് കുത്തഴിഞ്ഞുകൊണ്ട് ഈ ഭരണത്തേയും മന്ത്രിമാരേയും എതിർക്കുമെന്നുള്ളത് ഒരു യഥാർത്ഥ്യമാണ്. സർ, അവിടെ നിന്ന് പ്രസംഗിച്ച പലർക്കും തന്നെ ഈ ഭരണത്തിലെ പോരായ്മകളെക്കുറിച്ച് കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ പോലും ഒരു വാക്ക് സംസാരിക്കാൻ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞ് ഏതാനും ദിവസങ്ങൾ കഴിഞ്ഞതിനുശേഷമാണ് ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി അവതരിപ്പിച്ചിട്ടുള്ള ഈ ബഡ്ജറ്റ് കള്ള ബഡ്ജറ്റാണ് എന്ന പുതിയ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുപിടിത്തം അപ്പുറത്തുനിന്ന് തുടങ്ങിയിട്ടുള്ളത്. സർ, കേരളത്തിലെ ബഡ്ജറിനെക്കുറിച്ച് കേന്ദ്രമന്ത്രിയായ ശ്രീ. ജനാർദ്ദന പൂജാരി അത് കമ്മിയാണെന്നു പറഞ്ഞപ്പോഴാണ് പ്രതിപക്ഷം ആ വാർത്ത നമ്മുടെ നാട്ടിൽ പ്രചരിപ്പിച്ചത്. കഴിഞ്ഞ ബഡ്ജറ് സമ്മേളനത്തിൽ ഈ രാജ്യത്തിലെ ജനങ്ങളുടെ ഭാഗധേയം നിർണ്ണയിക്കുന്ന സമ്പദ്ഘടനയുടെ പ്രധാനമായ സമ്മേളനം നടന്നപ്പോഴാണ് കുവൈറ്റിൽനിന്ന് രണ്ട് ആളുകൾ വന്നുവെന്ന് പറഞ്ഞ് അവരുടെ ഇല്ലാത്ത പെട്ടിയിലെ വല്ലാത്ത കറുമ്പുച്ചയെ അന്വേഷിക്കുകയായിരുന്നു ഈ പ്രതിപക്ഷം. ധാർമ്മികമായ ചുമതല നിറവേറ്റുന്ന കാര്യത്തിൽ പ്രതിപക്ഷം നിശ്ശേഷം പരാജയപ്പെട്ടു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് ഈ നാട്ടിലെ ജനങ്ങൾ - അല്ലെങ്കിൽ ഈ സഭ ഈ പ്രതിപക്ഷത്തിന് എന്തെങ്കിലുമൊരു ശിക്ഷ കൊടുക്കേണ്ടത് അനിവാര്യമാണെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പഞ്ചാബിലെ കാര്യം നമുക്ക് അറിയാം. അവിടത്തെ മുഖ്യമന്ത്രി ശ്രീ. സുർജിത്സിംഗ് സ്വർണാലയ്ക്ക് സിക്ക് മതപുരോഹിതൻമാർ ചെരിപ്പുതുടയ്ക്കുന്ന ജോലി നൽകിയെങ്കിൽ ഇവിടത്തെ ജനങ്ങളോടുള്ള ഉത്തരവാദിത്വം നിറവേറ്റുന്ന കാര്യത്തിൽ പരാജയപ്പെട്ട പ്രതിപക്ഷ നേതാക്കൻമാർക്ക് ഈ സെക്രട്ടേറിയറ്റ് പടിക്കൽനിന്നു കൊണ്ട് ഇവിടെ കയറി വരുന്ന ജനങ്ങളുടെ ചെരിപ്പുതുടയ്ക്കാനെങ്കിലുമുള്ള ഒരു ശിക്ഷ കൊടുക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷ പാർട്ടികൾ അവരുടെ എല്ലാ ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞു മാറിക്കൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ രേണത്തെ തട്ടി മറിക്കാനോ ഈ രേണത്തെ തകർക്കുവാനോ അവരുടെ വൈകല്യം ഇന്ന് ആയുധമില്ല. ഇന്ന് കൊല്ലം സംഭവത്തെക്കുറിച്ച് ബഹുമാനപ്പെട്ട ശ്രീ. ബേബിജോൺ ഹൃദയസ്പൃക്കായ രീതിയിൽ പ്രസംഗിക്കുന്നതും വിവരിക്കുന്നതും ഞാൻ ശ്രദ്ധയോടെ കേട്ടു. ഞാൻ ചോദിക്കുകയാണ്, അദ്ദേഹം വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് ശ്രീ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത്, ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്ന കാലത്ത്, വെടിവെപ്പ് ഉണ്ടായിട്ടില്ലേ? എന്റെ നാട്ടിൽ മലപ്പുറത്ത് ശ്രീ. ബേബിജോൺ കൊണ്ടുവന്നിട്ടുള്ള കരിനിയമങ്ങൾക്ക് എതിരായി ജനാധിപത്യരീതിയിൽ അന്ന് മുസ്ലീം യൂത്ത് ലീഗ് സമരം നടത്തിയപ്പോൾ അവിടെ പാവപ്പെട്ട മൂന്ന് സഹോദരൻമാരെ നിങ്ങളുടെ അന്നത്തെ പോലീസ് വെടിവച്ചു വീഴ്ത്തിയപ്പോൾ അന്ന് നിങ്ങൾക്ക് ഈ ആദർശം ഇല്ലായിരുന്നോ? അന്ന് ഈ നിയമസഭയിലെ രണ്ട് എം.എൽ.എ. മാർ അവിടെ വന്ന് പോലീസിന്റെ അടിയേറ്റുകൊണ്ട് അവിടെ പരാതികൾ സമർപ്പിച്ചപ്പോൾ, അന്ന് ഒരു അടിയന്തിരപ്രമേയത്തിന്റെ നോട്ടീസ് നൽകണമെന്ന് — ഈ മുസ്ലീം യൂത്ത് ലീഗിലെ ചുറുചുറുക്കുള്ള എം.എൽ.എ. മാർ ഈ സഭയിൽ വന്നു ആവശ്യപ്പെട്ടപ്പോൾ നിങ്ങളുടെ ആദർശം എവിടെയായിരുന്നു? അന്ന് നിങ്ങൾ പറഞ്ഞു പോലീസ് ഇടപ്പെട്ടത് ശരിയാണെന്ന്. അങ്ങനെയുള്ള നിങ്ങൾക്ക് കൊല്ലത്തുനടന്ന സംഭവത്തെക്കുറിച്ച് പറയാൻ അവകാശമില്ലെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അന്ന് പോലീസ് അവിടെ നരനായാട്ടു നടത്തി. മലപ്പുറത്ത് വീടുകളിൽ കയറി അവിടത്തെ പാവപ്പെട്ട സഹോദരിമാരെ പോലീസ് ലാത്തി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാർജ്ജ് നടത്തിയപ്പോഴും നിങ്ങൾക്ക് സഹോദരിമാരോടുള്ള സ്നേഹം എവിടെയായിരുന്നു? ആ നിങ്ങളാണോ ഈ ഗവൺമെൻറിനെ വിമർശിക്കുന്നത്. ഏനിക്ക് ശ്രീ. ബേബിജോണിനോട് ബഹുമാനം ഉള്ളതുകൊണ്ട് ഒന്ന് മാത്രമേ പറയുവാൻ ആഗ്രഹിക്കുന്നുള്ളൂ. വാഴാം എടുത്തവൻ വാളാൽ.....ഉപ്പുതിന്നവൻ വെള്ളം കുടിക്കും എന്നുമാത്രമേ ഈ സന്ദർഭത്തിൽ പറയുവാൻ ആഗ്രഹിക്കുന്നുള്ളൂ. സർ, ശ്രീ. ജിനദേവൻ അവിടെ പ്രസംഗിച്ചപ്പോഴും എൻറെ പാർട്ടിയെ ഈ രാജ്യത്തെ മുഴുവൻ വെള്ളിക്കാശിന് ഒറ്റുകൊടുക്കുന്ന പട്ടികയിൽ അദ്ദേഹം ഉൾപ്പെടുത്തുകയുണ്ടായി. വളരെയധികം വേദനയുണ്ട് സർ, ഇൻഡ്യ സ്വതന്ത്രയായതിനു ശേഷം നമ്മുടെ രാജ്യം പല പ്രതിസന്ധികളേയും അഭിമുഖീകരിച്ചു. ഈ രാജ്യത്ത് വളരെയധികം രാജ്യദ്രോഹികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നമ്മുടെ രാജ്യത്തിൻറെ അഖണ്ഡതയും ദേശീയ സുരക്ഷിതത്വത്തിനും എതിരായി സൈന്യങ്ങളുടെ രഹസ്യവും മറ്റു കാര്യങ്ങളും നമ്മുടെ ശത്രു രാജ്യമായ അമേരിക്കയ്ക്കുവേണ്ടിയും ചൈനയ്ക്കുവേണ്ടിയും പാക്കിസ്ഥാന് വേണ്ടിയും തായ്ലൻറിനുവേണ്ടിയും ഒറ്റുകൊടുത്തു. ഈ രാജ്യത്തിൽ ചാരപ്പണി നടത്തിയതിനും രാജ്യദ്രോഹപരമായ കുറ്റങ്ങൾക്കുവേണ്ടിയും അപ്പുറത്തിരിക്കുന്ന എല്ലാ പാർട്ടിയിലേയും അംഗങ്ങളെ വിവിധ ഘട്ടങ്ങളിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. സർ, കഴിഞ്ഞ കാലഘട്ടങ്ങളിൽ നമുക്ക് അറിയാം, കേന്ദ്രമന്ത്രിസഭയിൽനിന്ന് രണ്ട് മന്ത്രിമാർ രാജിവയ്ക്കുകയോ പുറത്താക്കുകയോ എന്തോ സംഭവിച്ചു. പക്ഷേ ചാരപ്പണിയുമായി ബന്ധപ്പെട്ടുകൊണ്ട് സി.ബി.ഐക്ക് ചാർജ്ജ് ചെയ്ത കേസിൽ അവരുടെ പേരുകൾ ഉൾപ്പെടുത്തിയിരുന്നു. ശ്രീ. മാക്മില്ലനും ശ്രീ. പി.സി. ജോഷിയും നടത്തിയിട്ടുള്ള കത്തിടപാടുകൾ കുപ്രസിദ്ധമാണ് സർ. പശ്ചിമ ബംഗാളിലേയും ആന്ധ്രയിലേയും ധാരാളം കമ്മ്യൂണിസ്റ്റുകാരെ രാജ്യദ്രോഹ കുറ്റങ്ങൾക്കുവേണ്ടി പല ഘട്ടങ്ങളിൽ അറസ്റ്റ് ചെയ്തിട്ടുണ്ട്. അപ്പുറത്തിരിക്കുന്ന വിവിധ പാർട്ടിയിലെ ആളുകളെ അറസ്റ്റ് ചെയ്തിട്ടുണ്ട്; ബി.ജെ.പി ക്കാരനെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ രാജ്യത്തിലെ എല്ലാ രാഷ്ട്രീയ പ്രവർത്തകരേയും വിവിധ കാലഘട്ടങ്ങളിൽ രാജ്യദ്രോഹപരമായ കുറ്റങ്ങൾക്കുവേണ്ടി അറസ്റ്റ് ചെയ്തിട്ടുണ്ട്. ഞാൻ ഈ സഭയിൽ നിന്നുകൊണ്ട് ഇൻഡ്യ എന്ന ഈ രാഷ്ട്രത്തിൽ ഏതെങ്കിലുമൊരു സംസ്ഥാനത്ത്, ഏതെങ്കിലുമൊരു ജില്ലയിൽ, ഏതെങ്കിലുമൊരു പഞ്ചായത്തിൽ എതെങ്കിലുമൊരു വാർഡിൽ നിന്ന് ഒരൊറ്റ മുസ്ലീം ലീഗുകാരനേയും അറസ്റ്റ് ചെയ്തിട്ടില്ലെന്ന് അഭിമാനത്തോടുകൂടി പറയുകയാണ്. ഞങ്ങൾ ആണോ സർ, രാജ്യദ്രോഹികൾ, ഞങ്ങൾ ആണോ ചാരൻമാർ, അതോ, ഇവരാണോ ചാരൻമാർ എന്ന് ചരിത്രം വിധിയെഴുതും എന്നു മാത്രമേ ഈ സന്ദർഭത്തിൽ എനിക്ക് പറയുവാനുള്ളൂ. ഗവൺമെൻറുകളുടെ പ്രശ്നവുമായി ബന്ധപ്പെട്ട് ഇന്നും ഈ സഭയിൽ പലരും പ്രസംഗിക്കുന്നതുകേട്ടു. ഈ കുവൈറ്റികളുടെ വരവ് നിരോധിച്ചതും അവരെ നിയന്ത്രിച്ചതും പരിശോധന നടത്തിയതും ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിൻറെ ഉത്തരവാദിത്വത്തിലാണോ? ശ്രീ. ഷൺമുഖദാസ് പറയണം. അത് പരിശോധിക്കുവാൻ ഇവിടെ മാദ്ധ്യമങ്ങൾ ഉണ്ടോ? അതിന് അവിടെ ഉദ്യോഗസ്ഥൻമാരുണ്ടോ? അങ്ങ് വളരെയധികം വികാരനായി കണ്ടു

LIBRARY ARCHIVES Kerala Legislative Assembly

കണ്ടു. എന്റെ ജീവിതത്തിൽ ഏറ്റവും വികാരാധീനനായി ശ്രീ. ഷൺമുഖദാസ് പ്രസംഗിച്ചത് ഇന്നാണ്. ഞാൻ കണ്ടത്. രാഷ്ട്രപിതാവിന്റെ വിരിമാറിലേക്ക് നിറതോക്കൊഴിച്ചപ്പോഴും അങ്ങേയ്ക്ക് വികാരം ഉണ്ടായില്ല. ഈ രാജ്യത്തിലെ പ്രിയങ്കരിയായ നമ്മുടെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ വിരിമാറിൽ ഒവടിയുണ്ട ഉതിർത്തപ്പോഴും അങ്ങേയ്ക്ക് വികാരമുണ്ടായില്ല. അങ്ങേയ്ക്ക് വികാരമുണ്ടായത് കുവൈറ്റികം. ഈ രാജ്യത്ത് വന്നപ്പോഴാണ്. എന്റെ ജീവിതത്തിലെ ഏറ്റവും വലിയ വികാരമുള്ള ദിവസം എന്നാണ് ഷൺമുഖദാസ് പറഞ്ഞത്. എന്താണ് സർ, ഈ കുവൈറ്റി പ്രശ്നം? പലതവണ ഇവിടെ നമ്മുടെ സഹ പ്രവർത്തകർ വിവരിച്ചതാണ്. ഞങ്ങൾക്ക് അതിൽ സത്യസന്ധമായ സമീപനമാണുള്ളതെന്നു പറഞ്ഞപ്പോൾ അതൊരു ദൗർബല്യമായി, അതൊരു ഭീരുത്വമായി ആരെങ്കിലും കാണുന്നുണ്ടെങ്കിൽ അവരോട് ഞങ്ങൾക്ക് ഒന്നേ പറയുവാനുള്ളു. അറബികളായാലും, അല്ലാത്തവരായാലും ശരി, ബ്രിട്ടീഷുകാരനായാലും, ഫ്രഞ്ചുകാരനായാലും ശരി ഈ രാജ്യത്ത് വരുന്നതും, പോകുന്നതും, നിയന്ത്രിക്കുന്നതും, കേന്ദ്രഗവൺമെന്റാണ്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗോ അല്ലെങ്കിൽ അവരുടെ കീഴ്ഘടകങ്ങളായ എം.എസ്.എഫ്. ഓ ഒന്നുമല്ല കേരളത്തിലേയും, ഇൻഡ്യയിലേയും, വിമാനത്താവളങ്ങളെ നിയന്ത്രിക്കുന്നത് എന്ന് നിങ്ങൾ മനസ്സിലാക്കണം. അറബികളായാലും, അല്ലാത്തവർ ആയാലും, ശരി അത് കുവൈറ്റിൽ നിന്നായാലും, ചൈനയിൽനിന്നായാലും, ശരി വിവിധ രാഷ്ട്രങ്ങളിൽ ഞങ്ങളുടെ മതസ്ഥാപനങ്ങളിലേക്ക് ക്ഷണിക്കപ്പെട്ടാൽ, ആരെങ്കിലും ഇനിയും ഇവിടെ വരികയാണെങ്കിൽ, കസ്റ്റംസ് ക്ലീയറൻസും, മറ്റും കഴിഞ്ഞ് വിമാനത്താവളത്തിനു പുറത്തുവരികയാണെങ്കിൽ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിലെ എം.എൽ.എ. മാർ ഇനിയും അവരെ പൂമാലയിട്ട് സ്വീകരിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവർ അനധികൃതരാണോ, പ്രയർ കാറഗറി ലിസ്റ്റിൽ പെട്ടവരാണോ, എന്നു പരിശോധിക്കേണ്ട ബാദ്ധ്യത ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗിനില്ല; തരിക്കുന്ന രേണുകുടത്തിനായിരിക്കുമെന്ന് ഒരിക്കൽകൂടി വ്യക്തമാക്കുന്നു. അത് മുസ്ലീം ലീഗിന്റെ തലയിൽകെട്ടിവച്ച് മുസ്ലീം ലീഗ് ഒരു രാജ്യദ്രോഹ കക്ഷിയാണെന്ന് പറഞ്ഞുകൊണ്ട് ഇൻഡ്യാ രാജ്യത്ത് മുസ്ലീം ലീഗിനെ നശിപ്പിക്കുവാൻ നിങ്ങൾ മിനക്കെടരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

സർ, ജനക്ഷേമകരമായ നടപടികളുമായി നമ്മുടെ സർക്കാർ മുന്നോട്ടു പോകുകയാണ്. പ്രീഡിഗ്രി ബോർഡിനെക്കുറിച്ച് നമ്മുടെ രാജ്യത്ത് ഇന്ന് കലുഷിതമായ ഒരു അന്തരീക്ഷ മുടരുക
12 noon] യാണ്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു ദേശീയ വിദ്യാഭ്യാസ നയം നമുക്ക് അനിവാര്യമാണ്. ഈ ദേശീയ വിദ്യാഭ്യാസ നയം കേരള സംസ്ഥാനത്തിലും, കർണ്ണാടകത്തിലും, പശ്ചിമ ബംഗാളിലും, അതുപോലെ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യയിലെ വിദ്യാഭ്യാസ വിജക്ഷണൻമാരും, അതുപോലെതന്നെ വിദഗ്ദ്ധൻമാരും ഒത്തുചേർന്നുകൊണ്ട് രൂപംകൊടുത്തിട്ടുള്ള പ്രീഡിഗ്രി ബോർഡിനെ അപ്പുറത്തിരിക്കുന്നവർ ട്രേഡ് യൂണിയൻ മനോഭാവത്തോടുകൂടി മാത്രമാണ് സർ കൈകാര്യം ചെയ്യുന്നത്

LIBRARY ARCHIVES Kerala Legislative Assembly

എന്ന് ഞാൻ വളരെ വേദനയോടുകൂടി പറയുകയാണ്. രാഷ്ട്രീയംവച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തെ മലിനപ്പെടുത്തരുത്. വളരുന്ന തലമുറയെ, ഈ രാജ്യത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിക്കേണ്ട ആ പിഞ്ചോമനകളെ അല്ലെങ്കിൽ ആ വിദ്യാർത്ഥി സമൂഹത്തെ രാഷ്ട്രീയത്തിനുവേണ്ടി ബലിയാടാക്കി പന്താടുന്നത് ശരിയല്ലായെന്ന് ഞാൻ പറയുകയാണ്. പ്രീഡിഗ്രി ബോർഡ് നടപ്പാക്കുമ്പോൾ ന്യൂനതകളും പോരായ്മകളും ഉണ്ടെങ്കിൽ അത് സഭയിൽ ചർച്ച നടത്തിക്കൊണ്ട് വേണ്ട പരിഹാര മാർഗ്ഗങ്ങൾ കണ്ടുകൊണ്ട് പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നും ഇന്ന് വിദ്യാഭ്യാസ രംഗത്തുള്ള ഈ കലുഷിതമായ അന്തരീക്ഷത്തിൽ അവസാനം കുറിയ്ക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ എന്റെ പ്രസംഗം നീട്ടുന്നില്ല. പ്രഗൽഭനായ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭ അതിന്റെ കാലാവധി മുഴുവൻ ഇവിടെ തികയ്ക്കും, ജനക്ഷേമകരമായ പ്രവർത്തനങ്ങൾ ഈ രാജ്യത്തിന് സംഭാവന നൽകും. കാർഷിക രംഗത്തായാലും വിദ്യാഭ്യാസ രംഗത്തായാലും വ്യവസായ രംഗത്തായാലും എല്ലാ മേഖലയിലും നേട്ടങ്ങൾ ഞങ്ങൾ കൈവരിച്ചിട്ടുണ്ട്. പണിയോരോ പറഞ്ഞതുപോലെ നാവടക്കൂ, പണിയെടുക്കൂ എന്ന ആ മുദ്രാവാക്യത്തിലാണ് ഈ സർക്കാർ വിശ്വസിക്കുന്നത്. ചെയ്യുന്ന കാര്യങ്ങൾക്ക് പബ്ലിസിറ്റി കൊടുക്കാതെ ചെയ്യുന്ന കാര്യങ്ങൾ ജനങ്ങളിലേക്ക് പകർന്നു കൊടുക്കുന്ന കാര്യത്തിൽ മാത്രമാണ് ഈ സർക്കാർ എപ്പെട്ടിട്ടുള്ളത്. ഈ രാജ്യത്തിന്റെ സമസ്ത മണ്ഡലങ്ങളിലും, ദരിദ്രനാരായണൻമാരായ ദുർബലവിഭാഗങ്ങൾക്ക് ആശ്വാസവും പ്രതീക്ഷയും പ്രത്യാശയും നൽകുന്ന ഒരു സർക്കാരാണ് ഇവിടെ തികയുന്നത്. അത് കാലാവധി തീർത്തും തികയ്ക്കുമെന്നും അതിനെ ഇവിടെനിന്ന് ഇറക്കിവിടാൻ പ്രതിപക്ഷത്തിന് കഴിയുകയില്ലായെന്നും മുഖ്യമന്ത്രി ധീരമായി മുന്നോട്ടു പോകണമെന്നും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എ.സി. ഷൺമുഖദാസ്: മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച, സംസ്ഥാന രേണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്നിവർക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനയെ എതിർക്കാതിരിക്കാൻ ഒക്കുകയില്ല. സർ, കേരള നിയമസഭ സത്യത്തിൽ ഇപ്പോൾ ജുഗുപ്സാവഹമായ ഒരു ചർച്ച നടത്തുകയാണ്. ഇവിടെ അവതരിപ്പിക്കുന്ന ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം ഒരു പവിത്രതയുള്ള രേഖയായിട്ടാണ് നാമൊക്കെ കാണുന്നത്. എന്നാൽ കേന്ദ്ര ധനകാര്യ സഹമന്ത്രി ശ്രീ. ജനാർദ്ദന പൂജാരി പാർലമെന്റിൽ പ്രതികരിച്ചതും, കേരളത്തിലെ പ്ലാനിംഗ് ബോർഡ് മെമ്പർ സി. ഗോപാലകൃഷ്ണന്റെ അഭിപ്രായവും, മിച്ചവുമാകാം കമ്മിയുമാകാം എന്ന മുഖ്യമന്ത്രിയുടെ അഭിപ്രായ പ്രകടനവും യഥാർത്ഥത്തിൽ നാം ഇപ്പോൾ ചർച്ച ചെയ്യുന്ന ബഡ്ജറ്റിനെ സംബന്ധിച്ചിടത്തോളം അതിന്റെ പവിത്രത തന്നെ നഷ്ടപ്പെട്ട രീതിയിൽ തകർക്കപ്പെട്ട രീതിയിൽ ഈ നിയമസഭയുടെ ചരിത്രത്തിൽ ഇത്രയേറെ ഭാരുണമായ മറ്റൊരു ചർച്ച ഇതിനകം നടന്നിട്ടുണ്ടാവില്ല. ഇവിടെ മുഖ്യമന്ത്രി ഇന്ന് ധനാഭ്യർത്ഥന—2 മുഖേന സംസ്ഥാന രേണത്തലവർമാരുടെയും മന്ത്രിമാരുടെയും ആസ്ഥാന ഉദ്യോഗസ്ഥൻമാരുടേയും ചെലവിലേക്കാണ് നമ്മളോട് സംഖ്യ

LIBRARY ARCHIVES Kerala Legislative Assembly

ചോദിച്ചിരിക്കുന്നത്. സർ, ഈ ഗവൺമെന്റിന്റെ പ്രവർത്തനം പരിശോധിച്ചാൽ ഈ സംഖ്യ ചോദിച്ചുകൊണ്ട് ഈ നിയമസഭയുടെ മുമ്പാകെ വരാൻ ശ്രീ. കരുണാകരനല്ലാതെ മറെറാരു കേരളീയനും ധൈര്യം കാട്ടില്ല. സംസ്ഥാന മുഖ്യമന്ത്രിയുടെ ജോലി അദ്ദേഹം നിർവ്വഹിച്ചിട്ടുണ്ടോ? സംസ്ഥാന ഗവൺമെന്റിൽ ഭരണഘടനാപര മായി നിക്ഷിപ്തമായ ജോലികളം നിർവ്വഹിക്കപ്പെടുന്നുണ്ടോ? മുഖ്യമന്ത്രി വകുപ്പുകളെ കോ—ഓർഡിനേറ്റ് ചെയ്യുന്ന, മന്ത്രിമാരെ കോ—ഓർഡിനേറ്റ് ചെയ്യുന്ന. കോ—ഓർഡിനേറ്ററുടെ ജോലിയാണ് നിർവ്വഹിക്കുന്നത്. നമ്മുടെ ഭരണഘടനക്ക് രൂപം കൊടുക്കു മ്പോളം ഇതുപോലുള്ള ഐക്യ മുന്നണിയെ സംബന്ധിച്ചിട ത്തോളം ഭരണഘടനാ നിർവ്വഹണസമിതിയിലെ അംഗങ്ങളം ഒരുപക്ഷേ സങ്കൽപ്പത്തിൽ കാണാത്തതുകൊണ്ട് ഏകകക്ഷി ഭരണത്തിന്റെ ഒരു രീതിമാത്രം അവർ സ്വീകരിച്ചതുകൊണ്ട് മുഖ്യമന്ത്രിയെ സംബ ന്ധിച്ചിടത്തോളം— മന്ത്രിമാരുടെ വകുപ്പുകളം അങ്ങോട്ടുമിങ്ങോട്ടും മാറാനും കൊടുക്കാനും അതുപോലുള്ള അധികാരങ്ങളം നിജപ്പെടു ത്തിയിട്ടുണ്ട്. എങ്കിലും ഐക്യജനാധിപത്യമുന്നണി എന്ന പുതിയ സമീപനത്തിൽ ഒരു മുഖ്യമന്ത്രി പാലിക്കേണ്ടുന്ന മര്യാദ ഭരണ ഘടനാപരമായ കാര്യങ്ങളം ത്വരിതപ്പെടുത്താൻ അദ്ദേഹം ശ്രമിച്ചി ട്ടുണ്ട്. ഇപ്പോളം ഈ മന്ത്രിസഭയിലെ മന്ത്രിമാരുടെ എണ്ണം കുറഞ്ഞിരിക്കുന്നു. സാധാരണ പറയാറുണ്ട്, പൂച്ച, പ്രസവ ത്തിന്റെ ആരോഗ്യത്തിനുവേണ്ടി കുഞ്ഞുങ്ങളെ തിന്നാറുണ്ടെന്ന്, രണ്ടു പാർട്ടിയിലെ മന്ത്രിമാരെ ഇവിടെ കാണാനില്ല. അതിന്റെ ഫലമോ, ശ്രീ. യു.എ.ബീരാന് പ്രമോഷൻ കിട്ടി. അദ്ദേഹത്തെ മുമ്പത്തെ സീറ്റിലിരുത്തിയിരിക്കുകയാണ്. എസ്. ആർ. പി. മന്ത്രിയും എൻ. ഡി. പി. മന്ത്രിയും ഈ സഭയിൽ ഇല്ല. കോഴിക്കോട് അങ്ങാടിയിൽ ഒരു കച്ചവടമുണ്ട്, അവിടെ വായ് കൊണ്ടു കച്ചവടം പറയും. പക്ഷേ മനുള്ള ആളുകളം അറിയാതി രിക്കാൻ മുണ്ടിട്ടു കൈപിടിച്ച് സംഖ്യയെ സംബന്ധിച്ചിട ത്തോളം മുണ്ടിന്റെ മറവിനുള്ളിൽ കൂടി സമ്മതിച്ച് കച്ചവടം നടത്തും. ആ കോഴിക്കോട് അങ്ങാടി കച്ചവടംപോലെയാണ് ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രി പെരുമാറുന്നത്. ഘടകകക്ഷി കളോട് ഒന്നു സംസാരിക്കും, ഘടകകക്ഷിയിലെ ഇഷ്ടതോഴൻ മാരായ ചിലരോട് മുണ്ടിട്ട് മറെറാന്നു സംസാരിക്കും. അങ്ങനെ കളിച്ചു കളിച്ച് കളിച്ച് നമ്മുടെ സ്റേറററിനും ജനങ്ങൾക്കും എന്തുനേട്ടമുണ്ടായി? സർ, നമുക്കറിയാം ഈ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം സ്പോടകാത്മകമായ അന്തരീക്ഷത്തിലേക്ക് ഗുരുതരമായ തൊഴിലില്ലായ്മ വളരുന്നു. പിടിച്ചുനിൽക്കാൻ നമുക്ക് കഴിയുന്നില്ല. നിങ്ങളം എന്തെല്ലാം പ്രശ്നങ്ങളം പരിഹരിച്ചാലും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തിന്റെ ഭാവി വളരെ അപകടമാണ്. ഇവിടെ നിയമസഭയിൽ വിതരണം ചെയ്ത 1985—ലെ എക്കണോമിക് റിവ്യൂവിൽ പറയുന്നു, സംസ്ഥാനത്തിലെ കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്കിനെ സംബന്ധിച്ചിടത്തോളം 1.93 ശതമാനം ഉണ്ടായിരുന്നത് 1.84 ശതമാനമായി ചുരുങ്ങി എന്ന്. അതേസമയംതന്നെ കേന്ദ്രത്തിലെ മൊത്തം ഇൻവെസ്റ്റ് മെൻറ് 15.69 ആയിരുന്നത് പിന്നീട് വർദ്ധിക്കുകയും ചെയ്തു. സർ, ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രി ഇന്ദിരാ

LIBRARY ARCHIVES Kerala Legislative Assembly

കോൺഗ്രസ്സിലെ പാർലമെന്ററി ബോർഡ് മെമ്പറാണെന്നു പറയുന്നു. ഒരു മുഖ്യമന്ത്രി എന്ന നിലയിൽ കഴിഞ്ഞ 4 വർഷത്തിനുള്ളിൽ ഈ സംസ്ഥാനത്തിനുവേണ്ടി പ്രത്യേകമായി എന്തുനേടിയെന്ന് അദ്ദേഹത്തിന് പറയാൻ കഴിയുമോ? സെൻട്രൽ ഇൻവെസ്റ്റുമെന്റിലെ 10 ശതമാനം, പ്രത്യേകിച്ച് വ്യവസായത്തിലെ ഇൻവെസ്റ്റ്മെന്റിന്റെ പങ്ക് നമുക്ക് കിട്ടേണ്ടതാണ്. അത് ചുരുങ്ങി വന്നിരിക്കുന്നു. ഈ ഗവണ്മെന്റ് നാലാം വാർഷികം ആഘോഷിക്കുന്നത് ഈ സംസ്ഥാനത്തിന്റെ വിഹിതം ചുരുക്കിക്കൊണ്ടാണ്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള റെയിൽവേ കോച്ച് ഫാക്ടറിക്ക് മുതൽ മുടക്കാൻ പോകുന്ന നൂറിനാൽപ്പത് കോടി രൂപയും കേരളത്തിനുവേണ്ടി നീക്കിവച്ച അഞ്ച് അഞ്ചരക്കോടി രൂപയും ഇവിടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിനുപോലും തികയാത്ത രീതിയിലുള്ള കാര്യങ്ങളൊന്നും ഞാൻ വിശദീകരിക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന ശേഷം മുഖ്യമന്ത്രി പറയണം, മുഖ്യമന്ത്രിയുടെ ഓഫീസ് ഉപയോഗിച്ചുകൊണ്ട്, മുഖ്യമന്ത്രി എന്ന അധികാരം ഉപയോഗിച്ചുകൊണ്ട് ഈ സംസ്ഥാനത്തിന് എന്തു നേട്ടമാണ് നിങ്ങളുടെ ഗവൺമെന്റ് ഉണ്ടാക്കിയതെന്ന്. എന്റെ സുഹൃത്ത് ശ്രീമാൻ എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ സംസാരിച്ചപ്പോൾ പറഞ്ഞു ഇവിടെ അനഭിമതരായ ആളുകൾ വരുന്നു, പോകുന്നു. ഇതൊന്നും ഞങ്ങൾക്ക് അറിയില്ലായെന്ന്. മുഖ്യമന്ത്രിയുടെ ഓഫീസിൽ ചെല്ലുന്ന രേഖകൾ രാഷ്ട്രീയ ആവശ്യത്തിനുവേണ്ടി ചോർത്തിക്കൊടുക്കുന്ന ചാരൻമാരുടെ ഓഫീസായി മാറിയതുകൊണ്ടല്ലേ ഈ ചർച്ച ഇവിടെ വന്നത്. ഈ രണ്ടു പേർ കേരളത്തിൽ പ്രവേശിക്കാൻ പാടില്ലെന്ന് തീരുമാനിച്ചത് പ്രതിപക്ഷമല്ല കേന്ദ്ര ഗവൺമെന്റാണ്. വാണിംഗ് നോട്ടീസ് അയച്ച് ആ നോട്ടീസ് മുഖേനയാണ് സംസ്ഥാന ഗവൺമെന്റിനെ അറിയിച്ചത്. ഈ രേഖ എങ്ങനെ പുറത്തുപോയി? നട്ടെല്ലുണ്ടെങ്കിൽ ലീഗുകാർ ചോദിക്കണം. മുഖ്യമന്ത്രിയുടെ ഓഫീസിൽ പരമരഹസ്യമായി സൂക്ഷിക്കേണ്ടുന്ന ഈ രേഖ എങ്ങനെ പുറത്തു പോയി? കുറ്റം ഞാൻ ആരോപിക്കുന്നു. ബി.ജെ.പി. യുടെ പത്രമായ ജൻമഭൂമിയാണ് ആദ്യമായി ഈ അനഭിമതരായ 2 കുവൈറ്റികൾ കേരളം സന്ദർശിച്ച രേഖ പ്രസിദ്ധപ്പെടുത്തിയത്. പിറേറദിവസം, ഇൻഡ്യൻ എക്സ്പ്രസ്, മാതൃഭൂമി തുടങ്ങിയ പത്രങ്ങളിലും ഈ വാർത്ത വന്നു. ലീഗുകാർ ഇവിടെ പറയുന്നതു കേട്ടു, ചാരൻമാരാണോ എന്നൊന്നും ഞങ്ങൾക്ക് നോക്കേണ്ട കാര്യമില്ല. ഞങ്ങൾ പൂമാലയിട്ട് സ്വീകരിക്കും എന്ന്. ശ്രീ. കരുണാകരൻ ഒന്നു മനസ്സിലാക്കണം. ഈ ലീഗ് മന്ത്രിമാർ ഏതെങ്കിലും വ്യക്തികളെ വിശിഷ്ടാതിഥികളായി പ്രഖ്യാപിക്കാനുള്ള കത്തു തരുമ്പോൾ ആ കത്തിന്റെ പിന്നിൽ ഇവർ എടുക്കുന്ന സമീപനം അതായിരിക്കണമെന്ന ഉത്തമ ബോദ്ധ്യത്തോടുകൂടി വേണം ജി.എ.ഡി. വകുപ്പു ഭരിക്കുന്ന അങ്ങ് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ. അങ്ങനെയാണ് തീരുമാനമെങ്കിൽ ശ്രീ. അഹമ്മദ് ഈ കത്ത് ശുപാർശ ചെയ്തപ്പോൾ മുഖ്യമന്ത്രിയുടെ ഓഫീസ് രാഷ്ട്രീയ പ്രേരിതവും സ്വാധീനവും വിട്ട് ഈ രാജ്യത്തോട് കാണിക്കേണ്ട കൂറ് ഉപയോഗിച്ചുകൊണ്ട് നിഷ്പക്ഷമായി തീരുമാനിച്ചെങ്കിൽ ഈ കത്ത് ശുപാർശ ചെയ്തിട്ടുള്ള വ്യക്തികളെക്കൂടി പരിശോധിച്ചുകൊണ്ട് ഇവരെ ഇവിടെ ഇറങ്ങാത്ത സാഹചര്യം ഉണ്ടാക്കാമായിരുന്നു. അതുകൊണ്ടാണ് ഈ

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ 19-ാം തീയതി പിക്കറ്റിംഗിലും കളക്ടറേറ്റ് സമരത്തിലും മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടത്. ആഭ്യന്തരമന്ത്രി നേരത്തേ രാജിവച്ചുപോയി. മറ്റു മന്ത്രിമാരെ സംബന്ധിച്ചിടത്തോളം ഞങ്ങളും വ്യക്തമായ തീരുമാനം എടുക്കുമ്പോഴും കേരളത്തിലെ രാജ്യരക്ഷപോലുള്ള കാര്യങ്ങളും കച്ചവടം ചെയ്തുകൊണ്ട് രാഷ്ട്രീയം കളിക്കുന്നു വെന്നാണ് പറഞ്ഞത്. ഇവിടെ ഏഴെട്ടു മാസക്കാലം പ്രതിഛായ ചർച്ച ആയിരുന്നു. ഒരു സംസ്ഥാനത്തിലെ മുഖ്യമന്ത്രിയും ഇത് പോലെ സ്വയം വിളിച്ചു പറഞ്ഞിട്ടില്ല എന്റെ ഗവൺമെന്റ് നാറിയിരിക്കുന്നുവെന്ന്, എന്റെ ഗവൺമെന്റിന്റെ പ്രതിഛായ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന്, എന്റെ ഗവൺമെന്റ് ജനങ്ങളിൽനിന്നും ഒറ്റപ്പെട്ടിരിക്കുന്നുവെന്ന്. അങ്ങനെ തോന്നിയാൽ ആണുങ്ങളെപ്പോലെ രാജിവച്ചുപോയ മുഖ്യമന്ത്രിയും ഇന്ത്യയുടെ ചരിത്രത്തിലുണ്ട്. ശ്രീ. കരുണാകരനെക്കുറിച്ച് എനിക്ക് അറിയാം എന്നുള്ളതുകൊണ്ട് തീർച്ചയായും അങ്ങനെ ആവശ്യപ്പെടാൻ ഞാൻ തയ്യാറാവുന്നില്ല, ആവശ്യപ്പെടുന്നുമില്ല. 19 മന്ത്രിമാരിൽ ഇപ്പോഴും എത്ര മന്ത്രിമാർ ആണുള്ളത്. ആരാണ് ഉത്തരവാദി, മുഖ്യമന്ത്രി അല്ലേ? ഈ മുഖ്യമന്ത്രിയുടെ ചരിത്രം പരിശോധിച്ചാൽ മുഖ്യമന്ത്രിയെക്കുറിച്ച് കോടതിയിൽ പരാതി വന്നു. അനാവശ്യമായി സൗകര്യങ്ങളും ഉപയോഗിച്ചുകൊണ്ട് അധികാരം ദുർവിനിയോഗം ചെയ്തു. കുടുംബത്തിനുവേണ്ടി പണം സമ്പാദിച്ചു പ്രഖ്യാപിത നയങ്ങളിൽനിന്നും അകന്നുപോയി. ഇത്തരത്തിലുള്ള ആരോപണങ്ങളും ഈ സംസ്ഥാനത്തിലെ മുഖ്യമന്ത്രിമാരിൽ ശ്രീ. കെ. കരുണാകരനെതിരായിട്ടല്ലാതെ മറ്റ് ആർക്കെങ്കിലും എതിരായിട്ട് ഉണ്ടായിട്ടുണ്ടോ സർ. പക്ഷേ അതിനു കരുണാകരനെ കുറ്റപ്പെടുത്തിയിട്ട് കാര്യമൊന്നുമില്ല. കാരണം കരുണാകരൻ ലീഡറായി പ്രവർത്തിക്കുന്ന പാർട്ടിയാണ് അദ്ദേഹത്തിന്റേത്. കരുണാകരന്റെ പാർട്ടിയിലെ ആളുകളും എല്ലാം അദ്ദേഹത്തെ ലീഡറെന്നാണ് വിളിക്കാറുള്ളത്. പരസ്യമായി ലീഡറും രഹസ്യമായി ഡീലറും ആണ്. കരുണാകരന്റെ പാർട്ടിയിലെ ഏതു ആളുകളോടും പരസ്യമായി ചോദിച്ചാൽ പറയും ലീഡറാണെന്ന് രഹസ്യമായിട്ട് പറയും അദ്ദേഹം ഡീലറാണെന്ന്. എല്ലാവിധ ആളുകളേയും നന്നായി കൈകാര്യം ചെയ്യുന്ന ഡീലറാണ്. ഡീലർ എന്നുള്ള രീതിയിലാണ് കരുണാകരന്റെ പാർട്ടിയിലുള്ള ആളുകളും പോലും സംസ്കരിക്കാറുള്ളത്. ഞാൻ വ്യക്തിപരമായി ആരേയും പറയുന്നതല്ല. ഡീൽ ചെയ്യാൻ ശ്രീ. കരുണാകരന് നല്ലവണ്ണമറിയാം. അഹമ്മദിനെ പിടിച്ചാൽ ലീഗുകാരെ കൈകാര്യം ചെയ്യാം. കേരളാ കോൺഗ്രസ്സിനെ കൈകാര്യം ചെയ്യാനറിയാം, ജേക്കബ്ബിനു ചിലതൊക്കെ വിട്ടുകൊടുത്താൽ മതി. ഇന്ദിരാകോൺഗ്രസ്സിലെ ആൻറണി വിഭാഗത്തെ കൈകാര്യം ചെയ്യാനറിയാം, ചുടിയെ പിടിച്ചാൽ മതി. ശ്രീ. ഹസ്സനേയും, വയലാർ രവിയേയും, ഉമ്മൻ ചാണ്ടിയേയും അങ്ങനെ കൈകാര്യം ചെയ്ത്, കൈകാര്യം ചെയ്ത് ഒരു പക്ഷേ തന്റെ അധികാരവും മന്ത്രിക്കസേരയും തുടരാൻ ശ്രീ. കരുണാകരന് നാലു വർഷക്കാലം സാധിച്ചിട്ടുണ്ടാവാം. ഈ നാലുകൊല്ലം ഭരിച്ചതിന്റെ ഫലമായി, ഈ സംസ്ഥാനത്തിന് എന്തുനേട്ടമുണ്ടാക്കിയെന്ന് പറയാൻ കഴിയണം. മന്ത്രിമാരെ രണ്ടുപേരെ മാറ്റിയ മുഖ്യമന്ത്രി ഇനിയെങ്കിലും പറയണം.

LIBRARY ARCHIVES Kerala Legislative Assembly

മാണിയിൽനിന്ന് ധനകാര്യവകുപ്പ് ഏറെടുത്തത് എന്തിനാണെന്ന്. മാണി കൊണ്ടുനടക്കുന്ന കേരളാ കോൺഗ്രസ്സിന്റെ സാമ്പത്തിക നയത്തിലുള്ള ഈ ഗവൺമെന്റിന്റെ വ്യത്യസ്തമായ വീക്ഷണംകൊണ്ടാണോ ധനകാര്യവകുപ്പ് ഏറെടുത്തത്. അല്ലെങ്കിൽ ധനകാര്യവകുപ്പിന്റെ മിസ്-മാനേജുമെന്റ്കൊണ്ട് ഈ സംസ്ഥാനം തകർന്നുപോകുന്നുവെന്നു തോന്നിയതു കൊണ്ടാണോ? എന്താണെന്ന് ഇതുവരെ മുഖ്യമന്ത്രി പറഞ്ഞിട്ടില്ല. വയലാർ രവിയിൽനിന്നും ആഭ്യന്തരവകുപ്പ് ഏറെടുത്തു. ശ്രീ. വയലാർ രവി ആഭ്യന്തരമന്ത്രി എന്ന നിലയിൽ നാലുകൊല്ലമായി പ്രവർത്തിച്ചു പരാജയപ്പെട്ടു, അതിൽ ഒരു വീഴ്ച വന്നിരിക്കുന്നു. അത് തിരുത്തുവാൻ ശ്രീ. രവിക്ക് സാദ്ധ്യമല്ലാ, അതുകൊണ്ട് അത് തിരുത്തുവാൻവേണ്ടി ഞാൻ ആഭ്യന്തരവകുപ്പു ഏറെടുത്തുവെന്നു ഈ നിയമസഭയിലെങ്കിലും പറയാൻ ഈ മുഖ്യമന്ത്രിക്ക് കഴിയണം. സർ, ഇപ്പോഴും ഈ രണ്ടുമന്ത്രിമാരെ മാറ്റി, ആറേഴ് മാസക്കാലം. ഈ രാജ്യത്തെ വാർത്താ മാദ്ധ്യമങ്ങളിൽ പ്രചരണകോലാഹലങ്ങൾ സൃഷ്ടിച്ചതിനുശേഷം തീരുമാനമെടുത്തുവെങ്കിലും, ഇന്നുവരെ എന്തുകൊണ്ടാണ് ഇപ്രകാരമൊരു തീരുമാനമെടുക്കാനുണ്ടായ കാരണത്തെപ്പറ്റി, പറയാൻ ഈ മുഖ്യമന്ത്രിയ്ക്ക് കഴിഞ്ഞിട്ടില്ല. ഇതിൽനിന്നും മറുപടി പറയാൻ കഴിയാത്ത എന്തോ ഒന്ന് ഈ മന്ത്രിമാരുടെ മാറ്റത്തിനും, വകുപ്പു മാറ്റത്തിനും സ്ഥാനചലനത്തിനും ഇടയാക്കിയെന്നു വേണം കരുതാൻ. ആഭ്യന്തരവകുപ്പിന്റെ ചുമതല ശ്രീ. വയലാർ രവി ഒഴിഞ്ഞപ്പോഴും അവർ ഒരാവശ്യമുന്നയിച്ചു, ധനകാര്യവകുപ്പ് അവരെ ഏൽപ്പിക്കണമെന്ന്. ധനകാര്യവകുപ്പ് ഏൽപ്പിക്കാൻ ശ്രീ. രവി അപ്രാപ്തനാണെന്ന് ശ്രീമാൻ കരുണാകരനുതന്നെഅറിയാം. പണത്തിന്റെ കാര്യം കൈകാര്യം ചെയ്യുന്നത് താൻ തന്നെയാകാം. അല്ലെങ്കിൽ തനിക്ക് ഇഷ്ടമായ രീതിയിൽ ധനകാര്യവകുപ്പ് കൈകാര്യം ചെയ്യുന്നതിന് 'ചക്കിക്കൊത്ത ചങ്കരൻ' തച്ചടി തന്നെയാണെന്ന് ശ്രീമാൻ കരുണാകരന് തോന്നിയിട്ടുണ്ടാവും. ശ്രീ. വയലാർ രവി, ധനകാര്യമന്ത്രിയായാൽ ശ്രീ. കരുണാകരന്റെ ഇഷ്ടത്തിന് കാര്യങ്ങൾ മുന്നോട്ടു നീങ്ങുകയില്ലെന്ന് അറിയാമായിരുന്നു. സർ, ഞാൻ പറയുന്നു ഈ മുഖ്യമന്ത്രി സ്വയം രക്ഷപ്പെടാനാണ് സ്വയം രക്ഷപ്പെടുത്താൻ വേണ്ടിയാണ് ധനകാര്യവകുപ്പും അതുപോലെതന്നെ ആഭ്യന്തരവകുപ്പും തന്റെ കൈകളിൽ കൊണ്ടുവന്നത്. ശ്രീ. കരുണാകരനും ശ്രീ. ഗംഗാധരനും തമ്മിലുള്ള ബന്ധം നമുക്ക് അറിയാവുന്നതാണ്. ശുദ്ധജലപ്രശ്നം രൂക്ഷമായപ്പോൾ, ലോകരാജ്യങ്ങൾ ഇന്റർനാഷണൽ വാട്ടർ ഡീക്കേഡ് എന്ന പേരിൽ ഒരു പാക്കേജ് പദ്ധതി തയ്യാറാക്കി, പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിച്ചു. പല ലോകരാജ്യങ്ങളും ഇൻഡ്യാഗവൺമെന്റും കൂട്ടായി ശ്രമിച്ചതിന്റെ ഫലമായി, നമ്മുടെ സംസ്ഥാനത്തിനു ലഭ്യമായ ശുദ്ധജലവിതരണത്തിനുവേണ്ടിയുള്ള പണവും പദ്ധതിയുടെ ലക്ഷ്യവുമൊക്കെ വ്യക്തിപരമായ താല്പര്യങ്ങൾക്കുവേണ്ടി അഴിമതിയിലേക്ക് കൊണ്ടുപോകാനും ഇടവന്നു. മുഖ്യമന്ത്രി ഒരു ഘട്ടത്തിൽ പറഞ്ഞു, നടപടിക്രമങ്ങളിൽനിന്ന് മാറി, ചിലകാര്യങ്ങളിൽ ചിലതൊക്കെ ചെയ്തുപോയിട്ടുണ്ട്. ഇത് മുഖ്യമന്ത്രി ഏറ്റവുകാര്യമാണ്. ഈ രാജ്യത്തെ പി.എച്ച്.ഇ.ഡി.യെ സംബന്ധിച്ചിടത്തോളം, പൈപ്പു കാര്യത്തിലും മറ്റു കാര്യങ്ങളിലും നടന്നിട്ടുള്ള മരണപരമായ നടപടികളും സ്വാഭാവികമായും അന്ന് മുഖ്യമന്ത്രി ഏറ്റു. ആ മുഖ്യമന്ത്രി, ഫൈനാൻസ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ഷൻ നടക്കുന്ന വകുപ്പും, പോലീസ് വകുപ്പും വിജിലൻസ് വകുപ്പും ചില നടപടികളെടുക്കുന്നു എന്ന് ബോദ്ധ്യമായപ്പോഴാണ്, ശ്രീ. ഗംഗാധരൻ പിടിക്കപ്പെടുമെന്ന് ഉത്തമ വിശ്വാസമുണ്ടായപ്പോഴാണ് ആഭ്യന്തരമന്ത്രിയേയും ധനകാര്യമന്ത്രിയേയും സ്ഥാനഭ്രഷ്ടരാക്കിയത്. ഇവരുടെ ഈ സ്ഥാനഭ്രഷ്ടിന്റെ കാരണം മുഖ്യമന്ത്രി പറയണം: സർ, ഇന്ദിരാ കോൺഗ്രസ്സുകാർ, ഇപ്പോഴും പലതും പറഞ്ഞുതുടങ്ങിയിട്ടുണ്ട്. പത്മരാജനെ സംബന്ധിച്ചിടത്തോളം ചില വാർത്തകളൊക്കെ വന്നു. മുഖ്യമന്ത്രിയുടെ നിലപാടിനോട് അദ്ദേഹത്തിന് യോജിപ്പില്ല. വ്യത്യസ്തമായ വീക്ഷണമുണ്ട്. ശ്രീ. പത്മരാജന് അദ്ദേഹത്തോട് പറയാൻ അർഹതയുണ്ടോയെന്ന് എനിക്കറിഞ്ഞുകൂടാ. ഇന്ദിരാ കോൺഗ്രസ്സുകാരെ ആകെ ഒന്നു പരിശോധിച്ചാൽ ഡൽഹിയിൽ നിന്ന് കരുണാകരനുപകരം മറ്റൊരു നേതാവ് ഈ സംസ്ഥാനത്ത് ഉണ്ടാകുമെന്ന് ഇന്ദിരാകോൺഗ്രസ്സിലെ വല്ല സുഹൃത്തുക്കളും പ്രതീക്ഷിക്കുന്നുണ്ടോ? ഒരു സംശയവും വേണ്ട, ഡൽഹിക്കാർക്ക് കരുണാകരനേക്കാൾ പറ്റിയ മറ്റൊരാളെ ഈ കേരളത്തിൽനിന്ന് കിട്ടുകയില്ല. കാരണം ഇന്ദിരാഗാന്ധി മരിച്ചപ്പോൾ, സ്വാഭാവികമായും നടന്ന ചർച്ചയിൽ രണ്ടാം സ്ഥാനത്തിരിക്കുന്ന (പാർട്ടിയിൽ) പ്രണാബ്മുക്കർജി പ്രധാനമന്ത്രി ആയേക്കുമോ എന്നുള്ള ഒരു സംശയം വന്നതിന്റെ പേരിലാണ് പ്രണാബ്മുക്കർജിയെ പിന്നീട് സ്ഥാനാർത്ഥിയാകാതിരിക്കാൻ, മന്ത്രിയാകാതിരിക്കാൻ എന്നന്നേക്കുമായി പാർട്ടിയിൽനിന്ന് പുറത്താക്കാൻ രാജീവ്ഗാന്ധിയെ പ്രേരിപ്പിച്ചത്. ശ്രീമാൻ കരുണാകരൻ ഓർമ്മിക്കണം, ഇന്ദിരാ ഗാന്ധി മരിച്ച സമയത്തു ഡൽഹിയിലേക്കു പോകുമ്പോൾ, വിമാനത്താവളത്തിൽവച്ച് പ്രണാബ്മുക്കർജി പ്രധാനമന്ത്രിയാകുമെന്ന് പറഞ്ഞില്ലേ? ആ പ്രണാബ്മുക്കർജിയെ ഇന്ന് പാർട്ടിയിൽനിന്ന് ഫുട്ബാൾ അടിക്കുന്നതുപോലെ ചവുട്ടി പുറത്താക്കിയപ്പോൾ, രാഷ്ട്രീയമായും സംഘടനാപരമായും നിങ്ങൾക്ക് നീതിബോധമുണ്ടായിരുന്നുവെങ്കിൽ മറ്റാരേക്കാളും ശ്രീ. കരുണാകരന് അത് എതിർക്കാമായിരുന്നു. പക്ഷേ എതിർത്തില്ല. കമലാപതി ത്രിപാഠിയുടെ കത്ത് ഈ രാജ്യത്തെ മുഴുവൻ കോൺഗ്രസ്സുകാരുടെയും കണ്ണുതുറപ്പിക്കുന്ന ഒരു കാര്യമാണ്. ഇന്ദിരാ കോൺഗ്രസ്സുകാർക്ക് എതായാലും പഴയ കോൺഗ്രസ്സുകാരുടെ രാഷ്ട്രീയപൈതൃകമൊന്നുമില്ല. അതുകൊണ്ട് അതേക്കുറിച്ച് അധികം പറയേണ്ട കാര്യമില്ല. ആൻറണി കോൺഗ്രസ്സിന്റെ പഴയ കോൺഗ്രസ്സിൽനിന്ന് തങ്ങളിൽനിന്ന് വിട്ടുപോയിട്ടുള്ള ശ്രീമാൻ ഉമ്മൻചാണ്ടിയോടും വയലാർ രവിയോടും അതുപോലുള്ള മറ്റു സുഹൃത്തുക്കളോടും എനിക്ക് സത്യത്തിൽ പരിതാപവും സങ്കടവും മാത്രമേയുള്ളു. അവർ ചോദിക്കുന്നുണ്ട്. നിങ്ങൾ അപ്പുറത്തുപോയി പ്രതിപക്ഷത്തിരുന്നില്ലേയെന്നും ചിലപ്പോൾ അടുത്ത തിരഞ്ഞെടുപ്പിൽ നിങ്ങൾ തോൽക്കില്ലേയെന്നും. അവരുടെ രാഷ്ട്രീയ കണക്കുകൂട്ടലുകൾ അപ്രകാരമാണ്. ഞങ്ങൾ ഇനിയും തോൽക്കാൻ തയ്യാറാണ്. ഞങ്ങൾ എടുത്തിട്ടുള്ള രാഷ്ട്രീയ നിലപാടിൽ വീഴ്ചയില്ലാതെ അതിൽ ഉറച്ചുനിന്നുകൊണ്ട് രാഷ്ട്രീയമായി എന്ത് തിരിച്ചടി ഉണ്ടായാലും ആ തിരിച്ചടി സ്വീകരിച്ച്, പിന്നീട് അടിച്ചു തിരിച്ചടിച്ച് മുന്നോട്ടുപോകും. ഞങ്ങൾ വിശ്വസിക്കുന്ന വിശ്വാസപ്രമാണങ്ങൾ ഈ രാജ്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കുക എന്ന ലക്ഷ്യംവച്ചുകൊണ്ട്, അടിപതറാതെ, നിരാശരാകാതെ മുന്നോട്ടുപോകുന്ന രാഷ്ട്രീയ നയമുള്ളതുകൊണ്ടാണ് ഞങ്ങൾ ആ രാഷ്ട്രീയ നിലപാട് എടുത്തത്. അങ്ങനെയുള്ള ഒരു കാര്യത്തിൽ സന്തോഷവും ഉണ്ട്. രാവിലെ വേളിയിൽനിന്ന്, തലയ്ക്ക് മുണ്ടുമിട്ടുകൊണ്ട്, ശ്രീ. കരുണാകരന്റെ വീട്ടിലേക്ക് ശ്രീ. വയലാർ രവിയും ശ്രീ. തച്ചടിയും പോയത്. ഞാൻ ഇപ്പോഴും ഓർമ്മിക്കുന്നു. ശ്രീ. വയലാർ രവിക്ക് കിട്ടേണ്ടത് കിട്ടി, ചരിത്രം മാപ്പു നൽകില്ല, ചരിത്രം ആവർത്തിക്കുമെന്ന പഴമൊഴിയുണ്ട്. അത് അക്ഷരാർത്ഥത്തിൽ ഇവിടെ ആവർത്തിക്കുന്നു. ഇനിയിവിടെ ദ്രോഹിക്കാൻ പോകുന്നത് ശ്രീ. മാണിയാണ്. ഇടതു പക്ഷജനാധിപത്യമുന്നണിയുടെ കുളംതോണ്ടാൻ, പൊളിക്കുവാൻ ശ്രീ. മാണി നടത്തിയ കളളക്കളി നമുക്കറിയാം. മാണിക്ക് ലഭിക്കേണ്ടത് ലഭിക്കുന്നു. ആൻറണി കോൺഗ്രസ്സിലെ ചെറുപ്പക്കാർ, യുത്ത് കോൺഗ്രസ്സുകാർ (കെ.എസ്.യു.—ഐ—ക്കാർ) ചിലപ്പോഴൊക്കെ ഒറ്റപ്പെട്ട ശബ്ദമുയർത്തുന്നുണ്ട്. ഞാൻ അവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യുന്നില്ല. ജനാധിപത്യ വിശ്വാസികരം അവിടെയുണ്ട്. സംഘടനയിൽ ജനാധിപത്യ അവകാശങ്ങൾ വേണമെന്ന് വാദിക്കുന്നവർ അവിടെ ഉണ്ട്. അവരോട് ഞാൻ അഭ്യർത്ഥിക്കുന്നത്, നിങ്ങളുടെ ആരോഗ്യവും ആയുസ്സും വൃഥാ കളയരുത്. നിങ്ങൾ പുറത്തു ചാടണം. നിങ്ങൾക്ക് ഒരിക്കലും ഒരു വിധത്തിലുള്ള രാഷ്ട്രീയ മാറ്റവും ഇന്ദിരാ കോൺഗ്രസ്സിൽ ഉണ്ടാകുവാൻ പോകുന്നില്ല. എനിക്ക് ഒരു കാര്യത്തിൽ സന്തോഷമേയുള്ളൂ. ഇന്ദിരാ കോൺഗ്രസ്സിന്റെ ഇൻഡ്യയിലെ ദിവസങ്ങൾ എണ്ണപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കെടാൻ പോകുന്ന വിളക്ക് ആളിക്കത്തുന്നതാതിരിയാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്റെ ചരിത്രത്തിൽ തന്നെ ഏറ്റവും കൂടുതൽ സീറ്റ് അവർക്ക് കിട്ടിയത്. ഇന്ദിരാ കോൺഗ്രസ് ഇൻഡ്യയിലെ സകല സംസ്ഥാനങ്ങളിലും തകർന്നുകൊണ്ടിരിക്കുകയാണ്. കാരണം ജനാധിപത്യ മതേതരശക്തികരം അകന്നുകൊണ്ടിരിക്കുകയാണ്. സർ, ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇടതുപക്ഷജനാധിപത്യ മുന്നണി ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ചിലരൊക്കെ പറയുന്നു കരുണാകരന്റെ മിടുക്കുകൊണ്ടാണ്, കരുണാകരൻ നാലു വർഷം തുടർന്നതെന്ന്. അത് മിടുക്കുകൊണ്ടല്ലാ ഞങ്ങൾ എടുത്ത തീരുമാനംകൊണ്ടാണ്. ഇനി ഈ സംസ്ഥാനത്ത് ഒരു സർക്കാർ ഉണ്ടാവുന്നെങ്കിൽ ആ ഗവൺമെന്റ്, ഇടതുപക്ഷജനാധിപത്യ മതേതര പുരോഗമനശക്തികരംക്ക് മാത്രം ഇളക്കാനും, മറിക്കാനും കഴിയുന്ന അവരുടെ മാത്രം നിയന്ത്രണത്തിൽ വരുന്ന ഒരു ഗവൺമെന്റായിരിക്കും. എസ്.ആർ.പി.ക്കാരും എൻ.ഡി.പി.ക്കാരും അതുപോലെ കോട്ടയത്തെ മതപുരോഹിതൻമാരും പുറത്തുനിന്ന് സ്വാധീനിച്ചാൽ അങ്ങോട്ടുമിങ്ങോട്ടും ആടുന്ന രാഷ്ട്രീയം വച്ചുകൊണ്ടുള്ള കളി കേരളത്തിൽ ആവർത്തിച്ചാൽ കേരളം പഞ്ചാബ് ആകുമോ, കേരളം ആസ്സാമാകുമോ, കേരളം കർണ്ണാടകമാകുമോ, അവിടെയുള്ളതുപോലുള്ള രാഷ്ട്രീയാന്തരീക്ഷമായി മാറുമോ എന്ന് ഞാൻ ഭയപ്പെടുന്നു. ഇന്ദിരാകോൺഗ്രസ്സ് രാഷ്ട്രീയമായി ക്ഷീണിക്കുന്നു. അവരുടെ രാഷ്ട്രീയമായ തകർച്ച ഈ രാഷ്ട്രത്തെ സംബന്ധിച്ചിടത്തോളം, ജനാധിപത്യ മതേതര പുരോഗമനശക്തികരംക്ക് ശക്തിയാർജ്ജിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയണം. അതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള രാഷ്ട്രീയമാണു് ഞങ്ങളു കാണുന്നതു്. അതു കൊണ്ടാണു് ഈ ഗവൺമെൻറു് രാജിവയ്ക്കണമെന്നു് നിർബന്ധമായി ആവശ്യപ്പെടാനുള്ള ഞങ്ങളും ഈ 4 മന്ത്രിമാർ രാജിവച്ചതു കാരണം വശാലും തുടരാൻ പാടില്ലെന്ന ശക്തമായ തീരുമാനം എടുത്തു കൊണ്ടു് കഴിഞ്ഞ 19–ാം തീയതി, കേരളത്തിലെ ജില്ലാ തലസ്ഥാനങ്ങളിൽ പിക്കറ്റിംഗു് നടത്തിയതു്. നിങ്ങളും ജനങ്ങളെ മാനിക്കുമെങ്കിൽ നിങ്ങളും ആ നിമിഷം രാജിവച്ചുപോകുമായിരുന്നു. കേരളം കണ്ട ഏറ്റവും വലിയ ജനപങ്കാളിത്തമുള്ള സമരമാണു് കഴിഞ്ഞ 19–ാം തീയതി നടന്നതു്. മഴക്കാലമായിരുന്നു, ധാരാളം എതിർപ്പുകളും ഉണ്ടായി, വാഹനങ്ങളും തടഞ്ഞുവച്ചു് സാധിക്കാവുന്ന രീതിയിൽ അതിനെ തകർക്കുവാൻ ശ്രമിച്ചുനോക്കി. എന്നിട്ടും, കേരളം കണ്ട ഏറ്റവും വലിയ ജനകീയ മുന്നേറ്റമായിരുന്നു കഴിഞ്ഞ 19–ാം തീയതി ഉണ്ടായതു്. ഇവിടത്തെ ജനങ്ങളും ഈ രാജ്യത്തിന്റെ പ്രശ്നം വരുമ്പോൾ രാഷ്ട്രീയം മറക്കും. ഇന്ദിരാ കോൺഗ്രസ്സുകാരടക്കമുള്ള ആയിരക്കണക്കിനാളുകളും ഇന്നു ഞങ്ങളോടൊപ്പമുണ്ടു്. കാരണം, ലീഗുകാരോടുള്ള ബന്ധം നിലനിർത്താൻ വേണ്ടി ലീഗിന്റെ രാഷ്ട്രീയബ്ലാക്മെയിലിംഗുകൊണ്ടു് അധികാരത്തിൽ ഇരിക്കുന്നതിനുവേണ്ടി, ഇന്ദിരാകോൺഗ്രസ്സിന്റെയും കേന്ദ്ര ഗവൺമെൻറിന്റെയും തീരുമാനങ്ങളെപോലും ശ്രീ. കരുണാകരനു് പുകച്ചു കളയേണ്ടിവരുന്നു. അതിനെതിരായിട്ടുള്ള ഒരു നിലപാടു് എടുക്കേണ്ടിവരുന്നുവെങ്കിൽ ഈ രാഷ്ട്രീയം കോൺഗ്രസ്സ് (ഐ) യിൽ ഉള്ള ജനാധിപത്യ മതേതര പുരോഗമന കോൺഗ്രസ്സുകാരെ സംബന്ധിച്ചിടത്തോളം ദഹിക്കാതായി തുടങ്ങിയിരിക്കുന്നു. ഒരു പക്ഷേ നേതൃത്വത്തിൽ നിൽക്കുന്ന നിങ്ങൾക്കു് എല്ലാവർക്കും ഇവിടെ സീറു കിട്ടുകയില്ല എന്നതുകൊണ്ടു് ഇവിടെ വരാൻ മടിക്കുന്നുവെങ്കിൽ ആ സ്ഥാനങ്ങളെ മാർത്തുമാത്രം ഒരു രാഷ്ട്രീയ തീരുമാനം എടുക്കുന്നതു ശരിയാണോ? ഈ രാജ്യത്തിന്റെ ഭാവിക്കും നാം വിശ്വസിക്കുന്ന വിശ്വാസപ്രമാണങ്ങളുടെ ഭാവിയ്ക്കുവേണ്ടിയും നിങ്ങൾ ഒരു തീരുമാനമെടുക്കുമെങ്കിൽ ശ്രീ. ഹസ്സനും കൂട്ടാളികളും ഈ ഡിമാൻറിനു് എതിരായി വോട്ടു ചെയ്യുമെന്ന പൂർണ്ണ വിശ്വാസത്തോടുകൂടിയും കോൺഗ്രസ്സുകാരാണെങ്കിൽ ഹസ്സനും കൂട്ടുകാർക്കും ഇതല്ലാതെ വേറെ മാർഗ്ഗമില്ലെന്നു് പ്രഖ്യാപിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. ഈ ഡിമാൻറിനെ എതിർക്കുന്നു.

ശ്രീ. വി.വി. ജോസഫ്: സർ, ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടു് പോകുന്ന ഈ ഗവൺമെൻറു് അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണു്. കൃത്രിമമായി ഉൽസവപറമ്പിൽ ആനയിളക്കമുണ്ടാക്കുന്ന ചില വിരുതൻമാരെ കുറിച്ചു കേട്ടിട്ടുണ്ടു്. ആളുകൾ ധാരാളം തടിച്ചു കൂടുമ്പോൾ ആന പിണങ്ങുന്നേ, ആന പിണങ്ങുന്നേ എന്നു് വിളിച്ചു കൂവും. ആ ബഹളത്തിനിടയിൽ ആളുകൾ വിരണ്ടോടും. അപ്പോൾ ആളുകളുടെ മാലയും പേഴ്സും മറ്റും തട്ടിയെടുക്കും. ജനങ്ങൾക്കു് മോചനം ലഭിക്കുവാൻ ഈ ഗവൺമെൻറിൽ ജനങ്ങൾ ആവേശപൂർവ്വം നോക്കിനിൽക്കുമ്പോൾ നമ്മുടെ പ്രതിപക്ഷം അവരുടെ ശ്രദ്ധ തിരിക്കുവാൻ ഈ ആന വിരുതൻമാരെപ്പോലെ പ്രതിച്ഛായയുടെയും മിച്ച ബഡ്ജറിന്റെയും കാര്യങ്ങൾ പറയുകയാണു്. പ്രതിച്ഛായാ ചർച്ചയെപ്പറ്റി തന്നെ ശ്രീ. ജിനദേവനും

LIBRARY ARCHIVES Kerala Legislative Assembly

മറ്റു മെമ്പറൻമാരും ഇവിടെ പറഞ്ഞു. ഘടകകക്ഷികളും തമ്മിൽ ചെറിയ തോതിൽ അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടാകുമ്പോൾ ഉടനെകക്ഷി ചർച്ചകളിലൂടെ അവയൊക്കെ പറഞ്ഞുതീർക്കുകയാണ് ഇവിടെ ചെയ്തിട്ടുള്ളത്. അതേസമയം പശ്ചിമബംഗാളിലെ ആർ.എസ്.പി. യുടേയും ഫോർവേഡ് ബ്ലോക്കിന്റേയും മന്ത്രിമാരുടെ വകുപ്പുകളും മറ്റുമൊക്കെ അവിടെ മുഖ്യമന്ത്രി ബലമായി പിടിച്ചുമാറ്റുകയുണ്ടായി, അന്ന് ആ കക്ഷികളെല്ലാം കമായെന്ന് ഒരക്ഷരം മിണ്ടാതെ അത് അംഗീകരിക്കുകയാണ് ചെയ്തത്. അതേസമയം ഇവിടെ ഉടനെകക്ഷി ചർച്ചകളിലൂടെയാണ് പ്രശ്നങ്ങളൊക്കെ പരിഹരിച്ചിട്ടുള്ളത്. ശ്രീ. ജനാർദ്ദനപൂജാരിയുടെ പ്രസ്താവനകളൊക്കെ പറഞ്ഞ് ഈ ബഡ്ജറ്റ് കമ്മിയാണെന്നും വരുത്താനുള്ള ശ്രമം മറുവശത്ത് നടക്കുന്നുണ്ട്. രാവിലെ ശ്രീ കെ.എം. മാണി ഇതിനെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. ശ്രീ. പൂജാരി തനത് വർഷത്തെ വരവു ചെലവ് വച്ചുകൊണ്ടാണ് 52 കോടി രൂപ കമ്മിയെന്ന് പറഞ്ഞത്. അതേസമയം ഈ വർഷം തുടങ്ങുമ്പോൾ നീക്കിയിരിപ്പ് 82 കോടി രൂപയുണ്ട്. തനത് വർഷം ലഭിക്കാവുന്ന വരുമാനം 27 കോടി രൂപയാണെന്നാണ് ഏകദേശം കണക്കാക്കിയിരിക്കുന്നത്. അങ്ങനെ വരുമ്പോഴേക്കും 15 കോടി രൂപ മിച്ചം വരുമെന്ന് അദ്ദേഹം പറഞ്ഞുകഴിഞ്ഞു. പക്ഷെ നമ്മുടെ ശരിയായ പ്രവർത്തനങ്ങളനുസരിച്ച് വരുമ്പോൾ ഏതാണ്ട് 101 കോടി രൂപ മിച്ചമാകുമെന്ന് പ്രസ്താവിച്ചുകഴിഞ്ഞു. എങ്കിലും ശ്രീ. പൂജാരി പറഞ്ഞ ഈ വർഷത്തെ കണക്കുകൾ മാത്രം വച്ചുകൊണ്ട് ഇനിയും ഇങ്ങനെ പറയുന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ്. ശ്രീ. ജിനദേവൻ പറഞ്ഞു തെരഞ്ഞെടുപ്പ് വരുന്ന സമയത്ത് മിച്ചം ഉണ്ടാക്കിയിരിക്കുന്നുയെന്ന്. അതും കുറ്റമാണ്. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്നു പറയുന്നതു പോലെ ശരിയായ ധനകാര്യ മാനേജുമെന്റുകൊണ്ടും ശരിയായ പ്രവർത്തനങ്ങൾ കൊണ്ടും, വിഭവ സമാഹരണംകൊണ്ടും മിച്ചം ഉണ്ടാക്കിയപ്പോൾ അതും കുറ്റമെന്നും പറയുന്നതിനെക്കുറിച്ച് എനിക്ക് പ്രത്യേകമൊന്നും പറയാനില്ല.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: സർ, ശ്രീ മാണിയുടെ ധനകാര്യ മാനേജുമെന്റ് മോശമാണെന്ന് പറഞ്ഞല്ലേ അദ്ദേഹത്തെ മാറ്റിയത്.

ശ്രീ. വി.ഐ. ജോസഫ്: അല്ല. അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ചില അഡ്ജസ്റ്റുമെന്റിൽ ചില ചർച്ചയൊക്കെ വന്നു മാറ്റിയെന്നേയുള്ളൂ. അല്ലാതെ മോശമാണെന്നൊന്നും പറഞ്ഞിട്ടില്ല. സർ, ബാലകൃഷ്ണപിള്ളയെപ്പറ്റി തന്നെ ഒരു വാക്ക് സൂചിപ്പിക്കുകയുണ്ടായി. കേരളത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമായ ഒരു പാർട്ടിയാണ് കേരളാ കോൺഗ്രസ്സ്. അതുപോലെ കേരളത്തിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുവാൻ വൻകിട ഫാക്ടറികൾ കേന്ദ്രത്തിൽ നിന്ന് ലഭിക്കണം. അത് ലഭിച്ചെങ്കിൽ മാത്രമേ കേരളത്തിലെ ജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുകയുള്ളുയെന്നാണ് ശ്രീ. ബാലകൃഷ്ണപിള്ള കൊച്ചിയിൽ പ്രസംഗിച്ചത്. അദ്ദേഹത്തെ ചില മാദ്ധ്യമങ്ങളിൽനിന്നും രാജ്യദ്രോഹിയായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ നടന്നു. സീതയുടെ ചാരിത്ര്യത്തിൽ ഒരു ചെറിയ സംശയംപോലും നിൽക്കാൻ പാടില്ലായെന്ന് പറഞ്ഞ് സീതയെ കാട്ടിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉപേക്ഷിച്ച ശ്രീരാമനെപ്പോലെ സംശയത്തിന്റെ നിഴൽ കോടതിയിൽ നിന്ന് പറഞ്ഞുകഴിഞ്ഞപ്പോഴും അധികാരത്തിൽനിന്ന് വിടാൻ പാർട്ടി സമ്മതിക്കുകയാണ് ചെയ്തത്. അദ്ദേഹം കയറിയിറങ്ങാത്ത കോടതികളില്ല. അദ്ദേഹത്തിന്റെ പേരിൽ എത്രമാത്രം കേസ്സുകൾ നടന്നു. കോർട്ടലക്ഷ്യത്തിന് കേസ്സുണ്ടായി. രാജ്യദ്രോഹത്തിനു കേസ്സുണ്ടായി. യേശുക്രിസ്തുവിനെ കുരിശിൽ തറയ്ക്കാനായി പീലോത്തോസിന്റെ മുന്നിൽ കൊണ്ടുവന്നു. യേശുക്രിസ്തുവിനെ കുരിശിൽ തറയ്ക്കാനുള്ള എല്ലാ വാദമുഖങ്ങളും പീലോത്തോസിന്റെ മുന്നിൽ നിരത്തിവച്ചു. പക്ഷേ ഇതെല്ലാം പരിശോധിച്ചിട്ട് പീലോത്തോസ് പറഞ്ഞു— ഞാൻ ഈ മനുഷ്യനിൽ യാതൊരു കുറവും കാണുന്നില്ലായെന്ന്. അതുപോലെ അദ്ദേഹത്തിന്റെ കേസ്സുകൾ പരിശോധിച്ച എല്ലാ കോടതികളും ശ്രീ. ബാലകൃഷ്ണപിള്ള കുറക്കാരനല്ലായെന്ന് പറഞ്ഞപ്പോഴാണ് അദ്ദേഹം തിരിച്ചു വന്നു. അദ്ദേഹം അഗ്നിയിൽ നിന്ന് കൂടുതൽ പ്രശോഭിതനായിട്ട് തിരിച്ചു വന്നു. ബാലകൃഷ്ണപിള്ളയെ പുറത്തു നിറുത്തിയത് കോർട്ടലക്ഷ്യമാണെന്ന് മാർച്ചിലെ കലാകൗമുദിയിൽ സഖാവ് ശ്രീ അച്ച്യുതമേനോൻ തന്നെ പറഞ്ഞിട്ടുണ്ട്. നമ്മുടെ പ്രതിച്ഛായയുടെ ചർച്ചകളും, ബഡ്ജറ്റിന്റെ കാര്യങ്ങളും ശ്രീ. ബാലകൃഷ്ണപിള്ളയുടെ പ്രശ്നങ്ങളുമെല്ലാം ആവർത്തനവിരസമായി പറഞ്ഞുകൊണ്ട് ഉൽസവപ്പറമ്പിലെ പോക്കറടിക്കാരെപ്പോലെ ഈ രാജ്യത്തെ ജനങ്ങളുടെ ശ്രദ്ധ തിരിച്ചുവിടാനുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. യേശു ക്രിസ്തുവിനെ ബാലകൃഷ്ണപിള്ളയോട് ഉപമിക്കുന്നത് ഓർഡറിലാണോ?

ശ്രീ വി.വി. ജോസഫ്: സർ, നേട്ടങ്ങളുടെ പട്ടികയുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. വേന. നിർമ്മാണരംഗത്ത് ഒരു ലക്ഷം വീടുകൾ പണിതുകഴിഞ്ഞു. ഹരിജനങ്ങൾക്ക് ഐ.ആർ.ഡി.പി. പോലുള്ള സ്കീംവഴിയുള്ള പ്രവർത്തനങ്ങൾ മുഖേന വമ്പിച്ച മുന്നേറ്റം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിലനിലവാരം പിടിച്ചു നിറുത്താനുള്ള നടപടികൾ നടക്കുന്നു. വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകി പോളിടെക്നിക്കുകളും ടെക്നിക്കൽ സ്കൂളുകളും അതുപോലെ ഹയർ സെക്കൻഡറി കോഴ്സുകളും തുടങ്ങിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങളുടെ പ്രഭാവലയത്തിൽ പ്രതിപക്ഷത്തിന്റെ കാഴ്ച നഷ്ടപ്പെട്ടിരിക്കുകയാണ്. ഞങ്ങൾ വിമോചന സമരത്തിന് ഇറങ്ങുന്നില്ല, ഇറങ്ങാൻ പരിപാടിയില്ല എന്നൊക്കെ പ്രതിപക്ഷത്തുള്ള സുഹൃത്തുക്കൾ ഇവിടെ പറയുകയുണ്ടായി. വിമോചനസമരത്തിന് ഇറങ്ങിയാൽ ആളുകളെ കിട്ടുകയില്ല എന്നുള്ളതുകൊണ്ടാണ് വിമോചനസമരത്തിന് ഇറങ്ങാത്തത്. ''പാണ്ടൻ നായുടെ പല്ലിനു ശൗര്യം പണ്ടേപോലെ ഫലിക്കുന്നില്ല,'' അതുപോലെ മാർക്സിസ്റ്റ് പാർട്ടിയുടെയും സി.പി.ഐ.യുടെയും സമരത്തിന് നാട്ടിൻ പുറങ്ങളിൽനിന്ന് ആളുകളെ കിട്ടാത്ത ഒരു സാഹചര്യം വന്നിരിക്കുന്നു. സർ, ഈ രാജ്യത്ത് കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കേണ്ടിയിരിക്കുന്നു. കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുവാൻ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തണം. റെയിൽവേയുടെ കാര്യത്തിൽ അവഗണന ഉണ്ടായിട്ടുണ്ട്. കൊച്ചി—മധുര റെയിൽവേ നമ്മുടെ പദ്ധതിയിൽ നിന്നും മാറ്റിയിരിക്കുകയാണ്. അത് ഖേദകരമാണ്. അത് നമ്മുടെ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പ്ലാനിംഗ് ജില്ലാതലത്തിലാക്കണം. ഹരിജനങ്ങൾക്കുവേണ്ടിയുള്ള സ്പെഷ്യൽ കംപോണന്റ് പ്ലാനിന്റെ ആസൂത്രണവും നടപ്പിലാക്കലും ജില്ലാതലത്തിലാക്കിയിരിക്കുന്നു. അതുകൊണ്ട് നമുക്ക് ഇത് വിജയപ്രദമായി നടത്താൻ സാധിച്ചിട്ടുണ്ട്. മറ്റു ഡിപ്പാർട്ടുമെന്റുകളിലെ സ്ഥിതിയും ഇതുപോലെ ആക്കേണ്ടതാണ്. സെക്രട്ടേറിയറ്റ് സമാന്തര സർവ്വീസ് സ്തംഭിക്ക് ഇതു മാറണം. ഭരണരംഗം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികളും കൂടുതൽ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ദണ്ഡം വന്നു മരിക്കാൻ കിടക്കുന്ന രോഗിക്ക് പാൽ അന്വേഷിച്ചു പോകുന്നവൻ അയാളുടെ പിണ്ഡത്തിന് തൈരും കൊണ്ടു വരുന്നതു പോലെയാണ് ഈ രാജ്യത്ത് സർക്കാർ ഫയലുകളുടെ പുറകെ പോകുന്ന ആളുകളുടെ അനുഭവം. അതുകൊണ്ട് എത്രയും വേഗം കാര്യക്ഷമമായി പ്രവർത്തനങ്ങളും നടത്തി ജനങ്ങളുടെ ആക്ഷേപങ്ങൾക്ക് പരിഹാരം ഉണ്ടാക്കത്തക്കരീതിയിൽ ഭരണ രംഗം കാര്യക്ഷമമാക്കാനുള്ള നടപടികളും സ്വീകരിക്കണം. അങ്ങനെ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് ഉതകുന്ന ഈ ധനാഭ്യർത്ഥനയെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ ഈ പൊതുഭരണത്തെ സംബന്ധിച്ചുള്ള ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. സർ, എന്തിനാണ് പണം അനുവദിച്ചുകൊടുക്കുന്നത്? വളരെ ഗൗരവമായി ഞാൻ ആലോചിച്ചു. എന്തു പ്രയോജനം ഈ നാടിനുണ്ടായി. ഇപ്പോൾ 4 വർഷം കഴിഞ്ഞു. ഞാൻ നേരത്തെ പറഞ്ഞതു പോലെ ഇനി മിക്കവാറും ഒരു ബജറ്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷമേ ഉണ്ടാകുവെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഈ 4 വർഷത്തെ ഭരണം കൊണ്ട് കേരളത്തിന് എന്ത് നേട്ടമുണ്ടായി. അതു പറയാൻ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ബാദ്ധ്യസ്ഥരാണ്. ഏതെങ്കിലുമൊരു പ്രശ്നത്തിനു പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല. വാസ്തവത്തിൽ മുഖ്യമന്ത്രിയ്ക്ക് അസൂയാവഹമായ ഒരു സ്ഥാനമുണ്ടായിരുന്നു. എനിക്കും അതിൽ സന്തോഷമായിരുന്നു. ഈ രാജ്യം ഭരിക്കുന്ന സംഘടനയുടെ ഉന്നതമായ പദവിയിലുള്ള നേതാവ് കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റിയിലേയ്ക്ക് വന്നതാണ്. പാർലമെന്ററി ബോർഡ് മെമ്പറാണ്. അനുകൂലമായ സാഹചര്യത്തിൽ കേന്ദ്രത്തിൽ വളരെയേറെ സ്വാധീനം ചെലുത്താൻ സാഹചര്യമുണ്ടായിരുന്നു. അതുമല്ല പല കാര്യങ്ങളുമുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഈ സംസ്ഥാനത്തുള്ള മിക്കവാറും എല്ലാ പ്രസിദ്ധീകരണങ്ങളും എല്ലാ പത്രങ്ങളും കലവറയില്ലാത്ത പിൻതുണ നൽകിയിരുന്നു അദ്ദേഹത്തിന്റെ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ. കമ്മ്യൂണിസ്റ്റ് വിരോധമായിരിക്കാം അല്ലെങ്കിൽ മറ്റെന്തെങ്കിലും വിരോധമായിരിക്കാം. എല്ലാ ഭാഗത്തുനിന്നും കലവറയില്ലാത്ത പിൻതുണ നൽകിയിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായി ഡൽഹിയിൽ പോയപ്പോൾ, അന്ന് കേന്ദ്രത്തിലെ മന്ത്രിമാരിൽ പലരും കേരള ഹൗസിൽ വന്ന് അദ്ദേഹത്തെ കണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ട്ടുണ്ട്. ഇപ്പോൾ സ്ഥിതി മാറിയിട്ടുണ്ട്. ത്രിതയ്ക്ക് വളരെ അനുകൂലമായ സാഹചര്യമുണ്ടായിരുന്നു. ബഹുമാന്യനായ സ്നേഹിതൻ ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയായിട്ട് 4 വർഷം കഴിഞ്ഞു. നമ്മുടെ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. പ്രകൃതിക്ഷോഭം വന്നപ്പോൾ, വെള്ളപ്പൊക്കം വന്നപ്പോൾ 132 കോടി രൂപ കിട്ടി. അതാണ് വലിയ നേട്ടമായി പറയുന്നത്. സർ, പ്രകൃതിക്ഷോഭം വന്നില്ലായിരുന്നുവെങ്കിൽ അതില്ലായിരുന്നു. പ്രകൃതിക്ഷോഭം വന്നത് നേട്ടമായി പറഞ്ഞാൽ ഞാൻ ചോദിക്കുന്നത് സെൻട്രൽ സെക്ടറിൽ എന്തുമാത്രം നമുക്ക് ഇവിടെ ഇൻവെസ്റ്റുമെൻറുണ്ടാക്കാൻ കഴിഞ്ഞു. എത്ര സെൻട്രൽ സെക്ടർ ഇൻഡസ്ട്രീസുണ്ട്. സെൻട്രലി സ്പോൺസേർഡ് സ്കീംസ് എന്തുമാത്രമുണ്ടാക്കാൻ കഴിഞ്ഞു. ആത് മാർത്ഥമായി വിലയിരുത്തുക. നിങ്ങൾ ഒരു പരിശോധന നടത്തുക. നമുക്ക് ഒന്നും നേടാൻ കഴിഞ്ഞിട്ടില്ല. ഒരു രാജ്യത്തിൻറെ ഒരു സംസ്ഥാനത്തിൻറെ വളർച്ചയെക്കുറിച്ച് നാം വിലയിരുത്തുമ്പോൾ വ്യാവസായിക കാർഷിക മേഖലയിലെ വളർച്ചയല്ലേ നാം കണക്കാക്കേണ്ടത്. വ്യാവസായിക കാർഷിക മേഖലയിൽ നമുക്ക് വളരാൻ കഴിഞ്ഞോ? സർ, ഒരുമണി നെല്ല് അധികം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞോ? നാളികേരം അധികം ഉൽപ്പാദിപ്പിക്കാൻ കഴിഞ്ഞോ? ഏതെങ്കിലും കാര്യത്തിൽ കാർഷിക രംഗത്ത് നമ്മുടെ വളർച്ച പറയാൻകഴിയുമോ? വ്യാവസായിക രംഗത്ത് നേരത്തെ തുടങ്ങിവച്ചത്, നേരത്തെ പ്രവർത്തനം ആരംഭിച്ചത് ചിലത് കംപ്ലീറ്റ് ചെയ്യാൻ കഴിഞ്ഞുവെന്നല്ലാതെ പുതുതായി എന്തു കൊണ്ടുവരാൻ കഴിഞ്ഞു. കേന്ദ്ര ഗവൺമെൻറിൽ നിന്നോ അല്ലെങ്കിൽ നമ്മുടെ സംസ്ഥാനഗവൺമെൻറിൽ നിന്നോ എന്തു ചെയ്യാൻ കഴിഞ്ഞു. വ്യാവസായിക വളർച്ചയില്ല. കാർഷിക വളർച്ചയില്ല. പിന്നെ നാട് എങ്ങനെ നന്നാവും? ക്ഷേമപ്രവർത്തനങ്ങളുടെ കാര്യത്തെ കുറിച്ചു പറഞ്ഞു. ഞാൻ വിദശാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പലപ്പോഴും കേന്ദ്ര പാർലമെൻറിൽത്തന്നെയും മറുപടി വന്നിട്ടുണ്ട് ചില തുകകൾ ഇവിടെ ലാപ്സാക്കിയിട്ടുണ്ടെന്നതിനെ സംബന്ധിച്ച്. ഞാൻ അതിൻറെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പരമ്പരാഗത വ്യവസായത്തൊഴിലാളികളുടെ കാര്യമെടുക്കാം. ഇന്നു കാലത്ത് വ്യവസായ വകുപ്പുമന്ത്രി പരമ്പരാഗത കയർത്തൊഴിലാളികളെക്കുറിച്ച് പറഞ്ഞല്ലോ. എന്താണ് അവരുടെ സ്ഥിതി? നിങ്ങൾ തൊണ്ട് സംഭരണത്തെക്കുറിച്ച് പുതിയ നയം കൊണ്ടുവന്നു. നിങ്ങളുടെ സഹപ്രവർത്തകൻ ഇപ്പോൾ മന്ത്രിസഭയിലിരിക്കുന്ന ധനകാര്യമന്ത്രി ബഹുമാനപ്പെട്ട പ്രോകരനോട് ചോദിക്കൂ. നിങ്ങൾ ഇന്ന് ആവിഷ്കരിച്ചിരിക്കുന്ന തൊണ്ട് സംഭരണരീതി കയർ തൊഴിലാളികൾക്ക് ഗുണം ചെയ്യുമോയെന്ന്. കയർവ്യവസായം വികസിപ്പിക്കുവാൻ വളർത്തിയെടുക്കുവാൻ സഹായിക്കുന്നതാണോ യെന്ന് നിങ്ങളുടെ സഹപ്രവർത്തകനോട് ചോദിക്കൂ. നിങ്ങൾ ധനിക കർഷകരെ സഹായിക്കാനാണ് നടപടി സ്വീകരിക്കുന്നത്. നിങ്ങൾ കയർത്തൊഴിലാളികളെ പട്ടിണിയാക്കിക്കൊണ്ട് കയർ വ്യവസായത്തെ താറുമാറാക്കിക്കൊണ്ട് ധനികകർഷകരെ സഹായിക്കുകയാണ്. കശുവണ്ടിത്തൊഴിലാളികളുടെ സ്ഥിതിയെന്താണ്? കാപ്പക്സുണ്ടാക്കി ജോലി കൊടുത്തു. എത്ര ദിവസം മൊത്തം കശുവണ്ടിത്തൊഴിലാളികൾക്ക് ജോലികിട്ടി? നിങ്ങളുടെ ഭരണസമ്പ്രദായമാണ്. ട്രേയിഡേഴ്സിനും എജൻസിനും നിങ്ങൾ കൂട്ടുനിൽക്കുന്നു അല്ലേ? കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി നഷ്ട

LIBRARY ARCHIVES Kerala Legislative Assembly

പ്പെടുത്തിക്കൊണ്ട് എജൻസികൾക്ക് കൂട്ടുനിൽക്കുന്ന എർപ്പാടല്ലേ യിത്? അന്യസംസ്ഥാനങ്ങളിലേക്ക് ഈ വ്യവസായം കടന്നു പോകുകയല്ലേ ഇപ്പോഴും. അന്യസംസ്ഥാനത്തേക്ക് ഈ വ്യവസായം കടന്നു പോകുമ്പോൾ നിങ്ങളുടെ മന്ത്രിസഭയിലെ വകുപ്പാക്കാരൻ പറഞ്ഞു തൊഴിലാളികൾക്ക് കൂലി കുറയ്ക്കണമെന്ന്. കൂലി കുറയ്ക്കാത്തതുകൊണ്ടാണ് അന്യ സംസ്ഥാനങ്ങളിലേക്ക് പോകുന്നതെന്ന്, അതാണോ സിദ്ധാന്തമെന്ന് ഞാൻ ചോദിക്കുന്നു. അതാണോ ശരിയായ മാർഗ്ഗം? കശുവണ്ടിത്തൊഴിലാളികളുടെ സ്ഥിതിയെന്താണ്? നിങ്ങൾ കഴിഞ്ഞ മന്ത്രിസഭയിൽ പറഞ്ഞിരുന്നല്ലോ നാളികേര കർഷകന്റെ കാര്യത്തെക്കുറിച്ച്. നാളികേരകർഷകനാണ് നാടിന്റെ നട്ടെല്ല് എന്നു പറഞ്ഞു. അതിൽ ചില നടപടികൾ സ്വീകരിക്കുമെന്നു പറഞ്ഞു. നടപടികൾ സ്വീകരിച്ചതായി അവകാശപ്പെടുകയും ചെയ്തല്ലോ? ഇന്ന് നാളികേര കർഷകന്റെ സ്ഥിതിയെന്താണ്? നാളികേരത്തിന് വിലയെന്ത്? ഗവൺമെന്റിന് എന്തു ചെയ്യാൻ കഴിഞ്ഞു? നാഫെഡ് എവിടെ? മാർക്കറ്റിംഗ് ഫെഡറേഷൻ എവിടെ? ആര് വാങ്ങിക്കുന്നു നാളികേരം. നാളികേരത്തിന് എന്തു വിലയുണ്ടെന്നെ പറയാമോ? ഇതാണ് നാളികേരകർഷകന്റെ സ്ഥിതി. ബാക്കി കർഷകരുടെ പൊതുവായ സ്ഥിതിയെക്കുറിച്ച് പറയുന്നില്ല. ഇതാണ് നമ്മുടെ കർഷക ജനതയുടെ സ്ഥിതി. പരമ്പരാഗത വ്യവസായത്തൊഴിലാളികളുടെ സ്ഥിതിയെന്താണ്? വ്യവസായത്തിന്റെ സ്ഥിതി ഇതൊക്കെയാണെങ്കിൽ പണം എന്തിന് നിങ്ങൾക്ക് അനുവദിച്ചുതരണമെന്ന് ചോദിക്കുകയാണ്. ഒരു കാര്യം അറിയാനുള്ള കൗതുകം കൊണ്ട് ചോദിക്കുകയാണ്. അങ്ങയുടെ ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ മുതിർന്ന ഉദ്യോഗസ്ഥൻമാർ ആരെങ്കിലും പെൻഷൻ പറ്റിയിട്ടുണ്ടോ? പെൻഷൻകാരെ നിയമിക്കുന്ന ജോലിയല്ലേ നിങ്ങൾക്ക് ഇപ്പോഴുള്ളത്? ആശ്രിതരെ നോക്കിയല്ലാതെ വൈദഗ്ദ്ധ്യം നോക്കിയാണോ നിയമിക്കുന്നത്? ദൈവം എന്താണിത്ര വലിയ വൈദഗ്ദ്ധ്യം. നമുക്ക് അറിയുമോ? അദ്ദേഹത്തിന്റെ സേവനം പല രംഗങ്ങളിലും നമുക്ക് ആവശ്യമായി വരികയില്ലെ. ഇത്രയേറെ കാലാവധി നീട്ടിക്കൊടുക്കണ്ട കാര്യമുണ്ടോ? ഞാൻ വ്യക്തിപരമായി പേര് എടുത്തു പറഞ്ഞ് ആരെയും ആക്ഷേപിക്കയല്ല. മുമ്പ് എടുത്ത തീരുമാനം, ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് നയപരമായ ഒരു തീരുമാനമെടുത്തിരുന്നു. പെൻഷൻ പറ്റാനുള്ള ആളുകളെ പെൻഷൻ പറ്റാൻ അനുവദിക്കണം. അവരെ മറ്റു തസ്തികകളിലേക്ക് നിയമിക്കരുതെന്നൊരു തീരുമാനമെടുത്തിരുന്നു. ഇപ്പോൾ ഓരോ ബോർഡുകളിലും, ഓരോ സ്ഥാപനങ്ങളിലും ആരാണ്? ഇത് നമുക്ക് നല്ലതാണോ എന്ന് നിങ്ങൾ ആലോചിക്കണം. അവരെ പെൻഷൻ പറ്റാൻ നിങ്ങൾ അനുവദിക്കൂ. അങ്ങനെ ആകെക്കൂടി നോക്കുമ്പോൾ നിങ്ങൾ എന്താണ് നേട്ടമുണ്ടാക്കിയത്? വേദനയോടുകൂടിയാണ് പറയുന്നത്. ഈ നാടിന് അപമാനകരമാണ് ഈ മന്ത്രിസഭയ്ക്കും രാഷ്ട്രീയത്തിനും അപമാനകരമാണ്. മുഖ്യമന്ത്രിയും ഞാനുമെല്ലാം രാഷ്ട്രീയത്തിലിറങ്ങിയിട്ട് വർഷമെത്രയായി. ഇന്ന് രാഷ്ട്രീയക്കാരെക്കുറിച്ച് പുച്ഛഭാവമാണ്. അതിന് കാരണം നിങ്ങളുടെ മന്ത്രിസഭയുടെ ചെയ്തികളാണ്. അഴിമതി സാർവ്വത്രികമാക്കി. അതിന്റെ ഫലമായിട്ട് രാഷ്ട്രീയത്തെയും രാഷ്ട്രീയക്കാരെയും

LIBRARY ARCHIVES Kerala Legislative Assembly

പച്ഛമായിരിക്കുന്നു. ഇങ്ങനെ നാടിന് അപമാനമാണ് ഈ മന്ത്രിസഭയെന്നുള്ളതിൽ കവിഞ്ഞ് നിങ്ങളെന്ത് നേട്ടമുണ്ടാക്കി യെന്നു പറഞ്ഞാൽ കൊള്ളാമെന്ന് ആഗ്രഹമുണ്ട്.

അതുപോലെ ഞാൻ വേറൊരു കാര്യം ചോദിച്ചുകൊള്ളട്ടെ. ഒരു നിസ്സാര കാര്യമാണ്. എങ്കിലും എന്നെ അത് അൽപ്പം ചൊടിപ്പിച്ച കാര്യമാണ്. അതുകൊണ്ടാണ് ഞാൻ അത് മുഖ്യ മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പലരുടേയും പല നട പടികളോടും എനിക്ക് യോജിപ്പില്ല. അത് മറെറാരു കാര്യം. കേസ്സൊക്കെ കൊടുക്കുന്ന രാജേന്ദ്രൻ എന്നൊരു ചെറുപ്പക്കാരനുണ്ട്. അയാളം കേസ്സ് കൊടുക്കുന്ന രീതിയെപ്പററിയൊന്നും അഭിപ്രായം പറയാനുള്ള ഒരു വേദിയാക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഈ സംസ്ഥാനത്തെ അഡ്വക്കേററ് ജനറൽ ആ പയ്യന്റെ പേർക്ക് കേസ്സ് കൊടുത്തത് എന്ത് നാണംകെട്ട ഏർപ്പാടായിപ്പോയിയെ ന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അഡ്വക്കേററ് ജനറൽ കേസ്സ് കൊടുത്തത് സ്വന്തം നിലക്കല്ലല്ലോ. ഈ സംസ്ഥാന ത്തിനുവേണ്ടിയല്ലേ. ഈ മന്ത്രിസഭയ്ക്കു വേണ്ടിയല്ലേ? ഈ രാജേന്ദ്രൻ അനാവശ്യമായ കേസ്സുകാരനാണ് അതുകൊണ്ട് അതിൽനിന്ന് വിലക്കണമെന്ന് പറഞ്ഞ് കേസ്സ് കൊടുത്തു. കേസ്സ് കോടതി തള്ളി. എന്നിട്ട് പിന്നെയെന്താണ് നിങ്ങൾ ചെയ്തത്. ഇപ്പോൾ അപ്പീലിനു പോയിരിക്കയാണ്. ഇങ്ങനെ യുണ്ടോ ഒരേർപ്പാട്. ഇതാണ് ഈ ഗവൺമെൻറിന്റെ സ്വഭാവം. ചിലരെ ചിലപ്പോൾ അസുഖകരമായി ബാധിക്കുന്ന പ്രശ്നങ്ങൾ വരുമ്പോൾ അത് സഹിഷ്ണുതയോടെ നേരിടുന്നതിനുപകരം ഇങ്ങനെ മോശപ്പെട്ട പ്രവർത്തികൾ ചെയ്യുന്നു. നിങ്ങൾക്ക് മാത്രമല്ല അതിന്റെ ദോഷം. ഈ മന്ത്രിസഭയുടെ അന്തസ്സ് മാത്രമല്ല പോകുന്നത്, ഈ നാടിന്റെ രാഷ്ട്രീയ പ്രബുദ്ധതയുടെ മുമ്പിൽ ചോദ്യചിഹ്നമായി വരുന്നു. ഒരു നിസ്സാരകാര്യമാ ണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. എങ്കിലും മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് ഇത് മുഖ്യമന്ത്രിക്ക് വേണമായി രുന്നോ എന്നാണ്. ഒന്നാലോചിക്കൂ. ആ അയ്യപ്പനെ എന്തിനാണ് ഇങ്ങനെ വിഡ്ഢിവേഷം കെട്ടിച്ച്.

ഞാൻ പറഞ്ഞല്ലോ ഈ രാജേന്ദ്രന്റെ നടപടികളെ സംബന്ധിച്ച് ന്യായീകരിക്കുകയോ, എതിർക്കുകയോ അല്ല ചെയ്യുന്നത് എന്ന്. ആ ആളം കണ്മോനം കുസൃതിക്കാരനാണെന്ന് പറഞ്ഞ് കേസ്സ് കൊടു ക്കുന്നത് ഗവൺമെൻറിന് ഭൂഷണമല്ല ഗവൺമെൻറിനുവേണ്ടി അഡ്വക്കേററ് ജനറൽ കോടതിയിൽ പോകുന്നത് മോശമാണ്. അതുപോലെ തന്നെ ഞാൻ വേറൊരു കാര്യം ചോദിക്കുകയാണ്. ഒരു നിസ്സാര കാര്യമാണ്. എങ്കിലും എന്നെ അത് അൽപ്പം ചൊടിപ്പിച്ച കാര്യമായതുകൊണ്ടാണ് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഈ അഡ്വക്കേററ് ജനറൽ ഈ പയ്യന്റെ പേർക്ക് കേസ്സ് കൊടുത്തു എന്നൊക്കെയാണ്. അഡ്വക്കേററ് ജനറൽ സ്വന്തം നിലയ്ക്കല്ലല്ലോ പ്രവർത്തിക്കുന്നത് ഈ സംസ്ഥാനത്തിനു വേണ്ടിയല്ലേ? നിങ്ങൾക്ക് വേണ്ടിയല്ലേ? നിങ്ങളുടെ മന്ത്രി സഭയ്ക്ക് വേണ്ടിയല്ലേ? ഇത് അനാവശ്യമായ കേസ്സുകളാണ്. അതുകൊണ്ട് അതിൽനിന്നും വിലക്കണമെന്ന് പറഞ്ഞ് കേസ്സ് കൊടുത്തു. നാണമുണ്ടോ എന്ന് ഞാൻ ചോദി ക്കുന്നു. അത് കഴിഞ്ഞ് എന്താണ് ചെയ്തത്? കേസ്സ് കോടതി

LIBRARY ARCHIVES Kerala Legislative Assembly

തള്ളി. ഇപ്പോഴത്തെ അപ്പീൽ ഈ ഗവൺമെന്റിന്റെ സ്വഭാവവും ചിലരെ ചിലപ്പോൾ അസുഖകരമായി ബാധിക്കുന്ന, വിചാരത്തിലേക്ക് കൊണ്ട് തള്ളി വിടുന്ന ഒരു പ്രശ്നം വരുമ്പോൾ അത് സഹിഷ്ണുതയോടുകൂടി നേരിടുന്നതിനു പകരം ഇങ്ങനെ മോശപ്പെട്ട വിചാരങ്ങൾ, മോശപ്പെട്ട പ്രവർത്തനങ്ങളിലേക്ക് നിങ്ങുന്നതു കൊണ്ട് നിങ്ങൾക്ക് മാത്രമല്ല അതിന്റെ ദോഷം. ഇത് മന്ത്രിസഭയുടെ മാത്രമല്ല നാടിന്റെ രാഷ്ട്രീയ പ്രബുദ്ധതയുടെ മുൻപിൽ പോദ്യചിഹ്നമായി വരുന്നു. ആരെങ്കിലും കേസ് കൊടുത്താൽ പിന്നെ അഡ്വക്കേറ്റ് ജനറൽ ഗവൺമെന്റിന് വേണ്ടി അയാളെ കേസിൽ നിന്നും തള്ളിക്കണം. ഇത് നിസ്സാര കാര്യമാണെന്ന് മുഖ്യമന്ത്രി പറയും എങ്കിലും ഇത് മുഖ്യമന്ത്രിക്ക് വേണമായിരുന്നോ? എനിക്ക് നാണക്കേട് തോന്നിപ്പോകുന്നു. എന്താണ് അയ്യപ്പൻ ഇവിടെ വിഡ്ഢിവേഷം കെട്ടുന്നത്? യാതൊരു സംശയവും ഈ കാര്യത്തിൽ എനിക്കില്ല. അതാണ് ഞാൻ ഈ കാര്യത്തെക്കുറിച്ച് പറയുന്നത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഗവൺമെന്റിനു വേണ്ടിയല്ല ഇതിൽ അഡ്വക്കേറ്റ് ജനറൽ അപ്പീയർ ചെയ്തത്. അദ്ദേഹം അദ്ദേഹത്തിന്റെ സ്വകാര്യ കംപ്ലയിന്റിനെക്കുറിച്ച് ആയിരുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. ബേബി ജോൺ: എന്നാൽ അയ്യപ്പനെ അഡ്വക്കേറ്റ് ജനറൽ സ്ഥാനത്തുനിന്നു പിരിച്ചു വിടണം. ഇത് മോശമാണ്. ഞാൻ ഓർത്തു പോകുന്നു, അങ്ങ് ഇടയ്ക്കിടയ്ക്ക് ഇങ്ങനെ പറയാറുണ്ട്. കഴിഞ്ഞ സഭയിൽ വന്ന് പറഞ്ഞു, ഈ കുവൈറ്റികളുടെ കാര്യം വന്നപ്പോൾ ഞാൻ അല്ല ഒപ്പിട്ടതെന്ന് പറഞ്ഞ് കൈ ഒഴിയാൻ ശ്രമിച്ചില്ലേ? പിന്നെ ഒടുവിൽ അങ്ങ് പറഞ്ഞു ഞാൻ ഏൽക്കുന്നു എന്ന്. അതുപോലെ തന്നെ ഇപ്പോൾ അഡ്വക്കേറ്റ് ജനറലിന്റെ കാര്യം വന്നു. ഈ ഗവൺമെന്റിനു ഉത്തരവാദിത്വമുണ്ട്, അങ്ങ് ഇങ്ങനെ ചെറുതാകരുത്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): അദ്ദേഹത്തിന്റെ കുടുംബത്തെക്കുറിച്ചുള്ള കേസ് വന്നപ്പോഴാണ് അദ്ദേഹം അതിനു കേസ് കൊടുത്തത്. ഗവൺമെന്റിനു വേണ്ടിയല്ല.

ശ്രീ. ബേബി ജോൺ: ആരുടെ കുടുംബത്തെക്കുറിച്ചായാലും ശരി അഡ്വക്കേറ്റ് ജനറൽ കൊടുക്കാൻ പാടില്ല. ഞാൻ അങ്ങനെ നിർത്തുകയാണ്. അതിലേയ്ക്ക് കടക്കുന്നില്ല. ഈ കഴിഞ്ഞ നിയമസഭാ സമ്മേളന കാലത്ത് ഉണ്ടായിരുന്ന അന്തരീക്ഷം എന്തായിരുന്നു? അദ്ദേഹം ബുദ്ധിമാനാണ്. അതിൽ തർക്കമില്ല. തന്ത്രപൂർവ്വം കുരുക്കും നീക്കുന്നുണ്ട്. കഴിവുള്ള ഒരാളാണ് ശ്രീമാൻ കരുണാകരൻ. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനു മുൻപ് എന്തായിരുന്നു? പ്രതിപക്ഷമായ, ഇടക്കാല തെരഞ്ഞെടുപ്പ് വകുപ്പ് വിജ്ഞനം. കുപ്രസിദ്ധമായ ഹെലിക്കോപ്റ്റർ യാത്ര, പാവം ആനേറായുമായുള്ള യാത്ര. ചാരായം ഉൽപ്പാദിപ്പിക്കാൻ വേണ്ടി ഡിസ്റ്റിലറി ആനേറായ്ക്ക് കൊടുത്തത് രണ്ടു ഓസൻമാരെ കൊടുത്തത്. ഇതെല്ലാം കൊണ്ട് അന്തരീക്ഷം വളരെ കലുഷിതമായിരുന്നു. ഈ നിയമസഭാ കൂടുമ്പോൾ എന്താണ് സ്ഥിതി എന്ന് അദ്ദേഹം ആലോചിച്ചു. അദ്ദേഹം ഒരു വേല ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം ഒന്നും ഞാൻ പറയുന്നില്ല. അദ്ദേഹത്തിന്റെ ഓഫീസാണ് എന്നു എനിക്കറിയാം. കുവൈറ്റികളുടെ വാർത്ത പത്രത്തിൽ കൊടുത്തു. അദ്ദേഹത്തിനു ലക്ഷ്യമുണ്ടായിരുന്നു. ലീഗിനെ ഒതുക്കണം അതു ഞാൻ കഴിഞ്ഞു പ്രാവശ്യം പറഞ്ഞതാണ്. പിന്നെ രവിയെ പുകയ്ക്കണം. തന്റെ ആൻറോ കാര്യമൊക്കെ അങ്ങ് അടിയിൽ പോകണം. കുവൈറ്റികളും മുകളിൽ നിൽക്കണം. കഴിഞ്ഞ പ്രാവശ്യം കുറച്ചൊക്കെ ഫലിച്ചു. ഞാൻ സമ്മതിക്കുന്നു. ഇപ്പോഴും അദ്ദേഹം ഒരു വേല ചെയ്തു. പ്രീഡിഗ്രി ബോർഡ്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: അന്നു കുവൈറ്റികാർക്കെതിരായി ഒരു പ്രമേയം അവതരിപ്പിച്ചത് അങ്ങ് മുഖ്യമന്ത്രിക്കു വേണ്ടി അവതരിപ്പിച്ചതു ആയിരുന്നോ?

ശ്രീ. ബേബി ജോൺ: രാജ്യസ്നേഹം ആണ് എന്നെ അതിനു പ്രേരിപ്പിച്ചത്. ഞാൻ പറഞ്ഞു വന്നത് ഇപ്പോഴും വേറൊരു വിദ്യ പ്രയോഗിച്ചു, പ്രീഡിഗ്രി ബോർഡ്. ബോർഡിന്റെ ന്യായാന്യായങ്ങളെക്കുറിച്ച് പിന്നീട് ചർച്ച ചെയ്യാം. മനഃപ്പൂർവ്വമല്ലെങ്കിൽ പരീക്ഷാ കടലാസ് നോക്കി തീരാറായ അവസരത്തിൽ ഈ തീരുമാനം പത്രക്കാരോട് പറയണമോ? വാല്യൂഷൻ തീരാറായി. പ്രീഡിഗ്രി പരീക്ഷാഫലം പുറത്തു വരാറായി. ആ സമയത്ത് നിങ്ങളും മനഃപൂർവ്വമായിട്ടാണ് ഇതിനു തീരുമാനമെടുത്തത്. അല്ലെങ്കിൽ പരീക്ഷാ ഫലം കഴിഞ്ഞു പോരായിരുന്നോ ഈ തീരുമാനം. മന്ത്രി സഭാ തീരുമാനം കഴിഞ്ഞ ഉടൻ പറഞ്ഞതാണിത്.

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്): പ്രീഡിഗ്രി ബോർഡിനുവേണ്ടി തീരുമാനം എടുത്ത സമയം ശരിയായില്ല എന്നാണോ ബഹുമാനപ്പെട്ട ബേബിജോൺ പറയുന്നത്.

ശ്രീ. ബേബി ജോൺ: പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്യാം. എന്നാൽ ആ കാര്യത്തിൽ അഭിപ്രായമുണ്ട്. നിങ്ങൾക്ക് അറിഞ്ഞുകൂടായിരുന്നോ വിദ്യാർത്ഥികൾ എതിർക്കുമെന്ന്. നിങ്ങൾക്ക് അറിഞ്ഞുകൂടായിരുന്നോ കോളേജ് അദ്ധ്യാപകർ എതിർക്കുമെന്ന്. നിങ്ങൾക്ക് അറിഞ്ഞുകൂടായിരുന്നോ കോളേജിലെ നോൺ ടീച്ചിംഗ് സ്റ്റാഫ് എതിർക്കുമെന്ന്. ഈ തീരുമാനം നിങ്ങൾക്ക് അൽപ്പം വൈകിച്ചുകൂടായിരുന്നോ? ഞാൻ പറഞ്ഞത് നിങ്ങൾ മനഃപ്പൂർവ്വമായി ഒരു പ്രശ്നം ഒരു സമയത്ത് അഴിച്ചുവിട്ടു. ഇപ്പോഴത്തെ പ്രധാന പ്രശ്നം അതല്ല. ഇപ്പോൾ പ്രീഡിഗ്രി ബോർഡല്ല പ്രധാന പ്രശ്നം. എന്തെല്ലാം നടന്നു അതിനുവേണ്ടി? അതാണ് ഞാൻ പറഞ്ഞത് പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച് എനിക്കുള്ള അഭിപ്രായം എന്റെ പാർട്ടിക്കുള്ള അഭിപ്രായം, ഇടതു ജനാധിപത്യ മുന്നണിക്ക് ഉള്ള അഭിപ്രായമൊക്കെതന്നെ ഇവിടെ വരും. നിങ്ങൾ മനഃപ്പൂർവ്വമായി കഴിഞ്ഞ സമ്മേളനത്തിൽ കുവൈറ്റ് പ്രശ്നം എടുത്തു. അതുപോലെ ഈ സമ്മേളനത്തിൽ നിങ്ങൾ പ്രീഡിഗ്രി ബോർഡ് എടുത്തിരിക്കുന്നു. അതോടുകൂടി വളരെയേറെ ശബ്ദമുണ്ടാക്കിയ ഒരു പ്രതിഷേധമായ പ്രക്രിയ ഏതാണ്ട് ഇന്ന് തീർന്നു. അഹമ്മദിന്റെ മരണം നല്ലതാണ്. നഹാ സാഹിബ്ബിന്റെ മരണം നല്ലതാണ്. സിവിൽ സപ്ലൈസിന്റെ മരണം നല്ലതാണ്. ആകെ

LIBRARY ARCHIVES Kerala Legislative Assembly

മാറാൻ കണ്ടതു് എന്താണു്? മാണിയുടെ ധനകാര്യവും രവിയുടെ ആഭ്യന്തരവും. ഞാൻ അന്നു് പറഞ്ഞു, ഉദ്ദേശമുണ്ടു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കു് എന്നു്. അങ്ങനെ മാറണമെന്നു് ഉദ്ദേശമുണ്ടെന്നു് പറഞ്ഞതു് പലതും പൂഴ്ത്തിവയ്ക്കാനാണു്. ഞാൻ അന്നു് അതു് പറഞ്ഞപ്പോഴും പൈപ്പിന്റേയും വാഴവിന്റേയും കേസ്സുകളൊക്കെ പൂഴ്ത്തി വയ്ക്കാനും അങ്ങോട്ടു കൊണ്ടു പോകാനുമാണു് എന്നു് പറഞ്ഞപ്പോഴും പത്രക്കാർ ആരോ അങ്ങയോടു് ചോദിച്ചു ബേബീജോൺ ഇങ്ങനെ പറയുന്നുണ്ടല്ലോ എന്നു്. അന്നു് അങ്ങു് പറഞ്ഞ മറുപടിയും വന്നു. ''അതു് അവരുടെ കാലത്തായിരുന്നു'' എന്നു്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കു് കടക്കുന്നില്ല. ഞാൻ അങ്ങയോടു് വിനീതമായി ചോദിക്കുന്നു. നമ്മുടെ 'ഔഷധിയുടെ' മാനേജിംഗ് ഡയറക്ടർ ഉണ്ടായിരുന്നല്ലോ? അദ്ദേഹത്തിന്റെ പേർക്കു് വിജിലൻസ് ഒരു കേസ് രജിസ്റ്റർ ചെയ്തല്ലോ? കൊല്ലം രണ്ടു് രണ്ടര കഴിഞ്ഞല്ലോ? നിങ്ങടെ പ്രോസിക്യൂഷനു് അനുവാദം വേണമെന്നു് ആവശ്യപ്പെട്ടു. എന്തു് ചെയ്തു ഇതുവരെ? അങ്ങയുടെ ഓഫീസിൽ എത്ര നാളായി ഫയൽ വന്നിട്ടു്? എത്രനാളായി ഞാൻ പറയുന്നു ഒരു കൊല്ലത്തിൽ കൂടുതലായി ഒരു ഫയൽ അങ്ങയുടെ ഓഫീസിൽ വന്നിട്ടു്. ഇതിൽ നമുക്കൊക്കെ അപമാനമല്ലേ? ഞാൻ പറയുന്നതു് അങ്ങേയ്ക്കു് ഉത്തരവാദിത്വത്തോടുകൂടി അന്വേഷിക്കാൻ കഴിയുമെങ്കിൽ അന്വേഷിക്കു്. എസ്.കെ. പിള്ളയുടെ ഫയൽ ഹോം ഡിപ്പാർട്ടുമെന്റിൽനിന്നു കണ്ടു് ഹെൽത്തു് ഡിപ്പാർട്ടുമെന്റിലേക്കു് അയച്ചു. ആ ഫയൽ മടങ്ങി വന്നിട്ടില്ല. അന്വേഷിച്ചപ്പോഴാ ഫയൽ കണ്ടില്ലെന്നു് പറഞ്ഞു. ആ ഫയൽ ഇതുവരെ കണ്ടിട്ടില്ല. നിങ്ങളുടെ ഭരണകാലത്തു് നടന്ന കാര്യമാണു് പറയുന്നതു്. ആ ഫയൽ പിന്നീടു് ഹോം ഡിപ്പാർട്ടുമെന്റു് റീ—കൺസ്ട്രക്റ്റു് ചെയ്തു. വീണ്ടും അങ്ങേയ്ക്കു് അയച്ചു. അപ്പോഴാ അവർ ഒറിജിനൽ ഫയൽ അയച്ചില്ല. മുഖ്യമന്ത്രിക്കു് ഒറിജിനൽ ഫയൽ അയക്കാതെ ഫോട്ടോസ്റ്റാറ്റു് കോപ്പിയാണു് അയച്ചതു്. മറ്റേ ഫയൽ പോയല്ലോ എന്നു് പേടിച്ചു. മോശമല്ലേ. ഞാൻ പറയുന്നതു് നിഷേധിക്കുമെങ്കിൽ നിഷേധിക്കു. ഫോട്ടോസ്റ്റാറ്റു് കോപ്പിയുടെ ഫയലാണു് അപ്പേയ്ക്കു് അയച്ചു തന്നതു്. പിന്നെ അങ്ങയുടെ ഡിപ്പാർട്ടുമെന്റിൽനിന്നു് ഒറിജിനൽ ഫയൽ വേണമെന്നു് പറഞ്ഞു് ആവശ്യപ്പെട്ടു. ഒറിജിനൽ തന്നിട്ടു് നാളെത്രയായി? അതാണു് ഞാൻ പറഞ്ഞതു് ഇതു് കുറ്റവാളികളെ സംരക്ഷിക്കുന്നതിനു് വേണ്ടിയുള്ള നടപടിയാണു്. അതുപോലെ അസുഖകരമായിരുന്നു പൈപ്പു് കേസു്, അതുപോലെ അസുഖകരമായിരുന്നു വാൽവു് കേസു്. ആ കേസ്സുകളും തുടക്കണമെന്നു് അങ്ങേയ്ക്കു്. ആഗ്രഹമുണ്ടു്. അതുകൊണ്ടാണു് ഞങ്ങളും ന്യായമായി സംശയിക്കുന്നതു്. സംശയിക്കാൻ എന്നെ പ്രേരിപ്പിച്ച വസ്തുത എസ്.കെ. പിള്ളയുടെ കേസ്സാണു്. കഴിഞ്ഞ നിയമസഭയിൽ പറഞ്ഞു ആവശ്യമായ നടപടി ഉടൻ എടുക്കുമെന്നു്. അതുകൊണ്ടാണു് ഞാൻ പറഞ്ഞതു് വെറുതെ ആക്ഷേപിക്കാനല്ല. നിങ്ങളുടെ ഗവൺമെന്റു് ചെയ്യുന്ന കാര്യങ്ങളും ഇങ്ങനെയൊക്കെയാണു്. നല്ല മുഖമുദ്രയായ ആയല്ലോ! ഇപ്പോഴാ മാണി ധനകാര്യം വിട്ടപ്പോഴാ കാര്യം ഭംഗിയായോ? രവി ആഭ്യന്തരം വിട്ടപ്പോഴാ കാര്യം ഭംഗിയായോ? അപ്പോഴാ മാണിയും രവിയുമായിരുന്നു കുഴപ്പം വരുത്തിയതു്. ഇന്നത്തെ മറുപടിയിൽ മാണി ഒരു വേല വച്ചു.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ബഡ്ജറ്റിൽ 15 കോടി രൂപ ഏതു് ഞാൻ പറഞ്ഞപ്പോഴും അതു് 101 കോടിയായിരുന്നു മിച്ചം എന്നു്. കാരണം തച്ചടിയെ വെള്ളത്തിലാക്കാൻ ചെയ്ത വേലയാണു്. 15 കോടി ബഡ്ജറ്റ് എസ്റ്റിമേറ്റിൽ, അപ്പോഴും വിശദീകരണത്തിൽ കോടി മിച്ചം വരുമെന്നു് പറഞ്ഞതു് കൂടി ഇരുന്നു് കാലു വാരുന്ന ഏർപ്പാടാണു്. അതല്ലേ ചെയ്തത്? ഞാൻ ചോദിക്കട്ടെ. അങ്ങയുടെ പ്രതിഛായ നന്നാക്കുന്ന പ്രക്രിയയിൽ എന്തെല്ലാം കോലാഹലമായിരുന്നു ഈ നാട്ടിൽ. പ്രസംഗിച്ചതു പോലും പ്രസംഗിച്ചിട്ടില്ല പോലും. അതു് മറ്റൊരു കാര്യം. ബാലകൃഷ്ണപിള്ള എന്തായി എന്നു് ചോദിച്ചപ്പോഴും എന്തു് പിള്ള, ഏതു് പിള്ള, എന്താണു് പ്രശ്നം. എന്നു് അങ്ങു് ചോദിച്ചു. ബാലകൃഷ്ണപിള്ള ചോദിച്ചു എന്തു് കരുണാകരൻ, ഏതു് കരുണാകരൻ, ഏതു് മുഖ്യൻ എന്നു്. അങ്ങനെയല്ലേ നിങ്ങൾ തമ്മിൽ നടന്ന സംവാദം. ഞാൻ ചോദിക്കുന്നു കെ.പി.സി.സി. പ്രസിഡൻറു് അവിടെ ഇരിക്കുന്നല്ലോ, കെ.പി.സി.സി. പ്രമേയം പാസ്സാക്കിയില്ലേ ഈ ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിൽ എടുക്കരുതെന്നു് പറഞ്ഞു്. പക്ഷേ ആ തീരുമാനം വക വച്ചില്ല. കെ.പി.സി.സി. പ്രസിഡൻറിൻെറ കസേര അനങ്ങുമെന്നു വന്നപ്പോഴേ പിള്ളയെ മന്ത്രിസഭയിലെടുത്തു. പാവം ജാനകിയമ്മ. പെൻഷൻ പറഞ്ഞ അവരെക്കൊണ്ടു് ഇങ്ങനെ ചെയ്യിക്കണമായിരുന്നോ എന്നാണു് ഞാൻ ചോദിക്കുന്നതു്. ഇവിടെ ഓരോ കമ്മീഷൻ റിപ്പോർട്ടു് വരാൻ എത്രയോ താമസമുണ്ടാകുന്നു. ഇതു് വളരെ പെട്ടെന്നു് കിട്ടിയില്ലേ? മുഖച്ഛായ നന്നാക്കാൻവേണ്ടി ബാലകൃഷ്ണ പിള്ളയെ മന്ത്രിസഭയിലെടുത്തു. രവി ചെയ്തതുപോലും ചെയ്യാൻ മാണിക്കു് സാധിച്ചില്ല. നക്കാപിച്ച പിടിച്ചു് അള്ളിപ്പിടിച്ചിരിക്കുകയാണു്. മന്ത്രിസഭയുടെ പ്രതിച്ഛായ നന്നാക്കാൻ വേണ്ടിയാണിതു് ചെയ്തതു്. കേരളാ കോൺഗ്രസ് ബാലകൃഷ്ണപിള്ളയെ എടുക്കണമെന്നു പറഞ്ഞു് നിർബന്ധം പിടിച്ചു. ബാലകൃഷ്ണ പിള്ളയോടുള്ള സ്നേഹംകൊണ്ടൊന്നുമല്ല അവർ അങ്ങിനെ ചെയ്തതു്. നിങ്ങളുടെ ഒരു തീരുമാനം പത്രങ്ങളിൽ കണ്ടു. ഔദ്യോഗികമായ തീരുമാനമല്ല, അനൗദ്യോഗികമായ തീരുമാനമാണെന്നു പറഞ്ഞു. കമ്മീഷനു് വിശദമായ അന്വേഷണം വേണമെന്നു പറഞ്ഞാൽ മന്ത്രിമാരോ പൊതു പ്രവർത്തകരോ ഏതെങ്കിലും ഉന്നതസ്ഥാനത്തിരിക്കുന്നവരോ രാജി വയ്ക്കേണ്ട കാര്യമില്ലെന്നാണു് തീരുമാനം എടുത്തിരിക്കുന്നതു്. അനൗദ്യോഗികമായ തീരുമാനം എടുത്തതു് പത്രങ്ങളിൽ വന്നതാണു്. ബഹുമാനപ്പെട്ട ശ്രീനിവാസൻെറ പേർക്കു് വന്ന ആരോപണങ്ങളെപ്പറ്റി അന്വേഷിക്കണമെന്നു പറഞ്ഞപ്പോഴും ബഹുമാന്യനായ മുഖ്യമന്ത്രി ഉപദേശിച്ചു രാജി വയ്ക്കു് എന്നു്. അതിൻെറ മൂന്നാം ദിവസം കൂടിയ ക്യാബിനറ്റിലാണു് മന്ത്രിമാരുടെ പേർക്കു് ഇങ്ങനെ അന്വേഷണം വേണമെന്നു പറഞ്ഞാൽ രാജിവയ്ക്കേണ്ട എന്നു തീരുമാനിച്ചതു്. എസ്.ആർ.പി.യെ പുറത്താക്കണമായിരുന്നു. അതിനൊരവസരം കിട്ടി. എൻ.ഡി.പി.യുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണു്? കേരളാ കോൺഗ്രസ് മിന്നിക്കാൻ പോകുന്നു എന്നാണു് പത്രങ്ങളിലൊക്കെ കാണുന്നതു്. അങ്ങനെ ഉണ്ടാകാതിരിക്കട്ടെ എന്നു ഞാൻ ആഗ്രഹിക്കുന്നു. പണ്ടും ഉണ്ടായിരുന്നല്ലോ കളി. ഇപ്പോഴും ഇടയ്ക്കു് വേലയുണ്ടു്. ആ വേലകളൊക്കെ നടക്കുന്നുമുണ്ടു്. ലീഗിനെ മാത്രം ഒന്നും ചെയ്യുകയില്ല. അതു്

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പമാണെന്നറിയാം. മറ്റുള്ളവരെയൊക്കെ തിന്നിപ്പിച്ചു നിറുത്തുക എന്നുള്ള ഒരേർപ്പാടാണ് ഇവിടെ നടക്കുന്നത്. നാടു നന്നാക്കണമെന്നില്ല. നാടു നന്നാക്കാൻ വേണ്ടി എന്തു ചെയ്തു? ഇപ്പോഴും ചെയ്തിരിക്കുന്നത് തന്റെ കസേര സുക്ഷിക്കുക എന്നുള്ളതു മാത്രമാണ്. നമ്മൾ എത്രയോ കാലമായി ഒന്നിച്ച് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നു. ഞാൻ അങ്ങയോട് വിനീതമായി ചോദിക്കുകയാണ്, ഇതുവരെ ഏതെങ്കിലും ഒരു മുഖ്യ മന്ത്രിയുടെ പേരിൽ ഇത്രയേറെ ആരോപണങ്ങൾ ഉണ്ടായിട്ടുണ്ടോ? കഴിഞ്ഞ നിയമസഭയിൽ വളരെ വികാരരഹിതനായി അങ്ങ് പറഞ്ഞു. ഗൗരിയമ്മ തന്നെ അന്വേഷിക്കട്ടെ എന്ന്. പൊതു പ്രവർത്തകരുടെ അഴിമതി നിരോധന നടപടികളെ സംബന്ധിച്ചുള്ള അന്വേഷണത്തെക്കുറിച്ച് ഇവിടെ പ്രസംഗിച്ചു. ഞാൻ വിനീതനായി ചോദിക്കട്ടെ, അങ്ങ് അതിന് തയ്യാറാകുമോ? പൊതു പ്രവർത്തകരെന്ന് അറിയപ്പെടുന്നവരുടെ വരുമാന മാർഗ്ഗവും അവർക്കുള്ള സ്വത്തും തമ്മിൽ അന്തരം ഉണ്ടായാൽ അത് അവിഹിതമായ മാർഗ്ഗത്തിൽകൂടിയാണ് ഉണ്ടായിട്ടുള്ളത് എന്നുള്ള നിഗമനത്തിലെത്തിച്ചേർന്നാൽ അതിനെതിരേ നടപടിയെടുക്കാൻ തയ്യാറാകുമോ? അങ്ങനെയൊരു വകുപ്പ് വന്നാൽ ഈ മന്ത്രിസഭയിൽ എത്രപേർ ബാക്കി കാണുമെന്നു ഞാൻ ചോദിക്കുകയാണ്. വളരെക്കൂടുതൽ കാണുകയില്ല. കേസ് കൊടുക്കുന്നവരെ ശിക്ഷിക്കാനുള്ള എർപ്പാട് വേണോ? ഇവിടെ ആകെ ദുർഗന്ധമാണ്. കേരളത്തിലെ മന്ത്രിസഭയിൽ വളരെ പ്രഗൽഭൻമാരുണ്ടായിരുന്നു. എല്ലാ മന്ത്രിസഭയിലും എല്ലാവരും പ്രഗൽഭൻമാരാകണമെന്നില്ല. മോശക്കാരുണ്ട്. അങ്ങ് നെഞ്ചത്ത് കൈവച്ച് ഒന്ന് ആലോചിക്കണം. ഇത്രയേറെ അഴുക്കുകൾ ഉൾക്കൊള്ളുന്ന മന്ത്രിസഭ വേറെ ഉണ്ടോ? ഈ നാടിന് ഇത്രയേറെ അപമാനം ഉണ്ടാക്കിയ മന്ത്രിസഭ വേറെ ഉണ്ടോ? ട്രാൻസ്ഫറിന് പൈസ വാങ്ങുന്നു. ഔദ്യോഗിക നിയമനത്തിന് പൈസ വാങ്ങുന്നു. എന്താ പെയ്യുന്നത്? ട്രാൻസ്ഫറിന് പൈസ വാങ്ങുന്ന മന്ത്രിയ്ക്ക് ജീവനക്കാരെക്കൊണ്ട് വർക്ക് ചെയ്യിക്കാൻ കഴിയുമോ? ട്രാൻസ്ഫറിന് വേണ്ടി പൈസ വാങ്ങിക്കുന്നുണ്ടെന്നോണ് ആളുകൾ ഇപ്പോഴും വിശ്വസിക്കുന്നത്. നിങ്ങളുടെ ഓഫീസ് നിങ്ങൾ സൂക്ഷിക്കണം. അങ്ങ് അഴിമതി നടത്തുന്നു എന്നു ഞാൻ പറയുന്നില്ല. അങ്ങയുടെ ഓഫീസ് ശുപാർശക്കാരെക്കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അത് നമുക്ക് ദോഷം ചെയ്യും. അങ്ങും അങ്ങയുടെ മന്ത്രിസഭയും ഈ നാടിന് തന്നതെന്താണെന്നറിയാമോ? അപമാനം. അങ്ങ് ആളുകൾക്ക് കൊടുത്ത ഗുണപാഠമെന്താണെന്നറിയാമോ? മന്ത്രിക്കസേര സൂക്ഷിക്കാൻ എന്തു വേണമെങ്കിലും ചെയ്യും, രാജ്യദ്രോഹി എന്ന് വിളിച്ചാലും തരക്കേടില്ല തന്റെ മന്ത്രിസ്ഥാനം സൂക്ഷിക്കും. ഇങ്ങനെ മുന്നോട്ടു പോകുന്ന ഈ മന്ത്രിസഭയ്ക്ക് എന്തിനാണു സർ ഇത് പാസ്സാക്കിക്കൊടുക്കുന്നത്. അങ്ങയെ ഞാൻ ഗുണദോഷിക്കുകയാണ്. നമ്മൾ വളരെക്കാലം ഒരുമിച്ചു പ്രവർത്തിച്ചവരായതുകൊണ്ടാണ് ഞാൻ ആ വാക്ക് ഉപയോഗിക്കാൻ കാരണം. ഈ മന്ത്രിസഭയിലെ മന്ത്രിമാർ കുഷ്ഠരോഗികളെപ്പോലെ വ്രണങ്ങളുമായി ചലങ്ങളും ഒഴുക്കിക്കൊണ്ട് നടക്കുകയാണ്. ഒരാളിന്റെ പിറികോടി ഒരാളിന്റെ വിരല് കോടി, ആകെ കുഷ്ഠരോഗികളെപ്പോലെ വികൃതമായിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഈ മന്ത്രിസഭ ഈ നാടിനു് അപമാനമാണു്. അതുകൊണ്ടു് നിങ്ങൾ രാജിവയ്ക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. കെ.ജി.ആർ. കർത്താ: സർ, ഈ മന്ത്രിസഭ ഈ രാജ്യത്തിനു് അഭിമാനമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. പെരുമ്പാവൂരിലെ ചെലവിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുകയാണു്. കഴിഞ്ഞ നാലു വർഷംകൊണ്ടു് കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത വികസന പരിപാടികളും ഗുർബ്ബല വിഭാഗക്കാർക്കുള്ള സഹായങ്ങളുംകൊണ്ടു് അഭിമാനകരമായി ഈ ഗവൺമെൻറ് മുന്നോട്ടുപോകുമ്പോഴും കേവലം രണ്ടു വർഷം തികച്ചു ഭരിക്കാൻ സാധിക്കാതെ തമ്മിൽ അടിച്ചു പിരിഞ്ഞുപോയ ആളുകളാണു് പറയുന്നതു് ഈ മന്ത്രിസഭ നാടിനു് അപമാനമാണെന്നു്. നിങ്ങൾ ആ പൂർവ്വകാലചരിത്രത്തിലേയ്ക്കു് ഒന്നു തിരിഞ്ഞു നോക്കുമോ എന്നു ഞാൻ ചോദിക്കുകയാണു്. ഞങ്ങൾ ഫ്ളോറിയെ മറന്നിട്ടില്ല, പനങ്ങാട്ടെ കൊലപാതകം മറന്നിട്ടില്ല, അങ്കമാലിയിലെ കല്ലറ മറന്നിട്ടില്ല. ആരുടെ ഭരണകാലത്തും പോലീസിന്റെ ഭാഗത്തു നിന്നും അനീതി ഉണ്ടാകും. ആ അനീതി അവസാനിപ്പിക്കുവാൻ ശ്രമിക്കുമെന്നും അതു് അന്വേഷണം നടത്തുമെന്നും അഭിമാനകരമായി ഇന്നു രാവിലെ മുഖ്യമന്ത്രി പ്രഖ്യാപിച്ചതു് സന്തോഷത്തോടുകൂടി ഞങ്ങൾ സ്വീകരിക്കുകയാണു്. 19-ാം തീയതി തൃക്കാക്കര മലയിലേയ്ക്കു് ഞാൻ സഞ്ചരിക്കുമ്പോൾ എന്റെ കാർ തടഞ്ഞതു് അങ്ങേയ്ക്കു് അറിയാം. ഞാൻ അതിനു് ആരോപണം പറയുന്നില്ല. ഞാൻ പോലീസുകാരുടെ സഹായവും ആവശ്യപ്പെടുന്നില്ല. ഈ രാജ്യത്തെ ജനങ്ങൾ നിയമം കൈയിലെടുക്കുമ്പോൾ പോലീസും നിയമം കൈയിലെടുത്തെന്നു വരും. അതു് എക്സസ് ആകാൻ പാടില്ലെന്നു മാത്രമേ എനിക്കു് അഭിപ്രായമുള്ളൂ. ഞങ്ങളെപ്പറ്റി നിങ്ങൾ ദുഃഖിക്കേണ്ട. ഞങ്ങൾ കേരള ചരിത്രത്തിൽ ശക്തിയുള്ള ഒരു കക്ഷിയാണു്. അതു് ഇനിയും ഞങ്ങൾ തെളിയിക്കാനുള്ള തയ്യാറാണു്. നിങ്ങളെ തറ പറ്റിക്കാൻ സാധിച്ചവരാണു് ഞങ്ങൾ. കഴിഞ്ഞ അസംബ്ലിയിൽ ഉണ്ടായിരുന്ന നിങ്ങളിൽ പലരും ഇന്നിവിടെയില്ല. ഞങ്ങൾക്കു് മന്ത്രിസ്ഥാനം വേണമോ വേണ്ടയോ എന്നു് നിശ്ചയിക്കേണ്ടതു് ഞങ്ങളാണു്. നിങ്ങളുടെ കണ്ണിലെ കരടു് ആദ്യം എടുക്കൂ. അതിനുശേഷം ഞങ്ങളുടെ കണ്ണു് നോക്കിയാൽ മതി. ഞങ്ങൾ ഞങ്ങളുടെ കാര്യം നോക്കിക്കൊള്ളാം. ഇവിടെ വകുപ്പുമാറ്റിയെന്നു പറഞ്ഞു. ജനങ്ങൾ സ്നേഹിക്കുന്ന രാജ്യത്തെ മുഖ്യമന്ത്രി, ജനങ്ങൾക്കു് താൽപ്പര്യമുള്ള രാജ്യത്തെ മുഖ്യമന്ത്രി വകുപ്പു്

1 P.M.] പിടിച്ചെടുക്കുകയാണു്. ഇവിടെ വളരെ സമാധാനപരമായി കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊണ്ടു് ഒരു വകുപ്പിനു് കുറച്ചുകൂടി ശക്തമായിട്ടുള്ള ഒരു ഏർപ്പാടു് വേണമെന്ന ആഗ്രഹമുണ്ടെങ്കിൽ ആണു് മാറ്റുന്നതു്. അങ്ങനെ മാറ്റിയെന്നു വച്ചു് അതിൽ എന്താണപമാനം? എന്താണു് ബുദ്ധിമുട്ടു്? ജനങ്ങളുടെ ആഗ്രഹവും അഭിലാഷവും അനുസരിച്ചാണു് അങ്ങനെയുള്ള മാറ്റങ്ങൾ ഈ രാജ്യത്തുണ്ടാകുന്നതു്. ദീർഘകാലം മന്ത്രിയായിരിക്കുവാനോ ആ മന്ത്രിക്കു വരുന്ന തകരാറു് സംബന്ധിച്ചു് തിരുത്തുവാനോ ഉള്ള സന്ദർഭം കൊടുക്കുന്നതു് വളരെ ശരിയാണു്. ഇങ്ങനെയുള്ള ഒരു പ്രക്രിയ ഇവിടെ നടന്നു

LIBRARY ARCHIVES Kerala Legislative Assembly

എന്നു വിചാരിച്ച്, ഇത്രയേറെ ആക്ഷേപമുണ്ടോ? ഇവിടെ നാലു വർഷക്കാലമായിട്ട് എന്തു ചെയ്തു എന്ന്, നിങ്ങൾ അന്വേഷിക്കണം. ഈ രാജ്യത്ത് മന്ത്രിമാർ ധാരാളം സഞ്ചരിക്കുന്നു എന്നു പറയുന്നു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇപ്പോഴാ കാലുമാറിയോ?

ശ്രീ. കെ.ജി.ആർ. കർത്താ: ഞാൻ കാലൊന്നും മാറിയിട്ടില്ല. 1982-ൽ വന്നതുപോലെതന്നെയാണ് വന്നിരിക്കുന്നത്. ഒരു കാലു മാറ്റവുമുണ്ടായിട്ടില്ല. നിങ്ങളിൽ കുറെപ്പേർ ഇപ്പോഴാ മാറും. അതവിടെ ഇരിക്കട്ടെ. ഞങ്ങടെ നാല് എൻ.ഡി.പി. പ്രതിനിധികളും ഒറ്റക്കെട്ടായി കേരളാ അസംബ്ലിയിലിരിക്കുകയാണ്. ഞങ്ങൾക്ക് ആശയമുണ്ട്. ഞങ്ങൾക്കു അഭിലാഷങ്ങളുണ്ട്, ഞങ്ങളെക്ക് തീരുമാനങ്ങളുണ്ട്. ഞങ്ങളെ ആരേയും നിങ്ങടെ മിന്നിപ്പിക്കാൻ നോക്കേണ്ട. നടക്കുകയില്ല. കനത്ത തിരിച്ചടി കിട്ടുമ്പോഴാ നിങ്ങൾക്കതു മനസ്സിലാകും. ഇവിടെ മന്ത്രിമാർ ഇനിയും കൂടുതൽ സഞ്ചരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിലേക്ക് കുറച്ചുകൂടി പണം ചെലവഴിക്കണം. പക്ഷേ സഞ്ചരിച്ചാൽ മാത്രം പോരാ എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥൻമാരേയും എം.എൽ.എ. മാരേയും വിളിച്ചുവരുത്തി അവിടത്തെ പ്രശ്നങ്ങൾ പഠിക്കുന്ന മന്ത്രിമാരും ഈ രാജ്യത്തുണ്ട്. നിങ്ങൾ നല്ല കാര്യങ്ങൾ പറയാത്തതെന്താണ്? ശുദ്ധ ജലവിതരണം വേണമെന്നു പറഞ്ഞപ്പോഴാ ബഹുമാന്യനായ മുൻ മന്ത്രി ശ്രീ. ഗംഗാധരൻ എത്ര കഷ്ടപ്പെട്ടാണ് ഓരോ സ്ഥലത്തും വെള്ളം കൊടുത്തത്? ഞങ്ങൾ നന്ദിപൂർവ്വമേ അതിനെ കാണുന്നുള്ളൂ. എറണാകുളത്ത് ശുദ്ധജലക്ഷാമം വന്നപ്പോഴാ ബഹുമാന്യനായ മുഖ്യമന്ത്രി രണ്ടു മണിക്കൂറിനുള്ളിൽ ശുദ്ധജലക്ഷാമം പരിഹരിച്ചില്ലെങ്കിൽ അവിടത്തെ ഉദ്യോഗസ്ഥൻമാരെ ഒരു പാഠം പഠിപ്പിക്കുമെന്ന് ആലുവായിൽവച്ച് പ്രഖ്യാപിച്ചു. നിങ്ങൾ പ്രതിനിധീകരിക്കുന്ന മണ്ഡലങ്ങളിൽപ്പോലും ശുദ്ധജലം എത്തിയിരിക്കുകയാണ്. നിങ്ങൾ തമ്മിലടിപ്പിക്കാനൊന്നും നോക്കേണ്ട. ഐക്യ ജനാധിപത്യമുന്നണി അഞ്ചു കൊല്ലം തികച്ചും ഭരിക്കും. പിന്നീടും പിന്നീടും ഭരിക്കും. അതിനുള്ള ശക്തി ഞങ്ങൾക്കുണ്ടാകുമെന്നുമാത്രം ഉറപ്പു പറയുകയാണ്. ഞങ്ങളുടെ ഐക്യം ഉറപ്പിക്കുവാൻവേണ്ടിയാണ്, ഞങ്ങളുടെ ഐക്യം ശക്തിപ്പെടുത്തുവാൻ വേണ്ടിയാണ് ഞങ്ങൾ ഈ മുന്നണിയിലിരിക്കുന്നത്. ഞങ്ങൾ സമാനമായ ചിന്താഗതിക്കാരാണ്. ഞങ്ങൾ ഒരേ അഭിപ്രായക്കാരാണ്. ആ ചിന്താഗതിക്കാർ ഒന്നിച്ചു വളരും. പാറപോലെ വളരുമെന്നു അസന്ദിഗ്ദ്ധമായി പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനയെ ആത്മാർത്ഥമായി പിന്താങ്ങുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ.പി.എ. മജീദ്]

ശ്രീ. കെ.ജെ. ജോർജ്ജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. നമ്മുടെ മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ എതിർക്കുന്നതിന് ഒന്നു രണ്ടു കാര്യങ്ങൾ പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ഏതാണ്ട് ആറു മാസംമുമ്പ് മുഖ്യമന്ത്രി ചാലക്കുടി മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് ഉൽഘാടനം ചെയ്തു സംസാരിക്കുമ്പോഴാ ആ യോഗത്തിൽവച്ച് ഒരു പ്രഖ്യാപനം നടത്തി. പഞ്ചായത്ത് മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പ് ജൂൺമാസം അവസാനിക്കുന്നതിനു മുമ്പ് നടത്തുമെന്ന്. ആ സമ്മേളനത്തിന്റെ അദ്ധ്യക്ഷൻ നമ്മുടെ സുന്ദരംസ്വാമിയായിരുന്നു. ഞാനും ആ പ്ലാറ്റ്ഫോറത്തിലുണ്ടായി

LIBRARY ARCHIVES Kerala Legislative Assembly

രുന്നു. പക്ഷേ ഇന്നു ചോദ്യോത്തരസമയത്തു് നമ്മുടെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിക്കു് മറുപടി പറയുമ്പോൾ തെരഞ്ഞെടുപ്പു് എന്നു് നടത്താൻ കഴിയുമെന്നു് പറയുവാൻ അദ്ദേഹത്തിനു് സാധിക്കുന്നില്ല. അതുപോലെ വാഗ്ദാനലംഘനം നടത്തുന്ന ഒരു മുഖ്യമന്ത്രിയാണു് അവിടെ ഇരിക്കുന്നത്. അതുകൊണ്ടുതന്നെയാണു് ഞാൻ ആദ്യമായി ഈ ധനാഭ്യർത്ഥനയെ് എതിർക്കുന്നതും. ഒരു വർഷം മുമ്പു് രാജ്യദ്രോഹപ്രസംഗം നടത്തി എന്നു പറഞ്ഞു് ശ്രീ. ആർ. ബാലകൃഷ്ണപിള്ളയെ മന്ത്രിസ്ഥാനത്തുനിന്നും മാറ്റി.

ശ്രീ. ടി.എസ്. ജോൺ: മാറ്റിയതല്ല. രാജിവച്ചതാണു്.

ശ്രീ. കെ.ജെ. ജോർജ്ജ്: രാജിവച്ചത് എങ്ങനെയാണെന്നു് ഞങ്ങൾക്കറിയാം. നിർബന്ധിതനായി രാജിവച്ചതല്ലേ? അല്ലാതെ ഔദാര്യപൂർവ്വം രാജിവച്ചതല്ലല്ലോ. രാജിവച്ചൊഴിയാൻ നിർബന്ധിതനായ, രാജ്യദ്രോഹി എന്നു് യൂത്തു് കോൺഗ്രസ്സുകാരും, കെ.എസ്.യു.(ഐ)ക്കാരും, അതുപോലെ ഈ രാജ്യത്തെ മുഴുവൻപേരും തന്നെ പറയുകയും ചെയ്ത അദ്ദേഹത്തെ എന്തു് വ്യവസ്ഥയിലാണു് തിരിച്ചെടുത്തതെന്നാണു് ഞങ്ങൾക്കറിയേണ്ടതു്. ഇങ്ങനെ ഒരു സന്ദർഭത്തിൽ മന്ത്രിയെ ഒഴിവാക്കുക, പിന്നീടു് ജസ്റ്റീസു് ജാനകിയമ്മയുടെ റിപ്പോർട്ടു് നാലു ദിവസംകൊണ്ടു വാങ്ങിക്കുക, ആ നാലു ദിവസംകൊണ്ടുള്ള റിപ്പോർട്ടു് എന്താണെന്നു പഠിക്കുവാൻതന്നെ സാധിക്കാത്ത സാഹചര്യത്തിൽ ആർ. ബാലകൃഷ്ണപിള്ളയെ മന്ത്രിയാക്കുക. ഇതല്ലേ ചെയ്തത്? ശ്രീ. വി.വി. ജോസഫ് അവിടെ വളരെ വ്യക്തമായി പറഞ്ഞു മരണം വളരെ ശക്തമാണെന്നു്. ശരിയാണു്. വളരെ ശക്തമാണു് മരണം. നമ്മുടെ ബജനവു് മുടിപ്പിക്കുന്നതിനു്, അഴിമതി ചെയ്യുന്നതിനു്, ഈ പണമൊക്കെ വാരിക്കൂട്ടുന്നതിനു്, അതു് പങ്കുവക്കുന്നതിനു് നേതൃത്വം കൊടുത്തുകൊണ്ടു് നമ്മുടെ മുഖ്യമന്ത്രി അവിടെ ഇരിക്കുന്നു. മറ്റു മന്ത്രിമാരെല്ലാം അതു് പങ്കിട്ടെടുക്കുന്നു. ഇതാണു് അവിടത്തെ സ്ഥിതി. അതുകൊണ്ടുതന്നെയാണു് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നത്. നമ്മുടെ ജനങ്ങൾക്കും ഈ നിയമസഭക്കും വിശ്വസിക്കാൻ പറ്റാത്ത മുഖ്യമന്ത്രിയാണു് ഈ മുഖ്യമന്ത്രി. പറഞ്ഞ കാര്യം ചെയ്യാതിരിക്കുന്ന, പറഞ്ഞതിനു വിരുദ്ധമായി പ്രവർത്തിക്കുന്ന ഒരു മുഖ്യമന്ത്രിയാണിവിടെയുള്ളതു്. ഇങ്ങനെയൊരു മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഒരു കാരണവശാലും പാസ്സാക്കുവാൻ പാടില്ല. അതുകൊണ്ടുതന്നെയാണു് ഇതിനെ എതിർക്കുന്നത്. ഇവിടെ ബഡ്ജറിന്റെ കാര്യത്തെപ്പറ്റി പറഞ്ഞു. 1986 മാർച്ചു് 31–ാം തീയതി റിസർവ്വു് ബാങ്കു് കൊടുത്ത കണക്കിൽ 160 കോടി രൂപ ബാലൻസുണ്ടെന്നാണു് പറയുന്നത്. അതു് എങ്ങനെ വന്നു? ഇവിടെ കോൺട്രാക്ടർമാർ ചെയ്ത പണികൾക്കു പണം കൊടുക്കണമെങ്കിൽ 75 കോടി രൂപ വേണം. അതു കൊടുത്തിട്ടില്ല. നമ്മുടെ ബഹുമാനപ്പെട്ട കെ.എം. മാണി ധനകാര്യവകുപ്പിൽനിന്നും പോയെങ്കിലും 1982–83 സാമ്പത്തികവർഷത്തിൽ ഒരു പ്രഖ്യാപനം നടത്തി. എം.എൽ.എ. മാർക്കു് ഈരണ്ടു റോഡു് കൊടുക്കുമെന്നു്. നാലു വർഷം കഴിഞ്ഞു? എത്ര റോഡുകളുടെ പണി കഴിഞ്ഞു? ഇന്നു് എം.എൽ.എ. മാരുടെ റോഡു് പണികൾക്കൊന്നും പണമില്ലാത്തതുകൊണ്ടു് എല്ലാ പണികളും ടെണ്ടർ വിളിച്ചു് ഉറപ്പിക്കാതിരിക്കുകയാണു്. അതാണു് സ്ഥിതി. പ്രഖ്യാപനം ചെയ്യുന്ന പണി നടത്താതിരിക്കുകയാണു്. എം.എൽ.എ. മാരെ തെരുവിലിട്ടു് ചീത്ത കേൾപ്പിക്കുന്ന പരിപാടിയാണു് ഇന്നു് ഈ ഐക്യജനാധിപത്യ മുന്നണിയുടെ മന്ത്രിസഭ നടപ്പിലാക്കിയിട്ടുള്ളതു്. പ്രതിപക്ഷത്തെ ആംഗ്ലാർ മാത്രമല്ല, ഭരണപക്ഷത്തെ ആരും ഇതു് കേൾക്കുന്നുണ്ടു്. പക്ഷേ അവർക്കിന്നു്

LIBRARY ARCHIVES Kerala Legislative Assembly

ശബ്ദമില്ല. അവർ ഇന്നു് ശബ്ദിക്കുന്നില്ല. എന്തുകൊണ്ടു്? അവർക്കിന്നു് പലതും സാധിക്കാനുണ്ടു്. പക്ഷേ എനിക്കു് സാധിക്കാനൊന്നുമില്ല. വാഗ്ദാനലംഘനം നടത്തുന്ന ഒരു മന്ത്രിസഭയാണവിടെയിരിക്കുന്നതു്. പറഞ്ഞ കാര്യങ്ങളും ചെയ്യാത്ത ഒരു മന്ത്രിസഭയാണു്. അഞ്ചാം നമ്പർ സബ്ജക്ടു് കമ്മിറ്റി 75 കോടി രൂപ എം.എൽ.എ. മാരുടെ റോഡിന്റെ പണിക്കുവേണ്ടി നീക്കിവയ്ക്കണമെന്നു് ആവശ്യപ്പെട്ടിട്ടുണ്ടു്. പക്ഷേ ഇതുവരെയായിട്ടും സബ്ജക്ടു് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങളും നടപ്പിലാക്കുന്ന സമ്പ്രദായമില്ല. പിന്നെ എന്തിനു് നമ്മുടെ സബ്ജക്റ്റു് കമ്മിറ്റി റിപ്പോർട്ടു് അവതരിപ്പിക്കണം. നേരത്തെ ഇവിടെ റിപ്പോർട്ടു് അവതരിപ്പിച്ചു. പക്ഷേ ആ റിപ്പോർട്ടിന്റെ ഒരു വരിയെങ്കിലും. ഈ മന്ത്രിമാർ നടപ്പിലാക്കുന്നുണ്ടോ? നടപ്പിലാക്കുന്നില്ല. അങ്ങനെ സബ്ജക്റ്റു് കമ്മിറ്റിയെ നാമമാത്രമായ കമ്മിറ്റിയാക്കിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ആ കമ്മിറ്റിയെ ഒന്നു പിരിച്ചുവിട്ടുകൂടേ? അല്ലെങ്കിൽ ഇല്ലാതാക്കിക്കൂടേ? എന്തിനു് അതിനുവേണ്ടി സമയം കളയണം. ഇങ്ങനെ ബഡ്ജറ്റിലെ പോരാത്ത സംഖ്യ ഉൾപ്പെടുത്തണമെന്നു പറഞ്ഞാൽ അതു് കൊള്ളിക്കാൻ സൻമനസ്സു് ഇല്ലാത്ത മന്ത്രിമാരാണു് അവിടെ ഭരിക്കുന്നതു്. അതുകൊണ്ടു് സംഭവിക്കുന്ന കാര്യമെന്താണു്? ഒരു ടെണ്ടർ ഉറപ്പിച്ചു് അംഗീകരിക്കാൻ വന്നാൽ ധനകാര്യമന്ത്രിയുടെ പിന്നാലേയും വകുപ്പുസെക്രട്ടറിമാരുടെ പിന്നാലേയും പോയി സ്വാധീനം ചെലുത്തി പറഞ്ഞു് ഒപ്പിടുവിച്ചു് സാംഗ്ഷൻ വാങ്ങിച്ചു് പോകേണ്ട ഗതികേടാണു് ഇന്നു് ഈ സംസ്ഥാനത്തു് വന്നിട്ടുള്ളതു്. പണമുണ്ടെന്നു പറയുന്നതല്ലാതെ ആ പണമെടുത്തു് ചെലവഴിക്കുന്ന പതിവില്ല. അതുകൊണ്ടാണു് ഈ കുഴപ്പം ഇവിടെ വന്നിട്ടുള്ളതു്. മറ്റൊരുകാര്യം എനിക്കു് പറയാനുള്ളതു് നമുക്കു് വെള്ളപ്പൊക്കദുരിതാശ്വാസത്തിനു കിട്ടിയ പണത്തെക്കുറിച്ചാണു്. കഴിഞ്ഞ ഡിസംബർ മാസംവരെ പൊതുമരാമത്തുവകുപ്പിലായാലും ഏതുവകുപ്പിലായാലും ആ പണം ചെലവുചെയ്യാതെ എടുത്തുവച്ച ഒരു കാലഘട്ടമാണു്. അതിനു ശേഷം പണിതുടങ്ങിയതു് സാമ്പത്തികവർഷം അവസാനിക്കുന്ന ഫെബ്രുവരിമാസത്തിലാണു്. ഒരു പണിയും അവസാനിപ്പിക്കാൻകഴിഞ്ഞില്ല. അതുകൊണ്ടു് കിട്ടിയ പണം സർപ്ലസ് ആയി. ആ പണം കൂടിവച്ചുകൊണ്ടാണു് ഈ മിച്ച ബഡ്ജറ്റു് ഉണ്ടാക്കിയതു്. അതിനെക്കുറിച്ചു് പറഞ്ഞാണല്ലോ സംസ്ഥാനഗവൺമെന്റും കേന്ദ്രഗവൺമെന്റും ഇപ്പോൾ തർക്കത്തിലേർപ്പെട്ടിരിക്കുന്നതു്. അതിനെപ്പറ്റി അന്നും വളരെ വ്യക്തമായി പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ പ്രസംഗിച്ചിരുന്നു. ഈ സാമ്പത്തികവർഷം കഴിയുമ്പോൾ അതു് 200 കോടിരൂപയുടെ കമ്മിയാകുമെന്നു് പറഞ്ഞവരാണു് ഞങ്ങൾ. അതുതന്നെയാണു് പാർലമെന്റിൽ ശ്രീമാൻ ജനാർദ്ദന പൂജാരിയും പറഞ്ഞിരിക്കുന്നതു്. ഞാൻ ഈ സന്ദർഭത്തിൽ ഒരുകാര്യം ഓർക്കുകയാണു്. ഞങ്ങൾ പറഞ്ഞകാര്യങ്ങൾ മൂടിവയ്ക്കുകയും അതു് പിന്നീടു് വരുന്ന അസംബ്ലിയിൽ ഭരണകക്ഷിയുടെ വാക്കുകളായി മാറുകയും ചെയ്യുന്ന ഒരു സമ്പ്രദായമാണു് ഇന്നു് ഇവിടെ കാണുന്നതു്. ഈ ബഡ്ജറ്റു് കമ്മിയായിത്തന്നെ അവസാനിക്കുമെന്നു് ഞങ്ങൾ മാർച്ചു മാസത്തിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. അതാണു് ശരി. എന്നാലും ഈ വാക്കുപാലിക്കാത്ത മന്ത്രിമാരുടെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള തുക പാസ്സാക്കുന്നതിനോടു് എനിക്കു് യോജിപ്പില്ല.

ഒരുകാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. ഞാൻ ഒരു സബ്മിഷൻ എഴുതിക്കൊടുത്തു. കൊരട്ടി കുഷ്ഠരോഗാശുപത്രിയെ സംബന്ധിച്ചു് ഞാൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. അന്നു്, സെപ്റ്റംബർ മാസത്തിൽ അദ്ദേഹം പറഞ്ഞതു് ഏതാണ്ടു് രണ്ടുലക്ഷം ഉറുപ്പിക കൊരട്ടി

LIBRARY ARCHIVES Kerala Legislative Assembly

കുഷ്ഠരോഗാശുപത്രിക്കുവേണ്ടി സ്പെഷ്യലായി ഡൊണേഷൻ പെയ്തിട്ടുണ്ടെന്നാണ്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച റിഹാബിലിറ്റേഷൻ സ്കീംവരെ ഇപ്പോഴും വേണ്ടെന്നുവച്ചിരിക്കുകയാണ്. കൊരട്ടി കുഷ്ഠരോഗാശുപത്രിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ഞാൻ മുഖ്യമന്ത്രിക്ക് ഒരു നിവേദനം കൊടുത്തിട്ടുണ്ട്. അവിടെ നിയമിച്ച ഡോക്ടർമാരേയും നഴ്സുമാരേയും മറ്റ് സ്റ്റാഫിനെയും സ്ഥലം മാറാനുള്ള ഓർഡറുമായിട്ടാണ് മുന്നോട്ടുപോകുന്നത്. ഇതാണിവിടത്തെ പ്രഖ്യാപനങ്ങളുടെ സ്ഥിതി. ഒരു സബ്മിഷന് മുഖ്യമന്ത്രി മറുപടി പറഞ്ഞാൽപ്പോലും ആ മറുപടിക്ക് ഉപയോഗിച്ച അദ്ദേഹത്തിന്റെ എനർജി, ആ സമയത്തിന്റെ വിലപോലും കൽപ്പിക്കാത്ത ഒരു മുഖ്യമന്ത്രിയാണിവിടെ ഭരിക്കുന്നത്. അതാണ് ഈ നാലുകൊല്ലമായിട്ട് ഇവിടെ നടക്കുന്നത്. അങ്ങനെയുള്ള ഒരു ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനയെ അംഗീകരിക്കാൻ നിർവ്വാഹമില്ല. ഞാൻ ഈ ധനാഭ്യർത്ഥനയെ ഒരിക്കൽകൂടി എതിർത്തുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സി.ജി. ജനാർദ്ദനൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. മുഖ്യമന്ത്രിയും പാർലമെന്ററി പാർട്ടിയുടെ അന്നത്തെ നേതാവും ശ്രീ. ഉമ്മൻ ചാണ്ടിയുംകൂടി എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ മൂന്നുപേരും സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടിയിൽത്തന്നെ ഒന്നിച്ചു നിൽക്കുകയാണ്. അൽപ്പം അഭിപ്രായവ്യത്യാസമുണ്ടെങ്കിലും പുറത്തു നിൽക്കുന്നവർ നാളെ യോജിക്കും. അതിനിടയിൽ ശ്രീനിവാസന്റെ കക്ഷിയുടെ ജില്ലാസെക്രട്ടറി അദ്ദേഹത്തിന്റെ പേരിൽ ഒരു കേസ് കൊടുത്തു. അഴിമതിനിരോധനകമ്മീഷന്റെ മുമ്പാകെയാണ് കേസ് കൊടുത്തത്. ആ കേസിൽ ഒരു വർഷംകഴിഞ്ഞ് ഇപ്പോഴാ അന്വേഷണം നടത്തണമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം മന്ത്രിസ്ഥാനം രാജിവച്ചു. ഇനി ഒരു വർഷത്തിനകം അദ്ദേഹം നിയമപ്രകാരം തെറ്റുചെയ്തോ ഇല്ലയോയെന്നുള്ള വിധി സമ്പാദിക്കേണ്ടിയിരിക്കുന്നു. അതുവരെ ശ്രീ. വിജയരാജൻ പാർലമെന്ററി പാർട്ടിയുടെ ലീഡറും ശ്രീനിവാസനും ഞാനും ആ കക്ഷിയിലെ അംഗങ്ങളുമായിരിക്കും. ഞങ്ങളുടെ കക്ഷി അധഃസ്ഥിതവർഗ്ഗക്കാരുടെ താൽപ്പര്യം സംരക്ഷിക്കാൻ വേണ്ടി നില നിൽക്കുന്ന കക്ഷിയാണ്. അധഃസ്ഥിതർ കേരളത്തിലെ ജനസംഖ്യയിൽ 75 ശതമാനം വരുമെങ്കിലും ഈ നിയമസഭയിൽ അവരുടെ പ്രതിനിധികളായി ഞങ്ങൾ മൂന്നുപേർ മാത്രമേയുള്ളൂ. അങ്ങനെ കേരളത്തിലെ 75 ശതമാനത്തോളം വരുന്ന അധഃസ്ഥിതവർഗ്ഗക്കാരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി ഞങ്ങൾ പടപൊരുതും. അങ്ങനെയുള്ള പടക്കളത്തിലെ ഒരു പടയാളിയായ ഞങ്ങളുടെ ഒരു സഹപ്രവർത്തകനെ ശ്രീ.എം.വി.രാഘവനെ 'പാർലമെന്ററി ഡെമോക്രസിയുടെ ചളിക്കുണ്ടിൽ, എന്ന പേരിൽ നാളെ പുറത്താക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നാണ് ഇന്ന് കേൾക്കുന്നത്. .....(ബഹളം).....അധഃസ്ഥിതരുടെ താൽപ്പര്യം സംരക്ഷിക്കുന്നവരാണ് ഞങ്ങൾ. ഞങ്ങൾ എം.വി. രാഘവന്റെ ജാതി നോക്കാറില്ല. ആ താൽപ്പര്യം സംരക്ഷിക്കുന്നവന്റെ ജാതി നോക്കാറില്ല. ശ്രീ. എം.വി. രാഘവൻ ഈഴവനാണോ എന്തുജാതിയാണെന്നോ നോക്കിയല്ല സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടി ഇന്നുവരെ പ്രവർത്തിച്ചത്. നാളെ പ്രവർത്തിക്കുന്നത്. ആ എം.വി. രാഘവനെ നാളെ പുറത്താക്കാനാണ് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടി ശ്രമിക്കുന്നത്. അവസാനം ഇവിടെ പറഞ്ഞത് എന്താണ്? ഊളൻപാറയിൽ എത്തിയ ആ റൗഡി

LIBRARY ARCHIVES Kerala Legislative Assembly

മുക്കിലെ നേതാക്കൻമാർ ശ്രീമാൻ ബാലകൃഷ്ണപിള്ളയെ പുറത്താക്കിയപ്പോൾ തിരിച്ചെടുക്കണമെന്ന് പറഞ്ഞു.....(ബഹളം).....ആ റൗഡി മുക്കിലെ.....(ബഹളം)..... ഞാൻ ആരേയും കുറിച്ചു പറഞ്ഞില്ല. അതിനു ബഹളം ഉണ്ടാക്കേണ്ട. ആവശ്യവുമില്ല. ഞാൻ ഒരാളുടേയും പേരു പറഞ്ഞില്ല. ഞാൻ ഒരു പാർട്ടിയെപ്പറ്റിയും പറഞ്ഞിട്ടില്ല. ഞാൻ റൗഡിമുക്കിനെക്കുറിച്ചാണ് പറഞ്ഞത്. നിങ്ങൾക്ക് വിരോധം പ്രകടിപ്പിക്കാം. എം.വി. രാഘവൻ നാളെ ചത്തുവീണാലേ നമ്മുടെ തലശ്ശേരി മെമ്പർക്ക് ഉയരാൻ സാധിക്കുകയുള്ളൂവെന്നുള്ളതുകൊണ്ട് എം.വി. രാഘവനെ കൊല്ലാനുള്ള ശ്രമത്തിൽ നിങ്ങൾ പോയിൻറ് ഓഫ് ഓർഡർ ഉന്നയിക്കാൻ ശ്രമിക്കേണ്ട.

ഞാൻ ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് എൻറെ പ്രസംഗം അവസാനിപ്പിക്കാം. എൻറെ പ്രസംഗം നീട്ടിക്കൊണ്ടുപോകാൻ ഇവർ അനുവദിക്കുകയില്ലെന്ന് എനിക്കറിയാം. പക്ഷേ ഇവിടെ വെന്റിലേറ്റർ ഡിസീസിൻറെ അവസാനത്തെ മൂർത്തീകരണമായ എയ്ഡ്സ് രോഗം പിടിച്ച അവിടെയിരിക്കുന്ന ആളുകൾ ഞങ്ങളെക്കുറിച്ച് എന്തെങ്കിലും പറയാൻ ശ്രമിക്കുമ്പോൾ സൂക്ഷിച്ചു സംസാരിക്കണമെന്നു പറയുകയാണ്. എം.വി. രാഘവനെക്കുറിച്ച് സംസാരിക്കുമ്പോൾ സൂക്ഷിച്ചുവേണമെന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഭാരതാംബയെ കൂട്ട് ബലാൽസംഗം ചെയ്യുന്നതിന് കുവൈറ്റിൽ കാര്യക്ക് കൂട്ടുനിന്ന മന്ത്രിമാർ രാജിവയ്ക്കണം, രാജ്യദ്രോഹക്കുറ്റത്തിനു വരെ കൽത്തുറുങ്കിലടക്കണം. അഴിമതിയുടെ സ്പോൺസറാണ് മുഖ്യ മന്ത്രി.

സെക്രട്ടേറിയറ്റു മുതൽ വില്ലേജാഫീസുവരെ അഴിമതി സാർവ്വത്രികമായിരിക്കുകയാണ്. അഴിമതിക്കാരനായ മന്ത്രി ശ്രീനിവാസൻ അബോധാവസ്ഥയിൽ രാജിവച്ചെങ്കിലും മന്ത്രിമന്ദിരവും ഓഫീസും വിട്ടുകൊടുത്തിട്ടില്ല. പാവം ശ്രീനിവാസന് മന്ത്രിയായി മരിക്കാനാണ് മോഹം. ബിവറേജസ് കോർപ്പറേഷൻ വഴി പ്രതിമാസം ഓരോ കോടിരൂപ ഇപ്പോഴും വാങ്ങിക്കൊണ്ടിരിക്കുകയാണ്. ശിവദാസൻ വഴി 50 ശതമാനം മുഖ്യമന്ത്രിക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. ജാനകിയമ്മയെക്കൊണ്ട് അനുഷ്ഠിപ്പിക്കണമെന്നാണ് ശ്രീനിവാസൻ ഇപ്പോൾ മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത്. നാലുകൊല്ലംകൊണ്ട് നാട് കട്ടുമുടിപ്പിച്ചു. രൂപയ്ക്ക് വിലയില്ല. ഒറ്റപൈസയും രണ്ടിൻറെ പൈസയും മൂന്നിൻറെ പൈസയും അഞ്ചിൻറെ പൈസയും കാണാനില്ല. ജനകീയ പ്രശ്നങ്ങളിൽനിന്നും ജനശ്രദ്ധ തിരിച്ചുവിടാനുള്ള അടവാണ് പ്രീഡിഗ്രിബോർഡ്. വിദ്യാഭ്യാസമണ്ഡലംകലുഷിതമാക്കി. ഡാഡി, മമ്മി, ഡിസ്കോ, എയിഡ്സ് സംസ്കാരമാണ് സർക്കാർ പ്രോൽസാഹിപ്പിക്കുന്നത്. സർ, ഇംഗ്ലീഷ് പാഠപുസ്തകത്തിൽ മാത്രമാണ് ദേശീയ പതാക തിരുത്തി അച്ചടിച്ചിട്ടുള്ളത്. (മലയാളത്തിൽ ഇല്ല). വിദ്യാഭ്യാസ മന്ത്രി ഇന്നും സത്യത്തെ തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്. കുട്ടികൾ ഇപ്പോൾ പഠിക്കുന്നത് ചർച്ച—ചോർച്ച, ഛായ—പ്രതിഛായ, മിച്ചം—കമ്മി, അഭിമതർ—അനഭിമതർ, എയിഡ്സ്—അൺഎയിഡ്ഡ് എന്നൊക്കെയാണ്. ഇൻഡ്യയുടെ മോചനം ഇസ്ലാമിലൂടെ, ഇസ്ലാമിൻറെ അന്ത്യം ഇൻഡ്യയിൽ. അമ്മമാർ കുട്ടികൾക്ക് ജയചന്ദ്രൻ എന്ന പേര് ഇടുന്നില്ല. ഉള്ള പേരുകൾ തന്നെ മാറ്റിക്കൊണ്ടിരിക്കുകയാണ്. എം.എൽ.എ.മാർക്കു രക്ഷയില്ല. അടിയന്തിരാവസ്ഥയുടെ ഭീകരതാണ്ഡവനൃത്തം വീണ്ടും ആരംഭിച്ചിരി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഈ രാജ്യത്ത് ജനജീവിതം ദുഃസ്സഹമാക്കിയിരിക്കുകയാണ്. ജനങ്ങളെ ഈ അപകടകാര്യങ്ങളിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന് ഈ രാജ്യത്തെ ജനങ്ങളും മുന്നോട്ടുവന്നിരിക്കുകയാണ്. ജനങ്ങളെ തല്ലിച്ചതയ്ക്കുകയാണ്. ഈ അപകടസാഹചര്യത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനയെ ഞാൻ ശക്തിയായി എതിർക്കുകയാണ്.

ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ: സർ, ഇവിടെ അനുവദിയ്ക്കുന്ന പണം ഉപയോഗിച്ച് ഗവൺമെന്റ് ചെയ്യുന്ന പ്രവർത്തനങ്ങളുടെ ഏറ്റവും വലിയദൃഷ്ടാന്തമാണ് രാവിലെ സഖാവ് ബേബിജോൺ ഇവിടെ അവതരിപ്പിച്ച കൊല്ലത്തെ കാര്യങ്ങൾ. ആ കാര്യം പറയാൻവേണ്ടി മാത്രമാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. കൊല്ലത്ത് പോലീസ് നടത്തിയ ലാത്തിച്ചാർജ്ജിന്റെ കാര്യവും ടിയർഗ്യാസ് പ്രയോഗിച്ചതിന്റെ കാര്യവും അതിനുശേഷമുണ്ടായ സംഭവങ്ങളുമെല്ലാം ഇവിടെ വിവരിച്ചു. ആ സംഭവങ്ങൾ യഥാർത്ഥത്തിൽ അപ്പോൾ രംഗത്തുണ്ടായിരുന്ന ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പ്രതിപക്ഷായ ചർച്ചയുടെ അന്ത്യത്തിൽ നടന്ന കാര്യങ്ങളാണ് അവിടെ നടന്നത്. ഇതിന് ശേഷം അവിടെ പോലീസ് ഉദ്യോഗസ്ഥൻമാർക്ക് പോലും രണ്ടഭിപ്രായമാണുള്ളത്. ക്രൂരമായ ലാത്തിച്ചാർജ്ജും മർദ്ദനങ്ങളും നടത്തിയത് ശ്രീ. വയലാർ രവിയോട് കൂറുള്ള പോലീസാണോ, ശ്രീ. കരുണാകരനോട് കൂറുള്ള പോലീസാണോയെന്നുള്ളതാണ് പ്രശ്നം. എന്തായാലും പോലീസാണ് അവിടെ സംഭവങ്ങളുണ്ടാക്കിയത് എന്നുള്ള കാര്യത്തിൽ തർക്കമില്ല. സഖാവ് ബേബി ജോൺ ഉദ്ഘാടനപ്രസംഗം തുടങ്ങി മുക്കുമിനിട്ട് കഴിഞ്ഞപ്പോഴും നൂറുകണക്കിന് പോലീസുകാർ കേന്ദ്രീകരിച്ചിരുന്ന സ്ഥലത്തുനിന്ന് ജനക്കൂട്ടത്തിനുനേരെ കല്ലേറ് നടന്നു. ഇത്രയും വലിയ ജനക്കൂട്ടത്തെ പ്രകോപിപ്പിച്ച് അവിടെ മൃഗീയമായ ലാത്തിച്ചാർജ്ജ് നടത്തിയെന്നുള്ളതുകൊണ്ട് ശ്രീ. കരുണാകരനേയോ ശ്രീ. വയലാർ രവിയേയോ അനുകൂലിക്കുന്ന പോലീസാണ് അതിന് മുൻകയ്യെടുത്തത് എന്നുള്ളതാണ് പ്രധാനം.

മറ്റൊരു കാര്യം ഇവിടെ പറയാനുണ്ട്. ഇപ്പോൾ ആ കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ ഒരു കമ്മീഷനെ നിയമിച്ചിരിക്കുന്നുവെന്നു പറഞ്ഞു. എം.എൽ.എ. മാരേയും ജനപ്രതിനിധികളേയും മർദ്ദിക്കുന്ന വികാരപരമായ സമീപനം നല്ലതല്ല. തീർച്ചയായും ശ്രീ. കരുണാകരൻ ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് കൊല്ലത്ത് ഇനിയും ആരെങ്കിലും ശ്രീ. വയലാർ രവിയോട് കൂറുള്ളവരായി ഉണ്ടോ എന്ന് മനസ്സിലാക്കാൻ വേണ്ടിയാണ്. ഇതിന് പരിഹാരമോ, അന്വേഷണമോ ഉണ്ടാകാൻ പോകുന്നില്ല. ഈ സംഭവത്തിൽ ഉൾപ്പെട്ടയാളുകളും മുൻമന്ത്രിമാർ, എം.എൽ.എ.മാർ, ഇടതുജനാധിപത്യമുന്നണിയുടെ സംസ്ഥാന, ജില്ലാനേതാക്കൻമാർ ഇവരെയെല്ലാം തെരഞ്ഞുപിടിച്ച് മർദ്ദിച്ചു. എന്താണ് ഇത് സൂചിപ്പിക്കുന്നത്? കൊല്ലം ജില്ലാ ആശുപത്രി, പ്രൈവറ്റ് ഹോസ്പിറ്റൽ, തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികളും എന്നിവിടങ്ങളിൽ തലപൊട്ടി, കൈയൊടിഞ്ഞ്, കാലൊടിഞ്ഞ്, കണ്ണുനഷ്ടപ്പെട്ട് ആയിരത്തോളം ആളുകൾ കിടപ്പുണ്ട്. എത്ര നേതാക്കൻമാരെ ഉപദ്രവിച്ചുവെന്നുള്ളതല്ല. ആയിരക്കണക്കിന് ആളുകൾക്ക് അംഗഭംഗം സംഭവിച്ച് ആശുപത്രിയിൽ കിടക്കുന്നുണ്ട്. രാഷ്ട്രീയ ചൂതാട്ടത്തിനുവേണ്ടി പോലീസിനെ ഉപയോഗിക്കുന്ന സമീപനത്തിന്റെ ഫലമായി അപ്രതീക്ഷിതമായി ഉണ്ടായ ഒരു ദുരന്തമാണ് അത്. ഈ ഗവൺമെന്റിന് ആത്മാർത്ഥതയുണ്ടെങ്കിൽ ഈ ആളുകൾക്ക് നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. ഞാൻ മറ്റ് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒരു ജുഡീഷ്യൽ എൻക്വയറി

LIBRARY ARCHIVES Kerala Legislative Assembly

പോസ്റ്റർ ചെയ്തശേഷം രണ്ടുമന്ത്രിമാർ അവിടെ പ്രസംഗിക്കാൻ ചെന്നു. അവർ ന്യായീകരിച്ച് അവിടെ പ്രസംഗിച്ചു. ആ മന്ത്രിമാർ പ്രസംഗിച്ചപ്പോൾ കൊല്ലംജില്ലയിലെ ജനങ്ങൾ അവരുടെ വികാരം പ്രകടിപ്പിച്ചു. ഈ രീതിയിൽ ജനനേതാക്കൻമാരെ ജയിലിലടയ്ക്കുന്ന സമീപനം തുടർന്നാൽ, ജനദ്രോഹികളായ മന്ത്രിമാർ മന്ത്രിമാരായി ഇരിക്കുകയും രാജ്യസ്നേഹപരമായ പ്രവർത്തനങ്ങൾ നടത്തുന്ന ജനനേതാക്കളെ ജയിലിലടച്ചും മർദ്ദനത്തിന് വിധേയരാക്കുകയും ചെയ്താൽ ഈ രാജ്യത്തെ ജനങ്ങൾ ഈ മന്ത്രിമാരെ പുറത്തിറങ്ങി നടക്കാൻ അനുവദിക്കുകയില്ല. ഇത്തരത്തിൽ രാജ്യദ്രോഹപരമായ പ്രവർത്തനങ്ങൾക്കും ജനങ്ങളെ മർദ്ദിക്കുന്നതിനും വേണ്ടിയാണ് ഈ ഫണം ചെലവാക്കുന്നത്. അതുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. ടി.എസ്. ജോൺ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ബേബിജോൺ ഇതിനെ എതിർത്തുകൊണ്ട് സംസാരിച്ചപ്പോൾ ഈ ഗവൺമെൻറിൻെറ കാലത്ത് യാതൊന്നും നടക്കുന്നില്ല, നടന്നിട്ടില്ല എന്ന് ആമുഖത്തോടെയാണ് പ്രസംഗം ആരംഭിച്ചത്. യഥാർത്ഥത്തിൽ എക്സൈസ് ഡിപ്പാർട്ടുമെൻറിനേറെയും റവന്യൂ ഡിപ്പാർട്ടുമെൻറിനേറെയും ഭീതികരം സംസാരിക്കുമായിരുന്നുവെങ്കിൽ അഴിമതിയെക്കുറിച്ച് പറഞ്ഞത് കേട്ടപ്പോൾ ആ ഭീതികരം ചിരിക്കുമായിരുന്നു. 1980-ൽ അധികാരത്തിൽ വന്ന ഗവൺമെൻറിൻെറ കാലഘട്ടത്തിൽ വ്യാവസായിക രംഗത്ത് ഭയങ്കര പുരോഗതി ഈ രാജ്യത്തുണ്ടായിരുന്നുവെന്ന്. കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ആ കാലത്ത് 30-33-35 ദിവസത്തിൽ തൊഴിൽ കൊടുത്തു; ഇപ്പോൾ 10-200 ദിവസം തൊഴിൽ. കാർഷികമേഖലയിലും പുരോഗതിയുണ്ടായി. ഏതായാലും 80-82 കാലഘട്ടത്തേക്കാൾ ഇപ്പോൾ കൂടുതൽ ദിവസങ്ങളിൽ തൊഴിൽ കിട്ടുന്നുണ്ട്. എല്ലാ മേഖലകളിലും സമാധാനപരമായ അന്തരീക്ഷം ഉണ്ടാക്കി. തൊഴിൽ കൂടുതൽ കിട്ടുന്നു. തൊഴിലില്ലായ്മ മുഴുവൻ പരിഹരിച്ചില്ല എന്ന് ഞാൻ സമ്മതിക്കുന്നു. ഒന്നും ചെയ്തിട്ടില്ല എന്നുള്ള നിലപാട് ശരിയല്ല. കഴിഞ്ഞ നിയമസഭാ കാലഘട്ടത്തിൽ ഇവിടുത്തെ പ്രസംഗങ്ങൾ മുഴുവൻ ഐക്യജനാധിപത്യമുന്നണിയിൽ യാതൊരു ഐക്യവുമില്ല, കോൺഗ്രസ്സ്, കേരള കോൺഗ്രസ്സ് അഭിപ്രായവ്യത്യാസത്തിലാണ്, പ്രതിപക്ഷായ ചർച്ചയെപ്പറ്റിയുള്ള പ്രസംഗങ്ങൾ. കഴിഞ്ഞ നിയമസഭാ സമ്മേളനകാലഘട്ടത്തിൽ കേരളാ കോൺഗ്രസ്സും കോൺഗ്രസ്സും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പ്രസംഗ പ്രശ്നം; തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി ചില കാര്യങ്ങൾ കേരള കോൺഗ്രസ്സ് സമ്മേളനത്തിൽ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പ്രസംഗിച്ചു. രാജി വയ്ക്കുന്നതാണ് ഉത്തമം എന്ന് ജഡ്ജി പറഞ്ഞു. ശ്രീ. ആർ. ബാലകൃഷ്ണപിള്ള രാജിവച്ചു. ജഡ്ജ്മെൻറ് വന്നപ്പോൾ പിള്ള കുറ്റക്കാരനല്ല. ചുരുക്കിപ്പറഞ്ഞാൽ പിള്ളയുടെ പ്രശ്നത്തിൽ കേരള കോൺഗ്രസ്സും കോൺഗ്രസ്സും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. അത് ചർച്ച ചെയ്ത് പരിഹരിച്ചു, പിള്ള മന്ത്രിസഭയിൽ വന്നു. അങ്ങനെ ഞങ്ങൾ മുന്നോട്ടുപോകുകയാണ്. ഐക്യജനാധിപത്യമുന്നണി ഒറ്റക്കെട്ടായി മുന്നോട്ടുപോയി ജനങ്ങൾ ആഗ്രഹിച്ച ഉറച്ച ഭരണം കാഴ്ചവച്ചു. ഓരോ ഗവൺമെൻറിനും കാലാവധിവരെ ഭരിക്കാൻ സാധിക്കുകയില്ല. ഇത് കേരളത്തിന് ശാപമായിരുന്നു. കേരള സംസ്ഥാനമുണ്ടായതിന് ശേഷം 5 കൊല്ലക്കാലം എത്ര ഗവൺമെൻറുകൾ ഭരിച്ചു. മാർക്സിസ്റ്റ് പാർട്ടി മൂന്നുവട്ടം ഭരിച്ചതിൻെറ കാര്യം പറ

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞല്ലോ. എത്രയായാലും നിങ്ങളം ഭരിച്ചു. ഒരു ഉറച്ച ഭരണം ഉണ്ടാക്കുകയെന്നുള്ളത് കേരളത്തിലെ ജനങ്ങളുടെ ആഗ്രഹമായിരുന്നു. ആ ഉറച്ച ഭരണം സംവിധാനം ചെയ്യാൻ ശ്രീ. കരുണാകരന്റെ നേതൃത്വത്തിൽ ഐക്യജനാധിപത്യമുന്നണിയിലൂടെ കഴിയുന്നു. ജനോപകാരപ്രദമായ കാര്യങ്ങളം ചെയ്തുകൊണ്ട് ഉറച്ച ഭരണസംവിധാനം ഉണ്ടാക്കുന്നതിന് ഐക്യജനാധിപത്യമുന്നണിയിലുണ്ടായിരുന്ന ഭിന്നിപ്പ് ചർച്ച ചെയ്ത് പരിഹരിച്ച് 5-ാം വർഷത്തിലേക്ക് കയറിയിരിക്കുകയാണ്.

സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഒരിക്കലും സംഭാവന ചെയ്യാൻ കഴിയാത്ത ഒരു ഉറച്ച ഭരണസംവിധാനം ഈ സംസ്ഥാനത്തിന് സംഭാവന ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ഈ ഗവൺമെന്റ് രാജിവയ്ക്കണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് രാജിവച്ചുകഴിഞ്ഞാൽ ഈ സംസ്ഥാനം ആരു ഭരിക്കും? അനഭിമതരായ ആളുകളം ഇവിടെ വന്നുവെന്നു പറഞ്ഞാണ് സമരം. കഴിഞ്ഞ സമ്മേളനത്തിൽ ചർച്ച ചെയ്തുകഴിഞ്ഞ കാര്യമാണത്. എന്നിട്ട് ഇപ്പോഴും അതിന്റെ പേരിൽ സമരം. ഇങ്ങനെയായാൽ നിങ്ങൾക്ക് സമരം ചെയ്യാൻ ആളിനെ കിട്ടുമോ? സഖാവ് ബേബിജോൺ കൊല്ലത്ത് സമരം ചെയ്യാൻ ആളുകളെ ശേഖരിച്ചത് എത്ര ബുദ്ധിമുട്ടിയാണ്? നിങ്ങൾക്ക് സമരം ചെയ്യാൻ ആളുകളെ കിട്ടുകയില്ല. അനഭിമതരായ ചില ആളുകളം ഇവിടെ പ്രവേശിച്ചതിന്റെ പേരിൽ മുഖ്യമന്ത്രിയുൾപ്പെടെ 4 മന്ത്രിമാർ രാജി വച്ചതുകൊണ്ട് നിങ്ങൾക്കു വല്ല വിശേഷവുമുണ്ടോ? അതുമൂലം ആർ.എസ്.എസ്. പോലെയുള്ള വർഗ്ഗീയശക്തികൾക്ക് വളരാൻ അവസരമുണ്ടാക്കിക്കൊടുക്കാമെന്നല്ലാതെ നിങ്ങൾക്ക് ഒരു നേട്ടവുമുണ്ടാകുകയില്ല. ആ അർത്ഥത്തിൽ നിങ്ങൾ രാജ്യദ്രോഹമാണ് നടത്തുന്നത്. ഈ രാജ്യത്തെ ജനങ്ങളെ മുഴുവൻ ഭിന്നിപ്പിച്ച് ഈ രാജ്യത്ത് കമ്മ്യൂണലിസം വളർത്താനുള്ള നയമാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. പഴകിത്തുരുമ്പിച്ച കാര്യങ്ങളം വീണ്ടും വീണ്ടും ചർച്ച ചെയ്യുന്നു. ഇതു ജനങ്ങളുടെ പ്രശ്നമാണോ? അല്ല. ജനങ്ങളുടെ പ്രശ്നങ്ങളം ഉന്നയിക്കാൻ നിങ്ങൾക്ക് കഴിയുകയില്ല. ജനങ്ങളുടെ പ്രശ്നങ്ങൾക്കുവേണ്ടി സമരം ചെയ്യാൻ പ്രതിപക്ഷത്തിന് സമയമില്ല. അനഭിമതരായ രണ്ടോ മൂന്നോ പേർ ഇവിടെ വന്നതിന്റെ പേരിൽ ആകാശം ഇടിഞ്ഞുവീണു എന്നുപറഞ്ഞാണ് സമരം. മുൻഗവൺമെന്റുകളുടെ കാലത്തൊക്കെ ഉണ്ടായതുപോലെ രണ്ടോ മൂന്നോ പേർ അറിയാതെ ഇവിടെ വന്നുപോയി. 3 ദിവസം കഴിഞ്ഞു അവർ തിരിച്ചുപോകുകയും ചെയ്തു. അതിന്റെ പേരിലുള്ള എല്ലാ നടപടികളും നടക്കുന്നുണ്ട്. അതിന്റെപേരിൽ എന്തെല്ലാമാണ് പ്രതിപക്ഷം ഇവിടെ കാട്ടിക്കൂട്ടിയത്?

പ്രീഡിഗ്രി ബോർഡ് രൂപീകരിക്കുന്നതാണ് സമരത്തിനുള്ള മറെറാരു കാരണം. എന്താണ് ഈ പ്രീഡിഗ്രി ബോർഡ്? സമരം നടത്തുന്നവർക്കുപോലും അതെന്താണെന്നു പിടിയില്ല. പ്രീഡിഗ്രി ബോർഡ് ഈ വർഷം കൊണ്ടുവന്നതാണോ? പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച് ഗവർണ്ണർ നയപ്രഖ്യാപനത്തിൽ പറഞ്ഞിരുന്നു. ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പ്രീഡിഗ്രിബോർഡ് നടപ്പാക്കാനുള്ള നയം സ്വീകരിച്ചിരുന്നു. പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ച്, നിങ്ങളുടെ അഭിപ്രായമറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. ദേശീയവിദ്യാഭ്യാസനയത്തിന്റെ ഭാഗമായി ഇവിടെ പ്രീഡിഗ്രിബോർഡ് രൂപീകരിക്കുന്ന നയത്തിനോട് ഇവിടെ ആർക്കെങ്കിലും എതിരുണ്ടോ? പശ്ചിമബംഗാളിൽ, പ്ലസ് ടു സമ്പ്രദായം നിലവിലില്ലേ? ഈ സംസ്ഥാനത്ത് ആ സമ്പ്രദായം നിലവിൽ വരുന്നതിനാണ് ഇവിടെ സമരം. പ്രീഡിഗ്രി ബോർഡിനെതിരായ

LIBRARY ARCHIVES Kerala Legislative Assembly

സമരം നിരർത്ഥകമാണ്. അദ്ധ്യാപകർക്കും യൂണിവേഴ്സിറ്റി ജീവനക്കാർക്കുമുണ്ടായ സംശയത്തിന്റെ പേരിലാണ് സമരം തുടങ്ങിയത്. സംശയം മാറിയ ജീവനക്കാരെല്ലാം ഇപ്പോഴേ സമരത്തിൽനിന്നു മാറിയിരിക്കുകയാണ്. ഇനിയും സംശയം നിലനിൽക്കുന്ന ചില അദ്ധ്യാപകരുണ്ട്. അങ്ങനെ സംശയമുള്ളവരുടെ സംശയം ദൂരീകരിക്കുകയാണ് വേണ്ടത്. അപ്പോഴേ സമരം തീരും. ഇവിടത്തെ സാധാരണക്കാരായ ആളുകളും പ്രീഡിഗ്രി ബോർഡ് വേണമെന്ന അഭിപ്രായക്കാരാണ്. സമരത്തിലേർപ്പെട്ടിരുന്ന ധാരാളം പേർ ഇപ്പോഴേ സമരത്തിൽ നിന്നു പിൻമാറിയിട്ടുണ്ട്. അവർക്ക് ഇപ്പോഴേ ഒരു സംശയവുമില്ല. നിങ്ങളും അവർക്ക് സംശയം ഉണ്ടാക്കാതിരുന്നാൽ മതി. ഇതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്താണ്? കഴിഞ്ഞ നയപ്രഖ്യാപനപ്രസംഗത്തിൽ ഇതിനെപ്പറ്റി പറഞ്ഞപ്പോഴേ നിങ്ങളേ കേട്ടില്ലേ? നിങ്ങളേ അന്നു സമ്മതിച്ചതല്ലേ? ഇപ്പോഴേ ഇതിനെതിരായിട്ടു ഈ സംസ്ഥാനത്തെ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ഇളക്കിവിട്ട് ഇവിടെ കലാപമുണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ശ്രീ. ബേബിജോൺ: കേരളാ കോൺഗ്രസ്സിലും കോൺഗ്രസ്സ്-ഐ-ലുമുള്ള അദ്ധ്യാപകരും ഈ സമരത്തിലുണ്ടല്ലോ? ഇതു പ്രതിപക്ഷക്കാരുടെ സമരമാണോ?

ശ്രീ. ടി.എസ്. ജോൺ: സംശയംകൊണ്ടാണ് അവർ സമരത്തിലേർപ്പെട്ടത്. സംശയം മാറിയപ്പോഴേ അവർ സമരത്തിൽ നിന്നു പിൻതിരിഞ്ഞു. പ്രീഡിഗ്രി ബോർഡ് രൂപീകരിച്ചു പ്ലസ് ടു നടപ്പിലാക്കുന്നത് ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടിയാണ്. നിങ്ങളുടെ ഇപ്രകാരമുള്ള സമരത്തിനും മീറിംഗിനുമൊന്നും ഇനി ആളുകളെ കിട്ടുകയില്ല.

ശ്രീ. എ.കെ. ശശീന്ദ്രൻ: കേരളാ കോൺഗ്രസ്സിന്റെ ആക്ടിംഗ് ചെയർമാനോ വർക്കിംഗ് ചെയർമാനോ ആയ ശ്രീ. ഒ. ലൂക്കോസ്, ഈ വിഷയത്തിൽ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാട് ഒരു വിശദമായ ചർച്ചയ്ക്ക് വിധേയമാക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ടി.എസ്. ജോൺ: ഒ. ലൂക്കോസ് പറഞ്ഞത് മുഴുവൻ വായിച്ചു നോക്കണം. ശ്രീ. ലൂക്കോസ് പറഞ്ഞത് പ്രീഡിഗ്രി ബോർഡ് ആവശ്യമാണെന്നും ഇതിനെ സംബന്ധിച്ച് ചിലർക്ക് സംശയമുണ്ടായിട്ടുള്ളത് ദൂരീകരിക്കണമെന്നുമാണ്. ഞങ്ങളുടേത് ഒരു ജനാധിപത്യ പാർട്ടിയായതുകൊണ്ട് അഭിപ്രായം പറയാൻ സ്വാതന്ത്ര്യമുണ്ട്. അതിനു യാതൊരു കുഴപ്പവുമില്ല. വിദ്യാഭ്യാസ മേഖലയെയാകെ കലുഷമാക്കുന്ന നിങ്ങളുടെ സമരത്തിൽ നിന്നു നിങ്ങളും മാറണം. സംസ്ഥാനത്ത് സമാധാനപരമായ ഒരു വിദ്യാഭ്യാസാന്തരീക്ഷം പ്രതിപക്ഷം സൃഷ്ടിക്കണം. അദ്ധ്യാപകർക്ക് ഇന്നുണ്ടായിട്ടുള്ള സംശയം ദൂരീകരിക്കാനുള്ള ശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻഡിനെ ഒരിക്കൽകൂടി അനുകൂലിക്കുന്നു.

ശ്രീ. ടി.കെ. ഹംസ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പൊതുഭരണം, ആസ്ഥാന ഉദ്യോഗസ്ഥൻമാർ, മന്ത്രിമാർ എന്നീ വകുപ്പുകളിലേക്ക് കൊണ്ടുവന്ന ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുന്നു. ഈ സംസ്ഥാനത്ത് പൊതുഭരണം എന്നൊന്ന് ഇല്ല. ഭരണത്തിന്റെ തലവനായ മുഖ്യമന്ത്രിതന്നെ അതില്ലായെന്നു പ്രഖ്യാപിച്ച് അതു നേരെയാക്കാനുള്ള ശ്രമം കഴിഞ്ഞ അഞ്ചെട്ട് മാസക്കാലമായി ഇവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പ്രതിച്ഛായ നഷ്ടപ്പെട്ടെന്നു ജനങ്ങളോടു പറഞ്ഞതു ഭരണത്തിന്റെ തല വനായ മുഖ്യമന്ത്രിതന്നെയാണു. ആ പ്രതിച്ഛായ നന്നാക്കാൻവേണ്ടി ഭരണത്തിന്റെ മുഖച്ഛായ മാറ്റിക്കൊണ്ടു കുറെ പുതിയ ആളുകളെ ഇവിടെ പ്രതിഷ്ഠിച്ചിരിക്കുകയാണു. കഴിഞ്ഞ നാലുകൊല്ലത്തെ ധനകാര്യ മാനേജുമെന്റു മിസ്മാനേജ്മെന്റാണെന്നു പ്രതിപക്ഷത്തുനിന്നും പറഞ്ഞതാണു. ധനകാര്യവകുപ്പു ദുർവ്യിനിയോഗം ചെയ്യുന്നുവെന്നു ഞങ്ങളും പറഞ്ഞതാണു. അതു മുഖ്യമന്ത്രിക്കു ബോദ്ധ്യം വന്നതു ഇപ്പോഴാണു. ആ സ്ഥാനത്തു മറെറാരു മന്ത്രിയെ പ്രതിഷ്ഠിച്ചതുകൊണ്ടു ഈ ഗവൺമെന്റിന്റെ പ്രതിച്ഛായ നന്നാക്കാൻ കഴിയുമോ? മാത്രമല്ല ധനകാര്യമന്ത്രിയായിരുന്ന മാണി ഇനി ഒരു കാലത്തും ധനം ദുർവ്വിനിയോഗം ചെയ്യരുതെന്നു വിചാരിച്ചിട്ടാണോ അദ്ദേഹത്തിനു ജലസേചന വകുപ്പു ഏൽപ്പിച്ചു കൊടുത്തതു. ജലസേചനവകുപ്പിൽ ഇന്നു ധനമില്ല. കഴിഞ്ഞ നാലുകൊല്ലക്കാലം ശ്രീ. എം.പി. ഗംഗാധരൻ ഈമ്പിക്കുടിച്ചു—രക്തരക്ഷസ് ചോരക്കുടിക്കുമ്പോലെവലിച്ചു കുടിച്ചു ഇട്ടിരിക്കുന്ന ഒരു ചണ്ടിയാണിതു. അതിൽനിന്നും ഇനി കക്കാൻ നിവൃത്തിയില്ലായെന്നുള്ളതുകൊണ്ടാണോ ധനകാര്യമന്ത്രിയായിരുന്ന മാണിക്കു ഈ വകുപ്പു കൊടുത്തതു. ശ്രീ. എം.പി. ഗംഗാധരൻ മൂന്നുനാലുകൊല്ലം കൊണ്ടുനടന്ന ഒരു സാധനം ഉപേക്ഷിക്കപ്പെട്ടപ്പോഴാ ഈ ലോകത്തു ഏതെങ്കിലും ഒരു മനുഷ്യൻ അതു തൊടാൻ പോകുമോ? അത്രക്കു നശിച്ച നാറിയ ഒരു വകുപ്പാണു അദ്ദേഹത്തിന്റെ തലയിൽ വച്ചു കൊടുത്തിരിക്കുന്നതു. കേരളത്തിലെ രണ്ടാമനായ മന്ത്രിയായിരുന്നു മാണി. മാണിയെ ഒതുക്കുകമാത്രമായിരുന്നോ മുഖച്ഛായയുടെ ലക്ഷ്യം? അതു ഞങ്ങൾക്കു അറിയില്ല. ഏതായാലും ധനകാര്യമന്ത്രി മാണിയെ വകുപ്പിൽ നിന്നും മാറ്റിയതുവഴി ധനകാര്യവകുപ്പിൽ അഴിമതി നടത്തിയിരുന്നുവെന്നു അംഗീകരിക്കുകയാണു മുഖ്യമന്ത്രി ചെയ്തതു. ഇനി അതിനുപകരം കൊണ്ടുവന്ന മന്ത്രിയെ നോക്കു. കാൽക്കളളനെമാറ്റി മുക്കാൽക്കളളനെയാക്കി. ശ്രീ. തച്ചടിയുടെ കയ്യിൽ ധനം കിട്ടിയാൽ അതു കുരങ്ങന്റെ കയ്യിൽ പൂമാല കൊടുത്തപോലെയാണെന്നു ലീഡർക്കു അറിയില്ലേ? ഏതു വകുപ്പുകൊടുത്താലും തച്ചടിയുടെ കയ്യിൽ ധനം കൊടുക്കാൻ പാടുണ്ടോ? പതിമൂന്നുനിലകെട്ടിടം ഡെപ്യൂട്ടി മുഖ്യമന്ത്രിയുടെ വീട്ടിലേയ്ക്കു പോകുന്ന വഴിക്കു പൊങ്ങുകയാണു ആകാശത്തേയ്ക്കു. ആറുമാസക്കാലം ധനകാര്യവകുപ്പു കിട്ടിയാൽ 24 നില കെട്ടിടം പൊങ്ങും. വല്ലാത്ത ഒരു അപമാനകരമായ സ്ഥിതിയിലേക്കു നമ്മുടെ സംസ്ഥാനം പൊയ്ക്കൊണ്ടിരിക്കുകയാണു. ഇങ്ങനെ മുഖച്ഛായ മാറുമെന്നു ഒരിക്കലും നമ്മൾ പ്രതീക്ഷിച്ചിരുന്നില്ല. ഈ രാജ്യത്തിന്റെ ഗതികേടു. ഈ ഭരണത്തിന്റെ മുന്നോട്ടുള്ള ഗതിയാണിതു. ഇതു നാടിനു അപമാനകരമായ സ്ഥിതിയാണു ഉണ്ടാക്കിയിരിക്കുന്നതു. ശ്രീ. തച്ചടിപ്രഭാകരൻ ധനകാര്യമന്ത്രിയായാൽ മുഖച്ഛായ നന്നാകുമെന്നു നമുക്കു പ്രതീക്ഷിക്കാൻ നിവൃത്തിയില്ല.

പ്രതിച്ഛായ നേരെയാക്കാൻ മറെറാന്നു ചെയ്തതു ശ്രീ. രമേശ് ചെന്നിത്തലയെ മന്ത്രിയാക്കിക്കൊണ്ടാണു. ശ്രീ. ചെന്നിത്തലയ്ക്കു ഇപ്പോഴാ ഏകകക്ഷിവാദമൊന്നുമില്ലേ? സംസ്ഥാനത്തിലെ 19 മന്ത്രിമാരും അഴിമതിക്കാരാണെന്നും അവരുടെകൂടെയുള്ള ഭരണം ഈ രാജ്യത്തിനു അപമാനകരമാണെന്നും പറഞ്ഞുനടന്ന യൂത്തുകോൺഗ്രസ്സ് നേതാവു അധികാരത്തിന്റെ കോണിപ്പടികേറാൻ കിട്ടിയാൽ പിന്നെ യാതൊരു അഴിമതിയും ഇല്ല; ഏകകക്ഷിഭരണവും ഇല്ല. ശ്രീ. കാർത്തികേയൻ അങ്ങേപ്പുറത്തു ഇരിക്കുന്നു. അദ്ദേഹം കുറെക്കാലമായിട്ടു നിയമസഭയിൽ പ്രസംഗിക്കാറില്ല. എന്താണു കാരണം? ഇവിടെ മന്ത്രിമാരൊക്കെ അഴിമതിക്കാരാണു. ഇവിടെ ഏകകക്ഷിഭരണം വരുന്ന കാലത്തുമാത്രമേ പ്രസംഗിക്കൂ എന്നു പറഞ്ഞ യൂത്തുകോൺഗ്രസ്സ് നേതാവു ആണു അദ്ദേഹം.

LIBRARY ARCHIVES Kerala Legislative Assembly

എന്തിനാണ് എന്റെ സ്നേഹിതൻ എം.പി. ഗംഗാധരൻ രാജിവയ്ക്കണം എന്ന് നിങ്ങൾ രണ്ടുപേരും പ്രസ്താവിച്ചത്? എന്തിനാണെന്ന് ഇപ്പോൾ മനസ്സിലായില്ലേ? ഏതാണ്ട് ഗംഗാധരനും മനസ്സിലായി. നിങ്ങൾ പ്രസ്താവിച്ചതല്ല, ബഹുമാനപ്പെട്ട ലീഡർ പ്രസ്താവിപ്പിച്ചതാണെന്ന് ശ്രീ. എം.പി. ഗംഗാധരൻ മനസ്സിലാക്കിയിട്ടുണ്ടോ? എല്ലാവരും മനസ്സിലാക്കിയിട്ടുണ്ട്. ശ്രീ. രാമചന്ദ്രൻമാസ്റ്റർ കുപ്പായം തുന്നിനടന്നു മന്ത്രിയാകാൻ. ഇപ്പോൾ എല്ലാവർക്കും മതിയായി. ലീഡർ ഇപ്പോൾ വിളിക്കുമെന്ന് എല്ലാവരും കാത്തുകാത്തിരുന്ന് കോഴിക്കുഞ്ഞിന്റെ മുലകുടി മാതിരി ആയിപ്പോയി. ഈ വിധത്തിലാണ് നിങ്ങളുടെ ലീഡറുടെ സ്ഥിതിയെന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. നമ്മുടെ ബഹുമാനപ്പെട്ട തങ്കച്ചൻതന്നെ ലത്തീൻകത്തോലിക്കാ മൂപ്പർക്ക് എന്തെങ്കിലും പറഞ്ഞിട്ടുണ്ടെന്നു പറഞ്ഞു നടക്കുകയാണ്. ഇവിടെ ജാതിക്കാണല്ലോ മന്ത്രിസ്ഥാനം. ഇൻഡ്യൻനാഷണൽ കോൺഗ്രസ്സിന് മന്ത്രിസ്ഥാനം ഇല്ല. ഈഴവന് മന്ത്രി, നായർക്കു മന്ത്രി, പട്ടർക്കു മന്ത്രി, ചെട്ടിയാർക്ക് മന്ത്രി, വാര്യർക്കു മന്ത്രി. നിങ്ങൾ ഇതിന്റെ നേതൃത്വം കൊണ്ട് നടന്നുനടന്നു കുറച്ചിപ്പുറത്ത് കുറുപ്പു സമാജം വന്നിരിക്കുന്നു. ശ്രീ. കൊരമ്പയ്ക്ക് എതിരായി കുറുപ്പ് സമാജം നിൽക്കാൻപോകുന്നു. അവിടെവരെ നമ്മുടെ സംസ്ഥാനം എത്തി. ശ്രീ. എം.പി. ഗംഗാധരൻ രാജിവയ്ക്കണമെന്ന് ശ്രീ. ചെന്നിത്തലയും കാർത്തികേയനും പറഞ്ഞു; ഒരാൾക്ക് മന്ത്രിസ്ഥാനം കിട്ടി. മറ്റൊരാൾ കെ.പി.സി.സി. സെക്രട്ടറി വേറൊരാൾ ഇന്നോ നാളെയോയൂത്തുകോൺഗ്രസ്സിന്റെ പ്രസിഡണ്ടാകും. ഇതൊക്കെ ഈ രാജ്യത്തെ എല്ലാ കോൺഗ്രസ്സുകാർക്കും മനസ്സിലാകും.

ശ്രീ. വയലാർ രവിയോട ഒരു വാക്ക്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കടയ്ക്ക് കത്തിവച്ച് അത് നശിപ്പിച്ച് തിരിച്ചുപോയത് ലീഡറെ മുഖ്യമന്ത്രിയാക്കാനാണ്. അദ്ദേഹത്തെ വിശ്വസിച്ച ഒരുത്തനെയെങ്കിലും കാലുവാരാതെ വിട്ടിട്ടുണ്ടോ? കിടങ്ങൂരിന്റെ സ്ഥിതിയെന്താണ്? കുഞ്ഞിരാമൻ നമ്പ്യാരുടെ സ്ഥിതിയെന്താണ്? എം.പി. ഗംഗാധരന്റെ ഗതിയെന്തായി? ഇപ്പോൾ ശ്രീ. ശ്രീനിവാസനെയും അഴിമതിനിരോധന കമ്മീഷൻ പിടിച്ച്, പുറത്തായി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയാണ് അഴിമതി നിരോധന കമ്മീഷനു ശക്തിയില്ലായെന്നല്ലേ പ്രതിപക്ഷം പറഞ്ഞത്, കണ്ടില്ലേ ഒരു കള്ളനെ പിടിച്ചത് എന്ന്. എന്നാൽ അദ്ദേഹം പറഞ്ഞത് എന്താണ്? ജനാധിപത്യമര്യാദ പാലിച്ചുകൊണ്ട് രാജിവയ്ക്കുന്നുവെന്ന്. സ്വന്തം മകളെ ബലാൽസംഗം ചെയ്ത കേസിലെ പ്രതിയെ ജീവപര്യന്തം ശിക്ഷിച്ചപ്പോൾ നിയമവാഴ്ചയെ മാനിച്ചുകൊണ്ട് ജയിലിലേക്ക് പോകുന്നുവെന്ന് പറയുന്നതുപോലെ, മി. ശ്രീനിവാസൻ നിങ്ങൾ ഏതു കോടതിയിലാണ് ജഡ്ജിയായിരുന്നത്? അഴിമതിനിരോധന കോടതി പിടിച്ചപ്പോഴാണോ ജനാധിപത്യമര്യാദ തോന്നുന്നത്?

മി. വയലാർ രവി നിങ്ങൾക്ക് മനസ്സിലായിട്ടുണ്ടോ. കോൺഗ്രസ്സിൽ ലയിച്ചപ്പോഴുള്ള ഗുണം എന്താണെന്ന്? നിങ്ങൾ അനുവേക്കാൻ പോകുന്നതേയുള്ളൂ. കെ.എസ്.യു. (എ) ക്കാർ എട്ടുപേർ ആശുപത്രിയിലാണ്. 'ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പോലീസ് വകുപ്പു ഏറ്റെടുത്തത് എന്തിനാണെന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ? രാവിലെ നിയമസഭയിൽ വരുമ്പോൾ കണ്ടില്ലേ ഒന്നായിട്ട് തോക്കുമായി നിൽക്കുന്നത്? എന്താ, ഈ നിയമസഭ ഞങ്ങൾ പൊളിക്കാൻ വരുന്നോ? പോലീസുകാരെക്കൊണ്ട് നടക്കാൻ വയ്യ. പോലീസുകാർക്ക് വീര്യം കൂട്ടാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി എം.എൽ.എ. മാരെത്തന്നെ കൈകാര്യം ചെയ്യുകയാണ്. കെ.എസ്.യു. (ഐ.) ക്കാരായ എട്ടു കുട്ടികളെ ആശുപത്രിയിലാണ്. അദ്ധ്യാപകരെ തല്ലി, ഉദ്യോഗസ്ഥൻമാരെ തല്ലി, പത്രക്കാരെ തല്ലി. നന്നായിട്ട് നമ്മുടെ മനോരമയ്ക്കും കിട്ടിയിട്ടുണ്ട്. നാലുകൊല്ലമായി മനോരമ ശിങ്കിടി പാടുന്നു. വേറെ ഏതെങ്കിലും ഒരു പത്രമുണ്ടോ ഈ രേണത്തിന് അനുകൂലമായി എഴുതുന്നത്? എന്റെ സ്നേഹിതൻ ജോയി ശാസ്താംപടിക്കലിനും കിട്ടി രണ്ടടി. ഏതു 'എ' ആയാലും പോലീസിനെ കൈയിൽ കിട്ടിയാൽ ലീഡറിന്റെ സ്ഥിതിയെന്തായിരിക്കുമെന്ന്. നമുക്കു അറിയാം.

സർ, ഇവിടത്തെ പൊതുരേണം വല്ലാത്ത പൊതുരേണമാണ്. എവിടെയാണ് കേടുപറ്റിയതെന്ന് ആദ്യം കണ്ടുപിടിക്കണം. ഈ രാജ്യത്തിലെ മുന്നണി സംവിധാനത്തിലെ ഏറ്റവും അപഹാസ്യമായ ലജ്ജാകരമായ ഒരു സംവിധാനമാണിത്. എല്ലാ ജാതിക്കും പാർട്ടിയാണ്. ജാതിക്ക് കീഴടങ്ങികീഴടങ്ങി നശിച്ചു ഇൻഡ്യൻനാഷണൽ കോൺഗ്രസ്. ഇവിടെ ജാതിരാഷ്ട്രീയം വളർന്നുവരണം, അതിന്റെ ഫെഡറേഷന്റെ പ്രസിഡൻറാകണം, മുഖ്യമന്ത്രിയാകണം ഇത്രയേയുള്ളൂ. ഇങ്ങനെ ഈ മുന്നണിരാഷ്ട്രീയത്തിൽ കടന്നുവരുന്ന ഈർക്കിൽ വർഗ്ഗീയ പാർട്ടികളെ ദീർഘകാലം പോകുകയില്ലായെന്ന് അവർക്ക് അറിയാം. അപ്പോൾ കിട്ടിയ അവസരം ഉപയോഗിച്ച് വേവുന്ന പുരയ്ക്ക് ഊരുന്ന കൊള്ളി ലാഭം എന്നുള്ള നിലയ്ക്ക് കട്ടുമുടിച്ചു തിന്നുതീർപ്പുകയാണ്. അതുകണ്ട് കോൺഗ്രസ്സുകാരും തുടങ്ങി. കണ്ണൂർ ജില്ലയിൽ കോൺഗ്രസ് ഡി.സി.സി. പ്രസിഡൻറിന്റെ ഭാര്യയ്ക്കു ഭൂമി, ഭാര്യയുടെ അനിയത്തിക്ക് ഭൂമി, അനിയന് ഭൂമി, അമ്മയ്ക്ക് ഭൂമി, ചേട്ടന് ഭൂമി, കെ.പി.സി.സി.ക്ക് ഭൂമിയുണ്ടോയെന്ന് എനിക്കറിയില്ല. മലപ്പുറത്തെ ഒരു എം.എൽ.എ. മരം നോക്കാൻ പോയിരുന്നു. ഭൂമി ഡി.സി.സി. ക്കാർ എടുത്തുകൊള്ളട്ടെ, മരം ഞങ്ങൾക്ക്, ഈ രീതിയിലുള്ള കച്ചവടം ആണ് ഇവിടെ നടക്കുന്നത്. എന്നിട്ട് ആ രജിസ്ട്രേഷൻ നടത്തിക്കൊടുത്ത സബ്രജിസ്ട്രാർ ഓഫീസറെ നിങ്ങൾ സസ്പെൻറു ചെയ്തു. വല്ലാത്ത രേണം തന്നെ. ഇതുതന്നെയാണ് കുവൈറ്റുകാരുടെ കാര്യത്തിലും ഉണ്ടായത്. കുവൈറ്റിൽ നിന്നും വന്നവരെ സ്വീകരിക്കാൻ പോയവർക്കെതിരെ നടപടിയില്ല. സ്വീകരണം കൊടുത്ത മന്ത്രിമാർക്കെതിരെ നടപടി ഇല്ല. അവർക്ക് സൗകര്യം ഏർപ്പെടുത്തിക്കൊടുത്ത ഡി.വൈ.എസ്.പി.യെ നിങ്ങൾ സസ്പെൻറു ചെയ്തു. ഡെപ്യൂട്ടി കളക്ടറെ സ്ഥലം മാറ്റി. ഈ മന്ത്രിമാർ പറഞ്ഞിട്ടല്ലേ അവർ സൗകര്യം ചെയ്തു കൊടുത്തത്? മന്ത്രിമാർ പറഞ്ഞാൽ ഉദ്യോഗസ്ഥൻമാർ കേൾക്കണ്ടേ? ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി എടുക്കുമ്പോൾ അതിന് കൂട്ടുനിന്നവർക്കെതിരെ നടപടി എടുക്കണ്ടേ? ഈ കുവൈറ്റുകാർ രാജ്യദ്രോഹികളാണെന്ന് പ്രഖ്യാപിച്ചത് ഇടതുപക്ഷ മുന്നണിയാണോ? ഇന്ദിരാഗാന്ധിയുടെ ഗവൺമെൻറല്ലേ? നിങ്ങൾക്ക് ഇന്ദിരാഗാന്ധിയെ വേണ്ടേ? ഇന്ദിരാഗാന്ധി എന്തൊക്കെ പറഞ്ഞാ അതിനൊക്കെ എതിരാണ് ഇപ്പോഴത്തെ പോക്ക്. കമലാപതി ത്രിപാഠി കാശിക്ക് പോയി. പ്രണാബ്കുമാർമുഖർജി സ്യാസത്തിന് ബംഗാളിൽ വേറെയും പോയി. സർ, ഈ രാജ്യത്ത് രേണം എന്നൊന്നുണ്ടോ? അഴിമതിയിൽ മുങ്ങിക്കുളിച്ച ഈ ദുർരേണത്തിന് ചൂട്ടു പിടിക്കുന്ന ഒരു ഗവൺമെൻറ് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ അംഗീകരിക്കുവാൻ നിർവ്വാഹമില്ല. വില്ലേജാഫീസുമുതൽ സെക്രട്ടേറിയറ്റ് വരെ സ്തംഭനത്തിലാണ് ഒരു കടലാസ് ഇവിടെ നീങ്ങുന്നില്ല. അതാണ് ഇവിടത്തെ സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണി ധനകാര്യവകുപ്പ് വിട്ടെങ്കിലും ഫയൽ വിട്ടിട്ടില്ല. ശ്രീ. തച്ചടി പ്രഭാകരന് ഭരിക്കുവാൻ ഫയൽ വേണ്ടല്ലോ? വളയമില്ലാതെ ചാടുന്ന തച്ചടിക്ക് ഫയൽ വേണ്ടല്ലോ. സ്വതസിദ്ധമായ പുഞ്ചിരിയുമായി മൂപ്പരു പോകുന്ന പോക്കു കണ്ടാൽ ധനകാര്യത്തെ മുഴുവൻ പോക്കറ്റിലിട്ടുകൊണ്ടാണ് പോകുന്നതെന്നു തോന്നും. മിസ്റ്റർ തച്ചടി, അങ്ങേക്ക് ഫയൽ വേണ്ട; കഷ്ടിച്ച് ആറു മാസമേ കാണൂയെന്നാണ് പറയുന്നത്. ബംഗാളിൽ പഞ്ചായത്തു തെരഞ്ഞെടുപ്പും മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പുമൊക്കെ കഴിഞ്ഞിട്ടേയുള്ളൂ. എനിക്കു പറയുവാനുള്ള ഒരു കാര്യം ഈ സംസ്ഥാനത്ത് ഭരണമെന്നുള്ള സംഗതി ഇല്ലെന്നാണ്. അന്യോന്യം കാലു വാരിയും ചതിച്ചും വഞ്ചിച്ചും കിട്ടിയ അവസരമുപയോഗിച്ച് പൊതുജനാവ കൊള്ളയടിച്ച് ധൂർത്തടിക്കുന്ന സ്ഥിതി ഇവിടെ മുമ്പ് ഉണ്ടായിട്ടുണ്ടോ? ഇത്രയും അധികം അഴിമതി നടന്നിട്ടുള്ള കാലഘട്ടം ഇവിടെ ഉണ്ടായിട്ടില്ല. പഞ്ചായത്തുമന്ത്രി താടിക്ക് കയ്യും കൊടുത്ത് കുറവൻ ചത്ത കുറത്തിയെപ്പോലെ ഇരിക്കുകയാണ്. ഏതു കാലത്താണ് ഇവിടെ പഞ്ചായത്തു തെരഞ്ഞെടുപ്പ് നടത്തുന്നത് എന്നു പറയാൻ സാധിക്കുമോ? അങ്ങനെ ഒരു സാധനം നമ്മുടെ രാജ്യത്തുണ്ടോ? കേരളത്തിൽ മഞ്ചേരി മുനിസിപ്പാലിറ്റി ഒഴികെ ബാക്കിയൊരു മുനിസിപ്പാലിറ്റിയിലും തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയില്ല. 120—ഓളം പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉദ്യോഗസ്ഥൻമാർ ഭരിക്കുകയാണ്. അതാണ് നല്ലതെന്നാണ് ജനാധിപത്യം പറയുന്നത്. രണ്ടു സിൻഡിക്കേറ്റുകൾ യാതൊരു കാരണവും പറയാതെ വിശദീകരണംപോലും ആവശ്യപ്പെടാതെ സസ്പെൻഡ് ചെയ്തിരിക്കുകയാണ്. ആ നിങ്ങളാണ് ജനാധിപത്യത്തെക്കുറിച്ച് പ്രസംഗിക്കുന്നത്. കോൺഗ്രസ്സിന്റെ ജനാധിപത്യവും സോഷ്യലിസവും മതേതരത്വവുമൊക്കെ കാണുന്നുണ്ട്. മന്ത്രിമാരെ മാറ്റിയിരുത്തിയ നേരം മുതൽ അവരെ കണ്ടാൽ, യുദ്ധത്തടവുകാരെ പിടിച്ചുകൊണ്ടിരുത്തിയമാതിരി തോന്നും. ഞാൻ ഒരു കാര്യം മുഖ്യമന്ത്രിയോട് പറയാം. ഈ മന്ത്രിമാർക്കൊക്കെ മാസംതോറും കൊടുക്കുവാനുള്ളത് കൊടുത്തിട്ട് അവരെ ഒഴിവാക്കി അങ്ങ് ഭരിച്ചാൽ പോരേ? എന്നാൽ ഏക കക്ഷിഭരണവുമായി, അവർക്ക് കിട്ടേണ്ടത് കിട്ടുകയും ചെയ്യും. ഒരു ചോദ്യം ചോദിച്ചാൽ എണ്ണിക്കുവാൻ പ്രയാസപ്പെടുന്ന തരത്തിലുള്ള ഓരോ സാധനങ്ങളെ കൊണ്ടുവന്ന് വച്ചിട്ട് അങ്ങ് എന്തിനാണ് ഈ ഗതികേട് മുഴുവനും കൊണ്ടു നടക്കുന്നത്? അവർക്കും കൊടുക്കേണ്ടത് കൊടുത്തിട്ട് ഏകകക്ഷിഭരണം നടപ്പാക്കി ഈ രാജ്യത്ത് വികസന പ്രവർത്തനങ്ങളും നടപ്പാക്കണം. മുഖ്യമന്ത്രിയായതുകൊണ്ട് രാജ്യം നന്നാവുകയില്ല. അതിന് യാതൊരു സംശയവുമില്ല. അതുകൊണ്ട് മുഖ്യമന്ത്രിയായ മാറ്റൽ പ്രക്രിയ അപമാനകരമായ പതനത്തിലേക്ക് ഈ ഗവൺമെന്റിനെ എത്തിച്ചിട്ടുണ്ട്. ഈ ഭരണത്തിനുള്ള ധനാഭ്യർത്ഥനയെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകളും അവസാനിപ്പിക്കുന്നു.

ശ്രീ. പി. സീതിഹാജി: സർ, ഐക്യജനാധിപത്യ മുന്നണിയുടെ ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അഞ്ചാം വയസ്സിലേക്ക് കടന്നിരിക്കുന്ന ഈ അവസരത്തിൽ ആ ഗവൺമെന്റിനുവേണ്ടി, പൊതു ഭരണത്തിനുവേണ്ടി ഇവിടെ അവത

LIBRARY ARCHIVES Kerala Legislative Assembly

രിപ്പിച്ച ധനാഭ്യർത്ഥനയെ ഞാൻ പിൻതാങ്ങുകയാണ്. ഇന്നു രാവിലെ മുതൽ പ്രതിപക്ഷം പറയുന്നത് മുഴുവനും ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഈ ഗവൺമെന്റിനെപ്പറ്റി ഒരു വിമർശനവും അവർ പറഞ്ഞില്ല. ഞങ്ങളുടെ മന്ത്രിമാർക്ക് കോങ്കണ്ണുണ്ടോ, പെരിങ്കാലുണ്ടോ, കോന്തപ്പല്ലുണ്ടോ എന്നൊക്കെ നോക്കുകയല്ലാതെ ഈ രാജ്യത്തെ ജനങ്ങൾക്കുവേണ്ടി എന്തെങ്കിലും സംസാരിച്ചോ? ഇന്നുരാവിലെ ഒരു അടിയന്തിര പ്രമേയം വന്നു. ബഹുമാനപ്പെട്ട ബേബി ജോൺ വളരെ വികാരരഹിതനായി ഇവിടെ പ്രസംഗിച്ചു. അദ്ദേഹം എന്താണ് ഇവിടെ പറഞ്ഞത്. എം.എൽ.എ. മാരെ അടിച്ചു കൈപൊട്ടിച്ചുവെന്ന്. മിസ്റ്റർ നായനാർ അങ്ങ് ഇത് വിശ്വസിക്കുമോ? ഈ സഭയിലെ കുറെ മെമ്പർമാരുടെ കൈഅടിച്ചു പൊട്ടിച്ച് രക്തവുമായി ഇവിടെ വന്നപ്പോൾ ചെയറിലിരിക്കുന്ന സുധീരൻ ഇവിടെ മെമ്പറായിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു, നിയമസഭാ കമ്മറ്റിയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന്. ഇങ്ങനെ അദ്ദേഹം പറഞ്ഞപ്പോൾ അദ്ദേഹത്തെ തള്ളിപ്പറയുകയും ഒരു ഡെപ്യൂട്ടി കളക്ടറെക്കൊണ്ട് അന്വേഷിപ്പിക്കുകയും ചെയ്ത ശ്രീ. ബേബിജോൺ ഇന്ന് ഇവിടെ വന്ന് ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ ക്കൊണ്ട് അന്വേഷിപ്പിച്ചതിൽ കുറ്റം പറയുകയാണ്. പിന്നെ ആരെക്കൊണ്ട് അന്വേഷിപ്പിക്കണം? ഇ. കെ. നായനാരെക്കൊണ്ടോ? ഞാൻ ജുഡിഷ്യൽ അന്വേഷണത്തിലേക്കൊന്നും കടക്കുന്നില്ല. പക്ഷെ പത്രക്കാർക്ക് അവരുടേതായ അഭിപ്രായങ്ങളുണ്ട്. എന്തിനാണ് അവരെ അടിച്ചത്? പോലീസ് അറസ്റ്റ് ചെയ്തത് നീക്കം ചെയ്താൽ വഴങ്ങരുതെന്ന് പിക്കറ്റിംഗ് തുടങ്ങുന്നതിനുമുമ്പ് ഉച്ചഭോജിനിയിലൂടെ സംഘാടകർ നിർദ്ദേശം നൽകി. കളക്ടറേറ്റിനുള്ളിൽ കല്ലു കൊണ്ടിട്ടത് ബേബിജോണിന്റെ മൽസ്യത്തൊഴിലാളികളാണ്. അല്ലാതെ ഞങ്ങളാണോ അവിടെ കല്ലുകൊണ്ടിട്ടത്? മൽസ്യത്തൊഴിലാളികളാണ് കല്ലു കൊണ്ടിട്ടതെന്നുള്ളതിന് തെളിവു കൊടുക്കുവാൻ ഞാൻ തയ്യാറാണ്. അന്വേഷണം നടക്കട്ടെ. ആ കല്ലെടുത്ത് പോലീസുകാരെ എറിഞ്ഞു. പോലീസുകാരും മനുഷ്യരാണ്. അവർക്കും വേദനയുണ്ടാകും. ഇതു പറഞ്ഞത് സീതി ഹാജിയല്ല, സാക്ഷാൽ ഇ.എം.എസ്. നമ്പൂതിരിപ്പാടും ഇ.കെ. നായനാരും ആ കസേരയിലിരുന്ന് പറഞ്ഞതാണ്. അവരെ വേദനിപ്പിച്ചാൽ അവർ എം.എൽ.എ. ആണോ മന്ത്രിയാണോ എന്നൊന്നും നോക്കുകയില്ല. അടി ഇങ്ങോട്ടും കിട്ടും എന്ന് നായനാരും പ്രസംഗിച്ചിട്ടുണ്ട്, ഇ.എം.എസ്സും പ്രസംഗിച്ചിട്ടുണ്ട്. പോലീസുകാർ ഏറുകൊണ്ടാൽ കൊള്ളണമെന്നാണോ? പിന്നെ എം.എൽ.എ. മാർ എന്തു തെമ്മാടിത്തരം കാണിച്ചാലും ഒന്നും ചെയ്യാൻ പാടില്ലെന്നുണ്ടോ സർ? പോലീസുകാർ അടികൊണ്ടാൽ, അത് എം.എൽ.എ. യാണ് അവരെ അടിക്കാൻ പാടില്ലായെന്ന് അറിയാൻ പാടുമോ? കൃഷ്ണൻകുട്ടി എന്താണ് മിണ്ടാതിരിക്കുന്നത്? ഉദുമ മണ്ഡലത്തിൽ വരാത്തത് ഇതുകൊണ്ടാണ് സർ. ശ്രീ. ബേബി ജോൺ പറഞ്ഞ അഴിമതിയുടെ തത്തോപദേശം അങ്ങ് കർണ്ണാടകയിൽ കൊണ്ടു പോയി കൊടുക്കുമോ?

ഇവിടെ അന്വേഷണ ഉദ്യോഗസ്ഥൻ എന്തോ അഴിമതി ഉണ്ടെന്ന് പറഞ്ഞപ്പോൾ ഇറങ്ങിപ്പോയ മന്ത്രിമാരും മറ്റും ഇവിടെ ഇരിക്കുകയാണ്. ശ്രീ. കരുണാകരനെ സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

മി. ബേബി ജോണിന് അറിയുകയില്ലേ? ബേബിജോൺ ഇവിടെ മന്ത്രിയല്ലായിരുന്നോ? ആ കാലഘട്ടത്തിൽ രാജൻ കേസിന്റെ പേരിൽ 28 ദിവസം മാത്രം പ്രായമായ കരുണാകരൻ മന്ത്രിസഭ, ഹൈക്കോടതി സംശയം പ്രകടിപ്പിച്ചപ്പോഴും ഘടകകക്ഷികളോടു പോലും ചോദിക്കാതെ മുഖ്യമന്ത്രി സ്ഥാനം രാജിവച്ചുപോയി. അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കാമെന്ന് ഹംസ പ്രസംഗിച്ചില്ലേ? മുഖ്യമന്ത്രിയെ വാനോളം പുകഴ്ത്തി ഇന്ദ്രനോട് ഒക്കും പോന്ന്, ചന്ദ്രനോളം ഒക്കുംപോന്ന്, കരുണാകരൻ അല്ലാതെ ഈ രാജ്യത്ത് ആരുണ്ട് എന്നു ചോദിച്ച ഹംസ ഇപ്പോഴും കാലു മാറ്റത്തെപ്പറ്റിയും മറ്റും പറയുകയാണ്. താവഴി താവഴിയായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൽ നിന്നിരുന്ന കോടമറ്റത്തു കാരൻ ഹംസ പ്രതിപക്ഷത്തുപോയി കളിയെടാ കാമാച്ചീ കുട്ടിപ്പെണ്ണേ എന്നു പറഞ്ഞ് തുള്ളുന്നതിനുവേണ്ടി നിൽക്കുകയാണ്. അതുകൊണ്ട് ഒന്നും കിട്ടുകയില്ല, അടുത്തു നിലമ്പൂരിൽ സീറ്റു കിട്ടുകയില്ല. അതു നടക്കണ്ടേ? ഇന്ന് എം.വി. രാഘവനെ പുറത്താക്കാൻ പോവുകയാണ്. എന്തിനാണ് പുറത്താക്കാൻ പോകുന്നത്? ഈ രാജ്യത്ത് സമുദായ സൗഹാർദ്ദം തകർക്കരുതെന്ന് പറഞ്ഞതിന്റെ പേരിലാണ് അദ്ദേഹത്തെ പാർട്ടിയിൽനിന്ന് പുറത്താക്കുന്നത്. രാജ്യത്തെ ന്യൂനപക്ഷങ്ങൾക്കു വേണ്ടി, പിന്നോക്കങ്ങൾക്കുവേണ്ടി വാദിച്ച മാർക്സിസ്റ്റു പാർട്ടി കഴിഞ്ഞ ഒരു കൊല്ലത്തിനിടയ്ക്കു സാമുദായിക സൗഹാർദ്ദം തകർക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ ഒറ്റുകൊടുക്കുകയാണെന്ന് പറഞ്ഞ് ഹിന്ദു സഹോദരൻമാരിൽ വികാരം ഇളക്കിവിടുന്നതിനുവേണ്ടി കച്ചകെട്ടി ഇറങ്ങിയിരിക്കുകയാണ്. മാർക്സിസ്റ്റുകാർക്ക് ഇത് ആപത്താണ്. ഇത് ചെയ്യരുത്; ഇവിടെ യോജിച്ച് പോകണം എന്ന് പറഞ്ഞതിന് ശ്രീ. രാഘവനെ ഇന്ന് പുറത്താക്കാൻ പോകുന്നു. നിങ്ങളുടെ പുറത്താക്കൽ അവിടെക്കൊണ്ട് നിൽക്കുകയില്ല. പുറത്താക്കിയതിന്റെ ഗുണം നമ്മൾ കണ്ടല്ലോ? വലിയ ശക്തി കേന്ദ്രമായ കണ്ണൂരിന് എന്താണ് സ്ഥിതി? കല്ലാശ്ശേരിയിലും കയ്യൂരും എന്താണ് സ്ഥിതി? ആകെ അയ്യായിരം ആളുകളെയാണ് കെട്ടിപ്പൊക്കിക്കൊണ്ടു പോയത്. അറസ്റ്റു ചെയ്തത് 400 ആളുകളെയാണ്. ആർക്കാനും വേണ്ടി ഓക്കാനിച്ച പോലെയാണ് അത്. ഇതെല്ലാം എം.വി. രാഘവനെ പുറത്താക്കിയതിന്റെ ഗുണമാണ്. നിങ്ങളുടെ ശക്തി ഞങ്ങൾ വിചാരിച്ചാൽ സ്തംഭിപ്പിക്കാൻ കഴിയും. നിങ്ങൾ വിചാരിച്ചാൽ ഒന്നും നടക്കാൻ പോകുന്നില്ല. നിങ്ങൾ അത്ര വലിയവരൊന്നും അല്ല. ഞങ്ങളെല്ലാം ഈ രാജ്യത്തെ മനുഷ്യരല്ലേ? മാർക്സിസ്റ്റ് പാർട്ടി ഈ രാജ്യത്ത് അക്രമം അഴിച്ചു വിട്ടാൽ എന്തു വില കൊടുത്തും അത് നേരിടാൻ നിങ്ങളെപ്പോലെ അംഗസംഖ്യയുള്ള പാർട്ടികൾ ഇപ്പുറത്തും ഉണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. ഇ.കെ. നായനാരെപ്പോലെ ഉത്തരവാദപ്പെട്ട ഒരു നേതാവ് പോലീസുകാർ ഞങ്ങൾക്കു പുല്ലാണെന്ന് ഒക്കെ പ്രസംഗിക്കുകയാണെങ്കിൽ, നിങ്ങൾ അത് പറഞ്ഞിട്ട് എ.കെ.ജി. ആഫീസിൽ പോയിരിക്കും. ഈ പാവങ്ങളാണ് അടി കൊള്ളുന്നത്. കൊല്ലത്തുവച്ച് ബേബിജോണിന് അടി കൊണ്ടില്ല. ശരിയാണ്. അദ്ദേഹത്തെ എല്ലാവരുംകൂടെ വളഞ്ഞു നിന്നുയെന്നാണ് പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ ഉന്നയിച്ച കുവൈറ്റി പ്രശ്നത്തെക്കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്. ശ്രീ. ബേബിജോൺ പ്രകടിപ്പിച്ച ധാർമ്മിക രോഷം ആത്മാർത്ഥമായിട്ടുള്ളതാണെങ്കിൽ അദ്ദേഹം എം.എൽ.എ. സ്ഥാനം രാജിവച്ച് പോകണം. ഈ പറഞ്ഞ കുവൈറ്റികളുടെ വീട്ടിൽ പോയി അദ്ദേഹം ഗസ്റ്റായി ക്ഷേണം കഴിച്ച് നിന്നിട്ടുണ്ട്. കുവൈറ്റിയുടെ വീട്ടിൽ സി.എച്ച്. മുഹമ്മദ് കോയയും ഇന്ന് കെ.എസ്.ഐ.ഡി.സി. യുടെ ചെയർമാനായ ശ്രീ. പത്മകുമാർ ഐ.എ.എസുമായാണ് ബേബിജോൺ പോയത്. ശ്രീ. ബേബി ജോൺ ഇൻഡ്യയെ ഒറ്റുകൊടുക്കുന്ന, ഇൻഡ്യക്കെതിരായി പ്രവർത്തിക്കുന്ന രാജ്യദ്രോഹികളുടെ വീട്ടിൽ പോയി ക്ഷേണം കഴിച്ചിട്ടുണ്ടെങ്കിൽ അത് ഛർദ്ദിച്ചു കളയണം.

ശ്രീ. ബേബി ജോൺ: അങ്ങ് ഒരു പ്രചരണത്തിനു വേണ്ടി യാണെങ്കിൽ പറഞ്ഞോ. ഞങ്ങളം അന്ന് കുവൈറ്റിലെ മന്ത്രി മാരെ ആരെയും കണ്ടില്ല.

ശ്രീ. പി. സീതിഹാജി: അദ്ദേഹം മന്ത്രിയല്ലായിരുന്നു, എം.പി. യായിരുന്നു. വേണമെങ്കിൽ ശ്രീ. ബേബി ജോണിനെ ഇന്നു ജീവിച്ചിരിക്കുന്ന പത്മകുമാറിന്റെ വീട്ടിൽകൊണ്ടുപോയി ഹാജരാക്കി, നിങ്ങളം എന്തെല്ലാം കഴിച്ചു, എന്തെല്ലാം കുടിച്ചു എന്നുള്ള വിവരവും ഞാൻ പറയാം. ഇത്രയുമാണ് എനിക്ക് പറയുവാനുള്ളത്. അങ്ങ് ഇത് നിഷേധിക്കരുത്. അങ്ങ് ഒരു ചെറിയ പാർട്ടിയാണെങ്കിലും ഒരു വലിയ നേതാവാണ്. ശ്രീ. ബേബിജോൺ ജനങ്ങളം അംഗീകരിക്കുന്ന ആളാണ്. അങ്ങ് ഈ സമയിൽ കള്ളം പറയരുത്.

ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി: സർ, ഇവിടെ ഈ കുവൈറ്റുകാർ വന്ന് കുറച്ചുദിവസം താമസിച്ച് പുറത്തുപോയതിനെ സംബന്ധിച്ച് ആണല്ലോ ധാർമ്മിക രോഷം.

2 p.m.] ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഒരു റഷ്യൻ എജൻറ് അതായത് കെ.ജി.ബിയുടെ എജൻറ് ആയിരുന്ന ഒരാൾ ഇവിടെ വന്നു. അദ്ദേഹം എ.കെ.ജി. സെൻറിലെ ഒരു റിസർച്ചിനുവേണ്ടിവന്ന വിദ്യാർത്ഥിയാണെന്ന് പാസ്പോർട്ടിൽ അച്ചടിച്ചുവന്നതിനുശേഷം. അദ്ദേഹം അപ്രത്യക്ഷനായിരിക്കുകയാണ്. അദ്ദേഹം എവിടെ പോയി? അദ്ദേഹം സെൻറിൽ ഗവേഷണം നടത്തിക്കൊണ്ട് ഇപ്പോഴും ഉണ്ടോ എന്നുപോലും അറിയാതെ ഈ സ്ഥിതിയെക്കുറിച്ച് അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. പി. സീതിഹാജി: സർ, അപ്പുറത്തിരിക്കുന്നവർ തന്നെ ഈ ഗവൺമെൻറിനും ഇൻഡ്യാ ഗവൺമെൻറിനും എതിരായിട്ടുള്ള ആളുകളാണ്. അത്തരം രാജ്യദ്രോഹങ്ങളൊക്കെ അവരെക്കൊണ്ട് നടക്കാറുണ്ട്. ഞങ്ങളെക്കൊണ്ട് നടക്കാറില്ല. ഞങ്ങളം രാജ്യത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നവരാണ്. പിന്നെ ഇവിടെയുള്ള ഒരു പ്രശ്നം പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ചാണ്. അടുത്ത വർഷത്തിലെ കാര്യങ്ങളെക്കുറിച്ച് പറയുന്നത് ഗവർണ്ണറാണ്. പിന്നെ ബഡ്ജറ്റ് പ്രസംഗം. ഇവിടെ വളരെ വ്യക്തമായി ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിട്ടുണ്ട്. പ്രീ-ഡിഗ്രി

LIBRARY ARCHIVES Kerala Legislative Assembly

തലത്തിലുള്ള കോഴ്സുകളും പരീക്ഷകളും നടത്തുന്നതിനും പാഠ്യപദ്ധതികളും പരിഷ്ക്കരിക്കുന്നതിനുംവേണ്ടി ഒരു പ്രീ-ഡിഗ്രി ബോർഡ് രൂപീകരിക്കുന്നതാണ് എന്ന്. ഇതിനെപ്പറ്റി ചർച്ച ചെയ്യുകയും ചെയ്തു. ഇതിനെപ്പറ്റി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എനിക്ക് ഒന്ന് ചോദിക്കുവാനുണ്ട്. ശ്രീ. പ്രഭാകരന്റെ മകൻ ലുമുംബ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നു, എന്റെ മകൻ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ആണ് പഠിക്കുന്നത്. ആ കുട്ടികളെ പരീക്ഷക്കിരുത്തിയിട്ട് ആ കുട്ടികളുടെ പരീക്ഷാ പേപ്പറുകളൊക്കെ വാങ്ങി അലമാരയിൽ വച്ച് പൂട്ടിയിരിക്കുകയാണ്.. ജനങ്ങളുടെ പിച്ചച്ചട്ടിയിലെ നിക്കുതി പണമാണ് ശമ്പളമായി കൊടുക്കുന്നത്. അങ്ങനെ ഒരു കൊല്ലം ശമ്പളം പറ്റിയിട്ട് കുട്ടികളുടെ റിസൽട്ട് സമയത്ത് പ്രസിദ്ധപ്പെടുത്താതെ പ്രീ-ഡിഗ്രി ബോർഡിനു ഞങ്ങളെ എതിരാണെന്നു പറഞ്ഞുകൊണ്ട് ഇവിടെ നാലു ജീവനക്കാർ ഇറങ്ങിയതുകൊണ്ട് ഒന്നും സംഭവിക്കുകയില്ല. ഇവിടെ പ്രീ-ഡിഗ്രി ബോർഡിനെപ്പറ്റി പറഞ്ഞിട്ടേയുള്ളൂ, പക്ഷെ ബോർഡ് വന്നിട്ടില്ല. ഈ രാജ്യത്തെ ലക്ഷക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാ പേപ്പറുകൾ അലമാരയിൽ വച്ച് പൂട്ടി താക്കോലുമായി നാടുനീളെ ഇറങ്ങി ഇൻകിലാബ് വിളിക്കുകയാണ് അവർ ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഉദ്യോഗസ്ഥൻമാരെ മിസപ്രകാരവും, കോഫേപോസാ പ്രകാരവും അറസ്റ്റ് ചെയ്യണം. ഞങ്ങൾക്ക് വേദനയുണ്ട് സർ. ഞങ്ങളുടെ കുട്ടികളുടെ ഭാവി നശിക്കുകയാണ്. ഞങ്ങളുടെ മക്കൾ കോളേജിൽ പഠിച്ചിട്ട് അവർ വിജയിച്ചോ പരാജയപ്പെട്ടോ എന്ന് അറിയേണ്ട അവകാശം ഞങ്ങൾക്കുണ്ട് സർ. അത് അറിഞ്ഞുകൂടാത്ത രാജ്യദ്രോഹികളാണ് ഇവർ. ജനങ്ങളെ വെല്ലുവിളിക്കുന്ന, വിദ്യാർത്ഥികളെ വെല്ലുവിളിക്കുന്ന, രക്ഷിതാക്കളെ വെല്ലുവിളിക്കുന്ന ഈ ഉദ്യോഗസ്ഥൻമാരെ മിസാ പ്രകാരമോ അല്ലെങ്കിൽ കോഫേപോസാ പ്രകാരമോ വേണ്ടിവന്നാൽ കരുതൽ തടങ്കൽപോലും ഉപയോഗിച്ച് അറസ്റ്റ് ചെയ്യണം.

പിന്നെ പറയുന്നത് നാലുമന്ത്രിമാരുടെ കാര്യമാണ്. അതിൽ ഒരാൾ രാജിവച്ചുപോയി. അപ്പോൾ പറയുകയാണ് കിട്ടിപ്പോയി; രാജ്യദ്രോഹിയായ ശ്രീ. ബാലകൃഷ്ണപിള്ളയെ പിടിക്കണം എന്ന്. ശ്രീ. കെ.പി. പ്രഭാകരനോട് പറയുകയാണ് അങ്ങയുടെ നേതാവ് ശ്രീ. അച്യുതമേനോൻ, ബാലകൃഷ്ണപിള്ള രാജ്യദ്രോഹം ചെയ്തിട്ടില്ല, പിള്ളയെ തിരിച്ചെടുക്കണം, അദ്ദേഹത്തെ തിരിച്ചെടുക്കാത്തത് കേർട്ടറലക്ഷ്യമാണ് എന്നൊക്കെ പറഞ്ഞിട്ടുണ്ട്. കേരളത്തിൽ ഏഴെട്ടുകൊല്ലം മുഖ്യമന്ത്രിയായിരുന്ന സഖാവ് അച്യുതമേനോൻ കലാകൗമുദിയിൽ എഴുതിയ ലേഖനം ഞാൻ വായിച്ചതാണ്. ഇവിടെ ഇപ്പോൾ എന്താണ് ചെയ്തത്. ജസ്റ്റിസ് ജാനകിയമ്മയോട് വിചാരണചെയ്യാനല്ല പറഞ്ഞത്. അവരുടെ അഭിപ്രായം രേഖപ്പെടുത്തികൊണ്ടുള്ള റിപ്പോർട്ട് മുഖ്യമന്ത്രിക്ക് കൊടുക്കണമെന്നാണ് പറഞ്ഞത്. മുഖ

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയാണ് അത് തീരുമാനിക്കേണ്ടത്. അല്ലാതെ ശ്രീ. ബേബി ജോണല്ല. ശ്രീ. നായനാരല്ല. അങ്ങേഹം. അത് പരിശോധിച്ചു. അതിൽ എന്താണ് തെറ്റ്? ബഹുമാനപ്പെട്ട ശ്രീ. നായനാരോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്. നിങ്ങൾ ആ എം.വി. രാഘവനെ തൊഴിക്കരുത്. അങ്ങേഹം ഈ സഭയിലെ വേണ്ടപ്പെട്ട ഒരാളാണ്, നിങ്ങളുടെ ഗുണത്തിനുവേണ്ടി ഞാൻ പറയുന്നതാണ്. നിങ്ങളും പുറത്താകും. നിങ്ങൾ ആശുപത്രിയിൽവച്ച് ഒരു കത്ത് കൊടുത്തു എന്ന് കേട്ടു. നിങ്ങൾക്ക് സിമ്പതിയുണ്ടെന്ന് കേട്ടു. അങ്ങനെ അബദ്ധം ഒന്നും ചെയ്യണ്ട. നിങ്ങൾ ഇങ്ങനെ നോക്കിയാൽ പറ്റുമോ? ഇന്നലെ കൊടുത്തിട്ടില്ല എന്ന് നിങ്ങൾ നിഷേധിക്കേണ്ട. എം.വി. രാഘവന്റെ പേരിൽ കർശനമായ നടപടി സ്വീകരിക്കരുതെന്ന്. .....(ബഹളം) ദേശാഭിമാനി പത്രം ഞാൻ വായിക്കാറില്ല, കാരണം അതിൽ സത്യം ഒന്നും ഉണ്ടാവുകയില്ലല്ലോ? ഈ രാജ്യത്ത് ധാരാളം പത്രങ്ങളുണ്ട് അതുതന്നെ വായിക്കാൻ സമയമില്ല. പിന്നെ എങ്ങനെയാണ് നിങ്ങളുടെ പത്രം വായിക്കുന്നത്? നിങ്ങൾക്ക് എന്താണ് പറയാൻ പോകുന്നതെന്നുള്ള കാര്യം നിങ്ങൾക്കറിയാമോ? ഇപ്പോഴത്തെ ഗ്രൂപ്പിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾക്ക് കിട്ടുന്ന ന്യൂസ് നിങ്ങൾക്ക് കിട്ടുകയില്ല. ശ്രീ. കോടിയേരി മുദ്രാവാക്യം വിളിച്ചിട്ട് കാര്യമൊന്നുമില്ല. ''വീണിതല്ലോ കിടക്കുന്നു ധരണിയിൽ ശോണിതവുമണിഞ്ഞയ്യോ ശിവ! ശിവ!'' നിങ്ങൾക്ക് ഇവിടെ അഡ്രസ്സ് ഉണ്ടാക്കിത്തന്നത് ഞങ്ങളാണ്. ഈ രാജ്യത്ത് ഞങ്ങളുടെ കുറവും കുറവും പറയുന്നത് നിങ്ങളുടെ കാര്യം പറഞ്ഞിട്ടുപോരെ. ശ്രീ. ഉണ്ണികൃഷ്ണൻ കൽക്കട്ടയിൽ പോയിരുന്നു. ശ്രീ. എം.വി. രാഘവനെ പുറത്താക്കരുതെന്നു ശ്രീ. ജ്യോതിബാസുവിനെക്കണ്ടു പറയാൻവേണ്ടി. ശ്രീ. ഷൺമുഖദാസ്, ശ്രീ. എ.കെ. ശശീന്ദ്രൻ, ഇവിടെ നിങ്ങൾക്ക് നിയമസഭയുടെ പടി ഇനി കാണണമെന്നുണ്ടോ? മര്യാദയ്ക്ക് അവിടെ ഇരുന്നോളിൻ, നിങ്ങൾ ഞങ്ങളുടെ കാര്യത്തിൽ ഇടപെടേണ്ട, ഇതുകൊണ്ടൊന്നും നിങ്ങൾക്ക് രക്ഷയില്ല. കേരള ജനത ഞങ്ങളുടെ പിന്നിലുണ്ട്. ശ്രീ. കരുണാകരനും മറ്റ് മൂന്ന് മന്ത്രിമാരും രാജിവയ്ക്കണം. മന്ത്രിസഭ പോകണമെന്ന് ഞങ്ങൾ പറയുകയില്ല. തലയില്ലാതെ മൂക്കുപോയി എന്നു പറഞ്ഞിട്ട് കാര്യമുണ്ടോ? തലയാണ് ശ്രീ. കരുണാകരൻ. ശ്രീ. കരുണാകരനുവേണ്ടി എല്ലാവരും പോയി. സമരാവേശം വന്നാൽ പിന്നെ എന്ത് പറയണമെന്ന് അറിഞ്ഞുകൂടാ. ശ്രീ. ബേബിജോണിനെപ്പോലെ ബുദ്ധിയുള്ള നേതാക്കൻമാർ ഇത്രയും വിഡ്ഢിത്തരങ്ങൾ പറഞ്ഞാലോ. ശ്രീ. കരുണാകരൻ രാജിവച്ചാൽ മന്ത്രിസഭ പോയി. ഈ രാജ്യത്തിലെ ജനങ്ങളുടെ പ്രശ്നങ്ങളെക്കുറിച്ച് ഒന്നും പറയാനില്ലേ? ഈ സർക്കാർ അധികാരത്തിൽവന്ന് പതിനയ്യായിരം കിലോമീറ്റർ റോഡ് ഈ സംസ്ഥാനത്ത് നാലുകൊല്ലംകൊണ്ട് ഉണ്ടാക്കി. കേരളത്തിലെ ജനങ്ങൾക്ക് അറിയാം ഏതു പഞ്ചായത്തിലായാലും ഏത് നിയോജകമണ്ഡലത്തിലായാലും റോഡുകളുണ്ട്. സ്കൂളുകളാണെങ്കിലും ആശുപത്രികളാണെങ്കിലും എന്താണെങ്കിലും ഐ.ആർ.ഡി.പി. പ്രകാരം സംവിധാനമുണ്ടാക്കികൊടുത്തു. ദാരിദ്ര്യ രേഖയ്ക്ക് താഴെ കിടക്കുന്ന ലക്ഷക്കണക്കിന് യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്ന പദ്ധതിപ്രകാരം ലോൺകൊടുത്തു. പലതും ഈ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ചെയ്തു. ശ്രീ. ബേബി ജോൺ, ശ്രീ. അച്യുത മേനോന്റെയും ശ്രീ. പ്രഭാകരന്റെയും പാർട്ടിയേയും എന്റെ പാർട്ടിയേയും ശ്രീ. കരുണാകരന്റെ പാർട്ടിയേയും എല്ലാംകൂടി വിളിച്ചിട്ട് സഖാവ് എം.എൻ. ഗോവിന്ദൻ നായർ ഒരു പദ്ധതിയുമായിട്ട് വന്നു; ഒരു ലക്ഷം വീട് പദ്ധതി. തലചായ്ക്കാൻ ഇടമില്ലാത്ത മനുഷ്യർക്കുകൊടുക്കാൻവേണ്ടി....."പാമ്പുകടിക്കാൻ മാളമുണ്ട് പറവകടിക്കാകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല." എന്ന വയലാറിന്റെ പാട്ടും പാടി കമ്മ്യൂണിസ്റ്റുകാരും സി.പി.ഐ.ക്കാരും ഇവിടെ നടന്നിട്ടുണ്ട്. അന്ന് ഞങ്ങടെ എല്ലാംകൂടി പരിശ്രമിച്ചിട്ട് അൻപത്താറായിരം വീടുകടെ ആണ് ഏഴ് കൊല്ലംകൊണ്ട് കൊടുത്തത്. ഇന്ന് അഭിമാനപൂർവ്വം പറയുന്നു, ഒരു ലക്ഷം വീടു പൂർത്തിയായി. മൊത്തം മൂന്ന് ലക്ഷം വീടുകടെ സർക്കാർ കൊടുത്തു. ഇവർക്ക് കുവൈറ്റി പ്രശ്നവും പറഞ്ഞ് കളക്ടറേറ്റിന്റെ പടിക്കൽ പോകാനല്ലാതെ വേറെ വല്ലതും അറിയാമോ? ജനങ്ങടെ ഞങ്ങളുടെ പിന്നിലുണ്ട്. ജനങ്ങളുടെ പ്രശ്നം ഞങ്ങളുടെ മുന്നിലുണ്ട്.

ഇപ്പോടെ കൊപ്രയുടെ പ്രശ്നം വന്നു. ശ്രീ. നായനാരും കൂട്ടരും റെയിൽവേ സ്റ്റേഷനിൽപോയി. ശ്രീ. കരുണാകരൻ ഡൽഹിക്കും പോയി. അവിടെപോയി നാഫെഡിനെ കൊണ്ട് 1,200 ടൺ കൊപ്രാ വാങ്ങിപ്പിച്ചു. ഇന്ന് നാളികേരത്തിന് വിലയുണ്ട്; കപ്പയ്ക്ക്, വിലയുണ്ട്. ഈ ഗവൺമെൻറിന്റെ നേട്ടങ്ങളേയും കോട്ടങ്ങളേയും പറഞ്ഞ് അവർക്ക് ഒന്നും പറയാനില്ല. കേരളത്തിൽ എത്ര പ്രാവശ്യം മന്ത്രിമാരെ മാറ്റി. എത്ര പ്രാവശ്യം വകുപ്പുകടെ മാറ്റി. ഇതൊക്കെ ഒരു വലിയ പ്രശ്നമാണോ? ഇത് ശ്രീ. ബേബിജോണിന് കഴിയാത്തതാണ്, ശ്രീ. അച്യുതമേനോന് സാധിക്കാത്തതാണ്, പക്ഷെ ശ്രീ. കരുണാകരന് കഴിയും. 1970—ലെ ഗവൺമെൻറ് 1977 വരെ മാറിമാറി പല പ്രാവശ്യം പോർട്ട്ഫോളിയോ മാറ്റാൻ പോകുന്നുവെന്ന് പറഞ്ഞത് ഞങ്ങടെ കേട്ടതാണ്. അതിലേക്കുവേണ്ടി എത്രദിവസം ആണ് ഞങ്ങടെ അന്ന് ഉറക്കമിളച്ചത്. ശ്രീ. കരുണാകരൻ എട്ട് മാസംകൊണ്ട് അത് സാധിച്ചു. അന്ന് അഞ്ചുകൊല്ലം ഞങ്ങടെ പരിശ്രമിച്ചിട്ടുണ്ട്; വകുപ്പുകടെ മാറ്റാൻ സാധിച്ചില്ല. അഞ്ചു കൊല്ലക്കാലം ശ്രീ. അച്യുതമേനോന്റെ വീട്ടിൽ കയറിയിരുന്നു രാവും പകലും ചർച്ചചെയ്തിട്ടുണ്ട്. ആ ചർച്ച എവിടെയും എത്താതെ പിന്നെയും വഞ്ചി തിരുനക്കരയിൽ അടുപ്പിച്ചവർ ആണ് ഞങ്ങടെ. എന്നാൽ ശ്രീ. കരുണാകരൻ വെറും എട്ടു മാസം കൊണ്ട് വകുപ്പുമാറ്റങ്ങടെ നടത്തിയത് ശരിയാണ്. പിന്നെ കോൺഗ്രസ് മന്ത്രിമാരെ മാറ്റുന്നത് അവരുടെ അധികാരപരിധിയിലാണ്. ഇതൊക്കെ സാധാരണ ഉള്ളതല്ലേ. ഇതൊക്കെയാണോ ഞങ്ങളുടെ മന്ത്രിസഭക്കുള്ള കുറ്റം? അഴിമതി അഴിമതിയെന്നു പറയുന്നു, എന്ത് അഴിമതിയാണ് ഇവിടെ നടക്കുന്നത്. ആണതം ഉണ്ടെങ്കിൽ വ്യക്തമായി പറയണം.

ഈ ഗവൺമെൻറ് എന്തു സാധനം പർച്ചേസ് ചെയ്താലും അഴിമതി, സ്റ്റേഷനറി സാധനം പർച്ചേസ് ചെയ്താൽ അഴിമതി, ടെക്സ്റ്റ് ബുക്ക് ഉണ്ടാക്കിയാൽ അഴിമതി, പൈപ്പ് വാങ്ങിയാൽ അഴിമതി.

LIBRARY ARCHIVES Kerala Legislative Assembly

ഈ ഏർപ്പാടൊക്കെ അവരെ ഏൽപ്പിക്കുക, പർച്ചേസ്, നിങ്ങളം നടത്തിക്കോ, ഞങ്ങളം രേഖിച്ചോളാം; കുഴപ്പമില്ല. നിങ്ങളും മന്ത്രിമാർ ആയിരുന്നില്ലേ? ഈ കാര്യങ്ങളം അപ്പോളം ഉണ്ടായിരുന്നില്ലേ? അല്ലെങ്കിൽ വ്യക്തമായിട്ട് പറയണം. അഴിമതി തടയുന്നതിന് ഇന്ന് സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോളം പുച്ഛിച്ചു തള്ളി ശ്രീ. ശ്രീനിവാസൻ രാജിവച്ചതിനെപ്പറ്റി. നിങ്ങളം പറഞ്ഞു എന്തിനാണ് ഈ അഴിമതി നിരോധന കമ്മീഷനെ വച്ചതെന്ന്, ഞങ്ങളം അവരുമായി സഹകരിക്കുകയില്ലായെന്ന്. ഇതു നടക്കാൻ പോകുന്നതാണോ? നടക്കില്ലു വേണ്ടേ നിങ്ങൾക്ക് അവരുടെ മുമ്പിൽ തെളിവു കൊടുക്കാൻ. ശ്രീ. ആർ. ബാലകൃഷ്ണപിള്ളയുടെ പേരിൽ അന്വേഷണം നടന്നു ജസ്റ്റിസ് ജാനകിയമ്മയുടെ മുമ്പാകെ. കക്കി തടിവ്യവസായത്തെക്കുറിച്ചുള്ള അന്വേഷണത്തെ നിങ്ങളം ബഹിഷ്ക്കരിച്ചു. ഏത് അന്വേഷണം വന്നാലും പ്രതിപക്ഷം അവരുടെ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറി പോകുകയാണ് ചെയ്യുന്നത്. എന്നിട്ട് ഞങ്ങളം ഇറങ്ങിപ്പോകണമെന്നാണ് പറയുന്നത്. നിങ്ങളം പറയുന്നതുപോലെ ഇറങ്ങാനും കയറാനുമല്ല ഞങ്ങളിരിക്കുന്നത്. ഞങ്ങളം 5 കൊല്ലവും ഭരിക്കും, സമയമാവുമ്പോളം ഞങ്ങളം തെരഞ്ഞെടുപ്പിനെ നേരിടും. ജനങ്ങളുടെ മുമ്പിൽ ഞങ്ങളം ചെയ്ത കാര്യങ്ങളം പറഞ്ഞാൽ അവർ അത് അംഗീകരിക്കും. ഇപ്പോളം ഇവിടെ വന്ന കുവൈറ്റുകാർ മടങ്ങിപ്പോയശേഷമാണ് ഇന്ത്യാഗവണ്മെന്റ് അവരെ ബ്ലാക്ക്ലിസ്റ്റിൽ പ്പെടുത്തിയത്, അറിഞ്ഞത്. അതിനാണ് ഇപ്പോളം രാജിവയ്ക്കണമെന്നു പറയുന്നത്. ഇതാണ് ഇവിടത്തെ പ്രശ്നം. രണ്ടു കുവൈറ്റുകാർ വന്നതിൽ എന്തു രാജ്യദ്രോഹമാണ് ഇവിടെ. അതൊന്നു പറയണം. അതൊന്നും ചെയ്യാതെ ഇവിടെ മുസ്ലീം ലീഗിന്റെ മന്ത്രിമാർ ഈ രാജ്യത്തെ ഒറ്റിക്കൊടുക്കുന്നതിനുവേണ്ടി എന്തോ ചെയ്യുന്നുവെന്നു എന്നാണ് പറയുന്നത്. ഇതിന്റെ ഫലമെന്താണ്? 50,000 ത്തോളം ഇന്ത്യാക്കാരെ കുവൈറ്റുകാർ കടത്തിവിട്ടു. അതിൽ 45,000–ൽപ്പരം പേർ കേരളക്കാരാണ്. അതിന്റെ ഉത്തരവാദി ആരാണെന്നു നിങ്ങളം പറയണം? കുവൈറ്റികളം രാജ്യദ്രോഹികളാണെന്നു പറഞ്ഞതിന്റെ ഫലമെന്താണ്. ഇന്ന് കുവൈറ്റികളം ഇന്ത്യാക്കാരെ തിരിച്ചയയ്ക്കുന്നു. ഇത് വെറും രാഷ്ട്രീയ പ്രചരണത്തിനുവേണ്ടി മാത്രമാകരുത്. കേരളത്തിലെ ആളുകളെ മനസ്സിലാക്കണം. അവരുടെ വികാരങ്ങളം മനസ്സിലാക്കണം. മുസ്ലീം ലീഗിനെ സംബന്ധിച്ചിടത്തോളം ഇവരുടെ ആരുടേയും ഉപദേശം ഞങ്ങൾക്ക് ആവശ്യമില്ല. ഈ രാജ്യത്തിലെ ഒരുതരി മണ്ണ് പോലും ഞങ്ങൾ ആർക്കും വിട്ടുകൊടുക്കുകയില്ല. ഈ രാജ്യത്തെ ആരു ദ്രോഹിക്കാൻ വന്നാലും അതിന്റെ മുമ്പിൽ ശ്രീ. നായനാരോ ശ്രീ. ബേബീജോണോ അറച്ചു നിൽക്കുകയാണെങ്കിലും മുസ്ലീംലീഗ് വരികയും അവരുടെ വിരിമാറു കാണിച്ചു കൊടുക്കുകയും ചെയ്യുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഞങ്ങളം രാജ്യദ്രോഹികളല്ല. ശ്രീ. ബേബീജോണിനോട് വിനയപൂർവ്വം ചോദിക്കുകയാണ്. മുസ്ലീംലീഗും അങ്ങുമായി എത്ര കൊല്ലത്തെ ബന്ധമാണുള്ളത്. മാർക്സിസ്റ്റുകാരും സി.പി.ഐ. ക്കാരും പറഞ്ഞാൽ ഞങ്ങളംക്കു മനസ്സിലാകും, എന്നാൽ ശ്രീ. ബേബീജോൺ ഞങ്ങളോടുകൂടിവന്ന് ബേബിഹാജി എന്ന പേർ സമ്പാദിച്ച ഒരു മാന്യനാണ്. ഞങ്ങളം രാജ്യദ്രോഹികളാണെന്നും ഈ രാജ്യത്തെ ഒറ്റു കൊടുക്കുകയും ചെയ്യുന്നവരാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്നും ധ്വനി വരുന്ന പ്രവർത്തനങ്ങളിൽനിന്നു് ബഹുമാനപ്പെട്ട ബേബിജോൺ പിൻമാറണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് മുഖ്യ മന്ത്രി ഇവിടെ അവതരിപ്പിച്ച ഈ ധനാഭ്യർത്ഥനയെ ശക്തി യായി പിൻതാങ്ങിക്കൊണ്ടു് ഞാൻ നിർത്തുന്നു.

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഈ ധനാഭ്യർത്ഥനയെ ശക്തി യായി എതിർക്കുകയാണു്. വളരെ പരിപാവനമെന്നു കരുതപ്പെട്ടി രുന്ന എല്ലാ ജനാധിപത്യ മൂല്യങ്ങളേയും ചവിട്ടിമെതിച്ചുകൊണ്ടു് പാർലമെൻറിറി ജനാധിപത്യത്തെ വളരെ അപഹാസ്യമാക്കി ക്കൊണ്ടാണു് സർ ഈ ഗവൺമെൻറു് അതിൻെറ 4 വർഷം പൂർത്തിയാക്കിയതു്. നാലാം വാർഷികം ആഘോഷിക്കാൻ വലിയ ആഘോഷത്തിമിർപ്പൊന്നും ഈ രാജ്യത്തു് കണ്ടില്ല. എതായാലും ദുർബലവിഭാഗങ്ങൾക്കു് വീടു നിർമ്മിക്കാൻ വണ്ടിച്ചെക്കു കൊടു ത്തുകൊണ്ടാണു് ഇത്തവണ നാലാം വാർഷികം ആഘോഷിച്ചതു്. ശ്രീ. ജനാർദ്ദന പൂജാരിയെക്കൊണ്ടുവന്നു് ബാങ്കു് വായ്പകൾ വാരി ക്കോരികൊടുക്കുകയല്ലേ ചെയ്തതു്. ഇങ്ങനെ ആളെക്കൂട്ടാൻ ശ്രമി ച്ചിട്ടും രേണുകകക്ഷിയിലെ പാർട്ടികൾക്കും സാധാരണ ജന ങ്ങൾക്കും വലിയ ഉൽസാഹമൊന്നും കണ്ടില്ല. ഇവിടെ നിയ മസഭ കൂടുന്നതു് രേണുഘടനാ ബാദ്ധ്യതകൾ നിറവേറു ന്നതിനുമാത്രമാണു്. ഇവിടെ നിയമനിർമ്മാണത്തിനു് നിയമസഭ യുടെ വല്ല ആവശ്യവുമുണ്ടോ? നാലുവർഷം തികഞ്ഞു എന്നിട്ടും 34 ഓർഡിനൻസുകൾ എട്ടുപത്തുതവണ പുനർജ്ജീവനം കൊടുത്തുകൊണ്ടു് നിയമസഭയുടെ അംഗീകാരം കൂടാതെതന്നെ രേണം നടത്തുകയാണു് ചെയ്യുന്നതു്. ഈ നിയമസഭയുടെ കാലാവധി 5 വർഷം പൂർത്തിയാക്കിയാൽപോലും ഇതിൽ പലരും ഈ നിയമസഭ കാണാൻ പോകുന്നില്ല. ബഡ്ജറ്റു് ഒരു വഴിപാ ടായി അവതരിപ്പിക്കും. അതു് കഴിഞ്ഞാൽ ഓരോ മന്ത്രിയും അവരവരുടെ വകുപ്പുകൾ സാമ്രാജ്യമാക്കി അവർക്കു തോന്നും പോലെ ചെലവുകൾ നടത്തും. ഇതൊക്കെ പിന്നീടു് സപ്ലിമെൻററി ഡിമാൻറായി കൊണ്ടുവരും. പിന്നെ എല്ലാവരും കൈപൊക്കി പാസ്സാക്കും. വല്ല പരിപാടിയും ഇവിടെ നടക്കുന്നുണ്ടോ? അതുമാത്രവുമല്ല സപ്ലിമെൻററി ഡിമാൻറുകൾക്കു ബന്ധപ്പെട്ട മന്ത്രി കൊടുക്കുന്ന പ്രപ്പോസൽ ക്യാബിനറ്റു തള്ളിക്കളഞ്ഞാലും ചെലവുകൾ നിർബാധം നടത്തും. അതൊക്കെ പിന്നെ എ.ജി.യുടെ മെമ്പർഷൻ വന്നു പി.എ.സി. യുടെ അനുമതിവാങ്ങി റഗുല റൈസുചെയ്യും. നിയമസഭ ഒരു വഴിപാടിനു് എന്തെങ്കിലും പാസ്സാക്കി രേണം താനോന്നിത്ത പ്രകാരം നടത്തുന്നതായാണു് ഇവിടെ കഴിഞ്ഞ നാലുവർഷമായി കണ്ടുവരുന്നതു്. സർ, ഈ നിയമസഭ ചെലവുകൾക്കുള്ള പണം പാസ്സാക്കിയാൽതന്നെ അതു് ചെലവു ചെയ്യണമെന്നു് നിർബന്ധമുണ്ടോ? 168 കോടി രൂപ റിസർവ്വു് ബാങ്കിൻെറ കണക്കനുസരിച്ചു് അവിടെ ബന്ധനായി നിൽക്കുകയാണെന്നു പറഞ്ഞു് ഇവിടെ മുൻ ധനകാര്യമന്ത്രി ഊറ്റം കൊള്ളുകയാണു്. പക്ഷേ നിയമസഭ പാസ്സാക്കിയിട്ടുള്ള ജനോപ കാരപ്രദമായ ക്ഷേമ പരിപാടികൾക്കും വികസന പ്രവർത്തനത്തി നുമുള്ള സംഖ്യകൾ പൂർണ്ണമായി ചെലവാക്കിയിട്ടുണ്ടോ? കൊടുത്തു തീർക്കാൻ ബാദ്ധ്യതപ്പെട്ട എത്രയോ ബില്ലുകൾ കൊടുത്തു തീർക്കാനുണ്ടു്? സബ്ജക്റ്റു് കമ്മിറ്റികൾ സ്ക്രൂട്ടിനി നട ത്തിയപ്പോൾ ഓരോ ഡിപ്പാർട്ടുമെൻറിലും കൊടുത്തു തീർക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

സംഖ്യകളുടെ കണക്കുകളും വെളിപ്പെട്ടതാണ്. കഴിഞ്ഞ ബഡ്ജറ്റിൽതന്നെ ശ്രീ. കെ.എം. മാണി പുതിയ ഓർഡർ പുറപ്പെടുവിച്ചു 5 ലക്ഷത്തിൽ കൂടിയ ഒരൊറ്റ ബില്ലുകളും ധനകാര്യവകുപ്പിന്റെ മുൻകൂട്ടിയുള്ള അനുവാദംകൂടാതെ ട്രഷറിയിൽ ക്യാഷ് ചെയ്യാൻ പാടില്ലെന്ന്. എല്ലാ വകുപ്പുകളിലുമുള്ള ബില്ലുകളും ധനകാര്യ മന്ത്രിയുടെ ഓഫീസിൽ കെട്ടിക്കിടക്കുകയാണ്. ഇങ്ങനെ നിയമ സഭ പാസ്സാക്കിയ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി ചെല വാക്കേണ്ട, വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവാക്കേണ്ട, ജനക്ഷേമപരിപാടികൾക്കുവേണ്ടി ചെലവാക്കേണ്ട പണമൊന്നും ചെല വാക്കാതെ ഇതൊക്കെ ധനകാര്യവകുപ്പിന്റെ അനിയന്ത്രിതമായ അധികാരം ഉപയോഗിച്ചു കൊണ്ട് പിടിച്ചുവച്ച് വർഷാവസാനം മിച്ചമാണെന്നു പറഞ്ഞ് ഊറ്റംകൊള്ളുകയാണ് ചെയ്യുന്നത്. എത്രകോടി രൂപയാണ് ഇന്ന് കൊടുത്തുതീർക്കാനുള്ളത്. ഇപ്പോൾ പുതിയ കണക്കനുസരിച്ച് വർഷാവസാന മിച്ചം 101 കോടി രൂപയായി അവസാനിക്കുന്നുവെന്നു പറയുന്നു. കോൺട്രാക്ടർ മാർക്ക് കൊടുക്കേണ്ട ഏതാണ്ട് 100 കോടിയുള്ളതിൽ 35 കോടി രൂപയേ കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളൂ. ബാക്കി കുടിശ്ശികയായി നിൽക്കുകയാണ്. കൃഷിക്കാർക്ക് കൊടുക്കേണ്ട പമ്പിംഗ് സബ്സിഡി, കോടിക്കണക്കിന് ബാക്കിയാണ്. ഏതാണ്ട് രണ്ടുകോടിരൂപ കുട്ടനാടും തൃശ്ശൂരും കൊടുത്തു തീർക്കാനുണ്ട്. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ ഇനത്തിൽ 5 കോടിരൂപ ബാക്കിയാണ്. കൈത്തറിത്തൊഴിലാളികളുടെ റിബേറ്റ് കുടിശ്ശിക 5 കോടിരൂപയാണ്. ഇങ്ങനെ ഏതു ഡിപ്പാർട്ടുമെന്റിലാണ് കൊടുത്തുതീർക്കാൻ ബാക്കിയില്ലാത്തത്. യഥാർത്ഥത്തിൽ ഗവൺമെന്റിന്റെ കമ്മിറ്റഡ് എക്സ്പെൻസസ് കൊടുത്തു തീർക്കാതെ ഓരോ വർഷവും കടം വർദ്ധിച്ചു വർദ്ധിച്ചു വന്നിട്ട് ഇപ്പോൾ പറയുന്നു റിസർവ്വ് ബാങ്ക് മിച്ചം വച്ചിരിക്കുന്നുവെന്ന്. കഴിഞ്ഞവർഷം കേന്ദ്രഗവൺമെന്റ് തന്നെ 268 കോടി രൂപയുടെ ഓവർഡ്രാഫ്ട് മദ്ധ്യകാല വായ്പയായി മാറ്റി. അടുത്ത ഏഴാം പദ്ധതിക്കുള്ള പ്ലാൻ അഡ്വാൻസ് രണ്ടുവർഷവും വാങ്ങിയിരിക്കുകയാണ്. ഈ കൊല്ലംകൊണ്ട് രേണം അവസാനിപ്പിക്കാൻ പോകുന്ന ഈ ഗവൺമെന്റ് ഈ ഏഴാം പദ്ധതിയുടെ അടുത്ത മൂന്നു വർഷത്തേക്ക് ചെലവാക്കേണ്ട പണംപോലും അഡ്വാൻസായി ചെലവാക്കി കഴിഞ്ഞ് ഈ രാജ്യത്തെ കുത്തുപാളയെടുപ്പിക്കാൻ പോകുകയാണ്. കേന്ദ്രഗവൺമെന്റിന്റെ സ്ഥിതിതന്നെ പരുങ്ങലിലാണ്. ഒരു മിനി ബഡ്ജറ്റ് അവതരിപ്പിക്കാൻ പോകുന്നുവെന്നാണ് അവസാനമായി കേൾക്കുന്നത്. ഇങ്ങനെ ശക്തമായ നടപടികൾ എടുക്കാൻ പോകുന്നുണ്ടെങ്കിലും കേന്ദ്രഗവൺമെന്റിന്റെ കണക്കുകൂട്ടലുകളും പിഴച്ചിരിക്കുന്നതായാണ് കേൾക്കുന്നത്. ഇനി വരുന്ന ഗവൺമെന്റ് പൂർത്തിയാക്കേണ്ട പദ്ധതികൾക്കുവേണ്ട പണംപോലും അഡ്വാൻസായി വാങ്ങി ചെല വാക്കുന്നതുമൂലവും ഓവർ ഡ്രാഫ്റ്റ് മുഴുവൻ മദ്ധ്യകാല വായ്പയായി മാറ്റിയതുകൊണ്ടും, വർദ്ധിച്ചു വരുന്ന പൊതുക്കടം മൂലവും നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില തകർന്നിരിക്കുകയാണ്. 1983 ജൂലായ് ഒന്നാം തീയതി കൊടുത്തു തീർക്കാൻ ഉണ്ടായിരുന്ന ഗവൺമെന്റ് ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ക്ഷാമബത്ത കുടിശ്ശികയിനത്തിൽ നൂറമ്പതു കോടി രൂപ എഴുതിത്തള്ളി. ഓരോ തവണ പ്രഖ്യാപിക്കുന്ന ഡി.എ.യും

LIBRARY ARCHIVES Kerala Legislative Assembly

പ്രോവിഡന്റ് ഫണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. അങ്ങനെ പ്രോവിഡന്റ് ഫണ്ടിൽ കയറിയാൽ ഗവൺമെന്റിന്റെ കടബാദ്ധ്യതയായിട്ടാണ് വരുന്നത്. അങ്ങനെ കടം വർദ്ധിപ്പിച്ച് കൊടുത്തുതീർക്കേണ്ട പണം കൊടുത്തു തീർക്കാതെ ഒരു പിശുക്കനെപ്പോലെ കാശ് കെട്ടിവച്ച് റിസർവ്വ് ബാങ്കിൽ മിച്ചമുണ്ടെന്നു പറഞ്ഞ് ഊറ്റംകൊള്ളുന്നതിൽ യാതൊരു അർത്ഥവുമില്ല. കൂടുതലൊന്നും പറയുന്നില്ല. അഴിമതിയും ധൂർത്തും രണരംഗത്ത് കൊടികുത്തിവാഴുകയാണ് എന്ന്, ഓരോ സന്ദർഭത്തിലും പറയാറുണ്ട്. എന്തെങ്കിലും നിയന്ത്രണം ഇന്നുവരെ ഉണ്ടായിട്ടുണ്ടോ? മന്ത്രിമാരുടേയും പൊതുഭരണത്തിന്റെ ചെലവുകളുടേയും ഡിമാൻറാണ് ഇന്ന്. ഈ കഴിഞ്ഞ അഞ്ചുവർഷം 1981–82 മുതൽ 1985–86 വരെയുള്ള മന്ത്രിമാരുടെ ചെലവുകളും എടുത്തു പരിശോധിച്ചാൽ മാത്രം എത്ര ശതമാനമാണ് വർദ്ധിച്ചത്. ശമ്പള ഇനത്തിൽ 1981–82–ൽ 3,15,322 രൂപയായിരുന്നെങ്കിൽ 1985–86–ൽ 7,52,070 രൂപയായിരിക്കുമെന്നാണ് ഫെബ്രുവരിവരെയുള്ള കണക്ക്. അടുത്തകൊല്ലം 8,03,500 രൂപയായി എക്സ്ട്രീഡ് ചെയ്തിരിക്കുകയാണ്. യാത്രച്ചെലവ് 7,17,350 രൂപ 19,99,096 ആയി വർദ്ധിച്ചു. ഹോസ്പിറ്റാലിറ്റി ചെലവ് 4,29,466 രൂപ 10,99,880 ആയി. ഓഫീസ് ചെലവുകൾ 21,38431 രൂപ ഉണ്ടായിരുന്നത് 49,80,408 രൂപയായി. ശമ്പളച്ചെലവ് 161 ശതമാനവും, യാത്രാച്ചെലവിന്റെ വർദ്ധനവ് 179% വും ഹോസ്പിറ്റാലിറ്റിച്ചെലവ് 154% വും ഓഫീസ് എക്സ്പെൻസ് 131% വും

അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. സി. ജോസഫ്

ആണ് വർദ്ധിച്ചിട്ടുള്ളത്. വർദ്ധനവിന്റെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് നമ്മുടെ മുഖ്യമന്ത്രി തന്നെയാണ്. അദ്ദേഹത്തിന്റെ യാത്രാച്ചെലവ് 1981–82–ൽ 46,291 രൂപ ആയിരുന്നു. കഴിഞ്ഞവർഷത്തെ യാത്രച്ചെലവ് 1,29,742 രൂപയാണ്. 'ഇപ്രകാരം കാട്ടിലെ മരം, തേവരുടെ ആന, വലിയെടാ വലി' എന്ന സമീപനമല്ലേ ഓരോ വകുപ്പിലും, ഓരോ മന്ത്രിയും ഇന്ന് സ്വീകരിച്ചിരിക്കുന്നത്. അതു കൊണ്ടല്ലേ നമ്മുടെ സംസ്ഥാനത്തെ ഇത്രയധികം സാമ്പത്തികബുദ്ധിമുട്ടുകളിൽ കൊണ്ടുചെന്ന് എത്തിച്ചത്. ഇവിടെ എത്രയെത്ര അഴിമതി ആരോപണങ്ങളാണ് പത്രങ്ങളിൽ ദിവസവും ഇവിടത്തെ മന്ത്രിമാരുമായി ബന്ധപ്പെടുത്തിക്കൊണ്ട് വരുന്നത്? മലയാള മനോരമയിലും കേരളകൗമുദിയിലും മാതൃഭൂമിയിലും അഴിമതിയാരോപണങ്ങളുന്നയിച്ചുകൊണ്ടുള്ള സ്ഥിരം പംക്തി തന്നെ തുടങ്ങിയിരിക്കുകയാണ്. ഇതിൽ ഏതെങ്കിലും പത്രത്തിന്റെ പേരിൽ ഇത് അടിസ്ഥാന രഹിതമാണെന്നും അതു തങ്ങളുടെ അപകീർത്തിയ്ക്കും ഇടയാക്കുമെന്ന് പറഞ്ഞുകൊണ്ട് കേസ് എടുക്കാൻ ഏതെങ്കിലും മന്ത്രി മുന്നോട്ടു വന്നിട്ടുണ്ടോ? നിയമസഭയിൽ പറയുമ്പോഴാ എന്തുകൊണ്ട് അഴിമതി നിരോധനകമ്മീഷന്റെ മുൻപിൽ പോയിക്കൂടാ എന്നു ചോദിക്കും. ഇത് എപ്പോഴും ചോദിക്കുന്ന ഒരു ചോദ്യമാണ്. പക്ഷേ രണ്ടുവർഷമായി, അഴിമതി നിരോധനകമ്മീഷൻ അതിന്റെ പ്രവർത്തനമാരംഭിച്ചുകൊണ്ട് ഈ നിയമം വച്ചുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കാനാവില്ലെന്നു വ്യക്തമാക്കിയിരിക്കുകയാണ്. 85–ലെ റിപ്പോർട്ട് തന്നത് ഞങ്ങളുടെ കൈയിലുണ്ട്. രണ്ടാമത്തെ റിപ്പോർട്ട് ഇവിടെ വിതരണം ചെയ്തു

LIBRARY ARCHIVES Kerala Legislative Assembly

കണ്ടില്ല. അതു് ഗവർണ്ണർക്കു് സമർപ്പിച്ചതായി കേൾക്കുന്നുണ്ടു്. പത്രങ്ങളിലൊക്കെ ഇക്കാര്യം വന്നിട്ടുള്ളതാണു്. ആദ്യറിപ്പോർട്ടിൽ തന്നെ കമ്മീഷൻ പറഞ്ഞു, ഈ നിയമം വച്ചുകൊണ്ടു്, കമ്മീഷനു് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുവാൻ കഴിയുകയില്ലെന്നു്. കമ്മീഷനു് ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കണമെങ്കിൽ ഒട്ടേറെ നിയമഭേദഗതികളും വേണമെന്നു് അവർ ആവശ്യപ്പെടുകയുണ്ടായി. ആ നിയമഭേദഗതികളൊക്കെ ആ ബില്ലിന്റെ ചർച്ചാവേളയിൽ പ്രതിപക്ഷത്തുനിന്നും ഏതാണ്ടു് 600—ഓളം ഭേദഗതികളും ഉന്നയിച്ചിരുന്നതിൽ ഉൾപ്പെട്ടിരുന്ന കാര്യങ്ങളാണു്. അന്നു് ഞങ്ങളും പറഞ്ഞതാണു് ഇപ്പോഴുള്ള നിയമം വച്ചുകൊണ്ടു് കമ്മീഷനു് ശരിയായരീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുകയില്ലെന്നു്. അഴിമതി തടയുകയാണു് നിങ്ങളുടെ ഉദ്ദേശമെങ്കിൽ, അഴിമതിയാരോപണം ഉന്നയിക്കുന്നവരെ ശിക്ഷിക്കാനുള്ള വകുപ്പു് എടുത്തുകളയണമെന്നു്. അതാണു് ഇപ്പോളും കമ്മീഷൻ ആവശ്യപ്പെടുന്നതു് 26—ാം വകുപ്പു് എടുത്തുകളയണമെന്നു്. അതിൽ ഏറ്റവും പ്രധാനമാണു് അഴിമതിയുടെ നിർവ്വചനത്തിൽ ഭേദഗതി വേണമെന്നതു്. ഒരാളുടെ വരുമാനത്തിനതീതമായ സമ്പാദ്യം സ്വന്തമായോ ബന്ധുക്കളുടെ പേരിലോ ആർജ്ജിച്ചിട്ടുണ്ടെങ്കിൽ അതു് അഴിമതിയായി പരിഗണിച്ചു് പ്രൊസീഡു ചെയ്യാനുള്ള അനുവാദം വേണമെന്നുള്ള ഒരു ഭേദഗതി [കമ്മീഷന്റെ വകുപ്പു് 3 (1)—ൽ] അഡീഷണലായിട്ടു് കൂട്ടിച്ചേർക്കണമെന്നു്. ആവശ്യപ്പെട്ടിരിക്കുകയാണു്. ഇതു് ആദ്യറിപ്പോർട്ടിൽ തന്നെ ഉന്നയിച്ചതു് ഞങ്ങളുടെ സംശയം അസ്ഥാനത്തായിരുന്നില്ലെന്നു് കമ്മീഷന്റെ സ്വന്തം അനുഭവത്തിൽ നിന്നും തെളിഞ്ഞിരിക്കുകയാണു്. കമ്മീഷനു് പ്രത്യേകിച്ചു് രാഷ്ട്രീയമൊന്നും ഇല്ല. ആദ്യ റിപ്പോർട്ടു കിട്ടിയപ്പോൾ, മുഖ്യമന്ത്രി പാർട്ടി നേതാക്കൻമാരെയെല്ലാം വിളിച്ചിരുന്നു. ഞങ്ങളെല്ലാം പോയിരുന്നു. അഴിമതിനിരോധനകമ്മീഷന്റെ ശുപാർശകളും സംബന്ധിച്ചു് ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കോൺഫറൻസു് നടത്തുന്നതിനുവേണ്ടി ഞങ്ങളെ ക്ഷണിച്ചു. കഴിഞ്ഞവർഷം ഈ നിർദ്ദേശങ്ങളും ഓരോന്നായി പാർട്ടി നേതാക്കൻമാരുടെ യോഗത്തിൽ ചർച്ച ചെയ്തു. അഴിമതിനിരോധനകമ്മീഷൻ ഉന്നയിച്ചിരുന്ന സുപ്രധാനമായ മേൽപറഞ്ഞ രണ്ടു ഭേദഗതികളും, ഞങ്ങളും സസന്തോഷം സ്വാഗതം ചെയ്യുകയും ഏകകണ്ഠമായി അംഗീകരിക്കുകയും അതിനു് വേണ്ട നടപടികളും സ്വീകരിക്കണമെന്നു് മുഖ്യമന്ത്രിയോടു് ആവശ്യപ്പെടുകയും ചെയ്തതാണു്. എന്നിട്ടു് വർഷം ഒന്നു കഴിഞ്ഞു. യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇപ്പോൾ കമ്മീഷൻ അതിന്റെ രണ്ടാമത്തെ റിപ്പോർട്ടിലും അക്കാര്യങ്ങളും ആവർത്തിച്ചു് ഉന്നയിച്ചിരിക്കുന്നുവെന്നാണു് പത്രങ്ങളിൽ വാർത്ത വന്നിട്ടുള്ളതു്. അതിന്റെ കോപ്പികളൊന്നും ഞങ്ങൾക്കു് വിതരണം ചെയ്തിട്ടില്ല. അപ്പോൾ അത്തരത്തിലുള്ള ഒരു അഴിമതി നിരോധനനിയമം ഉണ്ടു് എന്നുപറയുന്നതു്, അഴിമതി ആരോപണങ്ങളും ഉന്നയിക്കുന്നതു് നിരോധിക്കാനുള്ള ഒരു നിയമം വേണമെന്നു് ഞങ്ങളും അന്നു പറഞ്ഞതു് അക്ഷരംപ്രതി ശരിയാണെന്നു് ഇന്നു കമ്മീഷന്റെ റിപ്പോർട്ടിലെ നിഗമനങ്ങളും അവരുടെ ശുപാർശകളും വളരെ വ്യക്തമായി തെളിയിച്ചിരിക്കുകയാണു്. എന്നിട്ടിപ്പോളും ജനങ്ങളുടെ ശ്രദ്ധ മുഴുവൻ തിരിച്ചുവിടുന്നതിനായി കഴിഞ്ഞ എട്ടുമാസമായിട്ടിവിടെ പ്രതിപക്ഷമായ ചർച്ച നടത്തുകയായിരുന്നു. അതിനെക്കുറിച്ചു് ഇവിടെ പലരും പറഞ്ഞുകഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

ഈ അഭ്യാസംകൊണ്ട് വല്ല പ്രതിഛമായ്യും, ദോഷമുണ്ടോ? അവസാനം വന്നുവന്ന് ശ്രീ. മാണിയുടെ ധനകാര്യവകുപ്പ് ഏറെ ടുത്തത് ഒഴിച്ചാൽ ബാക്കിയെല്ലാം കോൺഗ്രസ്സ് ഐ മന്ത്രിമാരുടെ വകുപ്പുകളും എല്ലാം അങ്ങോട്ടുമിങ്ങോട്ടും മാറി കൊടുക്കുകയാണ് ചെയ്തിട്ടുള്ളത്. മച്ചിപ്പശുവിനെ തൊഴുത്ത് മാറികെട്ടിയതുകൊണ്ട്, വല്ല പ്രയോജനവും ഉണ്ടാകുമോ? അതുപോലെ അല്ലേ ഈ കോൺഗ്രസ്സ് മന്ത്രിമാരുടെ വകുപ്പുകളും അങ്ങോട്ടുമിങ്ങോട്ടും മാറിയത് കൊണ്ടുണ്ടായത്? ഇതുകൊണ്ട് വല്ല ഫലവും ഉണ്ടായോ? ഈ മന്ത്രിസഭയുടെ പ്രതിഛമായ നഷ്ടപ്പെട്ടിരിക്കുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞതു അക്ഷരം പ്രതി ശരിയാണ്. ഈ ചർച്ച കൊണ്ട് ഒന്നും പരിഹാരിക്കപ്പെട്ടിട്ടില്ല. ഈ സംസ്ഥാനത്തുള്ള ജനങ്ങൾക്ക് ഈ ഗവൺമെൻറിലുള്ള മതിപ്പ് നശിച്ചിരിക്കുകയാണ്. നിങ്ങളെ അധികാരത്തിലേറ്റിയ ആളുകൾക്കുപോലും മടുത്തിരിക്കുകയാണ്. ഇവിടെ തെരുവിലിറങ്ങിയാലും ഏത് പൊതുസ്ഥലത്തു ചെന്നാലും ആളുകളുടെ ഇടയിൽ ഈ ഗവൺമെൻറിനു എതിരായിട്ടുള്ള അഭിപ്രായമാറ്റത്തെ വിമർശനമാണ് കേൾക്കുന്നത്. ഈ സാഹചര്യം എന്തുകൊണ്ടുണ്ടായി? ഇത് ഒരു പ്രത്യേകമന്ത്രി ഒരു പ്രത്യേകവകുപ്പു കൈകാര്യം ചെയ്തതുകൊണ്ട് ഉണ്ടായതല്ല. രണ്ടരക്കോടി ജനങ്ങളോടും അവരുടെ പ്രശ്നങ്ങളോടും കഴിഞ്ഞ നാലുവർഷക്കാലമായി നിങ്ങൾ എടുത്തിട്ടുള്ള സമീപനം കൊണ്ട് ഉണ്ടായിട്ടുള്ളതാണ്. നിങ്ങളുടെ ജനദ്രോഹപരമായിട്ടുള്ള നയങ്ങളും പരിപാടികളുമാണ് ഇന്ന് ജനങ്ങൾക്ക് ഈ ഗവൺമെൻറിലുള്ള വിശ്വാസം നഷ്ടപ്പെടുത്താൻ ഇടയാക്കിയത്. രണ്ടരക്കോടി ജനങ്ങളിൽ 25 ലക്ഷത്തോളം കുടുംബങ്ങൾ, നാളികേരകൃഷി കൊണ്ടാണ് ഉപജീവനം നടത്തുന്നത്. ഒരു നാളികേരത്തിന് നാലു രൂപ വരെ വിലകിട്ടിയിരുന്ന കേരകർഷകന് ഇപ്പോൾ ഒന്നര രൂപയാണ് കിട്ടുന്നത്. രണ്ടുകൊല്ലമായി, ഈ രീതിയിലുള്ള വിലയിടിവ് വന്നിട്ട്. എത്രയെത്ര വാഗ്ദാനങ്ങളാണ് മുഖ്യമന്ത്രി നൽകിയത്. എത്ര തവണയാണ് ഡൽഹിയിൽ ചെയ്ക്കു പോയത്? നാഫെഡ് എടുക്കാൻ പോകുന്നുവെന്നും, തന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷമുള്ള ദിവസമാണെന്ന് മുഖ്യമന്ത്രി ഇവിടെ വന്ന് പ്രഖ്യാപിച്ചു. മുഴുവൻ കൊപ്രയും നാഫെഡ് എടുക്കാൻ പോകുന്നുവെന്നും അദ്ദേഹം പറഞ്ഞു. എന്നിട്ടിപ്പോൾ ഇവിടെ ആരാണ് കൊപ്ര എടുക്കുന്നത്? ഇന്നും നാളികേരത്തിന്റെ വില, സീസൺ കഴിഞ്ഞിട്ടും ഉൽപ്പാദനം കുറഞ്ഞിട്ടുപോലും അതിൽനിന്നും ഒരിഞ്ചുപോലും ഉയർന്നിട്ടില്ല. എന്നും നിങ്ങൾ ജയ്, ജയ് പാടിക്കൊണ്ടിരിക്കുന്ന കേന്ദ്രഗവൺമെൻറിന്റെ ഇറക്കുമതി നയം തിരുത്താത്തിടത്തോളം കാലം ഈ രാജ്യത്ത് നാളികേരക്കൃഷിക്കാരനു വല്ല രക്ഷയുമുണ്ടാകുമോ? 25 ലക്ഷം കുടുംബങ്ങളാണ് നാളികേര കൃഷിക്കാരെങ്കിൽ 35 ലക്ഷം ആളുകൾ നെൽക്കൃഷിക്കാരാണ്. അവരുടെ നിലനിൽപ്പ് എന്നേ തകർന്നു കഴിഞ്ഞതാണ്. നെൽക്കൃഷി ഈ രാജ്യത്തു സംരക്ഷിക്കണം. ഇവിടെ ശ്രീ. ജേക്കബ് ബേട്ടൻ പറഞ്ഞതുപോലെ ചെമ്മീൻ കൃഷിയല്ല പ്രശ്നം, കേരളത്തിലെ ജനങ്ങളുടെ ക്ഷേമത്തിന്റെ പ്രശ്നമാണ്. നെൽക്കൃഷി ഇവിടെ സംരക്ഷിക്കപ്പെടേണ്ടതാണ്. അതുകൊണ്ടാണ് നെൽക്കൃഷി ചെയ്യുന്ന സ്ഥലങ്ങളിൽ മറ്റു കൃഷികൾക്ക് ഉപയോഗിക്കാൻ പാടില്ലെന്ന

LIBRARY ARCHIVES Kerala Legislative Assembly

നിയമം തന്നെ ഇവിടെ നിലനിൽക്കുന്നത്. അത് എങ്ങനെ സംരക്ഷിക്കാൻ കഴിയുമെന്ന് അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധനായ പരിചയസമ്പന്നനായ ശ്രീ. ജനാർദ്ദനൻ നായരെ ഏകാംഗ കമ്മീഷണറായി നിയമിച്ചു. ആ കമ്മീഷന്റെ റിപ്പോർട്ട് നിങ്ങടെ അധികാരത്തിൽ വരുന്നതിനു തൊട്ടുമുൻപാണ് നിങ്ങളുടെ കയ്യിൽ കിട്ടിയത്. നാലുവർഷമായിട്ട് ആ റിപ്പോർട്ട് അട്ടിപ്പുറത്തുവച്ചിരിക്കുകയാണ്. ഇപ്പോൾ ഈ അടുത്ത ദിവസം മനോരമയിൽ ഒരു വാർത്ത കണ്ടു. ഗവൺമെന്റ് അതേക്കുറിച്ച് ഒന്നും പറഞ്ഞുകണ്ടില്ല. അത് നിഷേധിക്കാനാവുമോയെന്ന് എനിക്കറിഞ്ഞുകൂടാ. ഇപ്പോൾ അവസാനത്തെ വർഷമായതുകൊണ്ട് തെരഞ്ഞെടുപ്പ് സ്റ്റണ്ടാണോയെന്ന് സംശയമുണ്ട്. ഏതായാലും ആ കമ്മീഷന്റെ റിപ്പോർട്ട് എങ്ങനെ പ്രാവർത്തികമാക്കാമെന്നുള്ളത് പരിശോധിക്കുവാനായി മറെറാരു കമ്മീഷനെ വച്ചു. കാർഷികാദായ കമ്മീഷണറും ഡെപ്യൂട്ടി കമ്മീഷണറും ഡയറക്ടറും ഉൾക്കൊള്ളുന്ന കമ്മിറ്റിയായിരുന്നു അത്. ആ കമ്മിറ്റി ഇപ്പോൾ പറഞ്ഞ തിക്കുന്നതാണ് മനോരമയിൽ റിപ്പോർട്ട് വന്നിട്ടുള്ളത്. ഏതായാലും ഈ രാജ്യത്തെ നെൽക്കൃഷി സംരക്ഷിക്കപ്പെടണമെങ്കിൽ ഇന്നുള്ള നെൽക്കൃഷിയുടെ ചെലവിന്റെ 50 ശതമാനമെങ്കിലും ഗവൺമെന്റ് സബ്സിഡിയായി കൊടുത്താൽ മാത്രമേ ഇവിടെ ഈ കൃഷി നിലനിർത്താൻ കഴിയൂ. ഇപ്പോൾ നാലുവർഷത്തിനിടയ്ക്ക് ഒരു ലക്ഷം ഹെക്ടർ സ്ഥലത്തെ നെൽക്കൃഷി, കൃഷിക്കാർ ഉപേക്ഷിച്ചുകഴിഞ്ഞു. എത്രകാലം സഹിയ്ക്കും? ഈ നഷ്ടപ്പെട്ട വയൽ നികത്തി തെങ്ങുവച്ചുപിടിപ്പിക്കാനോ അല്ലെങ്കിൽ പുരയിടം ഉണ്ടാക്കാനോ ആയിട്ട് കൃഷിനിലങ്ങൾ മാറിക്കഴിഞ്ഞു. ഇന്ന് നമ്മുടെ അരിയുടെ ഉൽപ്പാദനം രണ്ടു ദശാബ്ദത്തിലേറെ പിറകോട്ടുപോയിരിക്കുകയാണ്.

1965—ൽ ഹരിതവിപ്ലവം ആരംഭിച്ചപ്പോൾ ഉണ്ടാക്കിയ അത്യുൽപ്പാദനശേഷിയുള്ള വിത്ത് ഇങ്ങനെ ഉപയോഗിച്ചുകൊണ്ടിരുന്ന അവസരത്തിലുണ്ടായിരുന്ന 12 ലക്ഷം ടൺ ഭക്ഷ്യധാന്യോൽപ്പാദനമാണ് 20 വർഷങ്ങൾ കഴിഞ്ഞിട്ടും ഇപ്പോഴും കിട്ടുന്നത്. നെൽക്കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം ചുരുങ്ങുകയാണ്. ഇതിന്റെ ഫലമായി 35 ലക്ഷം കർഷകകുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുകയാണ്. ഒന്നും രണ്ടുമല്ല. റബ്ബർ കൃഷിക്കാരുടെ സ്ഥിതി എന്താണ്? കേന്ദ്രഗവൺമെന്റ് ഇപ്പോഴും പറയുന്നത് ആഭ്യന്തരവിപണിയിലെ വിലകുറയ്ക്കാൻവേണ്ടി ഇറക്കുമതി ചെയ്യുന്നു എന്നാണ്. ഇങ്ങനെ പരസ്യമായി പറഞ്ഞുകൊണ്ടാണ് റബ്ബർ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നത്. മറ്റു മലഞ്ചരക്കുകളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഇങ്ങനെ നോക്കുകയാണെങ്കിൽ കാർഷികമേഖല ആകെ തകർന്നു തരിപ്പണമായിക്കൊണ്ടിരിക്കുകയാണ്. അതിനെ പുനരുദ്ധരിക്കുന്നതിനുള്ള എന്തെങ്കിലും ഒരു ആത്മാർത്ഥമായ ശ്രമം ഉണ്ടാക്കിയിട്ടുണ്ടോ? കൃഷിക്കാരെ വഞ്ചിക്കുന്നതിനുള്ള കബളിപ്പിക്കുന്നതിനുള്ള തട്ടിപ്പുകളും വെട്ടിപ്പുകളുമല്ലാതെ അതിലുപരി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? പിന്നെ എങ്ങിനെ മുഖച്ഛായ നഷ്ടപ്പെടാതിരിക്കും, ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടാതിരിക്കും. ഇതാണ് കാർഷിക മേഖലയിലെ സ്ഥിതിയെ

LIBRARY ARCHIVES Kerala Legislative Assembly

കിൽ വ്യവസായമേഖലയിലെ സ്ഥിതി എന്തായിരിക്കും. രാവിലത്തെ ശ്രദ്ധക്ഷണിക്കലിൽ ഒരു കാര്യം സൂചിപ്പിച്ചല്ലോ ഈ സംസ്ഥാനത്തെ ഏറ്റവും വലിയ ഒരു വ്യവസായസ്ഥാപനമായ മാവൂർ റയോൺസ് പൂട്ടിയിട്ട് ജൂലായ് ഏഴിന് ഒരു വർഷം തികയുകയാണ്. ഗവൺമെൻറ് എത്രയോ കോൺഫറൻസുകൾ വിളിച്ചുകൂട്ടിയെന്ന് തൊഴിൽവകുപ്പു മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്ത് കോൺഫറൻസുകൾ? കുത്തകമുതലാളിയായിട്ടുള്ള ബിർളാ മാനേജുമെൻറിനോട് മുഖം കറുത്ത് ഒന്ന് പറയാൻ ഈ മുഖ്യമന്ത്രി തയ്യാറായിട്ടുണ്ടോ? അങ്ങനെ ഈ ഗവൺമെൻറ് പറഞ്ഞിട്ടും ധിക്കാരപൂർവ്വം അനുസരിക്കാത്ത ഒരു മുതലാളിയാണെങ്കിൽ ഈ സംസ്ഥാനത്ത് നടക്കുന്ന ഒരു വ്യവസായ സ്ഥാപനം ഏറ്റെടുക്കാൻ എന്തുകൊണ്ട് ഈ ഗവൺമെൻറ് മുന്നോട്ടു വരുന്നില്ല. നേരെമറിച്ച് തൊഴിലാളികളെയും മാനേജുമെൻറിനേയും അപ്പുറവുമിപ്പുറവും ഇരുത്തി അങ്ങോട്ടുമിങ്ങോട്ടും സ്വകാര്യം പറയുന്നതിൽ കവിഞ്ഞ് ബിർളാ മാനേജുമെൻറിൻറെ മുമ്പിൽ പഞ്ചപുച്ഛമടക്കി നിൽക്കുന്നതല്ലാതെ ഈ ധിക്കാരിയായിട്ടുള്ള മുതലാളിയെ നിലയ്ക്ക് നിറുത്താൻ കഴിഞ്ഞോ? 6500 തൊഴിലാളികളെ പണിയെടുക്കുന്ന ഫാക്ടറി ഒരു കൊല്ലമായി അടച്ചിട്ടതിൻറെ ഫലമായിട്ട് ആ പ്രദേശമാകെ ശ്മശാനമൂകതയാണ്. മാവൂരും കോഴിക്കോട് ജില്ലയാകെയും ഇന്ന് സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുകയാണ്. പെരുമ്പാവൂർ റയോൺസ് പൂട്ടിയിട്ട് വർഷം ഒന്നാകാൻ പോവുകയാണ്. 4 വർഷമായിട്ട് പൂട്ടിയിട്ട 55 കശുവണ്ടി ഫാക്ടറികളും ഇന്നും ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. കാപ്പക്സ് ഉണ്ടാക്കി, 5 എണ്ണം ഏറ്റെടുത്തു. 55 എണ്ണം ഇന്നും പൂട്ടിക്കിടക്കുകയാണ്. ഇവിടെ ശ്രീ: ററി.എസ്. ജോൺ എന്തൊക്കെ പറഞ്ഞാലും കശുവണ്ടി കുത്തകസംരേണം അവസാനിപ്പിച്ചതിൻറെ ഫലമായി ഇന്ന് കശുവണ്ടിത്തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നില്ല. മുൻഗവൺമെൻറിൻറെ കാലത്ത് 100 ദിവസംവരെ പണികിട്ടിയിരിന്നു. കഴിഞ്ഞവർഷം 40 ദിവസത്തെ ജോലിയാണ് കശുവണ്ടിത്തൊഴിലാളികൾക്ക് കിട്ടിയത്. കയർ വ്യവസായത്തിൻറെ സ്ഥിതി പറയുകയാണെങ്കിൽ സംരേണവുമില്ല, നിയന്ത്രണവുമില്ല. കയർവ്യവസായ പുനരുദ്ധാരണ പദ്ധതി ഇന്ന് ആകെ കുളിപ്പിച്ചുകിടത്തിയ അവസ്ഥയിലാണ്. 4—5 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്ന പരമ്പരാഗതവ്യവസായമാണിത്. നിബോറ് കുന്നുകൂടി കുന്നുകൂടി കൈത്തറിസംഘങ്ങൾക്ക് പ്രവർത്തിക്കുവാൻ ഒരു നയാപൈസയും കൈയിലില്ല. അഥവാ ഉണ്ടായാൽ തന്നെ നൂലിൻറെ വിലയും ചായത്തിൻറെ വിലയും താങ്ങാൻ കഴിയുന്നില്ല. കൈത്തറി വ്യവസായം തകർന്നു കിടക്കുകയല്ലേ? ഇത് പുനരുദ്ധരിക്കാൻ എന്ത് നടപടി സ്വീകരിച്ചു. അതുപോലെ തന്നെ മറ്റു പരമ്പരാഗത വ്യവസായങ്ങളുടെ സ്ഥിതിയും ഇതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. ഇതൊക്കെയാണെങ്കിലും രാജ്യദ്രോഹി എന്നു പറഞ്ഞ ശ്രീ. ബാലകൃഷ്ണപിള്ളയെ തിരിച്ച് എടുത്തു. അദ്ദേഹം വന്നു ചാർജ്ജ് എടുത്തു വീണ്ടും കാൻറീൻ കട്ടും തുടങ്ങി. 1983—ൽ ഉഗ്രമായിട്ടുള്ള വരൾച്ച ഉണ്ടായിട്ടുള്ള കാലത്തുപോലും 60 ശതമാനം കശുവണ്ടി കിട്ടിയിരുന്നു. അന്നും ജൂലായ് അവസാനമായപ്പോഴാണ് മഴ തുടങ്ങിയത്. പക്ഷെ ഇന്ന് ജൂൺ ആരംഭം മുതൽ തന്നെ വ്യവസായശാല

LIBRARY ARCHIVES Kerala Legislative Assembly

കളിൽ 100 ശതമാനം കറൻറുകട്ട് ഏർപ്പാക്കിയിട്ടുണ്ട്. ഇതു മൂലം രണ്ടു ലക്ഷം തൊഴിലാളികളാണ് സർ ഈ സംസ്ഥാനത്ത് ഫാക്ടറികളും പൂട്ടി ലേ ഓഫിന് വിധേയരായിരിക്കുന്നത്. ഇങ്ങനെ കാർഷികമേഖലയിലും തൊഴിൽ മേഖലയിലും ഉണ്ടായിട്ടുള്ള തകർച്ചക്ക് പരിഹാരമുണ്ടാകാത്തിടത്തോളം കാലം നിങ്ങളുടെ മുഖ്യമായ നന്നാക്കാൻ പോകുന്നില്ല. ഇത് മുഖ്യമന്ത്രിയ്ക്കും അറിയാത്ത കാര്യമല്ല. ഗവൺമെൻറിന് അറിയാത്തതല്ല. അത് അവർ ചെയ്യാൻ ഇഷ്ടപ്പെടാത്തതാണ്. നേരെ മറിച്ച് പ്രതിപക്ഷമായ ചർച്ചയും വകുപ്പുമാറ്റവും പറഞ്ഞ് ജനങ്ങളുടെ ശ്രദ്ധ വഴിതെറ്റിച്ചുകൊണ്ട് ഇങ്ങനെ കാലം തള്ളിനീക്കാതെ നല്ലാതെ ഇതിൽനിന്നൊന്നും കേരളത്തിൻറെ പ്രതിപക്ഷമായ നന്നാകാൻ പോകുന്നില്ല. അത് കൂടുതൽ വഷളാകുകയേയുള്ളു. അതിൻറെ കഥകളൊക്കെ ഇവിടെ പറഞ്ഞു. സമരങ്ങളെ മുഴുവൻ അടിച്ചമർത്തുന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഞാൻ പ്രീഡിഗ്രി ബോർഡിൻറെ ഞെറിനിലേക്ക് ഇപ്പോഴും കടക്കുന്നില്ല. പ്രീ-ഡിഗ്രി ബോർഡിനെതിരായ സമരത്തെ അടിച്ചമർത്താനുള്ള നടപടിയെപ്പറ്റിയാണ് പറയുന്നത്. എന്തായാലും പ്രതിപക്ഷമായതൊക്കെ മാറി മുഖ്യമന്ത്രി ആഭ്യന്തരവകുപ്പു ഏറെറടുത്തതിനു ശേഷം ഇവിടെ ഒരു പട്ടാള സ്റേററാക്കാനുള്ള ശ്രമത്തിലാണിപ്പോൾ. ഇപ്പോൾ പുറത്തുനിന്നും ഒരാൾ തിരുവനന്തപുരത്തു വന്ന് ഇറങ്ങിയാൽ ഇവിടെ യുദ്ധക്കളമാണെന്നേ തോന്നുകയുള്ളു. വാളും പരിചയും കുന്തവും മഴുവുമായിട്ട് പോലീസ് ഈ സെക്രട്ടേറിയറ്റിൻറെ പരിസരം മുഴുവൻ നിറഞ്ഞു നിൽക്കുകയാണ്. വഴിയിൽ കണ്ടവരെ മുഴുവൻ തല്ലുന്നു. ഈ സമയത്തു നടന്നുകൊണ്ടിരിക്കുന്ന സമയത്താണ് ജി.പി.ഒ. പിക്കറ് ചെയ്ത എ.ഐ.എസ്.എഫിൻറെ വിദ്യാർത്ഥികളെ ഇന്നു മൃഗീയമായി ലാത്തിച്ചാർജ് നടത്തിയത്. അഞ്ചു വിദ്യാർത്ഥി പ്രവർത്തകരെ, ഇപ്പോൾ ലോക്കപ്പിൽ കൊണ്ടുവന്നിട്ട് മർദ്ദിക്കുകയാണ് സർ. ഇതിനുമുൻപ് ഇത് എത്ര നടന്നു? ഈ കഴിഞ്ഞ 12-ാം തീയതി എ.ഐ.എസ്.എഫിൻറെയും എ.ഐ.വൈ.എഫിൻറെയും വിദ്യാർത്ഥികളും യുവജനങ്ങളും ജി.പി.ഒ. പിക്കറു ചെയ്തപ്പോൾ 4 സ്ഥലങ്ങളിലാണ് ലാത്തിച്ചാർജ് നടത്തിയത്. അടൂർ, ഇരിങ്ങാലക്കുട, കണ്ണൂർ, കാസർകോട്. കാസർകോട് ഞാൻ ചെന്നപ്പോൾ സർക്കിൾ ഇൻസ്പെക്ടറായ പുലിക്കോടൻ നാരായണൻറെ രേണമാണ്. അഭ്യസ്തവിദ്യരായിട്ടുള്ള ഡിഗ്രിയും പോസ്റ്റ് ഗ്രാഡുവേഷനുമുള്ള യുവജനങ്ങളെ വെറും ജട്ടി മാത്രമിട്ട് നഗ്നരാക്കി ലോക്കപ്പിൽ നിറുത്തിയിരിക്കുന്ന കാഴ്ചയാണ് സർ ഞാൻ കണ്ടത്. മുഖ്യമന്ത്രി ശ്രീ. കരുണാകരൻ ആഭ്യന്തരവകുപ്പ് ഏറെറടുത്ത ഈ സംഭവത്തിനുശേഷം അഭ്യസ്തവിദ്യരായിട്ടുള്ള നമ്മുടെ യുവാക്കളെ ഉടുതുണിപോലുമില്ലാതെ വെറും ജട്ടി മാത്രമിട്ട് നഗ്നരാക്കി പോലീസ് ലോക്കപ്പിൽ നിറുത്തുന്നത് ലജ്ജാകരമാണ്. ഈ രീതിയിൽ എല്ലാ സമരങ്ങളും അടിച്ചമർത്തിക്കൊണ്ട്, സ്റേറഡിയം റോളർ ഉരുട്ടിക്കൊണ്ട് ഒരു പട്ടാളരേണം സ്ഥാപിച്ചുകൊണ്ട് കാലാവധി പൂർത്തിയാക്കാം ഇനിയും ഇവിടെ ഭരിക്കാം എന്നൊക്കെ ധരിക്കുന്നുണ്ടെങ്കിൽ അത് നടക്കാൻ പോകുന്നില്ല. ഇവിടെ എന്ത് പറഞ്ഞാലും ശ്രീ. അച്യുതമേനോനെ സാക്ഷിക്കുകൊണ്ടുവരുന്ന ഒരു ഏർപ്പാടുണ്ട്. ശ്രീ. സീതിഹാജി സീറ്റിലില്ലെങ്കിലും അദ്ദേഹം പറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

ഒരു വാക്കിന് മറുപടി പറയാതിരിക്കാൻ നിവൃത്തിയില്ല. ശ്രീ. പിള്ളയെ എടുക്കാതിരുന്നത് രാജ്യദ്രോഹമാണ്, കോർട്ടലക്ഷ്യമാണ് എന്നൊക്കെയാണ് ഇവിടെ വാദിച്ചത്. പക്ഷേ ഈ ഗവൺമെൻറിൻെറ നാലു വർഷത്തെ ഭരണനേട്ടങ്ങളെയും ജയാപജയങ്ങളെയും വിലയിരുത്തിക്കൊണ്ട് ഈ പ്രശ്നത്തെ സംബന്ധിച്ച് കലാകൗമുദിയിൽ സുദീർഘമായി അച്യുതമേനോൻ എഴുതിയ ഒരു ലേഖനത്തിലെ ഒരു വാചകം ഞാൻ വായിക്കാം. അദ്ദേഹം പറഞ്ഞത് യാതൊരു ത്വദീക്ഷയുമില്ലാതെയാണ് മുഖ്യമന്ത്രി രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് എന്നാണ്. ശ്രീ. ബാലകൃഷ്ണപിള്ള രാജ്യദ്രോഹപ്രസംഗം ചെയ്തതു കൊണ്ടല്ലേ മന്ത്രിസഭയിൽനിന്ന് രാജിവയ്ക്കാൻ അദ്ദേഹത്തെ നിർബന്ധിച്ചത്. അങ്ങനെയുള്ള ശ്രീ. പിള്ളയെ എങ്ങനെ തിരികെ മന്ത്രിസഭയിൽ എടുക്കുമെന്നാണ്, അദ്ദേഹം ചോദിച്ചത്. ജനയുഗത്തിലെ ലേഖനത്തിൽ അന്ന് ശ്രീ. അച്യുതമേനോൻ പറഞ്ഞത് മുഖ്യമന്ത്രി എന്ത് പിള്ള ഏതു പിള്ള എന്നൊക്കെ ചോദിച്ചുകൊണ്ടിരുന്ന ശ്രീ. ബാലകൃഷ്ണപിള്ളയെ, രാജ്യദ്രോഹിയായ ശ്രീ. പിള്ളയെ തിരിച്ചെടുത്തത് ഛർദ്ദിച്ചത് വിഴുങ്ങുന്നതിന് തുല്യമാണെന്നാണ്. പ്രീഡിഗ്രി ബോർഡിനെ സംബന്ധിച്ചായാലും ഇവിടെ സംശയം തീർക്കേണ്ട കാര്യമില്ല. ഇന്ന് കേരള കൗമുദിയിൽ ശ്രീ. അച്യുതമേനോൻ എഴുതിയ ലേഖനത്തെക്കുറിച്ചാണ് ശ്രീ. ശ്രീനിവാസൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അദ്ദേഹം പറഞ്ഞത്, ഇതിൻെറ എല്ലാ വശങ്ങളെക്കുറിച്ചും പരിശോധിക്കേണ്ടതാണ്. എന്നാൽ പ്രീഡിഗ്രി വിദ്യാഭ്യാസ പ്രക്രിയ പുറകോട്ട് തിരിക്കുന്നത് ഇവിടെ അപ്രായോഗികമാണെന്നാണ്. കേരള കൗമുദിയുടെ ഹെഡിംഗ് തന്നെ അതാണ്. ''ഈ നടപടി തെറ്റാണ്''. ഒരു വിദ്യാഭ്യാസ നയത്തിലും കേന്ദ്രഗവൺമെൻറിൻെറ പ്രസിദ്ധീകരിക്കപ്പെട്ട ഒരു രേഖയിലും ഒരു പ്രീഡിഗ്രി ബോർഡ് രൂപീകരിക്കണമെന്ന് എവിടെയും പറഞ്ഞിട്ടില്ല. ഇതാണ് ശ്രീ. അച്യുതമേനോൻ പറഞ്ഞിരിക്കുന്നത്. ഇതിനെ ഈ രീതിയിൽ സമീപിക്കാതെ ഈ പ്രശ്നവുമായി ബന്ധപ്പെട്ട എല്ലാ ആളുകളുമായി ചർച്ച ചെയ്യണം, 1963—ൽ നിലവിൽവന്നതാണ് ഈ + 2 സമ്പ്രദായം. ഇതിനെ ഒരു പുതിയ രീതിയിലേക്ക് തിരിച്ചുവിടണമെങ്കിൽ അതിൻെറ ഭവിഷ്യത്തുകളെക്കുറിച്ചും വരുംവരായ്കകളെക്കുറിച്ചും അറിഞ്ഞിരിക്കണം. വിദ്യാഭ്യാസ മന്ത്രി പറഞ്ഞു ഇത് അടുത്തകൊല്ലമെ രൂപീകരിക്കുകയുള്ളു എന്ന്. അടുത്ത കൊല്ലം രൂപീകരിക്കുന്ന ഒരു കാര്യത്തിനുവേണ്ടി ഇപ്പോഴേ തന്നെ ഇവിടെ ഒരു കൊലക്കളം ആക്കേണ്ടതുണ്ടോ? അടുത്ത വർഷം ശ്രീമാൻ ടി.എം. ജേക്കബ്തന്നെ വിദ്യാഭ്യാസ മന്ത്രി എന്ന് ആര് പറഞ്ഞു. അടുത്തകൊല്ലം ശ്രീ. കരുണാകരൻ തന്നെ ഇവിടെ മുഖ്യമന്ത്രി ആകുമെന്ന് ആരു പറഞ്ഞു. ഈ മുന്നണി തന്നെ ഇവിടെ ഭരിക്കുമെന്ന് ആരു പറഞ്ഞു. അങ്ങനെ ഈ മേയ് മാസത്തിൽ കാലാവധി അവസാനിക്കുന്ന ഗവൺമെൻറ് അടുത്ത ജൂൺ മാസത്തിലാരംഭിക്കുന്ന വിദ്യാഭ്യാസ വർഷത്തേക്കുള്ള അടിസ്ഥാനപരമായ പരിഷ്കരണത്തിന് ഇപ്പോഴേ തീരുമാനം എടുക്കുന്നതിന് എന്ത് പ്രസക്തിയാണ്? വിദ്യാർത്ഥികളുടെ പരീക്ഷ അവതാളത്തിലാക്കാമെന്നല്ലാതെ, അതിൻെറ പേരിൽ കുണ്ഠിതപ്പെടുന്ന രക്ഷിതാക്കളുടെ സഹാനുഭൂതി കിട്ടുമെന്ന നിലയിൽ ഈ താപ്പിനു അതുകൂടി അടിച്ചേൽപ്പിച്ച് 200 സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

സ്കൂളുകൾക്ക് പ്രീഡിഗ്രി ക്ലാസ്സുകൾ കൊടുക്കുന്നതിനുള്ള അച്ചാരം വാങ്ങി എടുത്ത നടപടിയാണ് സർ ഇത്. അത് നിറുത്തിവയ്ക്കണമെന്നാണ് ശ്രീ. അച്യുതമേനോനും പറയുന്നത്. ഞങ്ങളും എല്ലാവരും പറയുന്നതും. അത് നിറുത്തിവച്ചു ചർച്ച ചെയ്യണം അത് ധൃതിപിടിച്ച് തീരുമാനിക്കേണ്ട കാര്യമല്ല. അതുകൊണ്ട് ഈ പോക്കിനെ ശക്തിയുക്തം എതിർത്തുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഞാൻ എതിർക്കുകയാണ്.

ശ്രീ. എം.എം. ഹസ്സൻ: സർ, ഉണ്ണിയെ കണ്ടാൽ അറിയാം ഊരിലെ പഞ്ഞം എന്നൊരു പൊല്ലുണ്ട്. ബഡ്ജറ്റ് ചർച്ചയിൽ പൊതുരേണത്തിന്റെ ചർച്ചകേട്ടാലറിയാം ഗവൺമെന്റിന്റെ നിറം എന്താണെന്ന് എന്നാണ് എനിക്ക് തോന്നുന്നത്. ഇവിടത്തെ ആദ്യാവസാനം വരെയുള്ള പ്രസംഗങ്ങൾ കേട്ടപ്പോൾ ഇവിടെയുള്ള പ്രശ്നം എന്താണെന്ന് എനിക്ക് മനസ്സിലായി. ഈ ഗവൺമെന്റിന് എതിരായി ബഡ്ജറ് ചർച്ചാസമ്മേളനം ആരംഭിക്കുന്നതിന് മുമ്പ് നിയമസഭക്ക് പുറത്ത് പ്രതിപക്ഷം ശക്തിയായ പ്രക്ഷോഭണം ഉയർത്തി. അതിന്റെ അലയടികൾ ഈ സഭയ്ക്കകത്തും ഞങ്ങൾ കേട്ടു. ഈ ഗവൺമെന്റിനെ നേരിടുന്ന പ്രതിപക്ഷത്തിന്റെ പ്രധാന ആക്ഷേപം, ഈ ഗവൺമെന്റിനു് എതിരായുള്ള പ്രതിപക്ഷത്തിന്റെ കുന്തമുന അവർ എങ്ങോട്ട് തിരിച്ചുവിട്ടെന്ന് ഞങ്ങൾ എല്ലാവരും കണ്ടു. രണ്ടു കുവൈറ്റികളുടെ സന്ദർശനത്തിന്റെ പേരിൽ രാജ്യദ്രോഹികൾ എന്ന് അവർ വിളിക്കുന്ന മന്ത്രിമാർ രാജിവയ്ക്കണം എന്നുള്ളതാണ് ഈ പൊതുരേണചർച്ചയിൽ ഉടനീളം മുഴങ്ങിക്കേൾക്കുന്ന പ്രതിപക്ഷത്തിന്റെ ആക്ഷേപം. അതുകൊണ്ടു തന്നെ ഞാൻ പറയുന്ന സുസ്ഥിരമായ ഈ ഗവൺമെന്റിൽനിന്ന് ജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സംരക്ഷണവും ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്നുള്ളതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് ഇവരുടെ ഈ വിഷയദാരിദ്ര്യം. ഈ സംസ്ഥാനത്ത് ക്രമസമാധാന തകർച്ചയുണ്ടായിരുന്നെങ്കിൽ പ്രതിപക്ഷകക്ഷിയിലെ അംഗങ്ങളും നേതാക്കൻമാരും വിരൽചൂണ്ടിക്കൊണ്ട് തകർന്നുപോയ ക്രമസമാധാനത്തെ കുറിച്ചല്ലേ പ്രസംഗിക്കുകയുള്ളൂ. ഇവിടെ വിലക്കയറ്റവും അവശ്യസാധനങ്ങളുടെ ദൗർലഭ്യവും ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായിരുന്നെങ്കിൽ ഇന്ന് ഏറ്റവും കൂടുതൽ ഒച്ചപ്പാടുണ്ടാക്കുക ഈ പ്രശ്നത്തെക്കുറിച്ചല്ലേ?

സർ, ഇവിടെ വികസന പ്രവർത്തനങ്ങൾ സ്തംഭിച്ചാൽ ഈ രാജ്യത്തിന്റെ ഭരണം സ്തംഭിച്ചു. ഇത് ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിറുത്തിക്കൊണ്ട് സംസാരിക്കാൻ നിങ്ങൾക്കുള്ള അനർഘമായ, അസുലഭമായ അവസരമല്ലെ ഇന്നത്തെ ഈ പൊതുരേണ ചർച്ച. സർ, ഇവിടെ ജനങ്ങളുടെ ജീവിത ദ്രേത ഉറപ്പു വരുത്തുന്നതിൽ ഈ ഗവൺമെന്റ് പരിപൂർണ്ണമായി വിജയിച്ചതുകൊണ്ടാണ് ജനങ്ങളുടെ ജീവസ്പർശിയായ ഒരു വിഷയമെടുത്തുകൊണ്ട് ഈ ഗവൺമെന്റിനു് എതിരെ നിയമസഭയ്ക്ക് അകത്തും പുറത്തും സമരം ചെയ്യാൻ ഗത്യന്തരമില്ലാതെ വന്നപ്പോൾ വിഷയദാരിദ്ര്യവും ആശയദാരിദ്ര്യവും ഉള്ളതുകൊണ്ടാണ് കുവൈറ്റുകാരുടെ സന്ദർശനത്തെക്കുറിച്ചുള്ള സമരം നിങ്ങൾ സംഘടിപ്പിച്ചത്. ശ്രീ. ബേബി ജോൺ കുറ്റബോധം കൊണ്ടാണോയെന്നറിഞ്ഞുകൂടാ അദ്ദേഹം കുവൈറ്റുകാരെ ഒഴിവാക്കി നിറുത്തി. സീതിഹാജിയിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

കാരണവും. എനിക്ക് മനസ്സിലായി. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ജനങ്ങളോട് ബാദ്ധ്യതയുള്ളവരല്ലേ പ്രതിപക്ഷം. പ്രതിപക്ഷം ഉയർത്തിപ്പിടിച്ച് പ്രശ്നം നമ്പൂതിരിപ്പാടിന്റെ ഭാഷയിൽ പറഞ്ഞാൽ പ്രതിപക്ഷങ്ങൾക്ക് ജനങ്ങളെ ബാധിക്കുന്ന പ്രശ്നങ്ങളും നിശ്ചയിക്കുമ്പോൾ പ്രയോറിറ്റിയുണ്ട്. സർ, ഇത് ശ്രീ. ബേബി ജോണിന്റെ ഭാഷയിൽ പറഞ്ഞാൽ ഒരു പക്ഷേ ഈ നിയമസഭയുടെ അവസാനത്തെ ബജറ്റ് സമ്മേളനമാണ്. ഈ ബജറ്റ് സമ്മേളനം കഴിഞ്ഞാൽ ജനകീയ കോടതിയിലേക്ക് പോകേണ്ട പ്രതിപക്ഷം ഈ നിയമസഭാ സമ്മേളനത്തിൽ ഈ ഗവൺമെന്റിന് എതിരായി ഉയർത്തിപ്പിടിച്ച പ്രധാനപ്പെട്ട ആക്ഷേപം രണ്ട് കുവൈറ്റുകാർക്ക് പായകൊടുത്ത പ്രശ്നമാണല്ലേ? രണ്ടു കുവൈറ്റുകാരെ സ്വീകരിച്ച പ്രശ്നമാണല്ലേ? അതല്ലാതെ മറ്റെന്തെങ്കിലും പ്രശ്നമുണ്ടോ? നിങ്ങളം കേട്ടിട്ടുള്ളതാണ് ശ്രീ. പ്രാകരന്റെ ദേശീയബോധം. എനിക്കും കുറച്ചൊക്കെ ഉണ്ട്. സർ, വല്ലനേ പുല്ലും ആയുധമെന്നു പറഞ്ഞതുപോലെ, ഈ പ്രതിപക്ഷത്തെ വല്ലനേമാർക്ക് ഒരു പുല്ലും കിട്ടാതെ വന്നപ്പോൾ കുവൈറ്റി പുല്ലിനെ പിടിച്ച് ശ്രീ. കരുണാകരൻഗവൺമെന്റിനെതിരായ സമരം നടത്തുന്ന ഗതികേടിൽ അല്ലേ ശ്രീ. ബേബി ജോൺ നിങ്ങളം. കുവൈറ്റുകാരെ സ്വീകരിച്ചതിന്റെ പേരിൽ രാജ്യവ്യാപകമായ പ്രക്ഷോഭണം നിങ്ങളം നടത്തുകയല്ലേ. പ്രതിപക്ഷത്തിന്റെ ഈ പ്രക്ഷോഭണങ്ങളം കാണുമ്പോൾ എനിക്ക് നിങ്ങളോട് ഒരു കാര്യം ചോദിക്കാനുണ്ട്. രണ്ട് കുവൈറ്റുകാർ ഇവിടെ വന്നു. അവരോട് പരസ്യമായി സംസാരിച്ച രണ്ടു മന്ത്രിമാർ, ശ്രീ. അഹമ്മദും ശ്രീ. ബീരാനും. അവർ പങ്കെടുത്ത പരിപാടിയിൽ പങ്കെടുത്തു അല്ലേ. അതിന്റെ പേരിലാണ് നിങ്ങളവരെ രാജ്യദ്രോഹികളെന്നു മുദ്രകുത്തിയതെങ്കിൽ ഞാൻ പറയുന്നു വിദേശ രാജ്യത്തുപോയി, അറബി രാജ്യത്തുപോയി കുവൈറ്റികളടക്കമുള്ള അറബികളായിട്ടുള്ള ആളുകളോട് രഹസ്യ സംഭാഷണം നടത്തുകയും അവരിൽനിന്ന് സംഭാവന പിരിക്കുകയും ചെയ്ത ശ്രീ. നായനാരും ശ്രീ. ബേബി ജോണും രാജ്യദ്രോഹികളാണ്. എന്താ ശ്രീ. സീതിഹാജി ഇവിടെ പറഞ്ഞില്ലേ റഫായിയുടെ വീട്ടിൽനിന്ന് ശ്രീ. ബേബിജോൺ ആതിഥേയത്വം സ്വീകരിച്ച കഥ. കേരളത്തിലെ ജനങ്ങൾക്കറിയാം. ശ്രീ. നായനാരും, രാഘവനും ഗൾഫിൽ പണം പിരിക്കാൻ പോയില്ലേ? എ.കെ.ജി. സെന്ററിനു വേണ്ടി എത്ര അറബികളിൽനിന്ന് നിങ്ങൾ കാശ് വാങ്ങി. ഞാൻ കേട്ടത് റഫായിയിൽനിന്നും ദേശാഭിമാനി സ്പെഷ്യൽ സർക്കിൾ 25 ലക്ഷം രൂപ സംഭാവനയായി പറഞ്ഞിട്ടുണ്ടെന്നാണ്.

ശ്രീ. പി. സീതിഹാജി: സർ, ഈ പണമൊക്കെ എങ്ങനെ കുഴൽപണമായിട്ടാണോ ബാങ്കു മുഖാന്തിരം വന്നതാണോ അറിയാമോ?

ശ്രീ. എം.എം. ഹസ്സൻ: അത് ഞാൻ പറയണോ? ബഹുമാന്യനായ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നായനാർ, അദ്ദേഹം ചെയ്തത് എന്ത് പ്രവർത്തിയെന്നാണ് പറയേണ്ടത്. അവർ പിരിച്ച പണം എങ്ങനെ ഇവിടെ കൊണ്ടുവന്നു എന്നുള്ളത് ഗൾഫ് മലയാളികളുടെ ഇടയിൽ പാട്ടാണ്. എ.കെ.ജി. മന്ദിരത്തിനുവേണ്ടി പണം പിരിച്ചു. ഇമ്പിച്ചിബാവ പോയി മലപ്പുറത്തുള്ള പള്ളിയുടെ മാതൃകയിലുള്ള എ.കെ.ജി. മന്ദിരത്തിനുവേണ്ടി പണം പിരിച്ചു. നായനാർ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിന്റെ കാലത്ത് സി.ഐ.ആർ.യു. ക്കാർ കമ്പോളങ്ങളിൽ (ബഹളം) ..... പരസ്യവിചാരണയും ശിക്ഷയും നടപ്പിലാക്കി. ശ്രീ. നായനാർക്ക് അധികാരം നഷ്ടപ്പെട്ടത് അങ്ങനെയാണ്. നായനാർക്ക് അറിയാമല്ലോ? അതുപോലെ രാജ്യദ്രോഹ കുറ്റത്തിന്റെ പേരിൽ നിങ്ങൾതന്നെ പരസ്യമായി കുറ്റവിചാരണ നടത്തി ശിക്ഷിക്കുകയും ചെയ്തു. ആ സമ്പ്രദായത്തിലേക്ക് ഇടതുപക്ഷ മുന്നണി എത്തിയിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, എ.കെ.ജി. മന്ദിരത്തിന് വേണ്ടി 25 ലക്ഷം രൂപ കുവൈറ്റികളിൽനിന്നു കൊണ്ടുവന്നു എന്നു പറയുന്ന ദുസ്സൂചനകളും പരാമർശങ്ങളും ഒഴിവാക്കണം. അങ്ങനെ പണപ്പിരിവ് നടത്തിയെന്നുപറഞ്ഞത് ഒഴിവാക്കണം.

ശ്രീ. എം.എം. ഹസ്സൻ: പണം ആരുടെ കയ്യിൽനിന്ന് പിരിച്ചാലും പണപ്പിരിവല്ലേ. ഞാൻ അത്രയല്ലേ പറഞ്ഞിട്ടുള്ളൂ. 25 ലക്ഷമോ അൻപതു ലക്ഷമോ ഗൾഫിൽപോയി പിരിച്ചാൽ അത് വിളിച്ചു പറയുന്നതിൽ എന്താണ് തെറ്റ്. ഇവിടെ ഈ പ്രശ്നത്തിന്റെ പേരിൽ ശ്രീ. ബേബിജോൺ നിങ്ങൾ ഇടതുപക്ഷ മുന്നണി ഉന്നയിച്ചിരിക്കുന്ന മുദ്രാവാക്യമെന്താണ്. മുഖ്യമന്ത്രിയും മുന്ന് മന്ത്രിമാരും രാജിവയ്ക്കണമല്ലേ? മുഖ്യമന്ത്രി രാജിവച്ചാൽ പിന്നെ ഇവിടെ മന്ത്രിസഭ ഇല്ലല്ലോയെന്ന് മുഖ്യമന്ത്രി തമാശയ്ക്ക് പ്രതികരിച്ചു. ശ്രീ. ബേബിജോൺ നിങ്ങൾ ഒരു പുതിയ വിമോചന സമരത്തിന്റെ ഒരുക്കു കൂട്ടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് പറഞ്ഞാൽ ഈ ഗവൺമെൻറ് രാജിവയ്ക്കണമെന്നാണതിന്റെ അർത്ഥം. ശ്രീ. നായനാരും ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടും ആവർത്തിച്ച് പ്രസംഗിച്ചിട്ടുണ്ട്. വിമോചന സമരത്തെ തള്ളിപ്പറഞ്ഞത് ആ പാർട്ടിയാണ് നിങ്ങളുടേത്. തിരഞ്ഞെടുക്കപ്പെട്ട ഇവിടത്തെ ഐക്യജനാധിപത്യമുന്നണി ഗവൺമെൻറിനെ താഴെയിറക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. ശ്രീ. ഇ.എം. എസ്സിന്റെ ഭാഷയിൽപറഞ്ഞാൽ ഭരിച്ച് ഭരിച്ച് നാറി പുഴുക്കട്ടെ എന്ന് പറഞ്ഞു അല്ലേ? തിരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറിനെ തള്ളിയിടുകില്ല എന്ന് ആണയിട്ട് ആവർത്തിച്ച് പറഞ്ഞ നിങ്ങൾ വിമോചനസമരം തെറ്റാണെന്ന് വിശ്വസിക്കുന്ന നിങ്ങൾ വിമോചന സമരത്തെ തള്ളിപ്പറഞ്ഞു. ഇത് ഞാൻ ശ്രീ.ലന്റെ ആഴ്ചക്കുറിപ്പിൽ വായിച്ചു. ആ വിമോചന സമരക്കാലത്ത് മന്ത്രിയായിരുന്നതിൽ മനം നൊന്തത് ശ്രീമതി ഗൗരി മാത്രമാണ് എന്ന്. ബാക്കി ആരും സമരത്തിൽ പങ്കെടുത്തില്ല. മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് പറയുന്നത് ബോധപൂർവ്വമാണ്. ഈ തിരഞ്ഞെടുക്കപ്പെട്ട ഗവൺമെൻറിനെ അട്ടിമറിക്കാനുള്ള ഒരു രണ്ടാം വിമോചന സമരമാണ് പ്രതിപക്ഷം ആരംഭിച്ചിരിക്കുന്നതെന്ന് ഞാൻ ആരോപിക്കുന്നു. മുഖ്യമന്ത്രി രാജിവച്ചാൽ ഈ ഗവൺമെൻറുണ്ടോയെന്ന് ഭരണഘടനാവിദഗ്ദ്ധനായ ശ്രീ. ചന്ദ്രശേഖരനോട് ചോദിക്കൂ. ഗവൺമെൻറ് രാജിവയ്ക്കണമെന്ന് ആരെകളിപ്പിക്കാനാണ് നിങ്ങൾ പറയുന്നത്. ശ്രീ. കരുണാകരൻ രാജിവയ്ക്കണമെന്ന് പറയുന്നതിന്റെ കാരണമെന്താണ്. ശ്രീ. കരുണാകരൻ രാജ്യദ്രോഹിയാണെന്നുപോലും ശ്രീ. ബേബിജോൺ ഇത്രയും വേണോ, ശ്രീ. നായനാർ ഇത്രയും വേണോ? 1936-ൽ പ്രജാമണ്ഡലവുമായി

LIBRARY ARCHIVES Kerala Legislative Assembly

ഇന്ത്യൻ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട രാഷ്ട്രീയ സമരം ആരംഭിച്ചു. കമ്മിറ്റ് ഇന്ത്യാ സമരത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി കാരാഗൃഹത്തിൽപോയ ശ്രീ. കരുണാകരൻ രാജ്യദ്രോഹിയാണുപോലും. .....(ബഹളം).....ശ്രീ. കരുണാകരൻ രാജ്യദ്രോഹിയാണെങ്കിൽ ഗൗരിയമ്മേ, നിങ്ങളൊക്കെ രാജ്യദ്രോഹികളാണ് .....(ബഹളം).....നിങ്ങൾ മുസ്ലീം ലീഗിന്റെ രണ്ടു മന്ത്രിമാരെ ക്കുറിച്ച്, അവർ രാജ്യദ്രോഹികളാണെന്ന് ചിത്രീകരിച്ചുകൊണ്ട് പ്രസംഗിക്കുന്നു. ഞാനൊരു കാര്യം പറയാം. നിങ്ങൾ മുസ്ലീം ലീഗിനെ എങ്ങനെ വേണമെങ്കിലും വിലയിരുത്തിക്കൊള്ളൂ. മുസ്ലീം ലീഗിന്റെ രാഷ്ട്രീയത്തെക്കുറിച്ച് നിങ്ങൾ എങ്ങനെ വേണമെങ്കിലും വിമർശിച്ചുകൊള്ളൂ. പക്ഷേ ഈ രാജ്യത്തിന്റെ സ്വാതന്ത്ര്യവും അഖണ്ഡതയും നിലനിറുത്തുന്നതിൽ, രാജ്യത്തിന്റെ അപകടഘട്ടങ്ങളിൽ മുസ്ലീം ലീഗ് അവരുടെ ദേശാഭിമാന ബോധം ഉയർത്തിക്കാണിച്ചിട്ടുണ്ട്. കമ്മിറ്റ് ഇന്ത്യാ സമരത്തെ വഞ്ചിച്ചതാരാണെന്ന് നിങ്ങൾ മറന്നുപോയോ? ഇൻഡ്യയുടെ സ്വാതന്ത്ര്യ ലബ്ധിയെ പരിഹസിച്ചതാരാണ് നിങ്ങൾ മറന്നുപോയോ? കാശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്ന് പറയാൻ മടിച്ചവരാണ് നിങ്ങൾ മറന്നുപോയോ? ഇൻഡ്യ—ചൈനാ യുദ്ധക്കാലത്ത് ചൈനാ ചാരൻമാരെന്ന് ഗ്രാമങ്ങളിലെ കൊച്ചുകുട്ടികൾ വിളിച്ചു നടന്നത് ആരെയാണെന്ന് നിങ്ങൾ മറന്നുപോയോ? പാക്കിസ്ഥാനും ഇൻഡ്യയും തമ്മിൽ യുദ്ധം നടക്കുമ്പോൾ കേരളത്തിലെയും ഇൻഡ്യയിലെയും ഒരു മുസ്ലീം ലീഗ് നേതാവിനെയും ജയിലിൽഇട്ടിരുന്നില്ല എന്നുള്ള വസ്തുത ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നിങ്ങൾ മുസ്ലീം ലീഗിനെ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളൂ. ഞങ്ങൾക്ക് മുസ്ലീം ലീഗിനെക്കുറിച്ച് ഞങ്ങളുടേതായ വിലയിരുത്തലും കാഴ്ചപ്പാടും ഉണ്ട്. ശ്രീ. ബേബി ജോൺ അവരെ രാജ്യദ്രോഹികളെന്നു പറഞ്ഞ് അതിനു വേണ്ടി സമരത്തിന് കോപ്പുകൂട്ടിയാൽ, ഈ രാജ്യത്തെ ജനങ്ങൾ വിലവയ്ക്കാൻ പോകുന്നില്ല. എനിക്ക് ചോദിക്കാനുള്ളത് ഈ സമരം ഇവിടെ എങ്ങനെ വന്നു. ശ്രീ. ബേബി ജോൺ ഈ സമരം പൊടുന്നനെ വന്നതാണോ? കൊച്ചുകുട്ടികൾ തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്നതുപോലെ നിങ്ങളെക്കൊണ്ട് സമരം എടുപ്പിച്ചതാണ്. ഇത് തുടങ്ങിയത് എവിടെ നിന്നാണെന്നറിയാമോ? ശരിയത്ത് വിരുദ്ധതയിൽ നിന്നാണ്. അഖിലേന്ത്യാ മുസ്ലീം ലീഗുമായിട്ടുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ ബന്ധം വിടർത്തലിലൂടെ മുന്നേറി. ഇപ്പോൾ എവിടെ എത്തിയിരിക്കുന്നുവെന്നറിയാമോ? ഇപ്പോൾ ഹിന്ദു വോട്ട് ബാങ്കുകളിൽ കണ്ണുനട്ടിരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ നിലപാട് ഉറപ്പിക്കാൻ വേണ്ടിയുള്ള ഒരു സമരമായിട്ട് ഇത് രൂപാന്തരപ്പെട്ടിരിക്കുന്നു. ഫലത്തിൽ, മുസ്ലീം ക്രിസ്ത്യൻ വിരോധം ആളിക്കത്തിക്കുവാനുള്ള മാർക്സിസ്റ്റ് പാർട്ടിയുടെ ബോധപൂർവ്വമായ തന്ത്രങ്ങൾക്ക്, തുമ്പിയെക്കൊണ്ട് കല്ലെടുപ്പിക്കുന്ന കുട്ടികളുടെ മനോഭാവത്തോടുകൂടി നിങ്ങൾ നിന്നുകൊടുക്കുകയല്ലെ ചെയ്തത്. ഇടതു മുന്നണിയെക്കൊണ്ട് സമരം നടത്തുന്നു. ഞങ്ങൾക്കറിയാം മാർക്സിസ്റ്റ് പാർട്ടിയുടെ ആഭ്യന്തരം. മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ. ഇ. എം. എസ്സും, അച്യുതാനന്ദനും അണികളിതരായ രാഘവനേയും കുട്ടനേയും ബലത്ത രേഖയുടെ പേരിൽ പുറത്താക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയുള്ള ശ്രമങ്ങളും നടക്കുമ്പോഴും അതിന് മൂടുപടം അണിയിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളിലേക്ക് ശ്രദ്ധ തിരിച്ചു വിട്ടുകൊണ്ട് ഒരു രാഷ്ട്രീയ അടവാണ് കുവൈറ്റികരണത്തിനെതിരായിട്ടുള്ള ഇടതുമുന്നണിയുടെ സമരമെന്നുള്ള സത്യം മാർക്സിസ്റ്റ് പാർട്ടിയിൽ പോലും അടക്കിപ്പിടിച്ച് സഖാക്കളും സംസാരിക്കുന്നത് കേട്ടവരാണ് ഞങ്ങളും.

ആ സമരം ആണോ ഗവൺമെന്റിനെതിരായ സമരം. നിങ്ങൾക്ക് നാണമില്ലേ ശ്രീ. ബേബി ജോൺ? ശ്രീ. കെ.പി. പ്രകാശൻ? ശ്രീ. എ.സി. ഷൺമുഖദാസ്? കോൺഗ്രസ്സ്-ഐ-യിലെ കമലാപതി ത്രിപാഠിയുടെയും, പ്രണാബ് മുക്കർജിയുടെയും ഒക്കെ കാര്യം ഇവിടെ പറഞ്ഞു. രക്ഷവേണമെങ്കിൽ ഇങ്ങോട്ട് വരാൻ പറഞ്ഞ ശ്രീ. ഷൺമുഖദാസ്, ബൽഗാമിൽ ഭാഷാഭ്രാന്തിന്റെ പേരിൽ ഈ രാജ്യത്തെ കുട്ടിച്ചോറാക്കാൻ നടത്തുന്ന ഒരു സമരാഭാസത്തിന്റെ പേരിലാണോ ദേശാഭിമാനബോധമുണ്ടെന്ന് ഭാവിക്കുന്ന നിങ്ങൾ ഞങ്ങളെ വിളിക്കുന്നത്. നാണമില്ലേ ഷൺമുഖദാസ്. മഹാരാഷ്ട്രക്കപ്പുറം ലോകം കാണാൻ കഴിയാത്ത ഒരു നേതാവ്; അദ്ദേഹത്തിന്റെ പിന്നിൽ അണിനിരക്കണം എന്ന് പറയാൻ ലജ്ജ തോന്നാത്ത ഷൺമുഖദാസ്. കുവൈറ്റികരണം വരുന്നുവെന്ന് പറഞ്ഞപ്പോൾ വിറച്ചു എന്ന് പറയുന്ന ഷൺമുഖദാസിന് നാണമില്ലേ? അതേ വിറയ്ക്കൽ ഇപ്പോഴും ഒന്ന് വിറച്ചു കൂടേ?

ശ്രീ. എ.സി. ഷൺമുഖദാസ്: സർ, ഒരു ചോദ്യം.....

ശ്രീ. എം.എം. ഹസ്സൻ: ഞാൻ വഴങ്ങുന്നില്ല. ഇവിടെ പ്രധാനമായിട്ടും പറഞ്ഞത് പ്രതിച്ഛായയുടെ കാര്യമാണ്. കോൺഗ്രസ്സ്-ഐ-യിലെ പ്രശ്നങ്ങളാണ്. രേണുകുന്നണിയിലെ പ്രശ്നങ്ങളാണ്. എന്റെ പൊന്നു മാർക്സിസ്റ്റ് സഖാക്കളെ ഈ വിഷച്ചായം വികൃതമാക്കിയ മുഖച്ഛായയുമായിട്ടല്ലേ നിങ്ങൾ സഭയിലേക്ക് കടന്നുവന്നത്? നിങ്ങൾക്ക് നിഷേധിക്കാൻ കഴിയുമോ? സർ, ഈ മുഖത്ത് രണ്ടേ രണ്ട് സ്ഥലത്താണ് ഇപ്പോൾ അടിയന്തിരാവസ്ഥയുള്ളത്. ഒന്ന് ഒക്ടിണാഫ്രിക്കയിലും മറ്റൊന്ന് മാർക്സിസ്റ്റ് പാർട്ടിയിലും. രണ്ടു സ്ഥലത്തേയുള്ളു. കോൺഗ്രസ്സിൽ ഇല്ല ശ്രീ. ഷൺമുഖദാസ്, കരുണാകരൻ ചായ തന്നാൽ കുടിക്കാനുള്ള പരസ്പരവിശ്വാസം ഞങ്ങൾക്കിടയിൽ ഇപ്പോഴും അവശേഷിക്കുന്നു. സർ, ഈ അടുത്തകാലത്ത് കണ്ണൂരിൽ പോയി. നായനാരുടെ തേർവാഴ്ച നടക്കുമ്പോൾ ജൂതൻമാർക്കു അനുഭവപ്പെട്ട ചിലയാതനകളോട് സാമ്യമുള്ള ചില കഥകൾ ഞാൻ അവിടെ കേട്ടു-ഹൃദയഭേദകമായിരുന്നു. മാർക്സിസ്റ്റ് പാർട്ടിയുടെ പോളിറ്റ് ബ്യൂറോ മെമ്പറും സംസ്ഥാന സെക്രട്ടറിയുമായ സഖാവ് അച്യുതാനന്ദൻ, അദ്ദേഹത്തിന് ഇപ്പോൾ റഷ്യൻ ബന്ധം വന്നപ്പോൾ ആ പാർട്ടിയിലെ ചില കുസൃതികളായ സഖാക്കൾ കൊടുത്തിരിക്കുന്നു വി.എസ്. എന്നതിന്റെ വികസനം എന്താണെന്നറിയാമോ? വ്ളദിമർ സുസിലോവ് അച്യുതാനന്ദൻ എന്നാണ്. ഈ അച്യുതാനന്ദൻ എം.വി. രാഘവനെ ഗസ്റ്റ് ഹൗസിൽ വിളിച്ച് ഒരു ചായ കൊടുത്തു. പക്ഷേ ചായ നല്ല ചായ അല്ലെന്ന് രാഘവന് സംശയം. കാരണം, നല്ല ചായക്ക് പ്രതിച്ഛായ എന്നാണല്ലോ പറയുക. അപ്പോൾ ഈ നല്ല ചായ അല്ല

LIBRARY ARCHIVES Kerala Legislative Assembly

എന്ന് തോന്നിയപ്പോൾ രാഘവൻ ചായ കുടിച്ചില്ല. വിഷച്ചായ ആണെന്നു സംശയിച്ചതുകൊണ്ട് അദ്ദേഹം ചായ നിരസിച്ചു. ഉടനെ, ചായ കുടിക്കാത്തതിന് കുറ്റപത്രം സമർപ്പിച്ചു. സർ, അതുപോലെ വളരെ ശോചനീയമായ ഒരു കാര്യം കേൾക്കണമോ? ഈ രാഘവൻ ചെറുതാഴത്ത് ഒരു യോഗത്തിന് പോയി. അവിടെ എ.കെ.ജി. ഹോസ്പിറ്റലിൽ പണിയെടുക്കുന്ന ഒരു കുക്ക് അദ്ദേഹത്തിന്റെ വീട്ടിൽ വിളിച്ചുകൊണ്ടു പോയി സഖാവിന് ക്ഷേണം കൊടുത്തു. ഉടനെ പിറ്റേ ദിവസം സഖാവിനെ സെൻഷ്വർ ചെയ്തത് ലോക്കൽ കമ്മിറ്റിയിൽ, പിണറായി വിജയൻ സെക്രട്ടറിയായിട്ടുള്ള ജില്ലാ കമ്മിറ്റിയിൽനിന്ന് സർക്കുലർ അയച്ചു. മേലാൽ ആരും രാഘവനു ദാഹിച്ച വെള്ളം കൊടുത്താൽ അവർക്ക് മാർക്സിസ്റ്റ് പാർട്ടിയിൽ സ്ഥാനം ഉണ്ടായിരിക്കുകയില്ല എന്ന്. എന്റെ കോടിയേരി, നമ്മൾ എല്ലാവരും ഈ രാജ്യത്തല്ലേ ജീവിക്കുന്നത്. സർ, ക്ഷേണം കൊടുത്തതിന്റെ പേരിൽ നടപടി എടുക്കുന്നതിന് നിങ്ങൾ ഇന്നലെ വരെ സൂചിപ്പിച്ച ഊരുവിലക്കുപോലെ പ്രാകൃതമായ നടപടിയാണ് എന്നുള്ള കാര്യം മാർക്സിസ്റ്റ് പാർട്ടി സഖാക്കൾ വിസ്മരിക്കരുത്.

നിങ്ങൾ തൊഴിലാളി സ്നേഹം സംസാരിക്കുന്ന ആളുകളല്ലേ? സർ, ദേശാഭിമാനി പത്രത്തിൽ പണിയെടുക്കുന്ന ചില ആളുകളോട് വൈരനിര്യാതന ബുദ്ധിയോടുകൂടി പെരുമാറിയതിന്റെ കഥകൾ കേൾക്കണമോ? രാഘവൻ മിണ്ടുകയും സംസാരിക്കുകയും ചെയ്തതിന്റെ പേരിൽ ട്രാൻസ്ഫർ നടത്തിയത് ആരെയാണെന്നറിയാമോ? ദേശാഭിമാനി പത്രത്തിനുപോലും മറക്കാൻ കഴിയാത്ത സഖാവ് എൻ. ശ്രീധരൻ—അദ്ദേഹത്തിന്റെ മകളുടെ ഭർത്താവായ ബാബുവിനെ തിരുവനന്തപുരത്തുനിന്ന് എറണാകുളത്തേയ്ക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. 500, 600 രൂപ ശമ്പളം കിട്ടുന്ന കണ്ണൂരിലെ ദേശാഭിമാനി ഓഫീസിലെ ഒരു ടെലി പ്രിന്റർ ഓപ്പറേറ്റർ. തുച്ഛമായ ശമ്പളം കിട്ടുന്ന ആളാണ്. രാഘവന്റെ ആളായതുകൊണ്ട് അദ്ദേഹത്തെ എറണാകുളത്തേക്ക് ട്രാൻസ്ഫർ ചെയ്തിരിക്കുന്നു. നിങ്ങൾ ഇലക്ട്രിസിറ്റി ബോർഡ് സമരം നടത്തിയപ്പോൾ ബാലകൃഷ്ണപിള്ളയോട് പോടിച്ചു മാര്യയെയും ഭർത്താവിനെയും രണ്ട് സ്ഥലത്തേയ്ക്ക് സ്ഥലം മാറ്റുന്നതെന്തെന്ന്. ബാലകൃഷ്ണപിള്ളയോട് പോടിച്ചു നിങ്ങൾ, നിങ്ങൾക്ക് റേക്കാൻ എന്താണ് അവകാശം എന്ന്. ദേശാഭിമാനി പത്രത്തിന് ഇത് ബാധകമല്ലേ? വേജ് ബോർഡ് ശുപാർശ നടപ്പിലാക്കണമെന്ന് പറഞ്ഞ ദേശാഭിമാനി മാനേജ്മെന്റിന് നോട്ടീസ് കൊടുത്തതിന്റെ പേരിൽ അല്ലേ മലപ്പുറം മുസ എന്നറിയപ്പെടുന്ന വർക്കിംഗ് ജേർണലിസ്റ്റ് യൂണിയന്റെ നേതാവിനെ നിങ്ങൾ പുകച്ചു പുറത്താക്കിയത്? അപ്പോൾ ദേശാഭിമാനിയ്ക്ക് തൊഴിലാളി നിയമങ്ങൾ ബാധകമല്ലേ?

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ഇതൊക്കെ എവിടുന്ന് കിട്ടി?

ശ്രീ. എം.എം. ഹസ്സൻ: ഇതൊക്കെ ഞാൻ പറയണമോ? ഞാൻ പറഞ്ഞാൽ പരിഭവിക്കരുത്. ഞാൻ കോടിയേരി ബാലകൃഷ്ണന്റെ പേര് പറയുകയില്ല. അദ്ദേഹം എന്റെ സുഹൃത്താണ്. അദ്ദേഹം എനിക്ക് തന്നാൽ പോലും അദ്ദേഹത്തിന്റെ പേര് പറയുകയില്ല. അത്രയ്ക്ക് സുഹൃദ് ബന്ധമാണ് ഞങ്ങൾ തമ്മിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, യഥാർത്ഥത്തിൽ ഫാസിസ്റ്റുകളുടെ അധ്വാഴ്ചയാണ് ഇന്ന് മാർക്സിസ്റ്റ് പാർട്ടിയിൽ നടക്കുന്നത്.

ശ്രീ. ടി.എച്ച്. മുസ്തഫ: ദേശാഭിമാനിയിൽ തൊഴിൽ നിയമങ്ങളൊന്നും നടപ്പാക്കാതിരുന്നതിന്റെ പേരിൽ അന്തരിച്ചുപോയ പി. ഗംഗാധരന്റെ മകനും അടക്കമുള്ള ആളുകളെ യൂണിയൻ ഉണ്ടാക്കുകയും അവകാശം ചോദിക്കുകയും ചെയ്തതിന്റെ പേരിൽ എറണാകുളത്ത് ദേശാഭിമാനിയിൽ നിന്ന് ഏഴു പേരെ പറഞ്ഞയച്ചത് ഹസ്സനു അറിയാമോ?

ശ്രീ. എം.എം. ഹസ്സൻ: ഞാൻ പറഞ്ഞില്ലേ ഇത്ര സമർത്ഥമായി കാര്യങ്ങൾ ചെയ്യുന്ന ആളുകളാണ് ഇവർ.. ശ്രീ. എം.വി. രാഘവൻ ചെയ്ത തെറ്റ് എന്താണ്? ബദൽ രേഖ അവതരിപ്പിച്ചു എന്നാണ് പറയുന്നത്... കേരള ശബ്ദത്തിൽ വന്നതാണ്. "കോൺഗ്രസ്സ് നശിച്ചാലേ വർഗ്ഗീയ ശക്തികളെ തകർക്കുകയുള്ളൂ" എന്ന് പറയുന്നത് റിവിഷണലിസമാണോ? അത് മാർക്സിസ്റ്റ് പാർട്ടിയുടെ അച്ചടക്ക ലംഘനമാണോ? സർ, പണ്ടൊക്കെ ഞങ്ങൾ കേട്ടിട്ടുള്ളത് ബദൽ പരിപാടി ബദൽ ഗവൺമെന്റ് എന്നൊക്കെയാണ്. ഇപ്പോൾ ബദൽ രേഖ. ബദലിനു ബദൽ. മാർക്സിസ്റ്റ് പാർട്ടി വരാൻ പോകുന്നു. നോക്കിക്കോ. ഉച്ച കഴിഞ്ഞിട്ട് നമുക്ക് കാണാം. അതുകൊണ്ട് സർ, രാഘവനെ പുറത്താക്കി കഴിയട്ടെ, ഈ [illegible] കാലത്ത് ശ്രീ. ഇ.എം.എസ് നമ്പൂതിരിപ്പാട് രാജ്യവ്യാപകമായി നടന്ന് പ്രസംഗിക്കുകയാണ്. "രാഘവാ സർവ്വ രാജ്യത്തൊഴിലാളികളെ സംഘടിക്കുവിൻ ഈ പ്രഖ്യാപനം മാറ്റി സർവ്വ രാജ്യ യുവാക്കളെ സംഘടിക്കുവിൻ എന്ന് ആക്കിയിരിക്കുകയാണോ എന്ന് ചോദിച്ചു. അദ്ദേഹത്തെ ആക്ഷേപിച്ചു, സൺഡേയിൽ യങ്ങ് ആസ് ഹിറൻസ്. എന്ന് പറഞ്ഞ് ബംഗാളിലെ വാർത്ത വന്നിട്ടുണ്ട്. ഇവരാരും കണ്ടു കാണുകയില്ല. ബുദ്ധദേവ് ഭട്ടാചാര്യയെപ്പോലുള്ള ആളുകൾ. കോടിയേരി മാർക്സിസ്റ്റ് പാർട്ടി രണ്ടാം നേതൃ നിരയെ ബംഗാളിൽ ശക്തിപ്പെടുത്തുന്നു. കമലാപതി ത്രിപാഠി പ്രായമായ ആളാണ്. അദ്ദേഹത്തെ വിട്ടയക്കുക. ഞാൻ ഇപ്പോഴും ചെറുപ്പക്കാരുടെ കാര്യമാണ് പറയുന്നത്. സർ, മാർക്സിസ്റ്റ് പാർട്ടി ബംഗാളിൽ ചെറുപ്പക്കാരുടെ ഒരു നിരയെ വളർത്തുമ്പോൾ ഇവിടത്തെ ചെറുപ്പക്കാരും വിദ്യാർത്ഥികളും വർഗ്ഗീയ വലുതാക്കിയ രാഘവൻ, (അദ്ദേഹത്തോട് എനിക്ക് അഭിപ്രായ വ്യത്യാസമുണ്ട്. അത് കാര്യം വേറെ. ഞാൻ അദ്ദേഹത്തെ എപ്പോഴും എതിർക്കും. അദ്ദേഹം കോൺഗ്രസ്സിനെതിരാണ്. കോൺഗ്രസ്സ് അദ്ദേഹത്തിനും എതിരാണ്). പക്ഷേ രാഘവനെപ്പോലുള്ള ആളുകളെ ചവിട്ടി താഴ്ത്തി തകർക്കുന്ന നമ്പൂതിരിപ്പാടിന്റെ ഈ സമീപനം വാസ്തവത്തിൽ ഈ സംസ്ഥാനത്തെ മാർക്സിസ്റ്റ് പാർട്ടിക്ക് ഗുണം ചെയ്യുമോ എന്ന് ഞങ്ങളല്ല നിങ്ങളാണ് തീരുമാനിക്കേണ്ടത്. ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഈ അടുത്ത കാലത്തുണ്ടായ പ്രസ്താവനകളും പ്രസംഗങ്ങളുമൊക്കെ വായിച്ചപ്പോൾ എനിക്ക് ഒരു അമേരിക്കൻ കവി പറഞ്ഞ കാര്യമാണ് ഓർമ്മ വരുന്നത്. Do I Contradict myself? അദ്ദേഹം തന്നെ പറഞ്ഞു Yes I do contradict myself. വൈരുദ്ധ്യാധിഷ്ഠിത മൗലിക വാദത്തിന്റെ ആളാണല്ലോ ശ്രീ. നമ്പൂതിരിപ്പാട്. വൈരുദ്ധ്യാധിഷ്ഠിതമായി അദ്ദേഹം തന്നെ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരസ്പരം വിരുദ്ധമായി നടത്തുന്നു. ചിന്ന എന്ന വാരിക എന്റെ കൈയിലുണ്ട്. സമയക്കുറവുകൊണ്ട് വായിക്കുന്നില്ല. അച്ചടക്ക നടപടിയെക്കുറിച്ച് നമ്പൂതിരിപ്പാടിനോട് കൽപ്പറ പാർട്ടി സെക്രട്ടറി ചോദിച്ചിട്ടുള്ള കാര്യങ്ങളും ഞാൻ വായിക്കുന്നില്ല. ഗുരുതരമായ വാക്കുകളാണ് ഇതിൽ ഉപയോഗിച്ചിരിക്കുന്നത്. ഞാൻ ഇവിടെ വളരെ ലളിതമായ വാക്കുകളാണ് ഉപയോഗിക്കുന്നത്. വളരെ— കഠിനമായ ദോഷയിൽ വളരെ ഗുരുതരമായ നിലയിലാണ് എഴുതിയിരിക്കുന്നത്. സഖാവ് ഇ.എം.എസ്. ഗോർബച്ചേവിനെ പ്രശംസിച്ചുകൊണ്ടിരിക്കുകയാണ്. അടുത്ത ആഴ്ച വരുമ്പോൾ, അദ്ദേഹം സഖാവ് സ്റ്റാലിനെ പ്രശംസിച്ചുകൊണ്ട് പ്രസംഗിക്കും. അതുപോലെ പ്രാകൃത സ്റ്റാലിനിസം, മഹാനായ സ്റ്റാലിൻ എന്ന് പറഞ്ഞതിന് പലരേയും അച്ചടക്ക നടപടിയെടുത്ത് പാർട്ടിയിൽ നിന്നും പുറത്താക്കിയിട്ടുണ്ട്. ഞാൻ വ്യക്തമായ പേരുകൾ തരാം. കമ്മ്യൂണിസ്റ്റ് ചരിത്രം പഠിക്കുക എന്നുള്ളതാണ് ഇപ്പോൾ നമ്മുടെ ജോലി. ഇപ്പോൾ മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥിതി എന്താണ്? ചെറുപ്പക്കാരായ ബുദ്ധിജീവികളും, മാർക്സിസ്റ്റ് സഹയാത്രക്കാർ പറയുന്നത് എന്താണെന്നറിയാമോ? ഞങ്ങൾക്ക് രണ്ടു തരത്തിലുള്ള രാഷ്ട്രീയ സമീപനമാണുള്ളത്. അത് കളിയാക്കി പറയുന്നതാണ്. ഒന്ന് മാരിറ്റൽ സെക്സ് അല്ലെങ്കിൽ കല്ല്യാണം കഴിച്ച ബന്ധം. മറ്റൊന്ന് എക്സ്ട്രാ മാരിറ്റൽ സെക്സ്. ഇപ്പോൾ അവർ അതാണ് പറയുന്നത് ഇത് പറഞ്ഞ് പറഞ്ഞ് ഈ അടുത്ത കാലത്ത് ചില ബുദ്ധി ജീവികൾ എന്നോട് പറഞ്ഞു നിങ്ങൾ ഇ.എം.എസ്. എന്ന് കേട്ടിട്ടുണ്ടോ? ഞാൻ പറഞ്ഞു കേട്ടിട്ടുണ്ട്. സഖാവ് ഇ.എം.എസ്. അവർ പറഞ്ഞു അതല്ല എക്സ്ട്രാ മാരിറ്റൽ സെക്സെന്നാണ്. ഇ.എം.എസ്. എന്ന പേരിൽ എത്തി നിൽക്കുന്ന നിങ്ങളുടെ പാർട്ടിയുടെ ഗതികേടിനെക്കുറിച്ച് ഞാൻ അല്ല തിരുവനന്തപുരത്തെ ഒരു യുവകവി ആയ പിരപ്പൻകോട് മുരളി, എന്റെ സുഹൃത്താണ്, അയാൾ ഒരു പാട്ടു പാടി. ഡിസ്ട്രിക്ട് കമ്മിറ്റി മെമ്പറായിരുന്ന ശ്രീ. പിരപ്പൻകോട് മുരളിയെ ലോക്കൽ കമ്മിറ്റിയിലേയ്ക്ക് ഡിമോട്ട് ചെയ്തു. അയാളുടെ കവിതയിലെ രണ്ടു വരി ഞാനു പാടാൻ പോകുകയാണ്. ''ചതിയുടെ ദുരയുടെ ചെങ്കോൽ അണിഞ്ഞൊരു കരിനാഗ നിറമുള്ള ചക്രവർത്തി''. മാർക്സിസ്റ്റ് സഖാക്കളുടെ ഇടയിൽ ഇത് കാട്ടായിക്കോണം ശ്രീധർ ആണെന്നും ഇ.എം.എസ്. ആണെന്നും അതല്ല മറ്റാരോ ആണെന്നും പറയുന്നുണ്ട്. ആരാണെന്ന് എനിക്കറിയില്ല. അതുപോലെ ''അക്ഷരം നാവിൻമേൽ കളിയാടും മർത്ത്യരെ ശത്രുവായി കാണുന്നൊരുഗ്രമൂർത്തി'' വ്ളദിമീർ സുസിലോവ് അച്യുതാനന്ദനാണെന്ന് മാർക്സിസ്റ്റുകാർ വ്യാപകമായി പറയപ്പെടുന്നു. ഞാൻ പറയുന്നില്ല. ഇത് എഴുതിയത് പിരപ്പൻകോട് മുരളിയാണ്. മാർക്സിസ്റ്റു നേതാവാണ്. മാർക്സിസ്റ്റു പാർട്ടിയുടെ അധികാരം കൈയാളുന്ന നേതാക്കളുടെ പ്രതിബിംബങ്ങളാണ് ഇതിൽ തുടിച്ചു നിൽക്കുന്നത്. ഒരൊറ്റക്കാര്യം

3 p.m.] മാത്രമേ വളരെ ഗൗരവത്തോടുകൂടി എനിക്ക് പറയാനുള്ളൂ. എന്താണെന്നറിയാമോ? ഇവർ ഇപ്പോൾ അധികാരത്തിലില്ല; പ്രതിപക്ഷത്താണ്. അവരുടെ പാർട്ടി വളർത്തി വലുതാക്കിയ രാഘവൻ, അവർ തന്നെ സർവ്വസ്വമാക്കിയിരുന്ന രാഘവൻ ആ രാഘവനു വ്യത്യസ്ത അഭിപ്രായം വന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

രാഘവനെ പാർട്ടിയിൽ നിന്നും പുറത്തുള്ളി. അധികാരത്തിലി ല്ലാതെ പ്രതിപക്ഷത്തിരിക്കുന്ന കാലത്തു തന്നെ രാഘവനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും രാഘവനു ക്ഷേണംപോലും നിഷേധിക്കുന്ന നിലപാടിൽ വരെ എത്തിച്ചേരുകയും ചെയ്തിരി ക്കുന്നു. മനുഷ്യസ്നേഹമാണു മാർക്സിസം ഉൽഘോഷിക്കുന്നത്. മനുഷ്യ സ്നേഹത്തിൽ അധിഷ്ഠിതമായ പാർട്ടിയാണെങ്കിൽ ഒരു മനുഷ്യനു ആഹാരംപോലും നിഷേധിക്കുന്ന പാർട്ടിയായി മാറുമോ? ചായകുടിച്ചതിനേറയും ഊണുകഴിച്ചതിനേറയും പേരിൽ കുററപത്രം നൽകുന്ന നിങ്ങൾ നാളെ അധികാരത്തിൽ വന്നാൽ എന്തു സംഭവിക്കും. സ്റ്റാലിനിസ്റ്റ് കാലഘട്ടത്തെക്കുറിച്ച് പറയുന്നല്ലോ. എന്തുകൊണ്ടാണു ആർ.എസ്.പി. ഉണ്ടായതെന്നു അങ്ങേയ്ക്കു അറിയാമല്ലോ. ഏകാധിപത്യ പ്രവണതയെ എതിർത്തുകൊണ്ടാണു ആർ. എസ്. പി. രൂപം കൊണ്ടത്. ആ ആർ.എസ്.പി. പോലും ഇതെല്ലാം നോക്കി കൈ കെട്ടി രിക്കുകയാണു. അവർക്കു ഒന്നും ചെയ്യാൻ നിവൃത്തിയില്ലി. രാഘവനോടു ഇത്രയേറെ ക്രൂരത കാണിച്ച നിങ്ങൾ അധികാരത്തിൽ വന്നാൽ വർഗ്ഗ വീക്ഷണത്തിൽ വ്യത്യസ്ത കാഴ്ചപ്പാടുള്ള ജനങ്ങളെ അടിച്ചമർത്തും എന്നുള്ളതിനു യാതൊരു സംശയവുമില്ല. അതിനൊരു തെളിവാണിത്. നിങ്ങൾ പലപ്പോഴും പറഞ്ഞിട്ടുള്ള ഉംപാർട്ടി ജനാധിപത്യം, ജനാധിപത്യ സംസ്കാരം, ഉംപാർട്ടി ചർച്ച, ആഭ്യന്തര ജനാധിപത്യം എന്നതൊക്കെ എവിടെപ്പോയി. ഇന്നു ഉച്ചയാകുമ്പോൾ അതിനൊക്കെ അന്ത്യം കുറിച്ചുകൊണ്ടുള്ള ഒരു പ്രഖ്യാ പനം വരുമെന്നാണു ഞങ്ങൾ കരുതുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അച്ചടക്കം അടിമത്തമല്ലെന്നു നിങ്ങൾ ഓർക്കണം. പാർട്ടി അച്ചടക്കത്തിന്റെ പേരിൽ ഒരക്ഷരം ഉരിയാടേണ്ട. പിരപ്പൻകോടു മുരളിയുടെ കവിതയുടെ അവസാനം പറയുന്നതു ''മിണ്ടിയാൽ നാവു നിലത്തു വീഴും'' എന്നാണു. സഖാക്കളെ നിങ്ങൾ മിണ്ടരുതു. മിണ്ടിയാൽ നാവു നിലത്തു വീഴും. ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഇ.കെ. നായനാർ: സർ, പൊതുരേണത്തിനുവേണ്ടി അവത രിപ്പിച്ച 8 കോടിരൂപയുടെ ഡിപ്പാൻറിനെ ഞാൻ എതിർക്കുകയാണു. ഇവിടെ ഹസ്സൻ പറഞ്ഞ പല കാര്യങ്ങൾക്കും ഞാൻ അവസാനം മറുപടി പറയാം. കേരളാ ഗവണ്മെൻറിന്റെ ഒരു നേട്ടത്തെപ്പ റ്റിയും പറയാനില്ല. നാലു വർഷം ഭരിച്ച ഈ രേണകൂടം അങ്ങേയറ്റം നാറിക്കളിച്ച രേണകൂടമാണു. ഈ രേണകൂടത്തിനു ധാർമ്മികമായി ഭരിക്കുന്നതിനോ നിലനിൽക്കുന്നതിനോ ഉള്ള അർഹതയില്ലെന്നാണു എനിയ്ക്കു ആദ്യമായിട്ടു പറയാനുള്ളത്. ഭരിക്കുന്ന അവസരത്തിൽ എക്സിക്യൂട്ടീവും അതുപോലെ തന്നെ ലെജിസ്ലേച്ചറും തമ്മിലുള്ള ബന്ധങ്ങം വളരെ പ്രധാനപ്പെട്ട താണു. ഇവിടത്തെ എക്സിക്യൂട്ടീവു ലെജിസ്ലേച്ചറിനെ തങ്ങളുടെ കൈയിൽ ഒതുക്കിക്കൊണ്ടു ബില്ലുകം ഒന്നും പാസ്സാക്കാതെ ഓർഡിനൻസു രേണമാണു നടത്തുന്നത്. കഴിഞ്ഞ നാലുവർഷക്കാലമായിട്ടു 38 ഓർഡിനൻസുകം ഇറക്കി യിട്ടുണ്ടു. അല്ലാതെ അസംബ്ലി കൂടിയിട്ടു ബില്ലുകം പാസ്സാ ക്കണമെന്നോ നാട്ടിലെ ജനങ്ങളുടെ പ്രശ്നം ചർച്ച ചെയ്യണമെന്നോ ഉള്ള സമീപനമല്ല അവർ സ്വീകരിക്കുന്നത്. ഇതൊരു ഓർഡിനൻസു ഗവൺമെൻറാണു. ഡെമോക്രാറ്റിക് ഗവൺമെൻറല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ തന്നെ ഇവിടത്തെ ജുഡീഷ്യറിയെയും. അവർ കൈയ്യടക്കി വച്ചിരിക്കുകയാണ്. ജാനകിയമ്മയെപ്പറ്റി ഇവിടെ പറഞ്ഞു. ബാലകൃഷ്ണപിള്ളയെ 25–ാം തീയതി സത്യപ്രതിജ്ഞ ചെയ്യിക്കണമെന്ന് കേരളാ കോൺഗ്രസ്സ് നിശ്ചയിച്ചു. അപ്പോഴാ കരുണാകരൻ പറഞ്ഞു 24–ാം തീയതി തന്നെ റിപ്പോർട്ട് കൊടുക്കണമെന്ന്. ജാനകിയമ്മ 24–ാം തീയതി തന്നെ റിപ്പോർട്ട് കൊടുത്തു. അങ്ങനെ ബാലകൃഷ്ണപിള്ള 25–ാം തീയതി തന്നെ സത്യപ്രതിജ്ഞ ചെയ്തു. ഇങ്ങനെയൊരു ജുഡീഷ്യറിയുണ്ടോ? ബാലകൃഷ്ണപിള്ള കൊട്ടാരക്കരയിൽ പ്രസംഗിച്ചു രാജീവ്ഗാന്ധി രാജ്യദ്രോഹിയാണെന്ന്. അദ്ദേഹം രാജിവച്ചതിനുശേഷം പ്രസംഗിച്ചതാണ്. അങ്ങിനെ പ്രസംഗിച്ചിട്ട് കരുണാകരൻ തന്റെ മന്ത്രിക്കസേര നിലനിറുത്താൻവേണ്ടി വീണ്ടും മന്ത്രിസഭയിൽ എടുത്തിരിക്കുന്നു. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിലെടുത്തില്ലെങ്കിൽ കേരളാ കോൺഗ്രസ്സുകാർ രാജിവയ്ക്കും. കരുണാകരന്റെ കസേര തെറിക്കും. ഇല്ലസ്ട്രേറ്റഡ് വീക്ക്ലിയിലെ പത്രാധിപർ എത്ര തവണ കരുണാകരനെ വെല്ലുവിളിച്ചുകൊണ്ട് പത്രത്തിലെഴുതി. തീർച്ചയായിട്ടും നിങ്ങൾ രാധാകൃഷ്ണ മേനോനെ സ്വാധീനിച്ചിട്ടുണ്ട്; എന്നു പറഞ്ഞുകൊണ്ട് മൂന്നു നാലു തവണ ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ എഴുതി. കരുണാകരനെ ചാലഞ്ച് ചെയ്തു. കരുണാകരൻ മിണ്ടിയില്ല. അപ്പോൾ ജസ്റ്റീസ് രാധാകൃഷ്ണ മേനോനെ സ്വാധീനിച്ചു.

അതുപോലെ തന്നെയാണ് കക്കികുംഭകോണത്തിന്റെ കാര്യവും. ഞാൻ അതിനെ കമന്റ് ചെയ്തു. കക്കി കുംഭകോണം അഴിമതിയാണെന്നും നിഷ്പക്ഷമായ അന്വേഷണം ആവശ്യമാണെന്നും ജോർജ്ജ് വടക്കേൽ പറഞ്ഞു. ഞാൻ അതുന്നയിച്ചതാണ്. എന്റെ വക്കീലിന് സമർപ്പിക്കാൻ എനിയ്ക്ക് ആവശ്യമുള്ള രേഖ തന്നില്ല. അങ്ങനെ ജുഡീഷ്യറിയെ തങ്ങളുടെ കൈയിലെ ഒരുപകരണമാക്കി നിഷ്പക്ഷമായിട്ടുള്ള സ്വഭാവം കളഞ്ഞുകുളിച്ചു. അങ്ങനെയാണ് ഈ സർക്കാർ നാലുവർഷം ഭരിച്ചത്. ഈ രാജ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിലും പൊതുജന പ്രശ്നങ്ങളുടെ കാര്യത്തിലും യാതൊരു ശ്രദ്ധയുമില്ലാത്ത ഒരു ഗവൺമെൻറാണിത്. അതുപോലെ തന്നെ കർഷകരുടെ കാര്യം. തൊഴിലാളികളുടെ കാര്യം. അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ കാര്യം. ഇത്തരം കാര്യങ്ങളിലെന്തിലെങ്കിലും നമ്മുടെ മുഖ്യമന്ത്രി വല്ലതും ചെയ്തിട്ടുണ്ടോ ഇല്ലെന്നുള്ളതാണെന്റെ അഭിപ്രായം. ഓർഡിനൻസുകൊണ്ട് ഭരണം നടത്തിയ ഒരു ഗവൺമെൻറാണിത്. കഴിഞ്ഞ എട്ടുമാസക്കാലം ഇവിടെ ഭരണം നടത്തിയോ? മുഖ്യമന്ത്രിയായ ചർച്ച ഓരോ മന്ത്രിയും ഓരോ ഡിപ്പാർട്ടുമെൻറായി മാറി. ഇപ്പോഴാണ് പരസ്പരം ചെളിവാരി എറിയുന്നതാണ്. നിങ്ങൾ യോജിപ്പിനെപ്പറ്റി പറഞ്ഞല്ലോ. ഞാൻ പോട്ടിക്കട്ടെ. തേങ്ങയ്ക്ക് വില വർദ്ധിപ്പിക്കാൻ വേണ്ടി നടത്തിയ റെയിൽവേ സമരത്തിൽ പി.സി. ജോർജ്ജ് തേങ്ങ എറിഞ്ഞത് ആരുടെ നെഞ്ചിനായിരുന്നു. കരുണാകരന്റെ നെഞ്ചിനെന്നു പറഞ്ഞിട്ടാണെറിഞ്ഞത്. പിന്നെ കരുണാകരൻ പറഞ്ഞു എന്റെ നെഞ്ചിൽ കൊള്ളാത്തതുകൊണ്ട് എനിക്ക് അതിൽ കുഴപ്പമില്ലെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടത്തെ ഗവൺമെൻറിനെ സംബന്ധിച്ച് മനോരമ പത്രത്തിൽ പറഞ്ഞതെന്താണ്? കെ.എം. മാണിയിൽ നിന്നും ധനകാര്യ വകുപ്പിൻെറ ചുമതല എടുത്തു മാറ്റിയതുകൊണ്ടോ വയലാർ രവിയെ മാറ്റി ആഭ്യന്തരവകുപ്പ് മുഖ്യമന്ത്രി തന്നെ നേരിട്ട് കൈകാര്യം ചെയ്യുന്നതുകൊണ്ടോ സംശയികളെല്ലാം നേരേ ചൊവ്വേ നടക്കും എന്ന് ജനങ്ങളാരും കരുതുന്നതായി വിവരമില്ല. ഏപ്രിൽ 11-ാം തീയതിയിലെ മനോരമ പത്രത്തിലെ എഡിറ്റോറിയലാണ് ഞാൻ വായിക്കുന്നത്. ജീവിതത്തിൻെറ സമസ്ത മേഖലകളേയും സ്പർശിക്കുന്ന രോഗം ഒഴുക്കില്ലാതെ കെട്ടി നിൽക്കുന്ന വെള്ളം പോലെ ദുർഗന്ധപൂരിതമായിരിക്കുന്നു എന്നാണ് അനുഭവം. ഇതിൻെറ ഒടുവിൽ പറഞ്ഞിരിക്കുന്നത് ഇതൊരു ഗവൺമെൻറാണോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു എന്നാണ്. ചർച്ചകളും പ്രസ്താവനകളുമായി പിന്നേയും പരസ്പരം പെളിവാരിയെറിഞ്ഞ് ആകെ നാറിക്കാനാണ് വീണ്ടും പുറപ്പാടെങ്കിൽ മുന്നോട്ടു നീങ്ങാതിരിക്കുകയാണ് നല്ലത്. ഏതായാലും ഇനിയും നാറിക്കരുത്. ഇതെല്ലാം പറയുന്നത് ദേശാഭിമാനി പത്രമല്ല. മനോരമയാണ് പറഞ്ഞിരിക്കുന്നത്. അതുപോലെ തന്നെ ഈ രാജ്യത്ത് അഴിമതിയുടെ പേരിൽ എത്രയോ ആരോപണങ്ങളാ ഞങ്ങളും ഉന്നയിച്ചു. ഞങ്ങളും പ്രതിപക്ഷ നേതാക്കൻമാർ പ്രധാന മന്ത്രിക്ക് കഴിഞ്ഞ സെപ്തംബറിൽ ഓരോ ഐറ്റമായി എഴുതി കൊടുത്തു. ശ്രീമാൻ ബാലകൃഷ്ണപിള്ളയുടെ വീടിൻെറ കാര്യം, ശ്രീമാൻ കരുണാകരൻെറ കെട്ടിടത്തിൻെറ കാര്യം, അതുപോലെ തന്നെ വാൽവിൻെറ കാര്യം ഇതെല്ലാം ഞങ്ങളും എഴുതിക്കൊടുത്തു. ഞങ്ങളും പ്രധാനമന്ത്രിയോടു പറഞ്ഞു ഇതിനെപ്പറ്റി അന്വേഷിക്കണമെന്ന്. എന്നിട്ട് ഇതുവരെ അന്വേഷിച്ചോ? അന്വേഷിച്ചില്ല.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഒടുവിലിപ്പോൾ എക്സൈസ് മിനിസ്റ്ററെ സംബന്ധിച്ചാണ് അന്വേഷണം വന്നത്. ഇതും ഞങ്ങളും ആദ്യം കൊടുത്തതാണ്. 12 കോടി രൂപയുടെ ആരോപണമാണ്. ഞങ്ങളും ശ്രീമാൻ കരുണാകരനു എഴുതിക്കൊടുത്തതാണ്. പ്രധാനമന്ത്രിക്കു കൊടുത്തതിലുമുണ്ട് എക്സൈസ് മന്ത്രിയെപ്പറ്റിയുള്ള ആരോപണം. എന്നിട്ട് അന്നു ഒന്നും രാജിവച്ചില്ല. ഇപ്പോഴാണ് രാജിവച്ചത് അതുപോലെതന്നെ ശ്രീമാൻ കരുണാകരനെപ്പറ്റിയും 70 ലക്ഷം രൂപയുടെ ആരോപണം കൊണ്ടുവന്നില്ലേ? കെ.എൻ. മേനോൻെറ കാര്യത്തെ സംബന്ധിച്ച് അന്വേഷിക്കണമെന്നു പറഞ്ഞില്ലേ? എന്നിട്ട് അന്വേഷിച്ചില്ല. അഴിമതിയെപ്പറ്റി ഞങ്ങളും പറയാത്ത വളരെ കുറച്ച് മന്ത്രിമാരെ അപ്പുറത്തുള്ളൂ. ഇതൊന്നും നമ്മുടെ എം.എം. ഹസ്സനു കാണേണ്ടതായിട്ടില്ല. കൈക്കൂലി വാങ്ങിയതിൻെറ കൂട്ടുകാരനായിട്ടാണല്ലോ ഇപ്പോൾ ന്യായീകരിച്ചു സംസാരിച്ചത്. നാലു വർഷക്കാലത്തെ ഭരണത്തെക്കുറിച്ചുള്ള വിലയിരുത്തലാണിത്. ഇനി ഒരു പക്ഷേ ഈ അസംബ്ലി കൂടിയെന്നു വരില്ല. നിങ്ങളും പശ്ചിമ ബംഗാളിനെപ്പറ്റി പറഞ്ഞില്ലേ? ബംഗാളിൽ ഇപ്പോൾ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റ് പാർട്ടി പരാജയത്തെ കൊല്ലമാണ് ഭരിക്കുന്നത്. ഇവിടെ ഇപ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റുപാർട്ടിയെപ്പറ്റിയാണല്ലോ പറഞ്ഞത്. അവസാനം ഇവിടത്തെ കാര്യം ഞാൻ പറയാം. ബംഗാളിൽ പത്തു വർഷമായി മാർക്സിസ്റ്റു പാർട്ടി ഭരിക്കുന്നുണ്ട്. [illegible] മുൻപിയും

LIBRARY ARCHIVES Kerala Legislative Assembly

പ്രണാബ് . മുക്കർജിയുമെല്ലാം ആ രേണ്ടും അട്ടിമറിക്കാൻ ശ്രമിച്ചു നോക്കി. ഒന്നും നടന്നില്ല. ഇന്നിയിപ്പോഴാ ദാസ് മുൻഷിയെ പുറത്താക്കാൻ പോവുകയാണ്, സംസ്ഥാനകമ്മിറ്റി പ്രസിഡൻറിന്റെ സ്ഥാനത്തുനിന്നും. അവിടെ ശ്രീമാൻ പത്മരാജന്റെ സ്ഥാനമാണ് ദാസ് മുൻഷിക്കുള്ളത്. അവിടെ മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ 76 ഉള്ളതിൽ 11 സീറ്റേ കോൺഗ്രസ്സിന് കിട്ടിയുള്ളു. ബാക്കി എല്ലാത്തിലും കോൺഗ്രസ്സ് തോറ്റുപോയി. എന്താണ് കാരണം? മാർക്സിസ്റ്റു പാർട്ടി പത്തുകൊല്ലമായി ബംഗാളിൽ ഭരിക്കുന്നു. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിലും ജയിക്കാൻ പോവുകയാണ്. അതിന്റെ വർക്ക് അവർ തുടങ്ങിക്കഴിഞ്ഞു. ജനുവരിയിൽ ഇലക്ഷൻ വരാൻ പോവുകയാണ്. ഇവിടേയും നമുക്ക് ഒരു കൈ നോക്കാം. നിങ്ങൾക്കും കുറച്ച് ഏരിയാ ഉണ്ട്. ഞങ്ങൾക്കുമുണ്ടല്ലോ കുറച്ച് ഏരിയാ. നമുക്ക് നോക്കാം. കഴിഞ്ഞ നാലു വർഷക്കാലത്ത് ഈ രാജ്യത്ത് നടത്തിയത് പൂർണ്ണമായും അഴിമതിരേണമാണ്. അതിനെതിരായിട്ട് നിങ്ങൾ ഒരൊറ്റ നടപടിപോലും എടുത്തില്ല. എൻകയറി നടത്തിയില്ല. ഞങ്ങൾ അഴിമതിനിരോധന നിയമത്തിൽ ഭേദഗതി കൊണ്ടുവന്നു. അത് നിങ്ങൾ സ്വീകരിച്ചില്ല. അങ്ങനെ അഴിമതി നിരോധന കമ്മീഷന്റെ പ്രവർത്തനത്തിൽപോലും ഞങ്ങൾ തന്ന നിർദ്ദേശം സ്വീകരിക്കാതെ നിങ്ങൾക്ക് അനുകൂലമായി വരുത്തക്കവണ്ണമുള്ള നടപടിയാണ് സ്വീകരിച്ചത്.

ഇവിടത്തെ വ്യാവസായിക കാർഷിക മേഖലയെപ്പറ്റി നിങ്ങൾ സംസാരിച്ചല്ലോ. മാവൂർ ഫാക്ടറിയെ സംബന്ധിച്ച് അപ്പുറത്തു നിന്നും പ്രസംഗിച്ചില്ലേ? 11 മാസമായിട്ട് അത് പൂട്ടിയിട്ടിരിക്കുകയാണ്. ആരാണുത്തരവാദി? അതുപോലെ പെരുമ്പാവൂരിലെ മൂവായിരത്തോളം തൊഴിലാളികൾക്ക് തൊഴിലില്ല. ആരാണുത്തരവാദി? കാലിക്കട്ടിലെ ചെറുവണ്ണൂരിലുള്ള ടെക്സ്റൈൽ ഫാക്ടറിയിൽ ജോലിയില്ല. ടെക്സ്റൈൽ ഫാക്ടറി പണിമുടക്കുഫലമായി നാലായിരത്തോള തൊഴിലാളികൾ പട്ടിണിയിലാണ്. അതുപോലെ കശുവണ്ടി ഫാക്ടറി, കുന്ത്ര ടെക്സ്റൈൽസ് ഇവിടങ്ങളിലുള്ള പതിനായിരക്കണക്കിന് തൊഴിലാളികൾ ഇപ്പോൾ തെരുവിലാണ്. ഇതിനെപ്പറ്റി ആർക്കെങ്കിലും ശ്രദ്ധയുണ്ടോ? ഈ മന്ത്രിക്ക് വല്ല ശ്രദ്ധയുമുണ്ടോ? മാവൂർ ഫാക്ടറിയെ സംബന്ധിച്ചുള്ള ചർച്ച എന്തായി എന്നുള്ളതിന് മന്ത്രിയുടെ മറുപടി ഞാൻ രാവിലെ കേട്ടു. ഞാനും മാനേജരെ കണ്ടിരുന്നു. അവിടത്തെ സ്ഥിതി എന്താണ്? മന്ത്രി അതിൽ ഇടപെട്ടോ? ഇടപെടുകയില്ലെന്ന് എനിക്കറിയാം. ഇടപെടാതിരിക്കുന്നതിന് വേറെ സംഗതിയുണ്ട്. കുന്നം സാബു എന്നു പറയുന്ന അവിടത്തെ മാനേജർ സാധാരണക്കാരനല്ല. മാവൂർ ഫാക്ടറി തുറപ്പിക്കാത്തതുകൊണ്ട് കാലിക്കട്ട് ടൗൺ മുഴുവൻ 11 മാസമായി പട്ടിണിയിലാണ്. കാലിക്കട്ടിലെ നാലായിരത്തോളം ടെക്സ്റൈൽ വർക്കേഴ്സ് പട്ടിണിയിലാണ്. ഈ തരത്തിൽ മുഴുവൻ ആളുകളേയും പട്ടിണിയിലാക്കിയിരിക്കുകയാണ്. ഇവിടെ ആരോ പ്രസംഗിക്കുന്നതു കേട്ടു നാളികേരത്തിന് 1200 രൂപ കിട്ടുന്നുണ്ടല്ലോ, എന്താണ് കുഴപ്പമെന്ന്. ശ്രീ. സീതിഹാജിയാണ് പറഞ്ഞതെന്നു തോന്നുന്നു. സീതിഹാജിക്കു

LIBRARY ARCHIVES Kerala Legislative Assembly

കുഴപ്പമൊന്നുമില്ല. കാരണം മൂച്ചിക്കുണ്ടൊക്കെ കയ്യിലുണ്ടല്ലോ. അതുകൊണ്ട് അദ്ദേഹത്തിന് കുഴപ്പമൊന്നുമില്ല. തെങ്ങുകൃഷിയുള്ളവർക്കേ അതിന്റെ ബുദ്ധിമുട്ടറിയുകയുള്ളു. 3000 രൂപ വരെ കിട്ടിയിരുന്ന സ്ഥാനത്ത് ഇപ്പോൾ 1200 രൂപ കിട്ടുന്നുണ്ടോ? എന്റെ അനുഭവത്തിൽ കിട്ടുന്നില്ല. ഇവിടെ മന്ത്രിമാരുടെ കൊള്ളരുതായ്മയാണ്. നടക്കുന്നത്. ചീഫ് സെക്രട്ടറി തന്നെ ഏറ്റവും നല്ല സർട്ടിഫിക്കറ് ഇവർക്ക് കൊടുത്തിട്ടുണ്ട്. എന്താണ് ഏറ്റവും നല്ല സർട്ടിഫിക്കറ്? മന്ത്രിമാരുടെ വാക്കാലുള്ള ഉത്തരവുകൾ നടപ്പിലാക്കേണ്ടതില്ല എന്നു പറഞ്ഞ് ഒരു സർക്കുലർ ഉണ്ട്. എന്തുകൊണ്ടാണിത്? കണ്ടമാനം ഓർഡർ ഇൻസ്ട്രക്ഷൻസും ഓർഡറുകളുമാണ് മന്ത്രിമാർ കൊടുക്കുന്നത്. പൊറുതിമുട്ടിയിട്ടാണ് അവസാനം ചീഫ് സെക്രട്ടറിക്ക് ഇങ്ങനെ സെക്രട്ടറിക്ക് ഇങ്ങനെ പറയേണ്ടിവന്നത്. മന്ത്രിമാരുടെ ഓരോ ആയിട്ടുള്ള ഇൻസ്ട്രക്ഷൻസ് നടപ്പിലാക്കണ്ടെന്ന് അദ്ദേഹത്തിന് സ്റ്റേറ്റ്മെന്റ് കൊടുക്കേണ്ടിവന്നു. ഒടുവിൽ മന്ത്രിമാർ ഇതിൽനിന്നും കയ്യൊഴിയും. അതിന്റെകൂടെ സസ്പെൻഷനും വരും. അതല്ലേ ഇവിടെ നടക്കുന്നത്? ഈ അടിസ്ഥാനത്തിൽ നോക്കുമ്പോൾ നാലു വർഷക്കാലത്തെ നേട്ടം ഈ രാജ്യത്തു കാണിച്ചുതരാനുണ്ടോ? കഴിഞ്ഞ നാലുവർഷക്കാലത്തെ നേട്ടം ഈ ഗവൺമെന്റിനെടുത്തു പറയുവാനുണ്ടോ? 1982–83 ലെ ബഡ്ജറിൽ ധനകാര്യമന്ത്രി ശ്രീമാൻ മാണി ഗവൺമെന്റിനുവേണ്ടി പറഞ്ഞതെന്താണ്? കർഷകർക്ക് തന്റെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് നിയന്ത്രിതവിപണികൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പ്രമുഖ പരിപാടി എന്ന നിലയ്ക്ക് സ്വീകരിക്കുമെന്ന്. എന്നിട്ട് സ്വീകരിച്ചോ? ഇല്ല. പിന്നെ മറ്റൊന്ന് എട്ടു കോടിയിൽപ്പരം ചെലവു വരുന്ന ഇൻഡോസ്വിസ് പ്രോജക്ട് മലബാർ പ്രദേശത്ത് നടപ്പിലാക്കുന്നതാണ്. ഈ പ്രിപാടി പ്രകാരം 600 ലക്ഷം ക്ഷീരവികസനകേന്ദ്രങ്ങൾ സ്ഥാപിക്കും. ഈ പ്രോജക്ട് എന്തായി? 1982–83–ൽ പറഞ്ഞതാണ്. ഇത് 86 ആണ്. എവിടെ എത്തി? മാർക്കറ്റിംഗ്, ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സംഭരിക്കപ്പെട്ടിട്ടുള്ള തോട്ടണ്ടി ഫാക്ടറികളിൽ സംസ്കരിക്കാനുള്ള സത്വര നടപടികൾ കൈക്കൊണ്ടുകൊണ്ട് ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നൽകും എന്ന് പതിനൊന്നാമത്തെ പേജിലാണ് പറഞ്ഞിട്ടുള്ളത്. എന്തു പരിഹാരമുണ്ടായി? ഇതെല്ലാം നിങ്ങളുടെ ബഡ്ജറ് സ്പീച്ചിലുള്ളതാണ്. ഇനി ശ്രീമാൻ ബാലകൃഷ്ണപിള്ളയോടാണ്. ലോവർ പെരിയാർ, കുരിയാർകുറ്റി– കാരപ്പാറ ആഗുമെന്റേഷൻ, മാനന്തവാടി, പുയാംകുട്ടി, പാണ്ടിയാർ, കുന്നപ്പുഴ എന്നീ ആറു പദ്ധതികൾ കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചാൽ പ്രവർത്തനമാരംഭിക്കുമെന്നു പറഞ്ഞു. 1982–83–ലെ ബഡ്ജറ് പ്രസംഗത്തിലെ 12–ാമത്തെ പേജിൽ പറഞ്ഞിട്ടുള്ളതാണ്. ഇത് 1986 ആണ്. എവിടെ പോയി? ഇപ്പോൾ എല്ലാം പൂട്ടിയിടുകയാണ്. രണ്ടു ലക്ഷം തൊഴിലാളികൾ പുറത്താണ്. കഴിഞ്ഞ വർഷത്തിൽ ഒരൊറ്റ പുതിയ പദ്ധതിയെങ്കിലും ഗവൺമെന്റിന് ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇടമലയാർ പദ്ധതിയിൽ ആരോപണം വന്ന് അന്വേഷണം നടത്തുകയാണ്. ഞങ്ങളും പോയി കണ്ടതാണ്. ഇവിടത്തെ പി.യു.സി. അതിനെ സംബന്ധിച്ച് റിപ്പോർട്ട് കൊടുത്തതാണ്. അതുപോലെ കല്ലട പ്രോജക്ട് എന്തായി?

LIBRARY ARCHIVES Kerala Legislative Assembly

കോടിക്കണക്കിനാണ് കൊള്ള നടത്തിയിട്ടുള്ളത്. നാട്ടിൽ വെള്ള മില്ല, വെളിച്ചവുമില്ല. ഇതിനെസംബന്ധിച്ചൊന്നും ഇവിടെ പറയാൻ പാടില്ലേ ഇവിടെ മാർക്സിസ്റ്റു പാർട്ടിയെപ്പറ്റിയാണ് പറയുന്നത്. അത് പറഞ്ഞോ. കുഴപ്പമൊന്നുമില്ല. പുതിയ വല്ല സംവിധാനങ്ങളും കഴിഞ്ഞ നാലു വർഷത്തിനകം നമ്മുടെ രാജ്യത്തുണ്ടായിട്ടുണ്ടോ? 26 ലക്ഷം തൊഴിലില്ലാത്തവർ ഈ രാജ്യത്തുണ്ട്. നിങ്ങൾ അധികാരത്തിൽ വരുമ്പോൾ ഇത് 19 ലക്ഷമായിരുന്നു. 1986-ൽ ഈ ബഡ്ജറ്റ് ചർച്ച ചെയ്യുമ്പോൾ 26 ലക്ഷമാണ്. ശ്രീ. ഹസ്സൻ ഇതൊന്നും പ്രശ്നമേയല്ല. ഇതൊക്കെ സിമ്പിൾ കാര്യമാണ്. 26 ലക്ഷം തൊഴിലില്ലാത്തവരെ സൃഷ്ടിച്ച ഒരു രേണകൂടമാണിത്. ഏഴ് ലക്ഷം കൂടുതലാണ്. നിങ്ങൾ എന്തു വ്യവസായമുണ്ടാക്കി? എന്തു കാർഷിക അഭിവൃദ്ധിയുണ്ടാക്കി? എന്തു പുരോഗതിയുണ്ടാക്കി?

കർഷകത്തൊഴിലാളി പെൻഷൻ ഇനി അഞ്ചുകോടി രൂപ കൊടുക്കാൻ ബാക്കികിടക്കുന്നു. നിങ്ങൾ നാലുകൊല്ലംകൊണ്ടുണ്ടാക്കിയ നേട്ടങ്ങളെക്കുറിച്ചു പറഞ്ഞതുകൊണ്ടാണ് ഞാനിത് പറയുന്നത്. ഒരൊറ്റ കൊല്ലത്തേതല്ല. നിങ്ങൾ ഇനി അധികാരത്തിൽ വരാൻ പോകുന്നില്ല. ആ അടിസ്ഥാനത്തിലാണ് നമ്മുടെ രാജ്യത്ത് സ്വകാര്യസ്ഥാപനങ്ങളെ വളർത്തിയെടുക്കുന്നത്. ഈ രീതിയിലാണ് നമ്മുടെ രേണത്തിന്റെ പോക്ക്.

മറ്റൊന്ന് ഇവിടെ സൂചിപ്പിച്ചു: ഈ മുന്നണിഭരണം നമ്മുടെ ജാതി-മത-വർഗ്ഗീയ ശക്തികളെ ജനാധിപത്യ അടിസ്ഥാനത്തിൽ വളർത്തുന്നതിനാവശ്യമാണെന്ന് ശ്രീമാൻ ഹസ്സനും, അപ്പുറത്തുള്ള മറ്റ് പല മെമ്പർമാരും പറയുകയുണ്ടായി. ഞാൻ ഹസ്സനോട് ഒരു ചോദ്യം ചോദിക്കട്ടെ, ഇന്ത്യൻ നാഷണൽ കോൺഗ്രസ് കേരളത്തിലൊഴികെ എവിടെയെങ്കിലും മുസ്ലീം ലീഗുമായി യോജിപ്പിലാണോ? ഇന്ത്യാരാജ്യത്തിലെവിടെയെങ്കിലുമുണ്ടോ? ഈ കേരള സംസ്ഥാനത്തിലൊഴികെ ഏതെങ്കിലുമൊരു സ്ഥലത്തെ തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വവുമായി മുസ്ലീംലീഗ് യോജിച്ചിട്ടുണ്ടോ? ചൂണ്ടിക്കാണിക്കാൻ കഴിയുമോ? ഇല്ല. എന്നിട്ടും ഇവിടെവന്ന് കുറേം പറയുകയാണ്. മുസ്ലീംലീഗ് ജനാധിപത്യകക്ഷിയാണ്, മതേതരകക്ഷിയാണെന്നൊക്കെയാ ന് ശ്രീമാൻ ഹസ്സൻ പ്രസംഗിച്ചത്. നമ്മുടെ കൂടെയിരുന്നിട്ട് കാലു വാരിയയാളാണ് അദ്ദേഹം. അപ്പുറത്തുനിന്നും നാളെ കാലുവാരുകയില്ലെന്ന് ആർക്കറിയാം? ശ്രീമാൻ രാജീവ് ഗാന്ധിയുടെ നേതൃത്വത്തിൽ, പോകട്ടെ, ശ്രീമതി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ എങ്കിലും ഒരു സംസ്ഥാനത്ത് (കേരളമൊഴികെ) മുസ്ലീംലീഗുമായി കൂട്ടുകൂടിയിട്ടുണ്ടോ? ഇല്ല. എനിക്ക് രാഷ്ട്രീയമൊക്കെ അറിയാം. കേരളത്തിൽ എന്തുകൊണ്ടാണിങ്ങനെ? മാർക്സിസ്റ്റ് പാർട്ടിയും സി.പി.ഐ.യും ആർ.എസ്.പിയും ഇടതുപക്ഷ മുന്നണിയുടെ നിലനിൽക്കുന്നതുകൊണ്ടാണ്, അതുകൊണ്ടാണ്. മുസ്ലീംലീഗുമായി ഇവിടെ കൂട്ടുപിടിക്കുന്നത്, അല്ലെങ്കിൽ ലീഗിനെ എന്നേ കശാപ്പാക്കുമായിരുന്നു.

ഇപ്പോൾ അലഹബാദിലെ സ്ഥിതി എന്താണ്. അലഹബാദിൽ ഉളവായിരിക്കുന്നത് രാമജൻമഭൂമിയുടെ പ്രശ്നമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഹിന്ദു–മുസ്ലീം വർഗ്ഗീയ ലഹള അടുത്തകാലത്തുണ്ടായിട്ടില്ലെന്നു മാത്രമല്ല, കഴിഞ്ഞ ആറുമാസമായി നടക്കുകയാണ്. ഇതൊന്നും മനസ്സിലാക്കിയിട്ടില്ലേ? പഞ്ചാബിലെ സ്ഥിതി എന്താണ്? സിക്ക്–ഹിന്ദു സംഘട്ടനങ്ങൾ നടക്കുന്നുണ്ട്. പതിനായിരക്കണക്കിനു ഹിന്ദു കുടുംബങ്ങളെ കശാപ്പു ചെയ്തുകൊണ്ടിരിക്കുകയാണ്. ആസ്സാമിലെ സ്ഥിതി എന്താണ്? ന്യൂനപക്ഷങ്ങളുടെ തലയിൽ ഭാഷ അടിച്ചേൽപ്പിക്കുകയാണ്. ഇവിടെയാണെങ്കിൽ ലീഗുമായി യോജിപ്പിപ്പിലാണ്. നമ്മുടെ ജനാധിപത്യമാകുമ്പോൾ കുറച്ചു കാശുകിട്ടുമായിരിക്കും, നാലാൾക്കൊപ്പം കിട്ടുന്നതല്ലേ എന്നിക്കതിൽ ആക്ഷേപമില്ല) മുമ്പ് മുസ്ലീം ലീഗുമായി ഞങ്ങൾ യോജിച്ചിരുന്നത് ശരിയാണ്. 1965-ൽ യോജിച്ചു; 1967–ൽ യോജിച്ചു. ഇന്ന് അവർ (ലീഗ്) ഫണ്ടമെൻറലിസത്തിന്റെ കൂടെയാണ്. അതുകൊണ്ടാണ് ഇന്ന് ഞങ്ങൾ എതിർക്കാൻ കാരണം. സിക്കു വർഗ്ഗീയതയും, മുസ്ലീം വർഗ്ഗീയതയും ഇന്ത്യാരാജ്യത്ത് സാമ്രാജ്യവാദികളുടെ പിന്തുണയോടുകൂടി പ്രവർത്തിക്കുകയാണ്. ഇവിടെ ലീഗിനു സാമ്രാജ്യവാദികളുമായി കൂട്ടുണ്ടെന്നല്ല ഞാൻ പറഞ്ഞത്.

പിന്നെ ഇവിടെ റഫായിയെപ്പറ്റി പറഞ്ഞു. ഇവിടെ വന്നിട്ടു പോയ കുവൈറ്റികൾ അവിടെച്ചെന്ന് പ്രസംഗിച്ചത് എന്താണ്? കേരളത്തിൽ പോയി, ഇന്ത്യയിൽ പോയി മുസ്ലീങ്ങൾക്ക് രക്ഷയില്ല. എന്നൊക്കെയാണ്. നിങ്ങൾ ഇത് അംഗീകരിക്കുന്നുണ്ടോ? റഫായി ഇവിടെ വന്നിട്ടുപോയി കുവൈറ്റിൽ ചെന്ന് പ്രസംഗിച്ച പ്രസംഗത്തിന്റെ കോപ്പി എന്റെ കൈയിലുണ്ട്. ഇവിടെ 35 ലക്ഷം രൂപയുടെ നാണയം കൊണ്ടുവന്നു. ഇത് ഞങ്ങൾ പറഞ്ഞതല്ല, ചന്ദ്രികയിലുള്ളതാണ്. ഞങ്ങൾ അവിടെനിന്ന് എ.കെ.ജി. യുടെ പേരിൽ പൈസയൊന്നും വാങ്ങിയിട്ടില്ല. സാധാരണ മലയാളികൾ തന്ന സംഭാവനകൾ വല്ലതും ഉണ്ടെങ്കിൽ സ്വീകരിക്കും, സ്വീകരിക്കുകയില്ലെന്ന് ഞാൻ പറയുകയില്ല. റഫായിയുടേയോ അവിടെയുള്ള മറ്റുള്ളവരുടേയോ നയാപൈസ ഞങ്ങൾ ഉപയോഗിച്ചിട്ടില്ല. ആ രാജ്യത്ത് ജോലിചെയ്യുന്ന മലയാളി സുഹൃത്തുക്കൾ തരുന്ന വിഹിതം ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്. അത് നിങ്ങൾ തന്നാലും ഞങ്ങൾ സ്വീകരിക്കും. പക്ഷെ റഫായിയിൽനിന്നും സേട്ടുമാരിൽ നിന്നും ഞങ്ങൾ സ്വീകരിക്കുകയില്ല, അത് നിങ്ങൾ മനസ്സിലാക്കണം. വർഗ്ഗീയവിരുദ്ധ മുന്നണിയാണ് ഞങ്ങളുടെ മുന്നണി.

പാക്കിസ്ഥാനിൽനിന്ന് ട്രെയിനിംഗ് കൊടുത്താണ് ആളുകളെ പഞ്ചാബിലേക്ക് കൊണ്ടുവരുന്നത്. സൗത്ത് ആഫ്രിക്കയിൽ നിന്ന് രണ്ടുപേർ വന്നു, ആ രാഷ്ട്രീയം ഞങ്ങൾ കണ്ടതാണ്. ഈ രാജ്യത്തിൽ ദേശീയ ഐക്യം, വർഗ്ഗീയതയ്ക്കു എതിരായിട്ടുള്ള ഐക്യം ഈ രാജ്യത്തെ മതേതര കക്ഷികളുമായിട്ടുള്ള യോജിപ്പ് അതിൽ കോൺഗ്രസ് ചേരുമോ എന്നറിയില്ല. മുസ്ലീംലീഗുമായി ഞങ്ങൾക്ക് യാതൊരു യോജിപ്പുമില്ല. അധികാരം കിട്ടിയോ എന്നുള്ളതാണ് രണ്ടാമത്തെ പ്രശ്നം. മരം മുറിയും കച്ചവടവുമല്ല, രാജ്യത്തിന്റെ സ്വാതന്ത്ര്യമാണ് പ്രശ്നം. ആ അടിസ്ഥാനത്തിലുള്ളതാണ് ഞങ്ങളുടെ സമീപനം. ശ്രീമാൻ ഹസ്സൻ ഇവിടെനിന്ന് എന്തൊക്കെ പറഞ്ഞാലും ശരി കേരളത്തിന് പുറത്തുപോയി ഇതൊക്കെ പറയാൻ പറ്റില്ല, അത് മനസ്സിലാക്കണം. ശ്രീമാൻ രാജീവ്ഗാന്ധിയുടെ അടുത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇതൊന്നും പറയുകയില്ല. ശ്രീമാൻ രാജീവ് ഗാന്ധി ബോംബെയിൽ ചെയ്ത പ്രസംഗം എന്താണ്? ഈ രാജ്യത്തെ വർഗ്ഗീയ വിഘടിത ശക്തികളാണ് ഈ രാജ്യത്തെ സ്വാതന്ത്ര്യത്തെ തകർത്തതെന്നാണ്. അതാണ് ഈ രാജ്യത്തുണ്ടായിട്ടുള്ളത്. ശ്രീമാൻ രാജീവ് ഗാന്ധി പ്രസംഗിച്ചതാണ്. ശ്രീമാൻ രാജീവ് ഗാന്ധിയുടെ പ്രസംഗം എന്റെ കൈവശമുണ്ട്. സംസ്ഥാനത്തെ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ പ്രശ്നങ്ങളാണല്ലോ നിങ്ങൾ വലുതായി പറയുന്നത്.

എനിക്ക് മറ്റൊരു കാര്യം പറയുവാനുള്ളത് ഇവിടത്തെ കൊള്ളരുതായ്മയെപ്പറ്റിയാണ്. ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളുടെ ഒരു പ്രശ്നവും വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുന്നില്ലെന്നുള്ളതിനെപ്പറ്റിയാണ് എനിക്ക് പറയുവാനുള്ളത്. മൂന്നുവർഷക്കാലം ഒരു ചെകുത്താൻ വാഴ്ചയാണിവിടെ ഉണ്ടായിട്ടുള്ളതെന്നാണ് മലയാള മനോരമപത്രം പറഞ്ഞത്. നാറിയ രേണം, നാറിപ്പിക്കൽ രേണം എന്നൊക്കെയാണ് എഴുതിയത്. ദേശാഭിമാനി ഇത്തരം വാർത്തകളൊന്നും എഴുതുകയില്ല. അവർക്ക് ഒരു ലൈൻ ഉണ്ട്. ആ ലൈൻ വച്ചാണ് അവർ എഴുതുന്നത്. മനോരമ പത്രത്തിന് പിന്നെ അങ്ങനെ ഒരു ലൈനും ഇല്ല. നാറിച്ച ഗവൺമെന്റ് എന്നാണ് മലയാളമനോരമപത്രം പറഞ്ഞത്. ഞങ്ങളാണെങ്കിൽ കുറച്ചുകൂടി മാന്യമായിട്ടേ പറയുകയുള്ളൂ. മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീമാൻ കുഞ്ഞിക്കണ്ണനെപ്പറ്റിയും മറ്റു പലരെപ്പറ്റിയുമൊക്കെ പറഞ്ഞിട്ടുണ്ട്. മാർക്സിസ്റ്റ് പാർട്ടിയിൽ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വന്നാൽ പാർട്ടി നടപടികൾ സ്വീകരിക്കാത്തവർക്കെതിരെ ശിക്ഷണനടപടികളെടുക്കും. നിങ്ങളുടെ മാതിരിയല്ല. നിങ്ങൾ പറയുന്നതെന്താണ് ഏകകക്ഷിഭരണമെന്നല്ലേ? മറ്റൊരു പാർട്ടിയുമില്ല. മന്ത്രിപദം മതി. ശ്രീമാൻ രമേശ് ചെന്നിത്തല മന്ത്രിയായിട്ടിരിക്കുകയല്ലേ? അവിടെയിരുന്നിട്ട് എന്താണ് കാര്യം? എന്നുകിൽ ആത്മാർത്ഥത വേണം. ഞങ്ങളൊക്കെ എത്രയോ കൊല്ലം ജയിലിൽക്കിടന്ന് മർദ്ദനങ്ങൾ അനുഭവിച്ചവരാണ്. ഒരു സത്യസന്ധമായ ആശയത്തിനുവേണ്ടിയാണ് ഞങ്ങൾ ജയിലിൽ പോയത്. അല്ലാതെ മന്ത്രിപദത്തിനുവേണ്ടിയായിരുന്നെങ്കിൽ എന്നേ കിട്ടുമായിരുന്നു, മനസ്സിലായോ? ശ്രീമാൻ ആരിഫ് അഹമ്മദ് ഖാൻ കോഴിക്കോട്ടുവന്ന് മുസ്ലീം വ്യക്തി നിയമത്തിനെതിരായി പ്രസംഗിച്ചു. അദ്ദേഹത്തിന് ഒരാദർശം ഉണ്ട്. അതിനെ സപ്പോർട്ട് ചെയ്ത ശ്രീമാൻ മണിമംഗലത്തു കുട്ട്യാലിക്കെതിരെ നടപടി; നടപടിയെടുത്തത് എന്തിനാണെന്ന് എനിക്കറിയില്ല. അദ്ദേഹം ആ ആശയത്തിനെ സപ്പോർട്ട് ചെയ്തത് കറക്ടാണെന്നാണ് എന്റെ അഭിപ്രായം. ആരിഫ് അഹമ്മദ് ഖാനും അദ്ദേഹത്തിന്റെ ഭാര്യയും മുസ്ലീം വ്യക്തി നിയമത്തിനെതിരെ പ്രസംഗിച്ചവരാണ്. ഇവിടെ ഒരു നേതാവ് ഒരു മന്ത്രിസ്ഥാനം കിട്ടുമ്പോൾ പോകും. ശ്രീമാൻ ഹസ്സൻ പറയുന്നതിലൊന്നും വലിയകാര്യമില്ല. അദ്ദേഹം ഇവിടെനിന്ന് കാലുമാറിയ ആളാണ്. ഇനിയും കാലുമാറുകയില്ലെന്ന് ആരുകണ്ടു.

ശ്രീ. എം. എം. ഹസ്സൻ: സർ, പാർട്ടിയെക്കുറിച്ച് പറഞ്ഞല്ലോ. എന്റെ പാർട്ടി ഇടതുപക്ഷമുന്നണി വിട്ട് മാർക്സിസ്റ്റ് പാർട്ടിയോട് ബന്ധം വിടർത്താൻ തിരു

LIBRARY ARCHIVES Kerala Legislative Assembly

മാനിച്ചു. ഞാൻ അതു് അനുസരിച്ചു. അതു് തെറ്റാണോ? ഞാൻ പാർട്ടിയുടെ ബദൽ രേഖ അവതരിപ്പിച്ചില്ല. ബദൽ നടപടിയുമെടുത്തില്ല. അതു് അനുസരിച്ചതു മാത്രമേയുള്ളു.

ശ്രീ. ഇ.കെ. നായനാർ: ഹസ്സൻ പ്രസംഗിച്ച സമയത്തു് ഞാൻ ഒരക്ഷരംപോലും പറഞ്ഞില്ല. ഞാൻ പ്രസംഗിക്കുമ്പോഴും ഹസ്സൻ ഒരക്ഷരം പറയാൻ പാടില്ല. അതാണു് മര്യാദ. മാർക്സിസ്റ്റു് പാർട്ടിയുടെ അകത്തുള്ള നടപടിയെ സംബന്ധിച്ചു് ആശയകുഴപ്പത്തെ സംബന്ധിച്ചു് പത്രങ്ങളിൽ വരുന്നുണ്ടു്. അതിൽ സത്യവും, അർദ്ധസത്യവും, അസത്യവുമുണ്ടു്. സ്റ്റേറ്റു് കമ്മിറ്റിയുടേയോ സെക്രട്ടേറിയറ്റിന്റേയോ ഔദ്യോഗിക കടലാസ്സു് അല്ലാത്തതു് ഞങ്ങളും അംഗീകരിക്കുകയില്ല. അതേ സത്യമുള്ളു. അതേ ഒഫീഷ്യലായിട്ടുള്ളു. ബാക്കിയുള്ളതു് പലതും വരും. പത്രങ്ങളും ചിലവാകേണ്ടതു് ആവശ്യമാണു്. ശ്രീ. എം.വി. രാഘവനായാലും പി.വി. കുഞ്ഞിക്കണ്ണനായാലും മറ്റു് സഖാക്കളായാലും പാർട്ടിയുടെ തീരുമാനത്തിനും നയത്തിനുമെതിരായി പ്രവർത്തിച്ചാൽ നിങ്ങളുടെ പാർട്ടിയെപ്പോലെയല്ല, നടപടിയെടുക്കും. കോൺഗ്രസ്സിൽ എന്തും പ്രസംഗിക്കാം, അതിനെതിരായി പിറ്റെദിവസം പ്രവർത്തിക്കുകയും ചെയ്യാം. കമലാപതി ത്രിപാഠിക്കു് ശ്രീ. രാജീവ് ഗാന്ധിക്കെതിരായി എഴുതാം. മിശ്രയ്ക്കു് ബീഹാറിൽ സംഘടനയുണ്ടാക്കാം, എഴുതാം, പ്രസംഗിക്കുകയും ചെയ്യാം. അതുപോലെതന്നെ ഗുണ്ടുറാവു അവിടെ പാരവയ്ക്കുന്ന ഏർപ്പാടു് നടത്തുന്നുണ്ടു്. അത്തരത്തിലുള്ള പാർട്ടിയല്ല കമ്മ്യൂണിസ്റ്റു് മാർക്സിസ്റ്റു് പാർട്ടി, അതു് തൊഴിലാളി വർഗ്ഗത്തിന്റെ പാർട്ടിയാണു്. കാര്യങ്ങൾ ചർച്ച ചെയ്തു് അംഗീകരിച്ചുകഴിഞ്ഞാൽ ആ അഭിപ്രായത്തിൽ നിൽക്കുകയും, മൂരിപക്ഷത്തിന്റെ അഭിപ്രായത്തിൽ നിൽക്കുകയും, സ്വന്തം അഭിപ്രായം ബലികഴിക്കാൻ തയ്യാറാകുകയും വേണം. അതാണു് ഞങ്ങളുടെ ഡെമോക്രസി. പി.വി. കുഞ്ഞിക്കണ്ണനും, എം.വി. രാഘവനും, ഞാനും നടപടിക്കു് വിധേയനാകും. അതെപ്പറ്റി പത്രങ്ങൾ പറയുന്നതിൽ ഞങ്ങൾക്കു് ഉത്തരവാദിത്വമില്ല. പാർട്ടിയുടെ ഒഫീഷ്യൽ സ്റ്റേറ്റ്മെന്റിൽ മാത്രമേ ഞങ്ങൾക്കു് ഉത്തരവാദിത്വമുള്ളു. അത്രയേ എടുക്കാൻ പാടുള്ളു എന്ന അഭ്യർത്ഥനയുണ്ടു്. നാടിപ്പുളിച്ച ഒരു ഗവൺമെന്റാണു് ഇതു്. ഈ ഗവൺമെന്റിനെ രേണകക്ഷിയുടെ പത്രങ്ങളടക്കം വിലയിരുത്തിയിട്ടുണ്ടു്. ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണു്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഏതു ഗവൺമെന്റിനേയും വിലയിരുത്തുവാനും വിമർശിക്കാനുമുള്ള അവസരമാണു് പൊതുരേണത്തെ സംബന്ധിച്ചുള്ള ചർച്ച. അത്ര പ്രധാനമായ ചർച്ച നടക്കുന്ന ഈ ദിവസം ഒരു കാര്യം വളരെ പ്രകടമായി കാണാൻ സാധിച്ചതു്, അങ്ങേയറ്റത്തെ നിരാശയും വൈരാഗ്യവുംമൂലം എന്തുചെയ്യണമെന്നു നിശ്ചയമില്ലാതെ, ഒരെത്തും പിടിയും കിട്ടാതെ സ്തംഭിച്ചു നിൽക്കുന്ന ഒരു പ്രതിപക്ഷത്തെയാണു്. അതിനുള്ള കാരണം.....(ബഹളം).....

മി. സ്പീക്കർ: ഒരു കാര്യം മെമ്പർമാരുടെ ശ്രദ്ധക്കുവേണ്ടി പറയുകയാണു്. ഇവിടെ പ്രതിപക്ഷ നേതാവും കക്ഷി നേതാക്കൻ

LIBRARY ARCHIVES Kerala Legislative Assembly

മാരും വളരെ വിശദമായി സംസാരിച്ചുകഴിഞ്ഞു. അതിന് മറുപടി കേൾക്കാനുള്ള ബുദ്ധിമുട്ടുകൂടിയുണ്ട്. (ബഹളം)

ശ്രീ. കെ. കരുണാകരൻ: ഞാൻ ചെയ്യുന്ന അപരാധം അപ്പുറത്തുള്ള നേതാക്കൻമാരുംപ്പെടെ ഉപയോഗിച്ച ഭാഷ ഉപയോഗിക്കാത്തതാണെങ്കിൽ ക്ഷമിക്കണം. ആ വാക്കുകൾ ഉപയോഗിക്കാത്തതാണോ തെറ്റ്.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയോ മറ്റ് ഏതെങ്കിലും മന്ത്രിമാരേയോ അല്ല പറഞ്ഞത്. അങ്ങയുടെ മന്ത്രിസഭയുടെ രൂപമാണ് പറഞ്ഞത്. അല്ലാതെ വേറൊന്നുമല്ല.

ശ്രീ. കെ. കരുണാകരൻ: ഞാൻ അവരെ കുറ്റപ്പെടുത്തുകയല്ല. ഈ തെരഞ്ഞെടുപ്പ് കഴിഞ്ഞതിനുശേഷം അവർ പാപ്പരായെങ്കിൽ ശബ്ദം കൊണ്ടു തടയാൻ സാധിക്കുകയില്ല. ഈ മന്ത്രിസഭ വരുന്നതിനു മുമ്പുതന്നെ സഖാവ് പി. എസ്. ശ്രീനിവാസൻ പറഞ്ഞു 'കേരളത്തിൽ കമ്മ്യൂണിസ്റ്റ് ഇതര മന്ത്രിസഭ ഒരുവർഷം മുഴുമിപ്പിക്കുകയില്ല, എന്ന്' അദ്ദേഹം. ഇവിടെനിന്നു പറഞ്ഞകാര്യം ഞാൻ ഇപ്പോഴും ഓർക്കുകയാണ്. .....(ബഹളം) നായനാർ മന്ത്രിസഭയിലെ മന്ത്രിയായിരുന്ന സഖാവ് പി.എസ്. ശ്രീനിവാസൻ ഇവിടെ നിന്ന് ഞങ്ങളോട് പറഞ്ഞതാണ്, ഒരു മാസത്തിൽ കൂടുതൽ കമ്മ്യൂണിസ്റ്റുകാരില്ലാത്ത ഗവൺമെന്റ് ഈ സംസ്ഥാനത്തിൽ നിൽക്കുകയില്ല എന്ന്. കേരളത്തിന്റെ ചരിത്രത്തിൽ.....(ബഹളം).....

ശ്രീ. കെ.പി. പ്രഭാകരൻ: എ.ഐ.സി.സി. യുടെ ചുമന്നകൊടി കണ്ടിരുന്നല്ലോ.

ശ്രീ. കെ. കരുണാകരൻ: ഒരുമാസമല്ല, 90 ദിവസമല്ല, 6 മാസമല്ല ഒരു കമ്മ്യൂണിസ്റ്റ് ഇതര മന്ത്രിസഭ നാലു വർഷം പൂർത്തിയാക്കി. 5-ാം വർഷത്തിലേക്ക് കടക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. അതുകൊണ്ടുതന്നെ അപ്പുറത്തിരിക്കുന്ന ആളുകളെ സംബന്ധിച്ചിടത്തോളം അസ്വസ്ഥതയുണ്ടാകും. ഈ ഗവൺമെന്റ് അത്ര ജനപ്രീതി ചെയ്ത ഗവൺമെന്റ് ആണെങ്കിൽ ഈ സംസ്ഥാനത്ത് ഇത്രയും കാലം തുടരുകയില്ല. ഈ ഗവൺമെന്റ് നിലനിൽക്കുന്നതുതന്നെ ജനോപകാരപ്രദമായ കാര്യങ്ങൾക്കുവേണ്ടിയാണ്. അങ്ങനെ ചെയ്തിട്ടുള്ള ഗവൺമെന്റാണിത്.

ശ്രീ. കെ.ഇ. ഇസ്മയിൽ: മേനോനുകൊടുത്ത കാര്യത്തെപ്പറ്റി പറയണം.

ശ്രീ. കെ. കരുണാകരൻ: എല്ലാ യോഗങ്ങളിലും പറയുന്നതാണ് മേനോന്റെ 70 ലക്ഷം രൂപയുടെ കാര്യം. മരു സൈപയും കൊടുത്തിട്ടില്ല എന്ന് ശ്രീ. രാജീവ് ഗാന്ധിക്ക് മനസ്സിലായി. അത് പറയാനുള്ള ഗതികേടിലാണ് നിങ്ങൾ. എന്റെ ബഹുമാന്യ സ്നേഹിതൻ ബേബിജോൺ ചോദിച്ചു, എന്തിനാണ് ഈ ഗവൺമെന്റ് നിലനിൽക്കുന്നത് എന്ന്. എന്താണ് ഈ ഗവൺമെന്റ് ഈ സംസ്ഥാനത്ത് നേടിയത് എന്നും അദ്ദേഹം ചോദിച്ചു. എപ്പോഴും ഇവിടെ പറയാറുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

പ്ലാനിനെക്കുറിച്ചാണ്. ശ്രീ. നായനാരുടെ കാലത്ത് 6–ാം പഞ്ചവൽസരപദ്ധതി തയ്യാറാക്കുമ്പോൾ കേന്ദ്രവിഹിതമായി വാങ്ങുവാൻ സാധിച്ചത് കേവലം 27.74 ശതമാനമായിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 7–ാം പഞ്ചവൽസരപദ്ധതി ഗവൺമെൻറ് തയ്യാറാക്കിയപ്പോൾ 54.29 കോടി രൂപ വാങ്ങിച്ചു.

ശ്രീ. കെ.പി. പ്രഭാകരൻ: നമ്മുടെ സംസ്ഥാനത്തിൽ നിന്നുള്ള വിഭവസമാഹരണം കുറഞ്ഞതുകൊണ്ടല്ലേ കേന്ദ്രത്തിൻെറ ശതമാനം കൂടിയത്.

ശ്രീ. കെ. കരുണാകരൻ: അല്ല. അവിടെയാണ് വ്യത്യാസം. 430 കോടി രൂപയാണ് നിങ്ങളുടെ കാലത്ത് വാങ്ങിച്ചതെങ്കിൽ ഇന്ന് 1140 കോടി രൂപയാണ് കിട്ടിയത്.

ശ്രീ. ബേബി ജോൺ: സർ, 6–ാം പഞ്ചവൽസര പദ്ധതിക്കാലത്ത് കേന്ദ്രവിഹിതം 27 ശതമാനമായിരുന്നു. ഇപ്പോൾ കൂടുതൽ കിട്ടിയെന്നു പറഞ്ഞു. 7–ാം പഞ്ചവൽസര പദ്ധതിക്കാലത്ത് മറ്റ് സംസ്ഥാനങ്ങളിൽ 6–ാം പഞ്ചവൽസരപദ്ധതിക്ക് കിട്ടിയതിനേക്കാൾ കൂടുതൽ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കരുണാകരൻ: കേന്ദ്രവിഹിതം കിട്ടിയ സംസ്ഥാനങ്ങളിൽവച്ച് ഏറ്റവും കൂടുതൽ എന്നു പറഞ്ഞാൽ 54.24 ശതമാനം കൊടുത്തസംസ്ഥാനങ്ങളാ, ഇൻഡ്യയിൽ പ്രത്യേക സംസ്ഥാനങ്ങളല്ലാതെ ഒരൊറ്റ സംസ്ഥാനവുമില്ല.

ശ്രീ. ഇ.കെ. നായനാർ: 6–ാം പദ്ധതിക്ക് നമുക്ക് തന്ന പണത്തിനേറെയും 7–ാം പദ്ധതിക്ക് നമുക്ക് കിട്ടിയ പണത്തിനേറെയും മൂല്യവിലയിൽ എത്ര വർദ്ധനവുണ്ട്?

ശ്രീ. കെ. കരുണാകരൻ: രൂപയുടെ മൂല്യമാണെങ്കിൽ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മൂല്യം ബാധകമാണല്ലോ. വളരെ അഭിമാനപൂർവ്വം തലയുയർത്തി അവകാശപ്പെടുന്ന പശ്ചിമബംഗാൾ 29.4 ശതമാനം വാങ്ങിയപ്പോൾ കേരളം 54.2 ശതമാനം വാങ്ങിച്ചിരിക്കുന്നു. മൂല്യം രണ്ടു സ്ഥലത്തും ഒരുപോലെ തന്നെയാണ്. പക്ഷേ അവിടെ ഒരു വ്യത്യാസമേയുള്ളൂ. അവിടെ പ്ലാൻലെവൽ 72 ശതമാനമാണെങ്കിൽ നമ്മുടേത് 127 ശതമാനമായിട്ട് നമ്മൾ ചെലവ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് സംസ്ഥാനത്തിൻെറ വിഹിതം കണക്കു പറഞ്ഞു വാങ്ങുന്നതിൽ ഈ ഗവൺമെൻറ് വളരെയധികം മുന്നോട്ട് പോയിട്ടുണ്ട്. ഈ സംസ്ഥാനത്തിൻെറ താൽപ്പര്യം രക്ഷിച്ചതിനു നിരവധി ഉദാഹരണങ്ങളുണ്ട്. ഈ സെഷനിൽ ഓരോ ദിവസവും ഓരോ വിഷയത്തെക്കുറിച്ച് ചർച്ച വരുന്നതുകൊണ്ട് ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല.

ശ്രീ. ആർ.എസ്. ഉണ്ണി: സർ, ശ്രീഗനിഖാൻ ചൗധരി കേരളത്തിൽ വന്നപ്പോൾ അദ്ദേഹം പറഞ്ഞത് കേരളത്തിൽ കേന്ദ്രത്തിൻെറ ഇൻവെസ്റ്റ്മെൻറ് പ്രപ്പോർഷണലായിട്ട് സ്റ്റേറ്റ് സംസ്ഥാനങ്ങളേക്കാൾ കുറവാണെന്നും ഇതു ഉയർത്താൻ അടിയന്തിര നടപടികളും സ്വീകരിക്കാൻ അദ്ദേഹം പരിശ്രമിക്കുമെന്നുമാണ്. ഇതു സത്യമാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: അദ്ധ്യക്ഷൻ പങ്കെടുത്ത യോഗത്തിലുണ്ടായിരുന്നത് ഞാനാണ്. അദ്ധ്യക്ഷൻ പറഞ്ഞത് മുൻകാലങ്ങളിൽ ഇൻവെസ്റ്റ്മെൻറ് കുറവായിരുന്നെന്നാണ്. ....(ബഹളം) ഇരുപതിന പരിപാടിയിൽപ്പെടുത്തി പല ക്ഷേമപരിപാടികളും ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. എൻ.ആർ.ഇ.പി. യിലാണെങ്കിൽ ചെലവ് ചെയ്യുന്നയത്രയും തുക കേന്ദ്ര ഗവൺമെൻറ് തരുന്നുണ്ട്. അതേസമയം ഭൂമി വിതരണം ചെയ്യുന്നതിനുവേണ്ടി ഭൂമി വിലയ്ക്കെടുക്കുന്നതിനാവശ്യമായ തുക നീക്കിവയ്ക്കുന്നതിനും ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. കാരണം വിദ്യാഭ്യാസം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കൂടുതൽ സംഖ്യ ചെലവ് വരുന്നുണ്ട്. അതു മാത്രവുമല്ല മുൻകാലങ്ങളിൽ കേന്ദ്രവിഹിതം കുറവായിരുന്നു. അതുകൊണ്ട് റിസോഴ്സസ് കുറവാണ്. അതു നികത്താൻവേണ്ടി കൂടുതൽ സംഖ്യ നീക്കിവയ്ക്കണം. നേവൽ അക്കാഡമിക്കുവേണ്ടിയുള്ള ചെലവ് കണക്കാക്കാതെ തന്നെ കേന്ദ്ര നിക്ഷേപം കേരളത്തിൽ 523.07 കോടി രൂപയാണ്. പുതിയ വ്യവസായങ്ങൾക്ക് കേന്ദ്രസഹായം കിട്ടുന്നുണ്ട്. കേന്ദ്രസഹായംകൊണ്ടാണ് കേരളത്തിന്റെ സാമ്പത്തിക സ്ഥിതി കടന്നുകൂടാൻ നമുക്ക് സാധിച്ചത്. ഒരിക്കൽ മറുപടി പറഞ്ഞതാണെങ്കിൽപ്പോലും പിന്നെയും ആവർത്തിച്ചാവർത്തിച്ചു പറയുന്നത് അങ്ങനെ പറയുമ്പോൾ ജനങ്ങൾ വിശ്വസിച്ചുകൊള്ളുമെന്ന തെറ്റായ ധാരണകൊണ്ടാണ്. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ ചരിത്രത്തിൽ മുമ്പൊരിക്കലും ലഭിച്ചിട്ടില്ലാത്തത്രയും കേന്ദ്രവിഹിതമാണ് പദ്ധതിയുടെ കാര്യത്തിലായാലും കേന്ദ്ര ഇൻവെസ്റ്റ്മെൻറിന്റെ കാര്യത്തിലായാലും നമുക്ക് ലഭിച്ചിട്ടുള്ളത്. ചെറിയൊരു ഉദാഹരണം പറയാം. നമ്മുടെ നാട്ടിലെ ഏറ്റവും വലിയൊരു പ്രശ്നമാണ് ഭക്ഷ്യപ്രശ്നം. മുൻഗവൺമെൻറുകളുടെ കാലത്ത് ഏറ്റവും കൂടുതൽ അരി കേന്ദ്രത്തിൽനിന്നു വാങ്ങിച്ചത് 92,000 ടൺ ആയിരുന്നു. അതു സാക്ഷാൽ നായനാരുടെ കാലത്താണ്. എന്നാലിപ്പോൾ ഒന്നര ലക്ഷം ടൺ അരിയാണ് സംസ്ഥാനഗവൺമെൻറ് കേന്ദ്രഗവൺമെൻറിൽനിന്നു വാങ്ങിച്ചെടുക്കുന്നത്. അങ്ങനെയാണ് ഈ സംസ്ഥാനത്തെ ഭക്ഷ്യ കമ്മി പരമാവധി നികത്തിയിട്ടുള്ളത്. ഇത്രയും വിഹിതം ഇതിനുമുമ്പ് കേന്ദ്രഗവൺമെൻറ് കേരളത്തിൽ തന്നിട്ടില്ല.

ശ്രീ. ബേബി ജോൺ: അങ്ങ് കേന്ദ്രം വളരെക്കൂടുതൽ തന്നു എന്നു പറഞ്ഞതുകൊണ്ട് പറയുന്നതാണ്. ഗവൺമെൻറ് അച്ചടിച്ച് തന്നിട്ടുള്ള എക്കണോമിക് റിവ്യൂവിൽ പറഞ്ഞിരിക്കുന്നത് The total public sector investment in the country which was Rs. 31,969 crores at the end of March 1983, increased by 21.52% to Rs. 38,848 crores by the end of March 1984. The major share of this increase of Rs. 6,879 crores was received by the states of Maharashtra, Andhra Pradesh, Tamil Nadu, Madhya Pradesh, Orissa and west Bengal എന്നാണ്. കേരളം അതിലില്ല.

ശ്രീ. കെ. കരുണാകരൻ: 147 കോടി രൂപ കാപ്രോലാക്ടം പ്രോജക്ടിന് അനുവദിച്ചത് ഇപ്പോൾ 281 കോടിയായി ഉയർത്തിയിട്ടുണ്ട്. അതുപോലെതന്നെ നേവൽ അക്കാഡമിക്ക് 500-ൽ പരം കോടി രൂപ അനുവദിച്ചിട്ടുണ്ട്. മി. ബേബി ജോൺ ഈ ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

എന്തു നേടിയെന്നു ചോദിച്ചതുകൊണ്ടാണു് ഞാൻ ഇതു പറഞ്ഞതു്. നേടിയ നിരവധി കാര്യങ്ങൾ ഇനിയും പറയാനുണ്ടു്. 4 കൊല്ലം ഞങ്ങളിവിടെ കയ്യും കെട്ടിയിരിക്കുകയല്ലായിരുന്നു. ദാരിദ്ര്യരേഖയ്ക്കു് താഴെയുള്ളവരുടെ ശരാശരി ഇൻഡ്യയിൽ 37 ശതമാനമാണെങ്കിൽ കേരളത്തിലേതു് 26 ശതമാനം മാത്രമാണു്. ഈ സ്ഥിതിയിലേക്കു് കേരളത്തെ നയിക്കാൻ ഐക്യജനാധിപത്യമുന്നണിക്കു് കഴിഞ്ഞു. ഐ.ആർ.ഡി.പി.യിൽ മാത്രം 5.81 ലക്ഷം കുടുംബങ്ങൾക്കു് സാമ്പത്തികസഹായം എത്തിച്ചു. എൻ.ആർ.ഇ.പി. പദ്ധതിയിലൂടെ 642 ലക്ഷം പേർക്കു് തൊഴിലവസരങ്ങളുണ്ടാക്കിക്കൊടുത്തു. ഹരിജന ഗിരിജനങ്ങൾക്കുവേണ്ടി ഒരു ലക്ഷത്തി അമ്പത്തോരായിരം വീടുകൾ നിർമ്മിച്ചുകൊടുത്തു. അഞ്ചു് ലക്ഷത്തി മൂവായിരത്തി ഇരുന്നൂറിമുപ്പത്തിയെട്ടു് പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കു് സാമ്പത്തിക സഹായം എത്തിച്ചുകൊടുത്തിട്ടുണ്ടു്. അങ്ങനെ ദുർബ്ബല വിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ വിഷയത്തെക്കുറിച്ചു പറയുമ്പോഴും കണക്കുകൾ നിരത്തിവച്ചു അഭിമാനം കൊള്ളാൻ ഈ ഗവൺമെൻറിനു് സാധിക്കും.

പദ്ധതികളെ സംബന്ധിച്ചിടത്തോളം പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുക മാത്രമല്ല കൂടുതൽ സംഖ്യ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കാനും സാധിച്ച ഒരു സംസ്ഥാനമാണു് കേരളം. പശ്ചിമ ബംഗാളിനുപോലും പ്ലാൻ വിഹിതം മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ദുർബ്ബല വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ പരിശീലനം, സ്ത്രീകളുടെ ആരോഗ്യസംരക്ഷണം ഇങ്ങനെ പല ക്ഷേമപ്രവർത്തനങ്ങളും നടപ്പിലാക്കാൻ ഈ ഗവൺമെൻറിനു് കഴിഞ്ഞിട്ടുണ്ടു്. സർ, ഇവിടെ ബഹുമാനപ്പെട്ട നായനാർ ഒരു പരാമർശം നടത്തിയിട്ടു് വളരെ സഹായകരമായി. കല്ലടയേയും ഇടമലയാറിനേയുംകുറിച്ചു് അദ്ദേഹം പരാമർശിച്ചു. ഈ രണ്ടു പ്രോജക്ടിനെ സംബന്ധിച്ചും പരാതി കിട്ടിയപ്പോൾ തന്നെ അന്വേഷണ ഉത്തരവു് പുറപ്പെടുവിക്കുകയുണ്ടായി. കേന്ദ്ര ഗവൺമെൻറിൻറെ സാങ്കേതിക വിദഗ്ദ്ധർ ഇവിടെ വന്നു പരിശോധിച്ചിട്ടു് പറഞ്ഞതു് ഇന്നു കാണുന്ന ന്യൂനത അപകടകരമല്ലായെന്നാണു്. അതിനുശേഷമാണു് ഗവൺമെൻറു് ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തീരുമാനിച്ചതു്. കല്ലട പ്രോജക്ടു് എത്രയോ വർഷങ്ങളായി അതിൻറെ ഒരു ഭാഗംപോലും ചെയ്തുതീർക്കാൻ സാധിക്കാതെ കിടക്കുകയായിരുന്നു. രണ്ടു മൂന്നു വർഷക്കാലത്തെ തീവ്ര പ്രവർത്തനംമൂലം അതിൻറെ ഒന്നാംഘട്ടം പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തു കഴിഞ്ഞു. ഇടമലയാറിനെ സംബന്ധിച്ചിടത്തോളമുള്ള സ്ഥിതിയെന്താണു്? സാങ്കേതിക വിദഗ്ദ്ധർ ഇതു് അപകടകരമല്ല. എല്ലാ പ്രോജക്ടിലും സംഭവിക്കുന്നതാണു് എന്നു പറഞ്ഞതിനുശേഷവും ജുഡീഷ്യൽ അന്വേഷണം പുറപ്പെടുവിച്ചതിൻറെ ഫലമായി അതിൻറെ പ്രവർത്തനം ഇന്നു് നിർത്തിവയ്ക്കേണ്ടിവന്നിരിക്കുകയാണു്. ഇന്നു് ഇടമലയാർ നദീജലസംഭരണ സ്ഥലത്തു് വെള്ളം നിറഞ്ഞു കിടക്കുകയാണു്. ഒരു യൂണിറ്റു് കറൻറുപോലും ഉൽപ്പാദിപ്പിക്കാൻ സാധിക്കാതെ വെള്ളം കെട്ടിക്കിടക്കുകയാണു്. കേരളത്തിൽ കറൻറിൻറെ കാര്യത്തിൽ പൂർണ്ണമായും സ്തംഭിപ്പിക്കുന്ന തരത്തിലുള്ള ഒരു സ്ഥിതിയിലേക്കു് നീങ്ങാനുള്ള സാഹചര്യം ഉണ്ടാക്കിയതിനെക്കുറിച്ചു് ഒരു നിമിഷ

LIBRARY ARCHIVES Kerala Legislative Assembly

മെങ്കിലും ആലോചിക്കണം. ഈ ഗവൺമെൻറിനെ കുറ്റപ്പെടുത്താൻ നിങ്ങൾക്ക് എന്തും പറയാം. എന്നാൽ ഈസംസ്ഥാനത്തിൻെറ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി നടത്തുന്നപ്രവൃത്തികൾ സ്തംഭിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ദയവായി സ്വീകരിക്കരുതെന്ന് ഞാൻ വിനീതനായി അഭ്യർത്ഥിക്കുകയാണ്.

ഈ സംസ്ഥാനത്തിലെ കൃഷിഭൂമിയെ സംബന്ധിച്ചും നെല്ലുൽപ്പാദനത്തെ സംബന്ധിച്ചും കാലാകാലങ്ങളിൽ ഉണ്ടായിട്ടുള്ള സ്ഥിതിഗതികൾ അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും അറിയാവുന്നതാണ്. 1967—നു ശേഷം ഇന്നേവരെ നെല്ല് ഉൽപ്പാദനത്തിൻെറ കാര്യത്തിൽ മാറിമാറിവന്ന ഗവൺമെൻറുകൾക്ക് ഒരിഞ്ചുപോലും മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല. ഇതിൻെറ കാരണങ്ങൾ നമ്മൾ അന്വേഷിക്കേണ്ടതായിട്ടുണ്ട്. കൃഷി ആദായ കരമല്ലാതാകുകയും നമുക്കു ആവശ്യമായ ഭക്ഷ്യധാന്യം പുറമേന്നിന്നും കിട്ടുകയും ചെയ്യുന്നതുകൊണ്ട് നെൽകൃഷിഭൂമി മാറ്റിയെടുക്കുന്നതായ ഒരു പ്രവണത ഉണ്ടായിട്ടുണ്ട്. അതു തടയാൻ എന്തു കൊണ്ട് നിയമംകൊണ്ടുവരുന്നില്ലായെന്ന് എല്ലാ ഭാഗത്തുനിന്നും ചോദ്യമുണ്ടായി. കൃഷി ആദായകരമല്ലായെന്ന ഒരു സ്ഥിതിയിലേക്ക് വന്നപ്പോൾ എല്ലാ ഗവൺമെൻറുകളും അതിൻെറ നേരേ കണ്ണടയ്ക്കുകയാണുണ്ടായത്.

കൃഷിക്കാരെന്നു പറയുമ്പോൾ നെൽകൃഷിക്കാർ മാത്രമല്ല ഉൾപ്പെടുന്നത്. കേരളത്തിലെ പ്രധാന കൃഷി നാളികേരകൃഷിയാണ്. സർ, ഞാൻ ആത്മാർത്ഥമായി ചോദിക്കുകയാണ് നാളികേര കർഷകനെ സഹായിക്കാൻ, നാളികേരകൃഷി ഭദ്രമായി നിലനിർത്താൻ ഈ ഗവൺമെൻറ് ചെയ്തതുപോലെ ഏതെങ്കിലും കാലത്തെ ഒരു ഗവൺമെൻറു ചെയ്തിട്ടുണ്ടോ? നിങ്ങൾ ബഹളമുണ്ടാക്കിയതുകൊണ്ട് കാര്യമില്ല. നാളികേരവില കീഴ്പ്പോട്ടുപോയ സാഹചര്യത്തിൽ ആ നാളികേരവില പിടിച്ചു നിർത്താനും മുമ്പോട്ടുകൊണ്ടുപോകാനും താങ്ങുവില നിശ്ചയിച്ചുകൊണ്ട് നാളികേരം വാങ്ങിക്കാനും തയ്യാറായി. എന്തായിയെന്ന് എല്ലാവരും പരിഹസിച്ചത് നിങ്ങൾക്കറിയാം. 1400 രൂപവരെ നാളികേരത്തിന് വിലവരുത്താൻ സാധിച്ചുവെങ്കിൽ അത് ഈ ഗവൺമെൻറു സ്വീകരിച്ച ഒരേയൊരു നടപടിയുടെ ഫലമായിട്ടാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നാഫെഡ് വന്നതിനെക്കുറിച്ച് പറഞ്ഞു. നാഫെഡ് കേരളത്തിൽവന്ന് സഹായിക്കാൻ തീരുമാനിച്ചത്, 1200 രൂപയിൽ താഴെ വിലവരുകയാണെങ്കിൽ 1200 രൂപയ്ക്ക് വാങ്ങിക്കുകയെന്ന തീരുമാനത്തോടെയാണ്. നാഫെഡിനെ പിൻവലിച്ചിട്ടില്ല. 1300—ഉം 1400—ഉം രൂപ വിലയുള്ളപ്പോൾ 1200 രൂപയ്ക്ക് നാളികേരം വാങ്ങിക്കാൻ ചെന്നാൽ കിട്ടില്ല. ഏതാനും ദിവസം മുമ്പുവരെ 1450 രൂപവരെ വിലവന്നു. 1200 രൂപയിൽ താഴെ വിലവന്നാൽ 1200—ന് വാങ്ങിക്കുന്നതുള്ള നിർദ്ദേശം ഇന്നും നിലനിൽക്കുന്നു. അതിൻെറ ഫലമായി നാളികേര കർഷകനെ അവൻെറ വിലയിടിവിൽനിന്നും രക്ഷിക്കാൻ ഈ സംസ്ഥാന ഗവൺമെൻറിനു കഴിഞ്ഞിട്ടുണ്ട്.

ഈ അടുത്ത അവസരത്തിലാണ് ഇഞ്ചികർഷകനെ സംബന്ധിച്ച് അവരുടെ പ്രശ്നം ഉന്നയിച്ചത്. ഇഞ്ചികർഷകനെ സഹായിക്കാൻ ഗവൺമെൻറ് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏതു ഏതു മേഖലയിൽ കർഷകന് ബുദ്ധിമുട്ടുണ്ടാകുന്നുവോ ആ മേഖലയിലൊക്കെ കർഷകനെ സഹായിക്കാനുള്ള നടപടിയുമായി ഈ ഗവൺമെന്റു മുന്നോട്ടുപോയതിന്റെ ഫലമായി ഏതു സാഹചര്യത്തിലും കർഷകനു പിടിച്ചു നിൽക്കാൻ സാധിക്കുന്നുവെന്നുള്ളതാണു സത്യം.

മറ്റൊരു കാര്യം വിലവർദ്ധനവിനെ സംബന്ധിച്ചാണ്. നിത്യോപയോഗ സാധനങ്ങളുടെ വില നിയന്ത്രണത്തിൽ വരുത്തിയ ഏറ്റവും ശ്രദ്ധേയമായ നടപടികളുടെ ഫലമായി ക്ഷേയ്യക്ഷാമം എന്നുള്ളത് കേരളത്തെ സംബന്ധിച്ച് സ്പർശിക്കാതെ കടന്നുപോകാൻ ഈ നാലുവർഷക്കാലം ഈ ഗവൺമെന്റിനു തുടർച്ചയായി കഴിഞ്ഞുവെന്നുള്ളതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. ഗവൺമെന്റു അലസമായിട്ട് നോക്കിനിന്നില്ല. സംഭരിക്കാവുന്നതു മുഴുവൻ സംഭരിച്ചു. ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുവാൻ സാധിച്ചതിന്റെ ഫലമായി വിലവർദ്ധനവിനെ ആ മേഖലയിലെങ്കിലും ഒരു പരിധിവരെ ഞങ്ങൾക്ക് പിടിച്ചു നിർത്താൻ സാധിച്ചിട്ടുണ്ട്.

സർക്കാർ ജീവനക്കാരുടെ കാര്യം പറയുകയാണെങ്കിൽ സർക്കാർ ജീവനക്കാരന് ഇന്ന് പ്രശ്നങ്ങളും ഉന്നയിക്കാൻ പ്രശ്നം ഇല്ലാതായിട്ടുണ്ട്. അവന്റെ ശമ്പള പരിഷ്കരണം, കാലാകാലങ്ങളിൽ വരുന്ന ഡി.എ., അവന്റെ [illegible], കൈത്തന്നെ കാലാകാലങ്ങളിൽ കൊടുത്തുതീർക്കാൻ ഗവൺമെന്റു ശ്രദ്ധിച്ചിട്ടുണ്ട്. അവരുടെ പ്രശ്നങ്ങൾക്ക് അതാതു അവസരത്തിൽത്തന്നെ നടപടി സ്വീകരിച്ചതിന്റെ ഫലമായി അവരിൽനിന്നും ഒരു ഡിമാന്റു പോലും വരാൻ ഇടയാകാത്ത തരത്തിൽ ഈ ഗവൺമെന്റു ശ്രദ്ധചെലുത്തിയിട്ടുണ്ട്. ഒരിക്കലും പരിഹരിക്കപ്പെടാതെ കിടന്ന പെൻഷൻകാരുടെ കാര്യങ്ങളിലും ഗവൺമെന്റു നടപടി സ്വീകരിച്ചിട്ടുണ്ട്.

സർ, ഈ ഗവൺമെന്റിനെ വിമർശിക്കുവാൻ, ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങളെ വിലയിരുത്തിക്കൊണ്ട് ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്താൻ ആർക്കും സാധിക്കുകയില്ലായെന്ന് പ്രതിപക്ഷത്തിരിക്കുന്ന എല്ലാപേർക്കുമറിയാവുന്നതാണ്. നിയമസഭ കൂടുമ്പോഴും, ഇവിടത്തെ പ്രശ്നങ്ങളും ഞങ്ങളാണ് ഉണ്ടാക്കുന്നതെന്നു പറഞ്ഞു. അപ്പുറത്തിരിക്കുന്നവരാണ് പ്രശ്നങ്ങൾ ഉണ്ടാക്കുന്നത്. കാരണം ഇതുപോലെ ചർച്ച നടക്കുന്നത് അവർക്ക് പ്രയാസമുണ്ടാക്കും. ചർച്ചയുടെ ഫലമായി ഈ സംസ്ഥാനത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളും ജനങ്ങളുടെ ശ്രദ്ധയിൽ വരാതിരിക്കണമെങ്കിൽ അതിനെ തടയാനുള്ള പ്രകടനങ്ങളും പ്രചരണങ്ങളും പരിപാടികളും വേണം. രണ്ടു കുഴൈറ്റുകാരും ഇവിടെ വന്ന ഗതികേടിനെക്കുറിച്ച് പലരും സൂചിപ്പിച്ചു. ഈ പ്രശ്നം വച്ചല്ലേ കഴിഞ്ഞ നിയമസഭ മുഴുവനും കഴിച്ചത്? ആ രണ്ടു കുഴൈറ്റുകാരുടെ പ്രശ്നമെന്താണ്? ആ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്ത് ഒരു പ്രത്യേക അന്വേഷണം ഏർപ്പെടുത്തി. ആ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകണ്. കാരണം ഇതിൽ കേന്ദ്ര ഗവൺമെന്റും മറ്റു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ഉൾക്കൊള്ളുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളാണുള്ളത്. വിശേഷിച്ച് അവിടെനിന്ന് വരുന്ന ആളുകളുടെ പാസ്പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ. സംസ്ഥാനത്തിലെ ഉദ്യോഗസ്ഥൻമാരെക്കൊണ്ടാണ് ചെയ്യിക്കുന്നതെങ്കിൽ പോലും ഇന്ന് അത് കേന്ദ്ര ഗവൺമെൻറിൻെറ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. അതുകൊണ്ട് ഈ നടപടികളാണ് ഈ കാര്യത്തിൽ തുടർന്നും ചെയ്യേണ്ടത്. മാത്രമല്ല, ഇതിൽ എയർ ഇന്ത്യ ഇൻവോൾവ്ഡ് ആണെന്നാണ് പറയുന്നത്. കാരണം എയർ ഇൻഡ്യയിലാണ് അവർ വന്നത്. മറ്റ് പല ഏജൻസികളും ഇൻവോൾവ്ഡ് ആണ്. അതു സംബന്ധിച്ച് എടുക്കേണ്ട തുടർന്നുള്ള നടപടികളും ഇൻഡ്യാ ഗവൺമെൻറുമായിട്ട് ആലോചിക്കണമെന്നുണ്ട്. മാത്രമല്ല, പ്രതിപക്ഷം ഇപ്പോഴും ഒരു മെമ്മോറാണ്ടം പ്രധാനമന്ത്രിക്ക് കൊടുത്തിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ വിവരങ്ങളും പ്രധാനമന്ത്രിയെ ധരിപ്പിക്കേണ്ടതുണ്ട്. അങ്ങനെ കേന്ദ്ര ഗവൺമെൻറും സംസ്ഥാന ഗവൺമെൻറും കൂട്ടായി ചെയ്യേണ്ട ഒരു കാര്യമായതുകൊണ്ട് ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെൻറിൻെറ നിർദ്ദേശം സംസ്ഥാന ഗവൺമെൻറ് വെയ്റ്റു ചെയ്യുകയാണ്. ഇതിനിടയിൽ അവർ ഇവിടെ വന്ന് തിരിച്ചുപോയി അവിടെ ചെന്ന് പ്രസംഗങ്ങളും നടത്തിയത്. അതിൽ ഒന്നോ രണ്ടോ ആളുകളും അവിഹിതൻമാരായി പ്രഖ്യാപിച്ചത്.....(ബഹളം).....
അൽപ്പംകൂടെ ക്ഷമിച്ചാൽ നിങ്ങളും നിരാശരാകുമെന്നറിയാം.....
.....(ബഹളം).....

സർ, ഇവിടെ രാജ്യസ്നേഹത്തിൻെറ കാര്യം പറഞ്ഞു. സഭയെ അറിയിക്കേണ്ട സമയമായാൽ അത് സഭയെ അറിയിക്കുവാൻ ഗവൺമെൻറിന് യാതൊരു വൈമനസ്യവുമില്ല. പക്ഷെ അതിന് മുമ്പായി ചെയ്യേണ്ട ചില നടപടികളുണ്ട്. ആ നടപടിയാണ് കേന്ദ്ര ഗവൺമെൻറുമായി ഇതു സംബന്ധിച്ചുള്ള ചർച്ച നടത്തുകയെന്നുള്ളത്. ഈ രണ്ട് ആളുകളുടെ വരവു കൊണ്ട് രാജ്യസ്നേഹത്തിൻെറ ഉരകല്ല് ഉരച്ചു നോക്കൂ എന്നു പറഞ്ഞാൽ അത് അംഗീകരിക്കുവാൻ പ്രയാസമാണ്. കാരണം, രാജ്യസ്നേഹം എന്നു പറയുന്നത്, രാജ്യത്തെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള അന്തിമമായ സമരത്തിൽ ഒറ്റു കൊടുത്തവരാണോ രാജ്യസ്നേഹത്തെക്കുറിച്ച് ഞങ്ങളോട് പറയുന്നത്. പക്ഷെ സ്വതന്ത്ര ഇൻഡ്യയുടെ ആഭ്യന്തര സുരക്ഷിതത്വം തകർക്കുവാൻ വരുന്ന ഭീകരൻമാരെ ചെറുക്കുവാൻ കഴിവുള്ള ഗവൺമെൻറാണ് ഇൻഡ്യാ ഗവൺമെൻറ്. അതിന് നിങ്ങളും ആരുടെയും വക്കാലത്ത് വേണ്ട. സംസ്ഥാന ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സ്വീകരിച്ച നടപടികളും, ഞാൻ പറഞ്ഞു. ബാക്കി സ്വീകരിക്കുവാനുള്ള നടപടികളും സ്വീകരിച്ച ശേഷം തീർച്ചയായും ഈ സഭയെ അറിയിക്കാതിരിക്കയില്ല. .....(ബഹളം).....
ഈ ഗവൺമെൻറിനേയും ഈ ഗവൺമെൻറിൻെറ മുഖ്യമന്ത്രിയെയും അടിക്കുവാൻ കിട്ടിയ ഒരു വടി ശ്രീ. ബാലകൃഷ്ണപിള്ളയെ തിരിച്ചെടുത്തുയെന്നതാണ്. ശ്രീ. ബാലകൃഷ്ണപിള്ള രാജിവച്ച ശേഷമുള്ള പ്രസംഗ നടപടികളും ഈ സഭയുടെ പുസ്തകത്തിൽ വായിച്ചു നോക്കിയാൽ അപ്പുറത്തിരിക്കുന്ന് യോഗ്യൻമാർക്ക് മനസ്സിലാകും. അന്ന് മാർക്സിസ്റ്റു പാർട്ടിയുടെ ആധികാരികമായി പറയാനുള്ള മെമ്പർ പറഞ്ഞ പ്രസംഗം ഈ

LIBRARY ARCHIVES Kerala Legislative Assembly

പ്രൊസീഡിംഗ്സിൽ ഉണ്ട്. പക്ഷെ ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. കെ.പി. പ്രഭാകരൻ ശ്രീ. അച്യുതമേനോൻ പറഞ്ഞത് അങ്ങനെയല്ല, ഇങ്ങനെയാണെന്നു പറഞ്ഞു. ഞാൻ സാധാരണ പത്രങ്ങളെ ഉദ്ധരിക്കാറില്ല. ശ്രീ. അച്യുതമേനോന്റെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് എന്താണ്? സർ, ശ്രീ. ബാലകൃഷ്ണപിള്ള അങ്ങനെ അഭിപ്രായം പ്രകടിപ്പിച്ചില്ലെങ്കിൽ പ്രശ്നം ഇത്രമേലാവുകയില്ല. അപ്പുറത്തു നിന്ന് ചില ആളുകൾ അതിനെ കൈകാര്യം ചെയ്ത രീതി കാണുമ്പോൾ അതിന്റെ പിന്നിൽ വേറെ ചിലതുണ്ടെന്നു മനസ്സിലാകും. ആരുടെയൊക്കെ തലയാണ് പോകുന്നതെന്നു നോക്കിയിരിക്കുന്ന ഒരു സാഹചര്യത്തിൽ തല രക്ഷിക്കുവാനുള്ള വെപ്രാളത്തിന്റെ ഭാഗമാണെന്നുള്ള കാര്യം നിങ്ങൾ മറക്കരുത്. (ബഹളം) സർ, ഹൈക്കോടതി വിധി, പ്രസ്തുത പ്രശ്നം ഒരു കോടതിയല്ല മുഖ്യമന്ത്രിയാണ് തീരുമാനിക്കേണ്ടത് എന്നായിരുന്നു. എന്നു വച്ചാൽ ശ്രീ. ബാലകൃഷ്ണപിള്ള, തന്റെ പ്രസംഗത്തിലൂടെ, താൻ മന്ത്രിയായിരുന്നപ്പോൾ ചെയ്ത സത്യപ്രതിജ്ഞ ലംഘിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അദ്ദേഹം മന്ത്രിസ്ഥാനത്ത് ഇരിക്കുവാൻ യോഗ്യനാണോയെന്നും തീരുമാനിക്കേണ്ടത് മുഖ്യമന്ത്രിയാണെന്നാണ് കോടതിയുടെ നിർദ്ദേശം. മുഖ്യമന്ത്രി ഇതുവരെ അത് അനുസരിച്ചിട്ടില്ല. എന്നിട്ടും ബാലകൃഷ്ണപിള്ള പുറത്തു നിൽക്കുന്നു. ഇത് ശ്രീ. അച്യുതമേനോന്റെ പരാതിയാണ്. ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് ശക്തമായ വക്കാലത്തു നൽകിയ ശ്രീ. അച്യുതമേനോനോട് ഞങ്ങൾക്ക് നന്ദിയുണ്ട്. സർ, ഇതിൽ എന്താണ് സംഗതി? കോടതിയുടെ പരാമർശം വന്നപ്പോൾ ചില മൂല്യങ്ങൾ കാത്തു സൂക്ഷിക്കുവാൻ വേണ്ടി അന്ന് രാജിവച്ചു. അതു സംബന്ധിച്ചുണ്ടായ കോടതിയുടെ വിധിയിൽ ഇത് ഭരണഘടനാപരമായ പ്രശ്നമാണ്, അതിന് മുഖ്യമന്ത്രിയാണ് തീരുമാനമെടുക്കേണ്ടത്. ഇത് മന്ത്രിയെക്കുറിച്ചുള്ളതായതുകൊണ്ട് ഗവർണ്ണർ ഈ സ്ഥാനത്ത് വരുന്നില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. അന്നും ഞാൻ പറഞ്ഞ സംഗതി ഈ കാര്യത്തിൽ രാഷ്ട്രീയമായ തീരുമാനം എടുക്കേണ്ട ഒരു പ്രശ്നമല്ലെന്നാണ്. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ നിയമജ്ഞനായ ശ്രീ. കെ.കെ. മാത്യുവിന്റെ ഉപദേശം ഇത് ജൂഡീഷ്യസായിട്ട് തീരുമാനമെടുക്കേണ്ട കാര്യമാണെന്നാണ്. അന്ന് കോൺഗ്രസ്സ് നേതാവ് എന്നുള്ള നിലയിൽ കരുണാകരനുള്ള പദവിയും മുഖ്യമന്ത്രിയെന്നുള്ള നിലയിൽ കരുണാകരനുള്ള പദവിയും രണ്ടും രണ്ടാണ്. ജുഡീഷ്യൽ തീരുമാനമെടുക്കണമെന്നു പറയുന്ന ഈ കാര്യത്തിൽ ഞാൻ തന്നെ ഇതിനെക്കുറിച്ച് തീരുമാനിക്കണോ അതോ ജുഡീഷ്യൽ എക്സ്പീരിയൻസുള്ള ആളിനെക്കൊണ്ട് തീരുമാനം എടുക്കണോ?

.... (ബഹളം)..... .....

മി. സ്പീക്കർ: ശ്രീ. പീതാംബരൻ മാസ്റ്റർ അങ്ങ് എന്തിനാണ് എല്ലാറ്റിനും എതിർ നിൽക്കുന്നത്. ഈ പോയിന്റുകളെല്ലാം ഇപ്പുറത്തു പറഞ്ഞതാണ്. അങ്ങയുടെ നേതാക്കൻമാരുംപ്പെടെ പറഞ്ഞതാണ്. എന്തിനാണ് ശ്രീ. പീതാംബരൻ മാസ്റ്റർ ഇങ്ങനെ ഒരു മാറുന്നത്. ശ്രീ. മൂസ്സാക്കുട്ടി പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ളവർ പറഞ്ഞു അങ്ങ് ഇരിക്കൂ.....

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോഴിടക്കു തന്നെ പലപ്പോഴും സംസ്ഥാന ഗവണ്മെന്റ് ആവശ്യപ്പെട്ടപ്പോൾ ഇനി ജഡ്ജിയെ സ്പെയർ ചെയ്യാൻ നിവൃത്തിയില്ല എന്നു പറഞ്ഞാണ് മറുപടി വന്നിട്ടുള്ളത്. സിറ്റിംഗ് ജഡ്ജിയില്ലാത്തതുകൊണ്ട് റിട്ടയർ ചെയ്ത ഹൈക്കോടതി ജഡ്ജിയെ ഇക്കാര്യം സമീപിച്ചു. സർ, നിർഭാഗ്യവശാൽ നാലഞ്ചു ജഡ്ജിമാർ ഈ കാര്യത്തിൽ അഭിപ്രായം പരസ്യമായി പറഞ്ഞു. അന്ന് സ്റ്റേറ്റ്മെന്റ് ഇറക്കി. അതുകൊണ്ട് ശ്രീ. ചന്ദ്രശേഖരൻ ഉൾപ്പെടെയുള്ള കേളുകരം സ്റ്റേറ്റുമെന്റ് ഇറക്കിയതുകൊണ്ട് ഈ കാര്യത്തിൽ അന്നും ഒരിക്കലും ഒരു അഭിപ്രായവും പറഞ്ഞിട്ടില്ലാത്ത ജസ്റ്റിസ് ജാനകിയമ്മയെ എൽപ്പിച്ചു. ജസ്റ്റിസ് ജാനകിയമ്മയെ ഏൽപ്പിക്കുന്നത് 15–ാം തീയതിയാണ്. .....(ബഹളം).....

മി. സ്പീക്കർ: ജസ്റ്റിസ് ജാനകിയമ്മയുടെ നിയമനം സംബന്ധിച്ച് ഇപ്പോഴത്തെ നിന്ന് നേരത്തേ വിമർശനങ്ങളുണ്ടായി. അതിനു മുഖ്യമന്ത്രിക്ക് പറയാനുള്ളത് പറയേണ്ടേ?

ശ്രീ. കെ. കരുണാകരൻ: സർ, ജസ്റ്റിസ് ജാനകിയമ്മയെ ഞാൻ സമീപിച്ചു. എത്രയും വേഗത്തിൽ ഇതു സംബന്ധിച്ചുള്ള ഉപദേശം തന്നാൽ കൊള്ളാമെന്ന് അറിയിച്ചത് 15–ാം തീയതിയാണ്, 23–ാം തീയതി എനിക്ക് റിപ്പോർട്ട് കിട്ടി. അല്ലാതെ ദിവസവും മണിക്കൂറുകളും വച്ചല്ല. അതിനുശേഷം ഞാൻ അത് പഠിച്ചതിനുശേഷമാണ് ഒരു നിഗമനത്തിലെത്തിയത്. ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ.....(ബഹളം).....കേരളാ കോൺഗ്രസ്സ് നേതാക്കൻമാരും കോൺഗ്രസ്സിന്റെ നേതാക്കൻമാരും മുസ്ലീം ലീഗിന്റെ നേതാക്കൻമാരും മറ്റും എടുത്ത നിലപാടിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഞാൻ, എടുത്ത നിലപാടിനെക്കുറിച്ചാണ് പറയുന്നത്.....(ബഹളം).....
സർ, എല്ലാം പരിശോധിച്ചു. ഇത് നമ്മുടെ കോർട്ട് ഓഫ് സീക്രസിയെ, ലംഘിക്കുന്നതായിട്ട് യാതൊന്നും.....(ബഹളം).....

മി. സ്പീക്കർ: ഇങ്ങനെ ഓരോ വാക്കിനും എണ്ണിറ്റ് സംസാരിക്കുന്നത് ഒരു കാരണവശാലും നല്ല പാർലമെന്ററി പ്രവർത്തനമല്ല. ഇഷ്ടംപോലെ സംസാരിക്കാമല്ലോ? (ശ്രീ. പീതാംബരൻ മാസ്റ്റർ യേവായി ഇരിക്കൂ.

ശ്രീ. കെ. കരുണാകരൻ: സർ, ഒരു മന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹം 'ഓത്ത്' വയലേറ്റ് ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ആ നടപടി വയലേഷനല്ല എന്നു പറഞ്ഞ് വ്യക്തമായ ഉപദേശം കിട്ടിയതിനുശേഷമാണ് ആ തീരുമാനം എടുത്തിട്ടുള്ളത്. ആ തീരുമാനം എല്ലാം പരിശോധിച്ചത്, ആ തീരുമാനം എല്ലാം ശരിയാണെന്ന് എനിക്ക് ബോദ്ധ്യപ്പെടുത്തിയതിനുശേഷമാണ് ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിലേക്ക് എടുക്കുന്നതിനുള്ള അഭ്യർത്ഥന സ്വീകരിക്കാൻ ഇടയായത്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ വിനോദകരമായി തോന്നി. അദ്ദേഹം പറഞ്ഞതായിട്ടുള്ള ജഡ്ജിയെ കൂടാതെ നിരവധി ജഡ്ജിമാർ ഈ സംസ്ഥാനത്തുണ്ട്, ബഹുമാനപ്പെട്ട ജസ്റ്റിസ് ജാനകിയമ്മ

LIBRARY ARCHIVES Kerala Legislative Assembly

യേയും ജസ്റ്റീസ് ജോർജ് വടക്കേലിനേയും പോലുള്ള ജഡ്ജിമാരുടെ റിപ്പോർട്ടുകളും വാങ്ങിക്കുന്നത് നന്നല്ല. അതിനു യാതൊരു സംശയവുമില്ല. പക്ഷെ എനിക്ക് ചോദിക്കുവാനുള്ളത്, ബഹുമാനപ്പെട്ട ജസ്റ്റീസ് മാത്യുവിന്റെ നിയമോപദേശം അങ്ങ് തേടിയിരുന്നുവോ, അതുതന്നെയാണോ ബഹുമാനപ്പെട്ട ജാനകിയമ്മ പറഞ്ഞത്.

ശ്രീ. കെ. കരുണാകരൻ: സർ, ജസ്റ്റീസ് മാത്യുവിന്റെയും ജാനകിയമ്മയുടെയും ഉപദേശം വ്യത്യസ്തമല്ല. നിങ്ങളം ആഗ്രഹിക്കുന്നവയെല്ലാം എഴുതിത്തരുന്ന ജഡ്ജിമാരെല്ലാം പരമയോഗ്യൻമാരും നീതിപൂർവ്വമായി പറയുന്നതെല്ലാം അയോഗ്യൻമാരും ആണുപോലും. ഞങ്ങളം അത് അംഗീകരിക്കാൻ തയ്യാറല്ല. നിങ്ങൾക്ക് ഒരുകാലത്ത് ജസ്റ്റീസ് ജാനകിയമ്മ ബഹുമാന്യയായിരുന്നു. നിങ്ങളം ഞങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളിലേക്ക് കടക്കരുത്. ഞാൻ ഒരു കാര്യം വളരെ വ്യക്തമായി പറയാം. കോൺസ്റ്റിറ്റ്യൂഷണൽ വയലേഷൻ എന്നുള്ള നിലയിൽ 'ഓത്ത്' വയലേഷൻ ഇല്ലെന്നു ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ബാലകൃഷ്ണപിള്ളയെ മന്ത്രിസഭയിൽ അംഗമാക്കണമെന്നുള്ള കേരളാ കോൺഗ്രസ്സിന്റെ നിർദ്ദേശം അംഗീകരിച്ചു. എന്തെങ്കിലും അപാകതയുണ്ടായതായി ഞാൻ കാണുന്നില്ല.

ശ്രീ. ബേബി ജോൺ: സർ, ഒരു കാര്യം ചോദിക്കട്ടെ. അങ്ങു പറഞ്ഞു, ജസ്റ്റീസ് മാത്യുവിന്റെ റിപ്പോർട്ടും ജസ്റ്റീസ് ജാനകിയമ്മയുടെ റിപ്പോർട്ടും ഒന്നുതന്നെയാണെന്ന്. സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് മാത്യുവിന്റെ റിപ്പോർട്ട് കിട്ടിയതിനുശേഷം പിന്നെ ആ പ്രശ്നം എന്തിന് നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ അടുത്തേയ്ക്ക് അയച്ചു. പിന്നീട് എന്തിനാണ് ജാനകിയമ്മയ്ക്ക് അയച്ചത്. പിന്നീട് പറയുന്നു ഇതൊരു തമാശയാണെന്ന്. .....(ബഹളം).....

ശ്രീ. പി. സീതിഹാജി: സർ, സഖാവ് ചന്ദ്രശേഖരമേനോനെ കൊണ്ടുവരാൻ നിങ്ങളം തീരുമാനിച്ചല്ലോ? ചന്ദ്രശേഖരന്റെ കൂറു കാരണമായി വക്കീൽ പണിയെടുത്ത് ജസ്റ്റീസ് ആയ ചന്ദ്രശേഖരമേനോന്റെ കയ്യിൽകൊടുത്ത് നിങ്ങളം വല്ല റിപ്പോർട്ടും വാങ്ങിയാൽ മതി.

ശ്രീ. കെ. കരുണാകരൻ: സർ, കേരളാ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം പ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി എടുക്കുന്ന ഏതു തീരുമാനവും തങ്ങൾക്ക് സ്വീകാര്യമാണെന്ന നിലപാടെടുത്തപ്പോൾ ശ്രീ. രാജീവ് ഗാന്ധിയുടെ നിഗമനത്തിന് വിട്ടുകൊടുത്തു. അതെല്ലാം പരിശോധിച്ചതിനുശേഷം അദ്ദേഹം പറഞ്ഞത് ഇത് മുഖ്യമന്ത്രി തന്നെ തീരുമാനിക്കുന്നതായിരിക്കും ഉചിതമെന്നാണ്. അത് അവരും അംഗീകരിച്ചു. ആ സാഹചര്യത്തിൽ മുഖ്യമന്ത്രി എന്നുള്ള നിലയിൽ ഭരണഘടനാപരമായ ചുമതല നിർവ്വഹിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്, അല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

രാഷ്ട്രീയമായിട്ടല്ല. രേണഘടനാ ചുമതല നിർവ്വഹിക്കുന്നു എന്നുള്ള നിലയിൽ ജസ്റ്റിസ് മാത്യു നൽകിയ ഉപദേശം, അതിന്റെ തുടർച്ചയായി ജസ്റ്റിസ് മാത്യു പരിശോധിക്കാൻ പറഞ്ഞ കാര്യങ്ങൾ ജസ്റ്റിസ് ജാനകിയമ്മ പരിശോധിച്ച്, അതിന്റെ ഉപദേശം കിട്ടിയതിനുശേഷം അന്തിമമായിട്ടുള്ള തീരുമാനമെടുക്കേണ്ടതായിട്ടുള്ളത് ഞാനാണ്. അതാണ് രേണഘടനാപരമായ നടപടി. ഞാൻ എന്നും പറഞ്ഞിട്ടുള്ളത്, ഇത് രേണഘടനാപരമായ പ്രശ്നമാണ്, അത് പരിശോധിച്ചശേഷമേ തീരുമാനിക്കൂ. ഇത് രാഷ്ട്രീയ പ്രശ്നമല്ല എന്ന്. ആ നിലയിൽ തന്നെ ഇതിൽ രേണഘടനാപരമായ തീരുമാനം എടുത്തു. ആ തീരുമാനത്തിൽ തെറ്റില്ല.

ഇവിടെ സഖാവ് ബേബിജോൺ പറഞ്ഞു, ഞങ്ങളം ഉണ്ടാക്കിയതാണ് പ്രീഡിഗ്രി ബോർഡ് ഇഷ്ടു എന്ന്. മന്ത്രിസഭയുടെ തീരുമാനം സാധാരണ അന്തിമമായി കഴിഞ്ഞാൽ അത് പ്രസ്സിനു കൊടുക്കാറുണ്ട്. പക്ഷെ ഞങ്ങളം എടുത്ത തീരുമാനം ആദ്യത്തെ സ്റ്റെപ്പ് മാത്രമാണ്. എന്താണ് ആ തീരുമാനം. ആ തീരുമാനം എടുത്താൽ മാത്രമേ ഈ വിദ്യാഭ്യാസവർഷം പൂർത്തിയാകുന്നതിനുമുമ്പ് സ്വീകരിക്കേണ്ട ചില നടപടിക്രമങ്ങളം സ്വീകരിക്കാൻ സാധിക്കൂ. എന്തെല്ലാം നടപടികളാണ് ചെയ്യേണ്ടതെന്ന് വിദഗ്ദ്ധമായി പഠിക്കണം. അതിനു വേണ്ടി കുറച്ചു സാവകാശം വേണം. ആ തീരുമാനം യൂണിവേഴ്സിറ്റികളിൽ നിന്നും.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് പറയുകയാണ് ഈ പ്രവണത ശരിയല്ല. ഇവിടെ മുഖ്യമന്ത്രിക്ക് പറയാനുള്ളത് മുഖ്യമന്ത്രി തന്നെ പറയണം. ഇത് യഥാർത്ഥത്തിൽ ഇഷ്ടംപോലെ സംസാരിക്കാനുള്ള കാര്യമല്ല. സംസാരിച്ചു കഴിഞ്ഞാൽ ഗവൺമെന്റ് എന്ത് പറയണമെന്ന് ചെയറാണ് തീരുമാനിക്കേണ്ടത്. അതുകൊണ്ട് ഓരോ വാചകത്തിനും എല്ലാവർക്കും കൂടി അഭിപ്രായം പറയാൻ സമയമില്ല.

ശ്രീ. കെ. കരുണാകരൻ: വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഡൽഹിയിൽവച്ചു കൂടിയ നാഷണൽ ഡവലപ്പ്മെന്റ് കൗൺസിലിൽ പങ്കെടുത്ത് ബന്ധപ്പെട്ട മന്ത്രിയുമായി സംഭാഷണം നടത്തിയതിനുശേഷം മറ്റുള്ള എല്ലാ സ്റ്റേറ്റുകളും അതിനുള്ള നടപടി സ്വീകരിച്ച് സാഹചര്യത്തിൽ കേരളാഗവൺമെന്റിനും നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ ഒരിഞ്ചുപോലും മുന്നോട്ടു പോകാത്ത ഒരു സ്റ്റേറ്റായതുകൊണ്ട് വിദ്യാഭ്യാസത്തിലും മറ്റെല്ലാ കാര്യങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന കേരളം ഇതിൽ ചില നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിനായിട്ടാണ് ഈ തീരുമാനം. ആ തീരുമാനമിതാണ്. പ്രീഡിഗ്രി കോഴ്സ് യൂണിവേഴ്സിറ്റിയിൽനിന്നും ഡീലിങ്ക് ചെയ്ത് ഒരു പ്രത്യേക ബോർഡിന്റെ കീഴിലാക്കും, ആ ബോർഡിന്റെ പേര് പ്രീഡിഗ്രി ബോർഡ് എന്നാ ആയിരിക്കും. ഇപ്പോൾ ഈ കോഴ്സ് നടന്നുവരുന്ന കോളേജുകളിൽതന്നെ അവ നിലനിർത്തും. പ്രീഡിഗ്രി ബോർഡിന്റെ ആസ്ഥാനം തിരുവനന്തപുരത്ത് ആയിരിക്കും. ഇക്കാര്യത്തിൽ ആവശ്യമായിട്ടുള്ള കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

റെറു ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളും കൈക്കൊള്ളും. .....(ബഹളം).....ഇത്രയുമാണ് ക്യാബിനറ്റ് എടുത്ത തീരുമാനങ്ങൾ. നിങ്ങളെ ആരേയും വിളിച്ചിട്ടല്ല ക്യാബിനറ്റ് കൂടുന്നത്. .....(ബഹളം).....ഇതിൽ തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ട്. പത്രങ്ങളിൽ ഈ തീരുമാനം നല്ല രീതിയിലല്ല പ്രസിദ്ധപ്പെടുത്തിയത്. അങ്ങനെയാണ് ഇപ്പോഴത്തെ റിപ്പോർട്ടിംഗിന്റെ ഒരു പ്രത്യേകത. അങ്ങനെ എന്നെ വന്നു കണ്ടവരോട് ഞാൻ പറഞ്ഞു, നിങ്ങൾ എന്തിനാണ് പരിഭ്രമിക്കുന്നത്, ഇത്രയും തീരുമാനങ്ങളേ ആയിട്ടുള്ളൂ എന്ന്. ജീവനക്കാർക്കോ, അദ്ധ്യാപകർക്കോ യാതൊരു കുഴപ്പവുമുണ്ടാകുകയില്ല. അവർക്ക് ആവശ്യമായ സംരക്ഷണം നൽകും. അതിനെ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നതിനെക്കുറിച്ച് ബന്ധപ്പെട്ട എല്ലാവരുമായി സംസാരിക്കും. അങ്ങനെ സംസാരിച്ചതിനുശേഷം മാത്രമേ ആവശ്യമായ തീരുമാനം എടുക്കുകയുള്ളൂ. ഇത് ഞാൻ അവരെ അറിയിച്ചു. പ്രതിപക്ഷത്തുള്ളവരോട് സ്നേഹപൂർവ്വം ഞാൻ ഒന്നു ചോദിക്കട്ടെ, അടുത്ത അദ്ധ്യയനവർഷത്തിന്റെ അവസാനത്തിൽ മാത്രം ആലോചിക്കേണ്ട ഒരു കാര്യമാണിത്. അതൊന്നും നോക്കാതെ പരീക്ഷ കഴിഞ്ഞ് ലക്ഷക്കണക്കിന് കുട്ടികളുടെ മാവി ത്രാസ്സിൽ തൂങ്ങുന്ന ആ കാര്യത്തിൽ രീക്ഷാ റിസൽട്ട് പോലും പ്രസിദ്ധപ്പെടുത്താനുള്ള ക്ഷമ കാണിക്കാതെ, തങ്ങളുടെ ഉദ്യോഗമെന്താവും എന്ന് ആരോ പറഞ്ഞ വാർത്ത വച്ച് ആ കുട്ടികളെ വഴിയാധാരമാക്കിയ സമരക്കാരെക്കുറിച്ച് ഇതിനേക്കാൾ വലിയ ജനദ്രോഹികളുണ്ടോ എന്നു ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിനെക്കുറിച്ച് ഒരു നടപടിയും ആയിട്ടില്ല. ആ നടപടിയുമായി മുന്നോട്ടുപോകാത്ത കാര്യത്തെക്കുറിച്ച് നിങ്ങൾ പ്രചരണം നടത്തി. നിങ്ങൾ ആരെങ്കിലും പറഞ്ഞോ ഒരാഴ്ച താമസിച്ച് ഈ കുട്ടികളുടെ റിസൽട്ട് പ്രസിദ്ധപ്പെടുത്തിയതിനുശേഷം സമരത്തിനു പോയാൽ മതിയെന്ന്? ആരെങ്കിലും അതിന് തയ്യാറായോ എന്നു ചോദിക്കുകയാണ്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം വ്യക്തമായി പറയാൻ ആഗ്രഹിക്കുകയാണ്.....(ബഹളം).....

ശ്രീ. ബേബി ജോൺ: സർ, അങ്ങയുടെ ഗവൺമെന്റിന് കുട്ടികളുടെ റിസൽട്ട് വരുന്നതുവരെ കാത്തിരുന്നുകൂടായിരുന്നോ? ഇപ്പോഴത്തെ പ്രീഡിഗ്രി കോഴ്സ് അതേപടി നിലനിർത്തണമെന്നാണോ ഈ പ്രീഡിഗ്രി ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്? അതല്ല, പ്രീഡിഗ്രി ബോർഡ് കൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൂടി അങ്ങ് മനസ്സിലാക്കണം.....(ബഹളം).....

ശ്രീ. കെ. കരുണാകരൻ: ഈ തീരുമാനത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ക്യാബിനറ്റ് ആണ് തീരുമാനം എടുത്തതെങ്കിലും ആ തീരുമാനം നടപ്പിലാക്കുന്നതിനുമുമ്പ് അതിൽ ബന്ധപ്പെട്ട ആളുകളുമായി ആലോചിച്ച് അവരുടെ ഉപദേശം കിട്ടി വൈസ്ചാൻസിലർമാരും, വിദ്യാഭ്യാസ വിചക്ഷണരും വേണ്ടി വന്നാൽ സി.ഐ.ടി.യു. ഉൾപ്പെടെയുള്ളവരോട് ചർച്ച ചെയ്യുന്നതിന് ഞങ്ങൾക്ക് വിരോധമില്ലായെന്നുള്ള നിലപാട് ഞങ്ങൾ സ്വീകരിച്ചു.....(ബഹളം).....എന്തായാലും ശരി സൂക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ മനുഷ്യ വിഭവശേഷി വികസന

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പു മന്ത്രി ശ്രീ. പി.വി. നരസിംഹറാവു കേരളാ ഗവൺമെൻറ് സ്വീകരിച്ച നടപടിയെ അംഗീകരിച്ചുകൊണ്ടും അതിന് പിൻതുണ നൽകിക്കൊണ്ടും ആവശ്യമായ സഹായങ്ങൾ നൽകാൻ തയ്യാറാണെന്ന് അറിയിച്ചുകൊണ്ട് അദ്ദേഹം വിദ്യാഭ്യാസവകുപ്പു മന്ത്രിയെ രേഖാമൂലം അറിയിച്ചിരിക്കുകയാണ്. ആ കാര്യം അറിയിക്കുവാൻ എനിക്ക് സന്തോഷമുണ്ട്. കേന്ദ്രഗവൺമെൻറിന്റെ പരിപൂർണ്ണമായ സഹകരണം ഈ നടപടിക്ക് പിന്നിലുണ്ട്. കേന്ദ്രഗവൺമെൻറ് അത് ഞങ്ങളെ അറിയിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബേബി ജോൺ: സർ, കേന്ദ്രഗവൺമെൻറ് അയച്ച എഴുത്ത് ഒന്നു വായിക്കാമോ? ഞാൻ മനസ്സിലാക്കുന്നത് ഇപ്പോഴത്തെ നിലനിൽക്കുന്ന കോഴ്സ് അതേപടി നിലനിർത്താനല്ല കേന്ദ്രഗവൺമെൻറ് നിർദ്ദേശിച്ചിട്ടുള്ളത് എന്നാണ്. ഓപ്ഷണൽ കോഴ്സസ് ഉണ്ടാകുമെന്നാണ് പറഞ്ഞിട്ടുള്ളത്. നിങ്ങൾ എങ്ങനെ തീരുമാനം എടുത്തു. അത് അതേപടി നിലനിർത്താനാണോ?

ശ്രീ. കെ. കരുണാകരൻ: വളരെ ക്ലിയറായിട്ട് പറഞ്ഞിട്ടുണ്ട്. 10+2+3-ൽ 3 മാത്രം യൂണിവേഴ്സിറ്റിയുടെ ഭാഗമായി നിലനിൽക്കണമെന്ന്. അതെല്ലാം ഉടൻപ്പെടെയാണ് സംസ്ഥാന ഗവൺമെൻറിന്റെ തീരുമാനം. അതാണ് ഞാൻ പറഞ്ഞത് തീരുമാനം വരുമ്പോൾ എന്തോ ആണെന്ന് തെറ്റിദ്ധരിച്ച് അല്ലെങ്കിൽ പത്രങ്ങൾ പ്രചരണം നടത്തി ആളുകളെ കുഴപ്പത്തിലാക്കി കുട്ടികളെ ഉടൻപ്പെടെ സമരരംഗത്തേയ്ക്കു കൊണ്ടുവന്ന സ്ഥിതിയിൽ നിങ്ങൾക്ക് മറ്റൊന്നും ഈ ഗവൺമെൻറിനെക്കുറിച്ച് പറയാനില്ല. ഈ ഗവൺമെൻറിനെ നിങ്ങൾക്ക് മറ്റൊരു രീതിയിൽ കാണാൻ കഴിയുന്നില്ല. സമരം ഉണ്ടാക്കുകയും ആ സമരത്തിന്റെ പേരിൽ പിന്നേയും സമരങ്ങളുടെ പ്രചരണവുമായി നടക്കുന്ന ഗതികേടിലേക്ക നിങ്ങളെ എത്തിക്കാൻ എന്റെ സുഹൃത്ത് ശ്രീ. ബേബി ജോൺ വളരെ വിഷമിച്ചു. എന്തായാലും ശരി ശ്രീ. ബേബി ജോൺ എന്തൊക്കെയാണ് ഇവിടെ പറഞ്ഞത്. സാധാരണ ശനിയാഴ്ച പീടികയിൽചെന്ന് സഹായം തേടുന്ന ആളുകൾക്ക് ഒന്നും കിട്ടാതെ വന്നാൽ നിരാശനായി വസ്തുരി പിടിച്ചോട്ടേ, പിത്തം പിടിച്ചോട്ടേ എന്നു പറയുന്ന ആളുകളുടെ രീതിയിലാണ് അദ്ദേഹം പറഞ്ഞത്. ഈ ഗവൺമെൻറിന് യാതൊരു പോറലുമേൽക്കാതെ 5 കൊല്ലവും പൂർത്തിയാക്കാൻ കഴിയും. കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെൻറിന്റെ പിന്നിലുണ്ട്. ഈ ജനാധിപത്യമുന്നണിയുടെ പിന്നിലുണ്ട്. ഞാൻ ഓർമ്മിപ്പിക്കുകയാണ് നിങ്ങളെ.....(ബഹളം).....ഞങ്ങളുടെ ഐക്യത്തെ, ഞങ്ങളുടെ നിന്നിപ്പിനെക്കുറിച്ച് അസ്വസ്ഥതിരിക്കുന്ന ആളുകൾക്ക് പറയാമോ? ആന്തരികമായ കാര്യങ്ങളിൽ അങ്ങോട്ടുമിങ്ങോട്ടും ഇടപെടണ്ട. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ പൂർണ്ണമായ പിൻതുണയോടെ അവരിൽ വിശ്വാസമർപ്പിച്ചുകൊണ്ട് എല്ലാ പരിപാടികളും നടപ്പിലാക്കി ഇനി വരുന്ന ഗവൺമെൻറിനെ, ജനാധിപത്യ മുന്നണി ഗവൺമെൻറിനുള്ള പടനീക്കവുമായി ഞങ്ങൾ കൊണ്ടുപോകുമ്പോൾ നമുക്ക് അവിടെവച്ചു കാണാം എന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണപിള്ള അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

ശ്രീ. വി.കെ. രാജൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

ശ്രീമതി റോസ്സമ്മ പുന്നൂസ് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

ശ്രീ. ടി.കെ. ഹംസ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

ശ്രീ. എം. ജിനദേവൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപം വോട്ടിനിട്ടു സഭ നിരാകരിച്ചു.

സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ എന്ന II–ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യനിർവ്വഹണത്തിലെ ഏഴാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക 1986–87 സാമ്പത്തിക വർഷത്തേക്ക് ചെലവുകൾ പൂർത്തീകരിക്കുന്നതിനു വേണ്ടി അനുവദിക്കണമെന്ന പ്രമേയം വോട്ടിനിട്ടു സഭ അംഗീകരിച്ചു.

ശ്രീ. ബേബി ജോൺ: സർ, ഞാൻ പേരു് ആവശ്യപ്പെടുന്നു.

(സഭ വേർപിരിഞ്ഞു താഴെ കാണുംവിധം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—75

1. ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി
2. " ഇ. അഹമ്മദ്
3. " കൊരമ്പയിൽ അഹമ്മദ്ഹാജി
4. " സി.ടി. അഹമ്മദ് മൗലി
5. " കെ. അവുക്കാദർകുട്ടിനഹ
6. " ആർ. ബാലകൃഷ്ണപിള്ള
7. " തെന്നല ജി. ബാലകൃഷ്ണപിള്ള
8. " പി.കെ.കെ. ബാവ
9. " യു.എ. ബീരാൻ
10. " ബെന്നി ബഹനാൻ
11. " പി. മാസ്കരൻ
12. " വി. ദിനകരൻ
13. " എം.പി. ഗംഗാധരൻ
14. " എ. ജോർജ്ജ്
15. " പി. സി. ജോർജ്ജ്
16. " കെ.എം. ഹംസക്കുഞ്ഞ്
17. " എം.എം. ഹസ്സൻ
18. " എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ
19. " എ.എൽ. ജേക്കബ്

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. ടി.എം. ജേക്കബ്"ബ്"
21. ,, സി.ജി. ജനാർദ്ദനൻ
22. ,, ടി.എസ്". ജോൺ
23. ,, എ.സി. ജോസ്"
24. ,, ജോസ്"കുറിയാനി
25. ,, ഡോക്"ടർ കെ.സി. ജോസഫ്"
26. ,, കെ.സി. ജോസഫ്"
27. ,, പി.ജെ. ജോസഫ്"
28. ,, വി.വി. ജോസഫ്"
29. ,, കെ.കെ. നായർ
30. ശ്രീമതി എം. കമലം
31. ശ്രീ. കെ.ജി.ആർ. കർത്താ
32. ,, ജി. കാർത്തികേയൻ
33. ,, കെ. കരുണാകരൻ
34. ,, പി.കെ. കുഞ്ഞാലിക്കുട്ടി
35. ,, മണിമംഗലത്തു കുട്ട്യാലി
36. ,, ഇ.ജെ. ലൂക്കോസ്"
37. ,, കെ.പി.എ. മജീദ്"
38. ,, കെ.എം. മാണി
39. ,, എം.വി. മാണി
40. ,, കെ. മുഹമ്മദാലി
41. ,, ഇ.ടി. മുഹമ്മദ്" ബഷീർ
42. ,, പി.വി. മുഹമ്മദ്"
43. ,, ടി.എച്ച്". മുസ്"തഫ
44. ,, കെ.എസ്". നാരായണൻ നമ്പൂതിരി
45. ,, കെ.പി. നൂറുദ്ദീൻ
46. ,, ഉമ്മൻചാണ്ടി
47. ,, സി.വി. പത്"മരാജൻ
48. ,, തച്ചടി പ്രഭാകരൻ
49. ,, കെ. രാഘവൻമാസ്"റർ
50. രാഘവൻ പൊഴക്കടവിൽ
51. ,, കെ.കെ. രാമചന്ദ്രൻ മാസ്"റർ
52. ,, കെ.പി. രാമചന്ദ്രൻനായർ
53. ,, എസ്". രാമചന്ദ്രൻപിള്ള
54. ,, തോന്നിൽ രാമകൃഷ്"ണൻ
55. ,, കെ.പി. രാമൻ
56. ,, രമേശ്" ചെന്നിത്തല
57. ,, തോപ്പിൽ രവി
58. ,, വയലാർ രവി
59. ,, എൻ. ശക്"തൻനാടാർ
60. ,, പി. സീതിഹാജി
61. ,, സിദ്"ധാർത്"ഥൻ കാട്ടുങ്ങൽ
62. ,, കടവൂർ ശിവദാസൻ
63. ,, കെ.കെ. ശ്രീനിവാസൻ
64. ,, എൻ. ശ്രീനിവാസൻ
65. ,, പന്തളം സുധാകരൻ
66. ,, കൊട്ടക്കുഴി സുകുമാരൻ

LIBRARY ARCHIVES Kerala Legislative Assembly

67. ശ്രീ. സി.എം. സുന്ദരം
68. ,, എൻ. സുന്ദരൻനാടാർ
69. ,, വി. സുരേന്ദ്രൻപിള്ള
70. ,, പി.പി. തങ്കച്ചൻ
71. ,, സി.എഫ്. തോമസ്
72. ,, കെ.കെ. തോമസ്
73. ,, പി.കെ. വേലായുധൻ
74. ,, ടി.വി. വിജയരാജൻ
75. ,, സ്റ്റീഫൻ പാമുവ

പ്രതികൂലിക്കുന്നവർ—56

1. ശ്രീ. ടി.കെ. അബ്ദു
2. ,, കെ.പി. അരവിന്ദാക്ഷൻ
3. ,, ടി.കെ. ആറുമുഖൻ
4. ,, ബേബി ജോൺ
5. ,, കെ.കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ശ്രീമതി മേർഗ്ഗവി തങ്കപ്പൻ
9. ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ
10. ,, കെ. ചന്ദ്രശേഖരൻ
11. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ,, വി.എസ്. ചന്ദ്രശേഖരപിള്ള
13. ,, സിറിയക് ജോൺ
14. ,, ശ്രീമതി പി. ദേവൂട്ടി
15. ,, കെ.ജെ. ജോർജ്ജ്
16. ശ്രീമതി കെ.ആർ. ഗൗരി
17. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
18. ,, ടി.കെ. ഹംസ
19. ,, കെ.ഇ. ഇസ്മയിൽ
20. ,, എം. ജിനദേവൻ
21. ,, ഇ.കെ. നായനാർ
22. ,, വി.സി. കബീർ
23. ,, കെ.ടി. കണാരൻ
24. ,, എം.കെ. കേശവൻ
25. ,, വി. കേശവൻ
26. ,, സി.ടി. കൃഷ്ണൻ
27. ,, കെ. കൃഷ്ണൻകുട്ടി
28. ,, കോലിയക്കോട് എൻ. കൃഷ്ണൻനായർ
29. ,, കെ.ടി. കുമാരൻ
30. ,, പി. കുമാരൻ
31. ,, പി.വി. കുഞ്ഞിക്കണ്ണൻ
32. ,, ലോനപ്പൻ നമ്പാടൻ
33. ,, സി.പി. മുസ്സാൻകുട്ടി
34. ,, കെ. മുസ്സക്കുട്ടി
35. ,, എ.കെ. പത്മനാഭൻ
36. ,, ഇ. പത്മനാഭൻ

LIBRARY ARCHIVES Kerala Legislative Assembly

37. ശ്രീ. ടി.പി. പീതാംബരൻ മാസ്റ്റർ
38. ,, കെ.പി. പ്രഭാകരൻ
39. ,, കെ. പുരുഷോത്തമൻ
40. ,, ശ്രീമതി റേയ്ച്ചൽ സണ്ണി പനവേലി
41. ,, വർക്കല രാധാകൃഷ്ണൻ
42. ,, എം.വി. രാഘവൻ
43. ,, വി.കെ. രാജൻ
44. ,, കാനം രാജേന്ദ്രൻ
45. ,, കെ. ശങ്കരനാരായണപിള്ള
46. ,, എ.കെ. ശശീന്ദ്രൻ
47. ,, എ.സി. ഷൺമുഖദാസ്
48. ,, കെ.വി. സുരേന്ദ്രനാഥ്
49. ,, എ.വി. താമരാക്ഷൻ
50. ,, സി.കെ. തങ്കപ്പൻ
51. ,, വി.ജെ. തങ്കപ്പൻ
52. ,, എസ്. ആർ. തങ്കരാജ്
53. ,, പി.സി. തോമസ് (കടുത്തുരുത്തി)
54. ,, ജി. വരദൻ
55. ,, സി. വാസുദേവമേനോൻ
56. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല.

അനുകൂലിച്ചവർ—75

പ്രതികൂലിച്ചവർ—56

നിഷ്പക്ഷത പാലിച്ചവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂൺ മാസം 24-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly